ജനകീയാസൂത്രണം

തുറവൂർ ഗ്രാമപഞ്ചായത്ത്

Office of the Thuravoor Grama Panchayat
Thuravoor P.O, Alappuzha



വികസന രേഖ

With Compliments from :



SHINE ABRASIVES

(Manufactures of Superior Quality Sand Paper,
Emery Paper, Emery Cloth, Water Paper Etc.)
THIRUMALABAGHOM P. O.
THURAVOOR.
PHONE : OFFICE : 562 410, 562 5539.
RESIDENCE : 562 604.



ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി
തുറവൂർ ഗ്രാമ പഞ്ചായത്ത്
വികസനരേഖ

❑❑
എഡിററർ
ഹരിദാസ് വളമംഗലം

❑❑
എഡിറേറാറിയൽ ബോർഡ്
ഒകെ. ഒകെ. പത്മിനി
വി. എൻ. രാഘവപിഷാരടി
എൽ. ഔസേഫ്
ആർ. രവീന്ദ്രൻ
ഒപ്രൊഫ: പി. എ. ജ്ഞാനശിഖാമണി
ഒപ്രൊ: പി. നാരായണൻകുട്ടി
പി. ആർ. ജോസഫ്

❑❑
❑❑
❑❑
ഇല്ലസ്ട്രേഷൻ
ലേ ഔട്ട്
പ്രകാശ് അതുല്യ

❑❑
പ്രിന്റിംഗ്
സരോജാ പ്രിന്റേഴ്സ്
അരൂർ
ഫോൺ: 806 - 872265



കുരുന്നുനുള്ളുവാൻ പോലും
കയ്യുറയ്ക്കും ദയാമയൻ.
ഇന്ത്യയിലെ ഗ്രാമങ്ങൾ
സ്വർഗ്ഗങ്ങളാകുന്നത്
സ്വപ്നം കണ്ട മഹാത്മാവ്
നമ്മുടെ ഗ്രാമങ്ങളിലിരുന്ന്
ഇന്ത്യയുടെ ആത്മാവ്
സ്പന്ദിക്കുന്നത്
അദ്ദേഹം തൊട്ടറിഞ്ഞിരുന്നു.



ചരിത്രത്തിലേക്ക്
വെളിച്ചം നൽകിയ
കാരണവന്മാർ

*

കെ. ജി ശ്രീധരൻപിള്ള
പി. ഭാസ്ക്കരമേനോൻ
പത്മനാഭൻ ഭാഗവതർ
നാരായണൻകുഞ്ഞ്
എം. ഇ. ആർതർ
നാറേറത്ത് ഗോവിന്ദൻ
പി. വി. രാഘവൻ
പി. ഭാസ്ക്കരൻ
ജയദേവപ്പണിക്കർ
ദാമോദരൻ വൈദ്യർ
ടി. വി. തങ്കപ്പൻ
പി. ആർ. ജോസഫ്

*

രേഖകൾ തയ്യാറാക്കിയവർ


*

എൽ. ഔസേഫ്
ആർ. രവീന്ദ്രൻ
പ്രൊഫ: ജ്ഞാനശിഖാമണി
പ്രൊഫ: നാരായണൻകുട്ടി
ഡോ: കെ. എം. തോമസ്
എൽ. ലക്ഷ്മി (കൃഷി ഓഫീസർ)
ആർ. ബിജോയ് (ജെ. എച്ച്. ഐ.)
എം. പ്രസാദ്
പി. ദാസ്
സി. ആർ. രമേശ് ബാബു
ആർ. മോഹനൻപിള്ള
രമാദേവി (ഡി. എഫ്. ഐ.)
പുഷ്പദാസ് (മത്സ്യഫെഡ്)

പി. ആർ. ജോസഫ്
പി. വി. ജോസഫ്
കെ. കെ. ഗോപിനാഥൻ
സോമനാഥ ക്കർത്താ
കെ. ആർ. ശശി
എം. ഇ. ആർതർ
കെ. മോഹനൻ
പുരുഷോത്തമൻ നായർ
എൻ. ശശിധരൻ
കെ. കെ. സഹദേവൻ
കെ. എൽ. ഷൈലജ
വി. എൻ. രാഘവപിഷാരടി
ശോഭനാ പവിത്രൻ

<u>സഹായികൾ</u>

ജി. രമാദേവി, പി. എസ്. ഗിരിജാമണി, ഗ്രേസി, സിന്ധു, ഷാദാസ്,
കെ. പി. പുരുഷൻ, രഘുനാഥക്കർത്താ, ജയപ്രദീപ്, സുമേഷ്,
വിജയകുമാർ, കുമാരി ഇന്ദിര, ശോഭ, വാസന്തി
ബിന്ദു, സീന. പത്മൻ, ശാരദാഭായി.
ഷീബ



രണ്ടു പതിറ്റാണ്ടിലേറെക്കാലം നമ്മുടെ പഞ്ചായത്തിനെ നയിച്ച ധീരനായ തേരാളിയാണ് സഖാവ് എൻ.പി.തണ്ടാർ. രാഷ്ട്രീയ സാമൂഹ്യ സംസ്ക്കാരികരംഗത്ത് അനന്യാദൃശ്യമായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം വയലാർ സമരത്തിന്റെ മുന്നണിപ്പോരാളികളിലോരാളായിരുന്നു. ജാതിവ്യവസ്ഥയ്ക്കെതിരായും ജന്മിത്വത്തിനെതിരായും അദ്ദേഹം നടത്തിയിട്ടുള്ള പോരാട്ടം തുറവൂരിന് ഒരിക്കലും വിസ്മരിക്കാനാവില്ല. കുറേക്കാലം നിയമസഭാസാമാജികനായും അദ്ദേഹം സേവനമനുഷ്ടിച്ചു. സാധാരണക്കാരന് മനസ്സിലാകുന്ന തരത്തിൽ ലളിതവും സരസവുമായ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അധീശവർഗ്ഗത്തിന്റെ കോട്ടകളെ പിടിച്ചുകുലുക്കി. നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് അദ്ദേഹമാണ്. ജനപങ്കാളിത്തത്തിന്റെ ബലവും അതിന്റെ അനന്തസാദ്ധ്യതകളും അദ്ദേഹം പണ്ടേ മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് പല പദ്ധതികളും നടപ്പിലാക്കിയിരുന്നത് ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടായിരുന്നു. ജനനം 1918 ഡിസം.18, മരണം 1994 ഒക്ടോ.16. ആ ധന്യാത്മാവിന്റെ സ്മരണ നമ്മുടെ ഉയിരിനും ഉടലിനും കർമ്മധീരതയുടെ പുതിയ നിറവു നല്കട്ടെ.


തുറവൂർ ഗ്രാമ പഞ്ചായത്ത്
ഭരണസമിതി



രമണി ജാനകി
വൈസ് പ്രസിഡണ്ട്



കെ. കെ. പത്മിനി
പ്രസിഡണ്ട്




എബ്രഹാം കുഞ്ഞാപ്പച്ചൻ
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി


അംഗങ്ങൾ




കെ. വി. സരോജിനി



തുറവൂർ രവി



തുറവൂർ ഭാസി



പി. അരവിന്ദൻ




ഡി. കെ. മുരളീധരൻ




ഫിലോമിന ഹെൻറി




ആന്റണി സിറിൽ




എ. കെ. മാധവൻ



വി. എൻ. രാഘവപിഷാരടി
സെക്രട്ടറി



രാമകൃഷ്ണ തണ്ടാർ എം. എം.
ആദ്യത്തെ പ്രസിഡണ്ട്



കെ. ജെ. മത്തായിക്കുട്ടി
മുൻ പ്രസിഡണ്ട്

തുറവൂർ ഗ്രാമ പഞ്ചായത്ത് സ്റ്റാഫ്

1. ശ്രീ. വി. എൻ. രാഘവ പിഷാരടി, സെക്രട്ടറി
2. ശ്രീ. വൈ. ലക്ഷ്മണൻ, ഹെഡ് ക്ലാർക്ക്
3. ശ്രീ. എം. ഗോപിനാഥൻ, യു. ഡി. ക്ലാർക്ക്
4. ശ്രീ. ഒ. ആന്റണി, ,,
5. ശ്രീമതി. എൻ. എ. പൊന്നമ്മ, ,,
6. ശ്രീമതി. എൻ. കോമളവല്ലി, ,,
7. ശ്രീമതി. ലതാ എ. മേനോൻ, ,,
8. ശ്രീമതി. പി. എസ്. സിംഹളാദേവി, പ്യൂൺ
9. ശ്രീ. ജി. നാരായണൻ, ,,
10. ശ്രീമതി. ഏലിയാമ്മ , പി. റ്റി. എസ്.
11. ശ്രീമതി. എച്ച് ഭീമ, പി. റ്റി. ലൈബ്രേറിയൻ
12. ശ്രീ. കേശവൻ കുഞ്ഞപ്പൻ, പി. റ്റി. ഫെറിമാൻ

*

ആമുഖം

പേജ് നമ്പർ : 11

പഞ്ചായത്ത്

പൊതുവിവരണം

പേജ് നമ്പർ : 13

ചരിത്രം, സംസ്ക്കാരം, സമൂഹം

പേജ് നമ്പർ : 14

ഭൂമി, ജനം, ജലം

പേജ് നമ്പർ : 25

വികസനമേഖലകൾ

പേജ് നമ്പർ : 28

കൃഷി, ജലസേചനം

പേജ് നമ്പർ : 29

മൃഗസംരക്ഷണം, മത്സ്യബന്ധനം

പേജ് നമ്പർ : 37

വ്യവസായം

പേജ് നമ്പർ : 44

വിദ്യാഭ്യാസം

പേജ് നമ്പർ : 58

ആരോഗ്യം, കുടിവെള്ളം

പേജ് നമ്പർ : 70

പാർപ്പിടം, സാമൂഹ്യക്ഷേമം

പേജ് നമ്പർ : 78

വനിതാക്ഷേമം

പേജ് നമ്പർ : 89

സംസ്ക്കാരം, കായികം

പേജ് നമ്പർ : 94

സഹകരണം

പേജ് നമ്പർ : 103

പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

പേജ് നമ്പർ : 109

ടൂറിസം

പേജ് നമ്പർ : 115

പരിസ്ഥിതി

പേജ് നമ്പർ : 117

വിഭവ സമാഹരണം

പേജ് നമ്പർ : 119

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്


പേജ് നമ്പർ : 136


ഉപസംഹാരം

പേജ് നമ്പർ : 144

*

ALLEPPEY DISTRICT




KTD grama panchayath
THURAVOOR
GRAMA PANCHAYATH
N
W
E
S
PALLITHODE
10
W.MANAKKODAM
11
MNKDM.9
KLRKL.6
PUTHENKAVU.8
TVR JN
THVR, 5
PUTHENCHANDA.7
n.VLMGLM, 1
E.VLMGLM, 2
S. V. L. M. N. G. L. M
4
3
VEMBANATTU LAKE
PLATTUKARY
ARABIAN SEA
PKD
grama panchayath
Vayalar Panchayath
Office of the Thuravoor Grama Panchayat
Thuravoor P.O. Alappuzha
INDEX
ward boundary
tar roads
N.H. 47
gravel roads
railway line
panchayath office
P.O Post office
Agriculture O.
Family w. centre
Ayurvedic dispensary
H. School
U. P.S
L. P.S
temple
Church
Market
M milma cattle feed f
V Village office
Canals

ആമുഖം

ഇന്ഡ്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി വർഷമാണിത്. ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അമ്പതാണ്ടത്തെ ആയുസ്സ് അത്ര വലിയ ഒരു കാലഘട്ടമല്ലെന്നു പറഞ്ഞേക്കാം. പക്ഷേ അധികാരം ഇതേവരെ മന്ത്രി മന്ദിരങ്ങളിലും ബ്യൂറോക്രാറ്റുകളുടെ ഓഫീസ് മുറികളിലുമാണ് സ്ഥിതി ചെയ്തി രുന്നത്. ജനം വോട്ടവകാശമുള്ള ഒരു വലിയ പടയായി തെരഞ്ഞെടുപ്പ് ഉത്സവങ്ങളാഘോഷിക്കുക മാത്രം ചെയ്തു. ജനകീയാസൂത്രണം ചരിത്രത്തിന്റെ പുതിയോരധ്യാ യമാണ് നമുക്കു തുറന്നുതരുന്നത്. ജനാധിപത്യം സഫലമാകുന്നത് അത് സകല ജനങ്ങളുടെയും അഭിലാഷങ്ങളെ പ്രതിനിധീകരിക്കുമ്പോഴാണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതി പ്രകാരം നമുക്കെന്തൊക്കെയാണ് വേണ്ടത്. കൃഷി എങ്ങനെ വേണം. എന്തൊക്കെ വ്യവസായം വേണം. എവിടെയൊക്കെ പാലം വേണം. റോഡുവേണം. നമ്മുടെ സകല ആവശ്യങ്ങളും നിശ്ചയിക്കുന്നതും നടപ്പാക്കുന്നതും ഇനി നാം തന്നെയാണ്. തലസ്ത്ഥാനങ്ങളിലെ ഏ.സി. റൂമുകളിലിരുന്ന് അധികാരത്തിന്റെ ചക്രം തിരിച്ച് വിട്ട് ഇനി ജനങ്ങളെ ഉരുട്ടാനാവില്ല. പുതിയൊരു കൂട്ടായ്മ, പുതിയൊരു സാമൂഹ്യരാഷ്ട്രീയ ബോധം, പുതിയൊരാത്മവിശ്വാസം- അതെ നമുക്ക് ഈ പുതിയപുലരിയുടെ തീയുതിപ്പടർത്താം.

ഏകദേശം 20 ചതുരശ്ര കിലോ മീറ്ററോളം വിസ്തീർണ്ണവും 11 വാർഡുകളും ആണ് തുറവൂർ ഗ്രാമ പഞ്ചായത്തിനുള്ളത്. ആദ്യം പടിഞ്ഞാറെ മനക്കോടം എന്ന പ്രദേശം ഈ പഞ്ചായത്തിനോട് ചേർന്ന പ്രദേശമായിരുന്നില്ല. 1956ൽ സംസ്ഥാന പുന: സംഘടനയോടുകൂടിയാണ് അത് പഞ്ചായത്തിന്റെ ഭാഗമായിത്തീർന്നത്. എന്നാലും റവന്യൂ ഭരണം കൈമാറിയത് 1960ലാണ്. ജനസംഖ്യ 25966 ആണ്. കിഴക്ക് വേമ്പനാട്ടുകായലും പടിഞ്ഞാറ് അറബിക്കടലും വടക്ക് കുത്തിയതോടും തെക്ക് പട്ടണക്കാടും വയലാറുമാണ് അതിരുകൾ. വകുപ്പ് ഓഫീസുക ളായുള്ളത് ഒരു വില്ലേജാഫീസും രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുക ളുമാണ്. പഞ്ചായത്ത് നിലവിൽ വന്നത് 20-9-1953ലാണ്. അതിനുമുമ്പ് വില്ലേജ് യൂണിയനായിരുന്നു.

<u>ആദ്യ സമിതി</u>

പ്രസി: എം.എം. രാമകൃഷ്ണൻ
വൈ: പ്രസി: എൻ.പി. കരുണാകരത്തണ്ടാർ

<u>അംഗങ്ങൾ</u>

എൻ.പി തണ്ടാർ
എം.കെ കണ്ടൻ കാളി
കെ.ഇ. കൊച്ചിട്ട്യാതി
ഇ.ഗോവിന്ദൻ
സി.കെ പത്മനാഭൻ
കെ.കെ നാരായണൻ
വി.ജെ ജോസഫ്.

<u>രണ്ടാം സമിതി</u>

പ്രസി: ശ്രീ എൻ.പി തണ്ടാർ
വൈ: പ്രസി: ശ്രീ സി.വി. രാമചന്ദ്രൻ

<u>അംഗങ്ങൾ</u>

പി.വി ദാമോദരൻ
പി. ഭാസ്ക്കരൻ
വി.ആർ ശ്രീധരൻ
സി.കെ. പുരുഷോത്തമൻ
എസ്. രാമകൃഷ്ണൻ
വി.എ. സിറിൾ
കെ.പി. തുളസി.

<u>മൂന്നാം സമിതി</u>

പ്രസി: എൻ.പി. തണ്ടാർ
വൈ: പ്രസി: ജെ.ജി. പൈ

<u>അംഗങ്ങൾ</u>

കെ.കെ. സഹദേവൻ
പി.ഭാസ്ക്കരൻ
തുറവൂർ രവി
കെ.വി. ജോസഫ്
പി.എൽ. ചന്ദ്രിക
എൻ.വി. വാസുദേവൻ
കെ.എ. വർഗ്ഗീസ്

എം.കെ. ഭാനുബിംബൻ

നാലാം സമിതി

പ്രസി: എൻ.പി. തണ്ടാർ

വൈ: പ്രസി: എം.കെ. വേലായുധൻ

അംഗങ്ങൾ

വി.കെ. ഉണ്ണികൃഷ്ണൻ

വി.കെ. രാമു

തുറവൂർ രവി

ജി. ശിവറാണി

പി. അരവിന്ദൻ

ടി.വി. തങ്കപ്പൻ

ജെ.ജി. പൈ

കെ.ജെ. മത്തായിക്കുട്ടി
(അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി പ്രസിഡൻഡ് 1.3.95 മുതൽ)

കെ.ആർ രജനി

നിലവിലുള്ള സമിതി

പ്രസി: കെ.കെ. പത്മിനി

വൈ: പ്രസി: രമണിജാനകി

സ്റ്റാൻറിംഗ് കമ്മറ്റി

ചെയർമാൻ.എബ്രഹാം കുഞ്ഞാപ്പച്ചൻ

അംഗങ്ങൾ

കെ.വി. സരോജിനി

തുറവൂർ രവി

തുറവൂർ ഭാസി

പി. അരവിന്ദൻ

ഡി.കെ. മുരളീധരൻ

ഫിലോമിന ഹെൻട്രി

ആൻറണി സിറിൾ

എ.കെ. മാധവൻ

1996 സെപ്റ്റംബർ 3ന് ജനകീയാസൂത്രണം പരിപാടിയുടെ പ്രവർത്തനത്തിന് ഇവിടെ തുടക്കം കുറിച്ചു. സെപ്റ്റംബർ 10,11,12 ലായി നടന്ന ജില്ലാ പരിശീലനക്യാമ്പിൽ 11 വാർഡുകളേയും പ്രതിനിധീകരിച്ച് 54 പുരുഷൻമ്മാരും17 സ്ത്രീകളും പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭ ഒക്ടോ: 2നും 14നും ഇടക്ക് പൂർത്തീകരിച്ചു. ഏറ്റവും അധികം ആളുകൾ സംബന്ധിച്ചത് 2,3,4,7,11 വാർഡുക ളിലാണ്.

വിശേഷാൽ ഗ്രാമസഭാ വിവരം കാണിക്കുന്ന പട്ടിക

വാർഡ്	തീയതി	സ്ത്രീ	പുരുഷൻ	ആകെ	പങ്കെടുത്ത ഉദ്യോഗസ്ഥർ
I	14/10/96	62	121	183	8
II	9/10/96	82	124	206	9
III	8/10/96	91	209	300	11
IV	4/10/96	76	200	276	8
V	10/10/96	48	115	163	9
VI	7/10/96	61	98	159	7
VII	2/10/96	86	160	246	25
VIII	5/10/96	36	113	149	7
IX	6/10/96	48	97	145	10
X	12/10/96	41	105	146	8
XI	13/10/96	104	218	322	14
Total		735	1560	2295	117

തുടർന്നു സ്കാഡു പ്രവർത്തനവും പോസ്റ്റർ പ്രചാരണവും നടത്തി. ഗ്രാമസഭകളിൽ ഉദ്യോഗസ്ഥൻ മാരുടെയും യുവതീ യുവാക്കളുടെയും പങ്കാളിത്തം കുറവായിരുന്നു. എങ്കിലും ചർച്ചകൾ സജീവമായി.

ഒക്ടോ:31ന് എൽ.ആർ.പി മാരുടെ യോഗം കൂടി ദ്വിതീയസ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. പൂർത്തിയാകുന്നതിന് ഒരു മാസം പിടിച്ചു.

നവംബർ 1ന് പുനരർപ്പണ ദിനം. ആലുംവരമ്പ് കണ്ണേഴത്ത് റോഡ്, കലാരംഗം തേങ്ങാത്തറ റോഡ്, തുറവൂർ ക്ഷേത്രം ദേശതോട് റോഡ്, മിൽമാതോ ടയിൽ റോഡ്, പഞ്ചായത്ത് പ്ളോട്ട് റോഡ് എന്നിവയുടെ നിർമ്മാണം ജനസഹകരണത്തോടെ ആരംഭിച്ചു. ഗാന്ധി ജയന്തി ദിനത്തിൽ കളരിക്കൽ ചൊങ്ങംതറ റോഡിൻെറ നിർമ്മാണം പോതുജനപങ്കാളിത്തത്തോടുകൂടി ആരംഭിച്ചു.


നവം:9,10,11 കളിലെ ജില്ലാതല രണ്ടാം ഘട്ട പരിശീലനത്തിൽ പഞ്ചാ: പ്രസി:, വൈ: പ്രസി:, അടക്കം 10 പേര് പങ്കെടുത്തു. നവംബർ 15ന് എൽ. ഏർ. പി. മാർക്കുവേണ്ടി രണ്ടാംഘട്ട ഏകദിന ക്യാമ്പു നടത്തി. സ്ത്രികളുൾപ്പെടെ 6 പേരുണ്ടായി രുന്നു. തുടർന്ന് നവംബർ: 30 നോടു കൂടി സാമൂഹിക സാമ്പത്തിക സർവ്വേ പൂർത്തിയാക്കി. വികസന രേഖ• തയ്യാറാക്കുന്നതിനുള്ള കോർഗ്രൂപ്പ് രൂപീകരിച്ചു. ഡിസം:4ന് കയർഫാക്ടറി സർവ്വേ നടത്തി. ഡിസം:8നും 9നും പഠനപര്യടനങ്ങൾ സംഘടിച്ചിച്ചു. പിന്നീട് രേഖകൾ പരിശോധിച്ച് വസ്തുതകളും സാദ്ധ്യതകളും നിശ്ചയിച്ച് ഈ വികസന രേഖയ്ക്കു രൂപം നൽകി.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	: തുറവൂർ ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	: തുറവൂർ തെക്ക്
ബ്ലോക്ക് പഞ്ചായത്ത്	: പട്ടണക്കാട്
താലൂക്ക്	: ചേർത്തല
അസംബ്ളി മണ്ഡലം	: അരൂർ
ജില്ലാ പഞ്ചായത്ത്	: ആലപ്പുഴ
വിസ്തീർണ്ണം	: 19.18 ചതുരശ്ര കിലോമീറ്റർ
അതിരുകൾ	: വടക്ക് - കുത്തിയതോട് പഞ്ചായത്ത് കിഴക്ക് - വേമ്പനാട് കായൽ, പള്ളിപ്പുറം, വയലാർ പഞ്ചായത്തുകൾ തെക്ക് - വയലാർ, പട്ടണക്കാട് പഞ്ചായത്തുകൾ പടിഞ്ഞാറ് - അറബിക്കടൽ
ജനസംഖ്യ	: 25966
പുരുഷൻമാർ	: 12737
സ്ത്രീകൾ	: 13229
ജനസാന്ദ്രത	: 1354
അക്ഷരാഭ്യാസമുള്ളവർ	: 23098
വാർഡുകൾ	: 11
പ്രസിഡൻറിന്റെ പേര്	: കെ.കെ. പത്മിനി
വൈസ് പ്രസിഡൻറിന്റെ പേര്	: രമണിജാനകി
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന്റെ പേര്	: എബ്രഹാം കുഞ്ഞാപ്പച്ചൻ

പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

1. വില്ലേജ് ഓഫീസ്
2. കൃഷിഭവൻ
3. പഞ്ചായത്തോഫീസ്
4. പ്രൈമറി ഹെൽത്ത് സെന്റർ തുറവൂർ തെക്ക്
5. ഗവൺമെന്റ് ആയുർവേദ സ്പെൻസറി വളമംഗലം
6. മൃഗാശുപത്രി മനക്കോടം
7. ഐ.സി.ഡിപി. സബ് സെന്റർ
8. ബ്രാഞ്ച് പോസ്റ്റോഫീസ് വളമംഗലം
9. ബ്രാഞ്ച് പോസ്റ്റോഫീസ് തുറവൂർ തെക്ക്
10. കുടുംബക്ഷേമ ഉപകേന്ദ്രം വളമംഗലം
11. കുടുംബക്ഷേമ ഉപകേന്ദ്രം പുത്തൻകാവ്
12. എസ്.സി.എസ്. ഹൈസ്ക്കൂൾ വളമംഗലം
13. പാട്ടം എൽ.എഫ്. എം. എൽ. പി സ്ക്കൂൾ
14. തുറവൂർ പഞ്ചായത്ത് എൽ.പി.സ്ക്കൂൾ
15. വളമംഗലം നോർത്ത് എൽ.പി.സ്ക്കൂൾ
16. തുറവൂർ ഗവൺമെൻറ് എൽ.പി സ്ക്കൂൾ മനക്കോടം
17. വില്ലേജ് എക്സ്റ്റൻഷൻ ഓഫിസ് ആലയ്കാപ്പറമ്പ്
18. വില്ലേജ് എക്സ്റ്റൻഷൻ ഓഫിസ് പുത്തൻ ചന്ത
19. മിൽമാ കാലിത്തീറ്റ ഫാക്ടറി
20. ബാങ്ക് ഓഫ് ഇൻഡ്യാ തുറവൂർ ബ്രാഞ്ച്
21. ശ്രീ ശങ്കരാചാര്യ സംസ്കൃതകോളേജ് തുറവൂർ
22. അംഗൻ വാടി കേന്ദ്രങ്ങൾ 26



ചരിത്രം
സംസ്ക്കാരം
സമൂഹം

ചരിത്രത്തിലെന്നും സവിശേഷമായ സ്ഥാനം നേടിയിട്ടുള്ള ചേർത്തല താലൂക്കിലാണ് കിഴക്ക് വേമ്പനാട്ടുകായലും പടിഞ്ഞാറ് അറബിക്കടലും തെക്കും വടക്കും യഥാക്രമം പട്ടണക്കാടും കുത്തിയതോടും വയലാറും അതിരിട്ട ഹരിതമനോഹരമായ തുറവൂർ ഗ്രാമ പഞ്ചായത്ത് കിടക്കുന്നത്. ആലപ്പുഴയും ചേർത്തലയും ലോകത്തിന്റെ തന്നെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ള ഭൂവിഭാഗങ്ങളാണ്. ഐതിഹാസികമായ അനേകം ജനകീയ സമരങ്ങളുടെ നാടാണിത്. രാഷ്ട്രീയമായ നിതാന്ത ജാഗ്രതയും ഉണർവ്വും കൊണ്ട ഈ നാടാണ് ചരിത്രത്തെ ചിലപ്പോഴൊക്കെ അത്ഭുതപ്പെടുത്തുകയും കേരളത്തിന്റെ ഭാഗധേയം നിർണ്ണയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. അതായത് കേരളത്തിലെ രാഷ്ട്രിയ സാമൂഹ്യ സാംസ്ക്കാരിക ചോദനകളുടെ കേന്ദ്ര നാഡീ വ്യൂഹം സ്ഥിതി ചെയ്യുന്നത് ആലപ്പുഴ ജില്ലയിലാണ്. മധുരമായ നാടൻ പാട്ടുകളുടെ ഈണം പോലെ ഓളമിട്ടൊഴുകുന്ന കായലും പ്രകൃതിയുടെ ഹരിതോൽസവം ആഘോഷിക്കുന്ന കായലോര ക്കാഴ്ച്ചകളും ആ സൗന്ദര്യപൂരം ഏറ്റുവാങ്ങി പ്രതിഫലിപ്പിക്കുന്ന ജലഹൃദയവും കുട്ടനാട്ടിലെ പുഞ്ചപ്പാടങ്ങളും തുറവൂരിലെ കരിപ്പാടങ്ങളും ഇന്നും സന്ദർശകർക്കും സഞ്ചാരികൾക്കും ആനന്ദത്തിന്റെ അനുഭൂതി നൽകുന്ന ദൈവത്തിന്റെ നാടാണിത്.

ചേർത്തലക്കു പണ്ട് കരപ്പുറം എന്നാണ് പേര് പറഞ്ഞിരുന്നത്. കരപ്പുറം എന്ന പേര് സൂചിപ്പിക്കുന്നത് ഈ പ്രദേശം കടൽ വാങ്ങി കരയായിതീർന്നതാ ണെന്നാണ്. അഴീക്കൽ, കടലുണ്ടി, വൈക്കം, കടുത്തുരുത്തി എന്നിവയും അങ്ങനെവന്ന പേരുകളാണെന്നാണ് ചരിത്രം അനുമാനിക്കുന്നത്. പിന്നീട് കരപ്പുറ ത്തിന് ചേർത്തല എന്ന പേര് എങ്ങിനെ വന്നുവെന്നതിനെപ്പറ്റികൃത്യമായ ഊഹാപോഹങ്ങളൊ ന്നുമില്ല. ഒരു പക്ഷേ വേമ്പനാട്ടു കായലിന്റെ ചേറും മണലും ചേർന്നു രൂപപ്പെട്ട തിട്ടകളെന്ന അർത്ഥത്തി ലാകാം ചേർത്തല എന്ന സ്ഥലനാമം രൂപം കൊണ്ടത്. ഏതായാലും ചേർത്തലയുടെ തീരപ്ര ദേശത്തുള്ള അഴിമുഖങ്ങളും തോടു കളും കരിനിലങ്ങളും മറ്റും വ്യക്തമാക്കുന്നത്വേമ്പനാട്ടുകായൽ അറബിക്കടലിന്റെ

സുന്ദരിയായ ഒരു പുത്രിയാണെന്നും,അതിന്റെ മണൽത്തിട്ടയാണ് ചേർത്തല എന്നുമാണ്.

1640 വരെ കരപ്പുറം ചേർത്തല ഭരിച്ചിരുന്നത് മൂത്തേടത്തു കൈമൾ എന്ന നാടുവാഴിയായിരുന്നു എന്നു കാണുന്നു. വേണാട്, കോഴിക്കോട് എന്നിങ്ങനെ രാഷ്ട്രീയാധികാരം കേന്ദ്രീകരിച്ചിരുന്ന രാജവംശങ്ങളും അവരുടെ കീഴിലുള്ള നാടുവാഴികളും അവരുടെ കീഴിലുള്ള ദേശവാഴികളും അവരുടെ മാടമ്പിമാരും (നായർ) അതായിരുന്നല്ലോ ഒരു കാലത്ത് ഭരണവ്യവസ്ഥയുടെ ഘടന. അതിനും മുമ്പെന്നോ അരൂർ വംശം എന്ന രാജവംശം കരപ്പുറത്തിന്റെ അധികാരികളായിരുന്നു എന്നും ഐതിഹ്യങ്ങളുണ്ട്. ഭൂതകാലത്തിന്റെ ഇരുണ്ട പിൻ വഴികളിലൂടെ പുറകോട്ടു നീണ്ടുപോകുന്ന ചരിത്രത്തിന്റെ അജ്ഞാത സ്ഥലികളിലേക്ക് വളരെ കുറച്ച് വെളിച്ചമേ വീണ്ടുകിട്ടുന്നുള്ളൂ. കാണാനിടയായ ചില ചരിത്ര രേഖകളുംപഴയകാരണവൻമാരുടെസ്മൃതിമൊഴികളും ചില ഖനനസാക്ഷ്യങ്ങളും വച്ചുകൊണ്ടാണ് ഈ കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും കേരളത്തിലെ എല്ലാ പഞ്ചായത്തുകളുടേയുംവികസന രേഖകളിലൂടെ പുറത്ത് വരുന്ന പ്രദേശിക ചരിത്രംനമ്മുടെ ചരിത്രകാരൻമാരുടെ നിലപാടുകളേയും നിഗമനശീലങ്ങളേയും പിടിച്ചുകുലുക്കുമെന്ന് കരുതേണ്ടിയിരിക്കുന്നു.

കരപ്പുറത്ത് ഐക്കരകൈമൾ, പായപ്പാട്ട്കൈമൾ, കോടനാട്ട്കൈമൾ, ചെല്ലനാട്ടുകൈമൾ എന്നിങ്ങനെ പേര് പറയപ്പെട്ട എഴുപത്തരണ്ട് മാടമ്പികുടുംബങ്ങളുണ്ടായിരുന്നു. അവരെ കരപ്പുറംകൈമൾമാരെന്ന് വിളിച്ചു. മൂത്തേടം, ഇളയേടം എന്നീ നാടുവാഴി കുടുംബത്തിൽപ്പെട്ടവരായിരുന്നു കരപ്പുറം കൈമൾമാരും. കരപ്പുറത്തിന്റെ നാടുവാഴിയായി മൂത്തേടം കൈമൾക്ക് പതിനയ്യായിരം നായർ പടയാളികളും ഒരു നാവിക സേനയും ഉണ്ടായിരുന്നതായി പറയുന്നു. വ്യാപാര ക്കപ്പലുകൾ കൊള്ളയടിക്കുകയായിരുന്നു പണി. 1540 ൽ ഒരു പറങ്കി കപ്പൽകൊള്ളയടിച്ചതിനെ തുടർന്നുണ്ടായ പോരാട്ടത്തിൽ മൂത്തേടം കൈമൾ കൊല്ലപ്പെടുകയും കൈമളുടെ രാജ്യമായിരുന്ന കരപ്പുറത്ത് ചേർത്തല പറങ്കികൾ പ്രവേശിക്കുകയും ചെയ്തു. ഇത്രയെങ്കിലും ചരിത്ര പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ വേണം തുറവൂരിന്റെ ജ്ഞാതമായ ചരിത്രം പറഞ്ഞ് തുടങ്ങേണ്ടത്.

എ.ഡി.ആരംഭകാലത്ത് ആലപ്പുഴയും അതിന്വടക്കുള്ള പ്രദേശങ്ങളും ചേരരാജവംശത്തിന്റെ ഭരണത്തിലായിരുന്നുവെന്നും കുട്ടനാട്ടിലെ കുഴവൂർ ആയിരുന്നു ചേരരാജവംശത്തിന്റെ തലസ്ഥാനമെന്നും ശ്രീധരമേനോന്റെ കേരള ചരിത്രം പറയുന്നു. ചേരമാൻ പെരുമാൾ തുറവൂരിലെ വളമംഗലത്തുള്ള പൂന്നിലത്ത് വന്നു താമസിച്ചിരുന്നുവെന്ന് ഐതീഹ്യമുണ്ട്.

തുറവൂരിലുള്ള പുലയർ ചേരമാൻ പെരുമാളിന്റെ വംശപരമ്പരക്കാരാണെന്ന് പുലയസമുദായത്തിലെ പ്രായം ചെന്ന ആളുകൾ പണ്ടുമുതലേ പറഞ്ഞു കൈമാറിക്കിട്ടിയ അറിവുപോലെ അവകാശപ്പെടുന്നു. ഏതായാലും പൂന്നിലത്ത് തുറവൂർ ക്ഷേത്രത്തിന്റെ മൂലസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശം മണ്ണെടുത്തപ്പോൾ പഴയ ശവകലശങ്ങൾ പോലെ ചില പാത്രങ്ങൾ കാണുകയുണ്ടായി. അതിൽ നിന്ന് ഈ പ്രദേശത്തെ ജന ജീവിതത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്നനുമാനിക്കാം. മാത്രമല്ല ഉയർന്ന ജീവിത നിലവാരം പുലർത്തിയിരുന്നു എന്നും കരുതണം.

തുറയ്ക്ക് തുറമുഖം എന്നഅർത്ഥവും ശബ്ദതാരാവലി പറയുന്നു. തുറവൂർ തുറമുഖം ഉണ്ടായിരുന്നഊരാണ് .കൃസ്തുവർഷത്തിന്റെ ആരംഭകാലത്ത് മനക്കോടത്ത്. വാണിജ്യ പ്രാധാന്യമുള്ള ഒരു തുറമുഖം ഉണ്ടായിരുന്നു. നമ്പൂതിരിമാരുടെ ധാരാളം മനകളവിടെ ഉണ്ടായിരുന്നതുകൊണ്ടാണ് മനക്കോടം എന്ന സ്ഥലപ്പേര് കൈവന്നതെന്നു പറയുന്നു. വിദേശരാജ്യങ്ങളിൽ നിന്ന് കച്ചവടത്തിനു വരുന്നവരുടെ പായ്ക്കപ്പലുകളും ഓടങ്ങളും മനക്കോടം തുറമുഖത്ത് വന്ന് അടുത്തിരുന്നു. ഇപ്പോഴും നമ്മുടെ കരിപ്പാടങ്ങൾ കിളക്കുമ്പോൾ കപ്പൽചേതത്തിനേറെതെന്ന് കരുതാവുന്ന അവശിഷ്ടങ്ങൾ കാണാം. പോർട്ടുഗീസുകാരുടെ-പറങ്കികളുടെ-ധാരളം പാണ്ടികശാലകളും മനക്കോടത്തുണ്ടായിരുന്നത്രേ. ഏതായാലും അടുത്തകാലം വരെ മനക്കോടംഅയൽ പ്രദേശങ്ങളിലൊക്കെപേരുകേട്ടഒരു കമ്പോളമായിരുന്നു. ആലപ്പുഴ വൈക്കം, ചേർത്തല തുടങ്ങി വളരെ അകലങ്ങളിൽ നിന്നുവരെ വിശേഷ ദിവസങ്ങളിൽ സാധനങ്ങൾ വാങ്ങാൻ ആളുകളിവിടെ വന്നിരുന്നു. പച്ചക്കറി, വാഴക്കുല, വാഴയില, കരിപ്പാടങ്ങളിൽ നിന്നു പിടിച്ച സ്വാദിഷ്ടമായ മത്സ്യങ്ങൾ, ചെട്ടിവിരിപ്പ് നെല്ല്, മത്തങ്ങ, ഇളവങ്കാ, വെള്ളരിക്കാ, എന്നിവക്ക് പേരുകേട്ട സ്ഥലമായിരുന്നു മനക്കോടം ചന്ത. നമ്മുടെ കരിനിലങ്ങളിൽ വിളയുന്ന ചെട്ടിവിരിപ്പ് നെല്ലിന്റെ അരിരുചിയുടെയും ഗുണങ്ങളുടെയും അതുല്യമായ ഒരിനമാണ്. ഒരുപക്ഷേ ലോകത്തിലെ ഏതു തീൻമേശയും അർത്തി പൂണ്ട് സ്വീകരിക്കാവുന്നഒന്ന്. ചെട്ടിവിരിപ്പരിയുടെ ചോറും വരാൽ കുടംപുളിയിട്ടുവെച്ച കറിയും രുചിയുടെ സ്ഫോടന മുളവാക്കുന്ന പ്രസിദ്ധ മായ ഒരു വിഭവമാണ്. അതിന്ഏതാനും കർഷകകുടുംബങ്ങൾക്കു മാത്രമേ ലഭിക്കുന്നുള്ളൂ

എന്ന കാര്യം സാന്ദർഭികമായി ഇവിടെ സ്മരിച്ചു കൊള്ളട്ടെ. ഇന്ന് കൃഷിയോട് കർഷകർക്ക് താൽപ്പര്യം കുറഞ്ഞിരിക്കുന്നു. കൂടുതൽ കൂടുതൽ പണത്തോടുള്ള മനുഷ്യന്റെ ആർത്തിയാവാം അതിനൊരു കാരണം. കൃഷികൊണ്ടമിതമായ പണംലഭിക്കുന്നില്ലല്ലോ മറ്റ് പല ഏർപ്പാടുകളിൽ നിന്ന് കൃഷിയിൽ നിന്നു കിട്ടുന്നതിനേക്കാൾ മെച്ചപ്പെട്ടവരുമാനം ലഭിക്കുകയും ചെയ്യുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് കർഷകന് മതിയായ വില കിട്ടുന്നില്ല എന്നതും ഒരു കാരണമാണ്. ചെമ്മീൻ കെട്ടു കൊണ്ടാകട്ടെ അവന് ആയിരങ്ങളോ ലക്ഷങ്ങളോ ലഭിക്കുകയും ചെയ്യുന്നു. ഏതായാലും കുട്ടനാടുകഴിഞ്ഞാൽ ചേർത്തല താലൂക്കിലെ ഏറ്റവും അധികം നെല്ലു വിളഞ്ഞിരുന്ന നമ്മുടെ കരിനിലങ്ങൾക്ക് നെല്ലറയെന്ന പേര് നഷ്ടപ്പടുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

മനക്കോടം പള്ളി സ്ഥാപിച്ചത്പോർട്ടുഗീസുകാരാണ്. 1640ലാണ് വിശുദ്ധഗീവർഗീസിന്റെ നാമധേയത്തിൽ ആ പള്ളി സ്ഥാപിച്ചതെന്നു കാണുന്നു. ഇവിടെ അതിനും വളരെ വർഷം മുൻപുതന്നെ ചെറിയോരു പള്ളി ഉണ്ടായിരുന്ന തായി പറയുന്നുണ്ട്. അന്നു മുതലേ ഇവിടെ ക്രിസ്ത്യാനികൾ അധിവസിച്ചിരുന്നു. പള്ളിയിലുള്ള ഗീവർഗ്ഗീസിന്റെ രൂപം നൂറ്റാണ്ടുകളുടെ പഴക്കം വിളിച്ചോതുന്നതാണ്. കേരളത്തിലെ ക്രിസ്തീയ ദേവാലയങ്ങളുടെ നിർമ്മാണ ശൈലിക്ക് ലാറ്റിൻ,ഗോഥിക് വാസ്തുവിദ്യയുടെ സ്വാധീനവുമുണ്ട്. പോർട്ടുഗീസ്സുകാരാണ് ലാറ്റിൻ ശൈലി കൊണ്ടുവന്നത്. കേരളത്തിലെ പള്ളികളുടെ നിർമ്മാണ ശൈലിക്ക് കേരളീയവും വൈദേശികവുമായ സ്വാധീനം ഒരു പോലെ പ്രകടമാണ്. ചതുർഭുജാകൃതിയിലുള്ള ദേവാലയകേന്ദ്രവും വലിയ തൂണുകളും ഉയർന്ന ഗോപുരങ്ങളും ഒക്കെ കേരളീയ ശൈലിയുടെ ചേർച്ച കൊണ്ടുണ്ടായതാണ്. കരപ്പുറം നാടുവാഴിയായ മൂത്തേടം കൈമളുടെ അനുവാദത്തോടെയാണ് അർത്തുങ്കലും, മനക്കോടത്തും പോർട്ടുഗീസുകാർ പള്ളി നിർമ്മിച്ചത്. കൈമളുടെ പതനം, ഡച്ചുകാരുടെ ആഗമനം എന്നീ സംഭവങ്ങളുടെ ഇടക്ക് എന്നോ കൂട്ടത്തോടെയുള്ള മതപരിവർത്തനം നടന്നതായും മനക്കോടത്തെ നമ്പൂതിരി മാരുടെ ഉപഗ്രാമം ക്രൈസ്തവരായി തീരുകയും ചെയ്തതായും അനുമാനിക്കാം. 1341ൽ കൊച്ചി അഴിമുഖം രൂപം പ്രാപിക്കുകയുംക്രമേണ അന്ധകാരനഴിയിലെ അഴിമുഖം ചുരുങ്ങുകയും മനക്കോടം തുറമുഖം ക്ഷയിക്കുകയും ചെയ്തു. ആദ്യമുണ്ടായ "കൊച്ചഴി"യാണ് പിന്നീട് വലുതാവു കയും അങ്ങനെ കൊച്ചിയെന്നസ്ഥല നാമത്തിന് വഴിതെളിക്കുകയും ചെയ്തത്. നമ്മുടെ കരിനിലങ്ങൾ പണ്ട് മനക്കോടം തുറമുഖത്തെആഴമുള്ള ജലാശയങ്ങളായിരുന്നുഎന്നവസ്തുത ആശ്ചര്യത്തോടുകൂടിയല്ലാതെ ഇന്ന് സങ്കൽപ്പിക്കാനാവില്ല. ഏകദേശം 17ാം നൂറ്റാണ്ടോടുകൂടിയാണ് ഇന്ന് തുറവൂർ പഞ്ചായത്തിലുള്ള ഗൗഡസാരസ്വബ്രാഹ്മണർ ഇവിടെ കുടിയേറി പാർത്തതെന്നുകരുതാം. അങ്ങനെ പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള കരിനിലങ്ങൾളു ൾപ്പെടെയുള്ള ഭൂമി ഗൗഡസാരസ്വതബ്രാഹ്മണരുടെ ദേവസ്ഥാനമായ തിരുമലദേവസ്വത്തിന് കീഴിലാവു കയും ചെയ്തു. രാജാവ് ഈ ഭൂമി യൊക്കെ അവർക്ക്കൽപ്പിച്ചനുവദിച്ചു കൊടുത്തതാണെന്ന് പറയപ്പെടുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തുറവൂർ മഹാക്ഷേത്രവും മനക്കോടം പള്ളിയുമാണ് തുറവൂർ പഞ്ചായത്തിലെ പുരാതന ദേവാലയങ്ങൾ. പണ്ടുണ്ടായിരുന്നകാവുകളുടെ സ്ഥാനത്ത് ചെറിയ ക്ഷേത്രങ്ങളുണ്ടെങ്കിലും അവയുടെ പൗരാണികത്വം പറയുന്നതിന് തെളിവുകളൊന്നുമില്ല. പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് ഹൈവേക്ക് പടിഞ്ഞാറെ വശത്തായി നിലകൊള്ളുന്ന തുറവൂർ മഹാ ക്ഷേത്രം ഇന്ന് കേരളത്തിലെ മഹാക്ഷേത്രങ്ങളുടെ പട്ടികയിൽ പെടുന്നതാണ്. ഒരു നാലമ്പലത്തിനുള്ളിൽ തന്നെ നരസിംഹ മൂർത്തി, സുദർശന മൂർത്തി എന്നീ രണ്ടു ദേവസങ്കൽപ്പങ്ങളെ പ്രതിഷ്ടിച്ചിട്ടുള്ള ഈ ക്ഷേത്രം സവിശേഷമായ ശ്രദ്ധയർഹിക്കുന്നു. തെക്കിനകത്തുള്ളത് വട്ട ശ്രീകോവിലാണ്. അവിടെയാണ് അനാദ്യന്തമായകാലത്തെ പ്രതീകവൽക്കരിക്കുന്ന ചക്രവും ധരിച്ച് സുദർശനമൂർത്തി കുടികൊള്ളുന്നത്. ദൈവം സർവ്വ ചരാചരങ്ങളുടെയും അകത്തും പുറത്തും വ്യാപിച്ചിരിക്കുന്ന അവ്യാഖ്യേയമായ പരം പൊരുളാ ണെന്ന തത്വത്തെ സാക്ഷാത്കരിച്ചുകൊണ്ട് തൂണു പിളർന്നു വന്ന ഉഗ്രരൂപിയായ നരസിംഹമൂർ ത്തിയാണ് വടക്കിനകത്ത് കുടികൊ ള്ളുന്നത്. ഈ രണ്ടു ശ്രീ കോവി ലുകളും അപൂർവ്വ മനോഹരമായ ദാരുശില്പങ്ങൾ കൊണ്ടലംകൃത മാണ്. എ സർവ്വേ ഒഫ് കേരളാ ഹിസ്റ്ററി എന്ന പുസ്തകത്തിൽ എ.ശ്രീധര മേനോൻ ഇവിടെയുള്ള ദാരുശിലപ്പങ്ങളെക്കുറിച്ച് പരാമർശി ക്കുന്നുണ്ട്. പാർവ്വതി ഗണപതിക്ക് മുലകൊടുക്കുന്ന ശിൽപ്പം അത്യപൂർവ്വമാണെന്നു പറയപ്പെടുന്നു. വിശാലമായ ക്ഷേത്രക്കുളവും ഭീമാകാരമായ തൂണുകളുള്ള ആനപ്പന്തലുംക്ഷേത്ര നിർമ്മിതിയുടെ ഗംഭീരമായ വാസ്തുവിദ്യയും അനേകം ആനകളെ പൊന്നണിയിച്ച് തിടമ്പേറ്റി നടത്തുന്ന അവിടത്തെ ഉത്സവങ്ങളും ആരെയും ആകർഷിക്കുന്നതാണ്. ആര്യ ദ്രാവിഡശൈലിയുടെ സമന്വയമാണ് ഈ ക്ഷേത്രത്തി

ന്റെ നിർമ്മാണത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇത് നമ്മുടെ പ്രാചീന വാസ്തുവിദ്യാ ശൈലിയുടെ വികസനത്തിന്റെ രണ്ടാം ഘട്ടം കുറിക്കുന്നു. ശ്രീ കോവിലിനുചുറ്റും പ്രദക്ഷിണ വഴി നിർമ്മിച്ചത് ഈ ഘട്ടത്തിന്റെ സവിശേഷതയാണ്. മേൽക്കൂരക്ക് നാല് പാർശ്വങ്ങളുണ്ടാകുന്നതും ഇക്കാലത്താണ്. എന്നാൽ തെക്കിനകത്തെ മേൽക്കൂര വൃത്തത്തിലുള്ള അസ്ഥിവാരത്തിന് പാകപ്പെടും വിധം മുകളറ്റം കൂർത്തും താഴെ കുടപോലെ പരന്നുമാണിരിക്കുന്നത്. കാലപ്പഴക്കം കൊണ്ട് മങ്ങിതുടങ്ങിയെങ്കിലും വടക്കിനകത്തെ ശ്രീ കോവിലിന്റെ മുൻചുമരുകളിലുള്ള ചിത്രങ്ങൾ ശ്രദ്ധാർഹമാണ്.

ഈ ക്ഷേത്രത്തിന്റെ മൂലസ്ഥാനം പഞ്ചായത്തിന്റെ നാലാം വാർഡിൽ വളരെ അകലെ മാറിയാണ് സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിന്റെ ഐതീഹ്യം പുതുമന ദാമോദരൻ നമ്പൂതിരി യുടെ പേര് വച്ച് അച്ചടിച്ചിട്ടുള്ള ഒരു പുസ്തകത്തിൽ കാണാം. അസംബന്ധ ജഡിലവും പൂർവ്വാപരവൈരുധ്യം നിറഞ്ഞതും ആയ ഒരു കഥയാണത്. ഒരു മിത്തായി അത് ഇവിടെ ഉദ്ധരിക്കാനാവില്ല. പൂന്നിലത്ത് ഒരു തോട്ടിൽ മണ്ണിൽ പൂണ്ട് ഒരു ഭീമാകാരമായ തടി കിടപ്പുണ്ട്. അത് കാശിയിലെ നരസിംഹ ഘട്ടത്തിൽ നിന്ന് ഒരു യോഗി ഇവിടെ വന്നിറങ്ങിയ കപ്പലാണെന്നാണ് വിശ്വാസം. ആ യോഗിയാണത്രേ ഇവിടെ തന്റെ ഇഷ്ടദേവതയായ നരസിംഹമൂർത്തിയെ പ്രതിഷ്ടിച്ചത്. ആ കഥയ്ക്ക് ഒരു മിത്തിന്റെ സൗന്ദര്യം കൈവരുന്നുണ്ട്. ഈ ക്ഷേത്രത്തിൽ കയർ കൊടുക്കാനും കൂറകൊടുക്കുവാനും ഉള്ള അവകാശം വാലനും വേലനും മറ്റുമാണ്. ഇത് സൂചിപ്പിക്കുന്നത് പഴയ ഊരാള കാരാള വ്യവസ്ഥയേയാണ്. നമ്പൂതിരിക്ക് തൊണ്ടഴുക്കാനും, കയറു പിരിക്കാനും ഒന്നും പറ്റില്ലല്ലോ.

ഈ ക്ഷേത്രത്തിന്റെ കീഴിലായിരുന്നു പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള ഭൂമിയുടെ ഭൂരിഭാഗവും. തിരുമല ദേവസ്വം, തുറവൂർ ദേവസ്വം എന്നീ ദേവസ്വങ്ങളും പള്ളക്കീഴ് മന, നെടുംപുറത്ത് മന, തേവലപ്പൊഴിമന, എന്നീ നമ്പൂതിരി കുടുംബങ്ങളും പാറായി തരകൻമാരെന്ന ക്രിസ്തീയകുടുംബവും തുരുത്തുക്കാട്ട് കർത്താക്കൻമാർ കാഞ്ഞിരംപള്ളി കർത്താക്കൻമാർ പൂവത്തിൽ കൈമൾമാർ എന്നീ നായർ കുടുംബങ്ങളുമാണ് തുറവൂർ പഞ്ചായത്തിലെ ഭൂമിയും അതിലെ ഭോഗങ്ങളുംഒരുകാലത്ത് അനുഭവിച്ചു കൊണ്ടിരുന്നത്. നമ്പൂതിരി - നായർ മേധാവിത്വത്തിലധിഷ്ഠിതമായ മദ്ധ്യകാല കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥയെ ഇളംകുളം കുഞ്ഞൻ പിള്ള എന്ന ചരിത്രകാരൻ ജന്മി സമ്പ്രദായം (ജന്മി സമ്പ്രദായം കേരളത്തിൽ എന്ന പുസ്തകം കാണുക) എന്ന പേരിലാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഇതിനെ ചില ചരിത്രകാരൻമാർ കാരാള വ്യവസ്ഥയെന്നും ഇളംകുളം വ്യവസ്ഥയെന്നും വിശേഷിപ്പിക്കുന്നു. പ്രത്യയശാസ്ത്രപരമായ മേധാവിത്വം നിലനിർത്താനും സാമൂഹിക മേൽക്കോയ്മ ഉറപ്പിക്കാനും ക്ഷേത്രങ്ങളെ സമൂഹത്തിന്റെ കേന്ദ്രസ്ഥാനങ്ങളായി വളർത്തിയെടുത്ത നമ്പൂതിരിമാർ അവരുടെ ഭൂമി(ബ്രഹ്മസ്വം) ചിലത് ക്ഷേത്രങ്ങൾക്ക് ദാനം ചെയ്യുകയും പിൽക്കാലത്ത് ഏറ്റവും വലിയ ഭൂഉടമകൾ ക്ഷേത്രഉടമകളായി തീരുകയും ചെയ്തു. ബ്രഹ്മസ്വം ദേവസ്വം ഭൂമികളുടെ ഉടമകളാ ഊരാളൻമാരും അവരോടു. ഭൂമി പാട്ടത്തിനെടുത്ത കാരാളൻമ്മാരും കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥ യ്ക്ക് രൂപംനൽകി. തുറവൂർക്ഷേത്രത്തിലുള്ള കാരാള വർഗ്ഗത്തിന്റെ വിശ്വാസം ഒരുതരം കുടിയായ്മ സ്വഭാവം പ്രകടിപ്പിക്കുന്നതായിരുന്നു നമ്പൂതിരിമേധാവിത്വം നിലനിന്നിരുന്നതുറവൂരിലെ പ്രധാനജാതികൾ ഈഴവർ, നായൻമാർ, പുലയർ കമ്മാളൻമാർ, കണിയാൻമാർ, ക്ഷേത്രോപജീവികളായ ഏതാനും ജാതികൾ തുടങ്ങിയവരാണ്. ഒന്നോ രണ്ടോ തമിഴ് ബ്രാഹ്മണർ കുടുംബങ്ങളും ഇവിടെയുണ്ട്. ക്ഷേത്രസങ്കേതം രാജ്യത്തിനകത്തെ രാജ്യവും രാഷ്ട്രീയോപജാപങ്ങളുടെ കേന്ദ്രവുമായി തീർന്നു. ജാതിവ്യവസ്ഥ ഉഗ്രശാസനങ്ങളുടെ വിശ്വാസത്തിലുറച്ചു. നിഷ്ടൂരവും ഹീനവുമായ നടപടികളുടെ അസ്തിവാരത്തിലുമാണ് ഉയർന്നുവന്നത്

നമ്പൂതിരിമാർ ആദ്യമായി കേരളത്തിലേക്ക് വന്ന ഗ്രൂപ്പിന്റെ ലീഡറും യോദ്ധാവുമാകാം പരശുരാമൻ. പരശുരാമന്റെ കൽപ്പനകൾ എന്തൊക്കെയാണെന്ന് കേൾക്കണ്ടേ. 1. മരുമക്കത്തായം പാലിക്കണം. 2. ശൂദ്രസ്ത്രീമാറുമറയ്ക്കാൻ പാടില്ല. 3. ശൂദ്രസ്ത്രീ പാതിവ്രത്യം ഉപേക്ഷിച്ച് നമ്പൂതിരിമാരുടെ കാമങ്ങളെ നിറവേറ്റികൊടുക്കണം. കേരള ചരിത്രം. അധീശവർഗ്ഗങ്ങളുടെ നയതന്ത്ര ബുദ്ധി മെനഞ്ഞെടുത്ത ഉഗ്രശാസനങ്ങളാണിവ. ഈ പരശുരാമനെആരോ കഥയുണ്ടാക്കി ദൈവംതമ്പുരാനായ വിഷ്ണുവിന്റെ അവതാരമാക്കുകയും ചെയ്തു.

ഇന്ന് പിന്നോക്കക്കാർ ദൈവത്തെ പ്രാർത്ഥിക്കുമ്പോൾ പരശുരാമനെയും സ്തുതിക്കുന്നുണ്ട്.

"ദൈവാധീനം ജഗത് സർവ്വം
മന്ത്രാധീനം ദൈവതം
തൻമന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണോ മമദൈവതം"

ഈ ശ്ലോകത്തിന് ഏതോ മനയ്ക്കലെ കാര്യസ്ഥന്റെ വായ് നാറ്റം ഉണ്ടെന്നാണ് വി.ടി.

ഭട്ടതിരിപ്പട് പറയുന്നത്.

നമ്പൂതിരിമാർക്ക് 60 അടി ആകലയേ പിന്നോക്ക ജാതിക്കാർ നടക്കാവൂ.ഏത് ജാതിയിലായാലും സുന്ദരികളായ സ്ത്രീകൾ തമ്പുരാന്റെ ഉപയോഗം കഴിഞ്ഞേ ആർക്കും കിട്ടൂ. അതിന് ജാതി പ്രശ്നമായിരുന്നില്ല എന്ന് തോന്നുന്നു. പുതുപ്പെണ്ണ് ചാരിയതെങ്ങ് പെണ്ണിന്റെ കെട്ടിയോനായ കുടിയാന് എന്ന രീതിയും മറ്റും ഉണ്ടായിരുന്നതോർക്കുക. നമ്പൂതിരിമാർക്കും അവരുടെ കാവൽ പടയാളികളായ നായൻമാർക്കും പിന്നോക്കജാതിക്കാരെ തല്ലാനും കൊല്ലാനും സകലവിധ അധികാരവും ഉണ്ടായിരുന്നു. തുരുത്തിക്കാട്ട് കർത്താക്കൻമാർക്ക് പിന്നോക്ക ജാതിക്കാരെ പിടിച്ച് കെട്ടി നിർത്തി തല്ലാനും ശിക്ഷിക്കാനും ഉള്ള സ്ഥലം പിടിച്ചുകെട്ടും തറ എന്ന പേരിലാണ് ഇന്നും അറിയുന്നത്. നായൻമാരുടെ ചായക്കടയിൽനിന്ന് ചായകുടിച്ചാൽ ഗ്ളാസ് കഴുകി കൊടുക്കണം. ക്ഷേത്രത്തിന് വളരെ അകലെ നിന്നേ തൊഴാവൂ. വഴിപാടിനുള്ള കാശ് എറിഞ്ഞ് കൊടുക്കണം.

ഒരിക്കൽ എൻപി തണ്ടാർ ഏതോ ചായക്കടയിൽകയറി ചായകുടിച്ച് കഴിഞ്ഞ് ഗ്ളാസിൽ തുപ്പിവെച്ച് ഈ ഏർപ്പാടിനെതിരായി പ്രതികരിച്ചു എന്ന് കേട്ടിട്ടുണ്ട്. ഈഴവരുടെ ചായക്കടകളിൽ പുലയർക്കും ഈ അനുഭവം ഉണ്ടായിരുന്നതായി പറയുന്നു. ജാതിവ്യവസ്ഥ അനേകം തട്ടുകളും ഒരു തട്ടിനുള്ളിൽ തന്നെ അനേകം ഉപ തട്ടുകളും ഉള്ളസങ്കീർണ്ണമായ ഒരുഎടുപ്പു പൊലെ ആയിരുന്നല്ലോ.

കുമാരനാശാൻ പാടിയിട്ടുള്ളതുപോലെ മറ്റുള്ളവർക്കായി ഉഴാനും മെതിക്കാനും കറ്റകൊയ്യാനും പെറുക്കുവാനും ഇരുകാലിമാടു കളെപ്പോലെ ഒരു പറ്റം മനുഷ്യരുടെ നിഴൽ രൂപങ്ങൾ ഇവിടെ ജീവിച്ചു മരിച്ചു. അവർക്ക് വിദ്യാഭ്യാസം ചെയ്തുകൂടാ, സംഘടിച്ചുകൂടാ.

ബുദ്ധമതമാണ് നാട്ടുംപുറത്ത് കുടിപ്പള്ളിക്കൂടങ്ങളുണ്ടാക്കിയതെന്ന് പറയുന്നു. പള്ളിക്കൂടവും പള്ളി ചേർന്ന സ്ഥലപ്പേരുകളും ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. കുടിപ്പള്ളിക്കൂടങ്ങളിൽ ഈഴവരാദി പിന്നോക്ക സമുദായക്കാർക്ക്പഠിക്കാം. ഈഴവർ ബുദ്ധൻമാരായിരുന്നു എന്ന്ചില ചരിത്രകാരൻമാർ ആഭിപ്രായപ്പെടുന്നു. കുടിപ്പള്ളിക്കൂടങ്ങളിലെ അധ്യാപകൻമാരെ ആശാൻമാർ എന്നു വിളിക്കുന്നു. ചിലസ്ഥലങ്ങളിലവരെ എഴുത്തച്ഛൻമാരെന്നും പറഞ്ഞിരുന്നുവത്രേ. തുഞ്ചത്തെഴുത്തഛൻ ജാതിവ്യവസ്ഥയെ തന്റെ കൃതികളിൽ രൂക്ഷമായ നർമ്മം കലർത്തി ഭംഗ്യന്തരേണ വിമർശിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്മരണീയമാണ്.

ബുദ്ധമതം ക്ഷയിച്ചതോടെ ഈഴവർ ഹിന്ദു മതത്തിൽ ചേർന്നിരിക്കാം. അതിനുശേഷമാവാം ഈഴവർക്ക് പുലയരോടും അതിലും താഴ്ന്ന ജാതിക്കാരോടും അയിത്തം ആരംഭിച്ചത്. ശൂരനാട്ട് കുഞ്ഞൻ പിള്ള പറയുന്നത് ക്ഷത്രിയരും നായരും ഈഴവരും ഒക്കെ കേരളത്തിലെ ആദിമ ജനവിഭാഗങ്ങളാണെന്നാണ്. അതിന് അദ്ദേഹം നിരത്തുന്ന തെളിവ്, ഇപ്പോൾ ചില നായർ കുടുംബങ്ങളിലും, ക്ഷത്രിയകുടുംബങ്ങളിലും മരിച്ചാലും, പെറ്റാലും ചില ഈഴവകുടുംബങ്ങൾക്ക് പുലയും വാലായ്മയും ഉണ്ടെന്നതാണ്. നമ്പൂതിരിമാർ കുറേപ്പേരെ നായരും ക്ഷത്രീയരുംഒക്കെ ആക്കിയതാണെന്നാണ് അദ്ദേഹം പറയുന്നത്.

തുറവൂര് നായൻമാർക്കും ഈഴവർക്കും കണിയാൻമാർക്കും കോർത്തൻമാർക്കും കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു.ക്രൈസ്തവൻ മിഷണറിമാരുടെ വരവോടെ ആണല്ലോ പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ പ്രചരിച്ചത്. അതോടുകൂടിയാണ് വിദ്യാഭ്യാസം എല്ലാവർക്കും ലഭിച്ച് തുടങ്ങിയത്. നമ്പൂതിരിമാർക്ക് വിദ്യാഭ്യാസംചെയ്യാൻ ഗുരുകുലങ്ങളുടെ മാതൃകയിലുള്ള സഭാമഠങ്ങൾ ഉണ്ടായിരുന്നു. പുത്തൻകാവ് ക്ഷേത്രയോഗം ഒരു സംസ്കൃതവിദ്യാപീഠം സ്ഥാപിച്ചു. പാറയിൽ എൻ.ആർ.കൃഷ്ണന്റെ നേതൃത്വത്തിലായിരുന്ന ആവിദ്യാപീഠം സ്ഥാപിച്ചത്. അഞ്ചു വർഷത്തെ ആയുസ്സേ അതിനുണ്ടായിരുന്നുള്ളൂ എന്നാണ് പറഞ്ഞറിയുന്നത്. പുത്താൻ കാവ് ക്ഷേത്രം വലിയവീട്ടിൽ പണിക്കാൻമാർ എന്ന ഈഴവകുടുംബത്തിന്റെ വകയായിരുന്നു.പിന്നീടത് നാട്ടുകാർക്ക് വിട്ടുകോടുക്കുകയാണുണ്ടായത്. പിന്നീട് ടി.ഡി. സ്കൂളിലും, തുറവൂർസ്കൂളിലും കാലാന്തരത്തിൽ എല്ലാ ജാതിക്കാർക്കും പഠിക്കാമെന്നായി. ഗൗരിയമ്മ പഠിച്ചത് ടി.ഡി.സ്കൂളിലാണ്. അന്ന് സവർണ്ണ കുടുംബങ്ങളിലെ കുട്ടികൾ സ്കൂളിൽ നിന്ന് വന്നാൽ കുളികഴിഞ്ഞേവീട്ടിൽ കയറ്റുമായിരുന്നുള്ളൂ. ടി.ഡി. തുറവൂർ എന്നീ രണ്ട്സ്കൂളുകളാണ് അന്നുണ്ടായിരുന്നത്. അവർണ്ണജാതിക്കാരിൽ അപൂർവ്വം പേരേ അന്ന്സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നുള്ളൂ. എഴുത്ത് പള്ളികളിൽനിന്നോ വീട്ടിലിരുന്നോ, പലരുംസംസ്കൃതവും, വൈദ്യവും, മന്ത്രവാദവും, ജ്യോതിഷവും മറ്റും അഭ്യസിച്ചിരുന്നു. എന്നു മുതലാണ് കേരളത്തിന്റെനാട്ടും പുറങ്ങളിലുള്ളവർ സംസ്കൃതം പഠിച്ച് തുടങ്ങിയതെന്ന് നിശ്ചയമില്ല. ചവിട്ടുനാടകം നൃത്തസംഗീതനാടകം, പഴയചില നാടൻ പാട്ടുകൾ എന്നിവയിലുള്ളത് മലയാം തമിഴ് എന്ന ഭാഷയാണ്. താളിയോല ഗ്രന്ഥങ്ങളിലൂടെയോ വായ്മൊഴിയായോ പ്രചരിച്ചിരുന്ന തുഞ്ചത്തെഴുച്ഛന്റെ കൃതികൾ പഴയ ഈഴവകുടുംബങ്ങളിലും പാരായണം ചെയ്തിരുന്നു. തുടർന്നുപോരുന്ന വ്യവസ്ഥതി

കളുടെ ആധിപത്യ ചിഹ്നങ്ങൾ കലകളിലും ഉത്സവങ്ങളിലും ആചാരാനുഷ്ടാനങ്ങളിലും ഭാഷയിലും കാണാം.

തുറവൂർ ക്ഷേത്രമാണ് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഹിന്ദു ദേവാലയം. ഗൗഡസാരസ്വതബ്രാഹ്മണരുടെ തുരുമലക്ഷേത്രം കേരളത്തിലാകെ പ്രശസ്തമാണ്. അവിടെ കുടികൊള്ളുന്നത് ലക്ഷ്മീനരസിംഹമൂർത്തിയാണ്. അവിടുത്തെ ഉൽസവവും ആചാരാനുഷ്ടാനങ്ങളും ഗൗഡസാരസ്വതരുടെ ഗോത്രത്തനിമ വിളംബരം ചെയ്യുന്നതാണ്. ഭാഷയിലും വേഷവിധാനങ്ങളിലും അവരിപ്പോഴും അവരുടെ ഗോത്ര വർഗ്ഗസംസ്ക്കാരം കുറെയെങ്കിലും കാത്ത് പോരുന്നുണ്ട്. കൂടാതെ പുരന്ദരേശ്വരം ശിവക്ഷേത്രം, കാടാതുരുത്തിൽ ഭഗവതി ക്ഷേത്രം, മന്നത്ത് ശ്രീകൃഷ്ണക്ഷേത്രം, കളരിക്കിൽ ദേവീക്ഷേത്ര, പട്ടത്താളി ശ്രീകൃഷ്ണക്ഷേത്രം, വടേക്കുറ്റ് ഭഗവതി ക്ഷേത്രം. പുത്തൻകാവിൽ ദേവീക്ഷേത്രം, ഹേലാപുരം ഭദ്രകാളീക്ഷേത്രം ചെല്ലിക്കര മാരിയമ്മയുടെയും ഭൈരവസ്വാമിയുടെയും കോവിലുകൾ, കുടുംബഭരദൈവസ്ഥാനങ്ങളായ കടോംപള്ളി, പനയത്ത്, വലിയവീട്, വല്യാറ, പുത്തേഴത്ത്, കൊറ്റേത്ത് തുടങ്ങി മറ്റനേകം ചെറിയ ക്ഷേത്രങ്ങളും ഇവിടെയുണ്ട്. ഹേലാപുരം ഭദ്രകാളീ ക്ഷേത്രം പുലയരുടേതാണ്. കാടാതുരുത്തിൽഭ ഗവതി ക്ഷേത്രത്തിന് ഈഴവരുടെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പോരോട്ടവുമായി ചിലബന്ധങ്ങളുണ്ട്. കളരിക്കൽ ദേവീക്ഷേത്രം പേര് സൂചിപ്പിക്കുന്നത്പോലെ തന്നെ കേരളത്തിന്റെ പ്രശസ്തമായ കളരിഎന്ന ആയോധനകലയുടെ ഭരദേവതകുടികൊള്ളുന്ന ക്ഷേത്രമാണ്. അവിടെയുള്ള ഏതാനും ഈഴവ കുടുംബങ്ങൾ കളരിഅഭ്യാസികളായിരുന്നുഎന്നും കേരളത്തിന്റെ പലഭാഗത്തു നിന്നും ആളുകൾ അവിടെ വന്ന് കളരി അഭ്യാസം പഠിച്ചിരുന്നു എന്നുംപറയപ്പെടുന്നു. ചെല്ലിക്കരക്ഷേത്രം വിശ്വബ്രാഹ്മണരുടേതാണ് സ്വർണ്ണപ്പണി തൊഴിലായ അവരുടെ ദേവതാസങ്കൽപ്പത്തിന് ദ്രാവിഡ ഗോത്രസ്വഭാവമാണുള്ളത്. ജാതി വ്യവസ്ഥയ്ക്കും അയിത്തത്തിനും എതിരായ സമരം ഇവിടെ ശക്തിപ്പെട്ടത് എസ്സ്.എൻ.ഡി.പി.യുടേയും അയ്യങ്കാളി പ്രസ്ഥാനത്തിന്റെയും വരവോടെയാണ്. സ്വാതന്ത്രസമരസേനാനിയായ കെ.ജി.ഗോപാലകൃഷ്ണൻ അയിത്തോച്ചാടനത്തിനുവേണ്ടി അന്നു നടത്തിയ മിശ്രഭോജനം സ്മരണീയമാണ്. ശ്രീനാരായണഗുരു, അയ്യൻകാളി, കുമാരനാശാൻ, ടി.കെ.മാധവൻ എന്നിവർഇവിടെ പലസ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ട്. കളരിക്കൽ ക്ഷേത്രം, പിത്താൻകാവ് ക്ഷേത്രം, നെടുങ്ങാത്തറ എന്നിവിടങ്ങളിൽ നാരായണഗുരു വന്നതായികാണാം. അടുത്തുള്ള എരമല്ലൂർവച്ചുകൂടിയ എസ്.എൻ.ഡി.പി. സമ്മേളനത്തിലാണ് കുമാരനാശാൻ തന്റെ പ്രസിദ്ധമായ സ്വാതന്ത്ര്യഗീതം എന്ന കവിത വായിച്ചവതരിപ്പിച്ചത്. ക്ഷേത്രപ്രവേശനവിളംബരത്തോടെ ജാതിയുടെ തീവ്രതകുറഞ്ഞു. അന്ന് ക്ഷേത്രത്തിൽ താഴ്ന്നജാതിക്കാർ പ്രവേശിക്കുന്നത്കാണാൻ കെൽപ്പില്ലാഞ്ഞിട്ട് തുറവൂർ ക്ഷേത്രത്തിൽ തന്ത്രാധികാരം ഉണ്ടായിരുന്ന ഒരു മനക്കാർ അത്പേക്ഷിച്ചു എന്ന് കേട്ടിട്ടുണ്ട്. ഇന്ന് ജാതി പുറത്തുനിന്ന് വിട്ട് അകത്തെവിടെയോ ഒക്കെ ഇരുണ്ട നിഴലുകൾപോലെ ഒളിച്ചുകളിക്കുന്നതു കാണാം. സാമൂഹ്യമായ ഉച്ചനീചത്വത്തിന്റെ ഈ അദൃശ്യശക്തി സകലരംഗങ്ങളിലും സജീവമാണെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ.

ക്രിസ്തീയദേവാലയങ്ങളായ മനക്കോടം പള്ളി, വളമംഗലം പള്ളി, ആലയ്ക്കാപറമ്പ് പള്ളി, പാട്ടം പള്ളി എന്നിവകൂടാതെ ചെറിയകുരുശുപള്ളികളും ഉണ്ട്. മനക്കോടം പള്ളിയും പാട്ടം പള്ളിയുംപുരാതനവും ചരിത്രപരമായചില പ്രധാന്യങ്ങളുള്ളതുമാണ്. വളമംഗലം പള്ളി ആരംഭിച്ചത് 1925ലാണ്. പള്ളികൾസർക്കാർ പദ്ധതികളുമായി സഹകരിച്ചു അല്ലാതെയും അല്ലാതെയും ഭവനനിർമ്മാണം, വിവാഹസഹായംതുടങ്ങിയ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിലേർപ്പെട്ടു.

ഇവിടെ ഈഴവരുടെ വകയായി ഒരു കഥകളിസംഘം ഉണ്ടായിരുന്നു. ഇന്ന് ജീവിച്ചിരിക്കുന്ന വന്ദ്യവയോധികനായ പപ്പനാശാന്റെ (പത്മനാഭൻ ഭാഗവതർ) നേതൃത്വത്തിലാണ് ആ കഥകളിസംഘം രൂപം കൊണ്ടത്. വളരെ പഴക്കമുള്ള കാടാതുരുത്ത് ഭഗവതിക്ഷേത്രത്തോടനുബന്ധിച്ചാണ് കഥകളിസംഘവും പിന്നീടൊരു നാടകസംഘവും രൂപം കൊണ്ടത്. കഥകളിസംഘത്തിൽ കുഞ്ഞുണ്ണി, കൊച്ചുനാരായണൻ, കുമാരൻ തുടങ്ങിയവരായിരുന്നു ഉണ്ടായിരുന്നത്. രാജാക്കൻമാരുടെ കിരീടം വെച്ച് ഈഴവർ കഥകളിയാടുന്നുഎന്ന ഒരാരോപണം അന്നുയർന്നുവന്നതായി പപ്പനാശാൻ സ്മരിക്കുന്നു. ഞങ്ങൾ രാജാവിന്റെ കിരീടമല്ല വെക്കുന്നത്. പാലത്തടികൊണ്ടുണ്ടാക്കിയ കിരീടമാണ് ഞങ്ങൾ വയ്ക്കുന്നത് എന്ന് ക്ഷമാപണപൂർവ്വം മറുപടി പറഞ്ഞതിന് ശേഷമാണത്രെ ആകോളിളക്കം കെട്ടടങ്ങിയത്.

കുമാരപുരത്ത് കൊച്ചിട്ട്യാതിയും മാധവത്തണ്ടാരും, ഗോപാലൻ ഭാഗവതരും, വാസുവൈദ്യരും മറ്റും ചേർന്ന് രൂപീകരിച്ച ഒരു നാടകസംഘവും ഇവിടെ പ്രവർത്തിച്ചിരുന്നതായി കാണാം.

ചിത്ര രചനാ രംഗത്ത് മാടപ്പള്ളി ഗോവിന്ദക്കർത്താവും അറയ്ക്കൽ പത്മനാഭൻ നായരും ശ്രീധരൻപിള്ളയും അതിനുമുമ്പ്

വലിയവീട്ടിൽ തങ്കനാശാനുംമറ്റും പ്രശസ്തരും പ്രകൽഭരും ആയിരുന്നു. കർണ്ണാടകസംഗീതത്തിലും കീർത്തികേട്ടപലരും ഇവിടെയുണ്ടായിരുന്നു.ചങ്ങരത്ത് കൃഷ്ണപണിക്കർ, ചണ്ണാപ്പള്ളി ശങ്കരക്കുറുപ്പ്, കേശവൻ ഭാഗവതർ തുടങ്ങിയവർ നമ്മുടെപഞ്ചായത്തിലെ സംഗീതചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള വ്യക്തികളാണ്. കൂടാതെ ഈഴവരിലും ഗൗഡസാരസ്വതബ്രാഹ്മണരിലും അനേകം സംഗീതപ്രതിഭകൾ ഉണ്ടായിട്ടുണ്ട്.

വൈദ്യത്തിന് വളരെ പ്രശസ്തമായഒരു പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. കേളവൈദ്യരും മനക്കോടം കേശവൻ വൈദ്യരും നാരായണൻ വൈദ്യരുംകോരപ്പുഴ ശങ്കുവൈദ്യരും, വാസുവൈദ്യരും മറ്റും വൈദ്യശ്രേഷ്ടൻമാരായിരുന്നു. കൂടാതെ വേലംചിറ ദോമോദരൻ വൈദ്യൻ, കൊടിത്തറ കേശവൻ വൈദ്യൻ, നുളശേരി വേലു വൈദ്യൻ, തമ്പാൻ വൈദ്യൻ, കണ്ണുവള്ളി കൃഷ്ണൻ വൈദ്യൻ, ബാലചികിത്സക്ക് പേര്കേട്ട നാലാംപുരയ്ക്കൽ തോമസ് വൈദ്യൻ ശങ്കരൻകുഞ്ഞ് വൈദ്യൻ ഒക്കെയായിരുന്നു ഒരുകാലത്ത് നമ്മുടെ ആരോഗ്യത്തിന്റെ കാവൽക്കാരായിരുന്നത്. കേളവൈദ്യൻ രോഗം കണ്ടത്തുന്നതിലും അപൂർവ്വമായ ചികിത്സകൊണ്ട് അത്ഭുതകരമായഫലം ഉളവാക്കുന്നതിനും പേരുകേട്ട ഒരു മഹാ വൈദ്യനായിരുന്നു. തീണ്ടലും തൊടീലും ഉണ്ടായിരുന്ന അക്കാലത്ത്, ആഢ്യൻമാരായസവർണ്ണരുടെ വീടുകളിൽ വരെ ഈഴവനായ കേളവൈദ്യനു പ്രവേശമുണ്ടായികുന്നു. വൈദ്യരംഗത്ത്പൊതുവെ പിന്നോക്ക സമുദായക്കാരാണ് പ്രശസ്തരായിത്തീർന്നിട്ടുള്ളത്. രോഗികളെ നാഡീ പരിശോധനക്ക് വേണ്ടിയെങ്കിലും തൊടണമല്ലോ. സവർണ്ണ വൈദ്യനെങ്ങനെ ഹീനജാതിക്കാരനായ രോഗിയെ തൊടും.പിന്നെ ബുദ്ധമതവുമായി വൈദ്യശാസ്ത്രത്തിന് ചരിത്രം പറയുന്ന ചിലബന്ധങ്ങളും ഒക്കെ കൊണ്ടാവാംവൈദ്യൻമാർ കൂടുതലും പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവരായത്. സിദ്ധവൈദ്യമുണ്ട്, ആയുർവേദമുണ്ട്, ആര്യവൈദ്യത്തിനെന്താണ് വ്യത്യാസമെന്നും. പ്രത്യേകതയെന്നും മനസ്സിലാകുന്നില്ല.

മനക്കോടം കേശവൻ വൈദ്യർ ആയുർവേദകോളേജിലെ പഞ്ചകർമ്മ വിഭാഗത്തിന്റെഓണററി പ്രൊഫസറായിരുന്നു. നാരായണ ഗുരുവിന്റെ പ്രശസ്തനായ ഒരു അനുയായിയായ അദ്ദേഹം എസ്.എൻ.ഡി.പി.യോഗം ഡയറക്ടർ ബോർഡ് മെമ്പറായും പ്രവർത്തിച്ചിരുന്നു.

അന്നൊക്കെ പെണ്ണ് ജനിച്ചാൽ കുരവയിടും, ആണുജനിച്ചാൽ ആർപ്പിടും.വയറ്റാട്ടികൾ (പതിച്ചികൾ) ആണ് അന്ന് ഗൈനക്കോളജിസ്റ്റുകളുടെയും നേഴ്സുകളുടെയും സ്ഥാനം വഹിച്ചിരുന്നത്. നവജാതശിശുവിനെ കുളിപ്പിക്കുന്നത് കൗങ്ങിന്റെ പാളയിൽ കിടത്തി, ഉരുക്കെണ്ണ തേച്ച് നാൽപ്പാമരത്തൊലി വെള്ളത്തിലാണ്. ഇന്നത്തെപ്പോലെ ബേബി ഓയിലും ബേബി പൗഡറും ഒന്നും ഉപയോഗിച്ചിരുന്നില്ല. പ്രസവം കഴിഞ്ഞ് സ്ത്രീകൾക്ക് അരികളാറും ജീരകം നാലും കൂടി ചക്കരയിട്ടിടിച്ച് ഉരുളകളായി കൊടുക്കും. തെങ്ങിൻ പൂക്കുലയും പാവട്ടയിലയും ചക്കരയും മറ്റും ചേർത്ത് ഉണ്ടാക്കുന്ന ലേഹ്യവും കുഴമ്പും എണ്ണയും അരിഷ്ടവുമൊക്കെ കൊടുക്കും. ഇന്നാ രീതികളെല്ലാം ഒരുപക്ഷേ പൂർണ്ണമായും മാറിക്കഴിഞ്ഞിരിക്കുന്നു. മാർക്കറ്റിൽ ടിന്നുകളിൽ കിട്ടുന്ന എന്തെങ്കിലും ആയുർവേദ വിധി പ്രകാരമുള്ള ലേഹ്യം വാങ്ങി കഴിക്കും. അത്രതന്നെ. എണ്ണയും കുഴമ്പും തേച്ചുള്ള കുളിയില്ല. അതിനൊന്നും ഇന്ന് സമയമില്ല. ജീവിതത്തിന് വേഗംകൂടിയിരിക്കുന്നു..

നാടൻകലകളായ കോലുകളിയും മുടിയാട്ടം കളിയും മറ്റും പുലയരുടെ ഇടയിൽ ഉണ്ടായിരുന്നു. ചെത്തി മിനുക്കിയെടുത്ത വടി താളത്തിലടിച്ച് വൃത്തത്തിൽ ചുവട് വച്ച് കളിക്കുന്ന കോൽക്കളി താളത്തിന്റെയുംനൃത്തിത്തിന്റെയും മനോഹരമായ സമ്മേളനമാണ്. മുടിയാട്ടം കളിപെണ്ണേ എന്ന പാട്ടും പാടി പുലയസ്ത്രീകൾ കളിക്കുന്ന മുടിയാട്ടം കളി ഒരുതരം സന്തോഷത്തിന്റെ ഉൻമാദം വിളംബരം ചെയ്യുന്നതാണ്. മീനഭരണിക്ക് പുലയർ അരക്ക് ചുറ്റും കുരുത്തോല തൊങ്ങലും തൂക്കി, രണ്ട് പിടി കുരുത്തോല കയ്യിലും പിടിച്ച്, ശരീരം ചായം തേച്ച് ചുവട്വെച്ച് കളിക്കുന്ന പുലികളിഅവരുടെ പ്രാചീനഗോത്ര ജീവിതത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. നാടിന്റെ മുക്കിലും മൂലയിലും വരെ നാടകം പഠിച്ചരങ്ങേറുമായിരുന്ന അമച്വർ നാടക സംഘങ്ങൾ ഉണ്ടായിരുന്നു. പ്രൊഫഷണൽ നാടക ട്രൂപ്പുകളുടെ വരവോടെഅത്തരം നാടകസംരംഭങ്ങൾക്ക്അറുതി വരികയാണുണ്ടായത്. കൃസ്ത്യാനികളുടെ ഇടയിലെ ഒരു പ്രധാനകലാരൂപമായിരുന്നു ചവിട്ടുനാടകം. കഥകളിയെഅനുകരിച്ച് ഏകദേശം 18-ാം നൂറ്റാണ്ടോടുകൂടിയാണ് ആ കലാരൂപം ഉടലെടുത്തത്. വീര രൗദ്രരസങ്ങളാണ് പ്രധാനം. കഥകളിയിൽ ആട്ടത്തിനാണ് പ്രാധന്യമെങ്കിൽ ചവിട്ടുനാടകത്തിൽ ചുവടുകൾക്കാണ് പ്രാധാന്യം. കേളികൊട്ടുപോലുള്ള ഒരു ചടങ്ങ് ഇതിലുമുണ്ട്. അക്കാലത്ത് പള്ളിത്തോട് ജോൺ ഡിക്രൂസ് ഈ കലാരൂപത്തിന്വലിയ പ്രോൽസാഹനം നൽകി. ചിലവേറിയ ഒരു കലാ പ്രകടനമായതുകൊണ്ട് പിൽക്കാലത്ത് ആരും അത് അവതരിപ്പിക്കാനോ പ്രോൽസാഹിപ്പിക്കാനോ മെനക്കെട്ടില. ആ കലാരൂപത്തിന്റെ പുനരുദ്ധാരണത്തിന് ഇപ്പോൾ ഫാദർ

പി.വി.ജോസഫ് ശ്രമിക്കുന്നുണ്ട്. കാറൽമാൻ ചരിതം, ബ്രജീന, അൽഫോൺസ തുടങ്ങിയവയായിരുന്നു അന്ന് പ്രധാനപ്പെട്ട ചവിട്ട് നാടകങ്ങൾ.

അന്നുണ്ടായിരുന്ന ചില നാടൻ കലകളും കളികളും ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. ഒരു പെൺകുട്ടിക്ക് തൂപ്പൊടിച്ച് കൊടുത്ത് ഇരുത്തി തുള്ളിക്കുന്നതാണ് തുമ്പിതുള്ളൽ

ഒന്നാനാംതുമ്പിയും ഒരമ്മമക്കളും
പോകാംമണപ്പുറത്തു തുമ്പിതു
ള്ളാൻ
തുമ്പിനിന്നാടും തുടൽമണി
കിങ്ങിണി
കൂടനിന്നാടുന്ന പൊൻവിളക്കേ

ഈ മധുരമായ പാട്ട് പത്താം തുമ്പി വരെ പാടിയിട്ടും പെൺകുട്ടി തുള്ളിയില്ലെങ്കിൽ ഇങ്ങനെ ചോദിക്കും.

എന്തേ തുമ്പീ തുള്ളാത്തേ
കിണ്ണത്തിൽചന്ദനം പോരാ
ഞ്ഞിട്ടോ
കിണ്ടിയിലെണ്ണതുളുമ്പാഞ്ഞിട്ടോ

ഇത് പഴയആളുകളുടെ പ്രകൃതിയുമായുള്ള സഹജീവിതത്തിന്റെ കാവ്യാത്മകമായ ഒരാവിഷ്ക്കാരമാണെന്നുകരുതാം.

രണ്ട് ഗ്രൂപ്പുകളായിതിരിഞ്ഞ്കൈകോർത്തുപിടിച്ച്,
ഒരുപശു പെറ്റിട്ട് ഒന്നരപ്പാലുണ്ട്
ആപാല് തീരുംമുമ്പീ പശുവെ
തരുമോ നീ

എന്ന് ഒരു ഗ്രൂപ്പ് ചോദിക്കുകയും ഒരുപശു പെറ്റിട്ട് ഒന്നരപ്പാലില്ല എന്ന് മറ്റേ ഗ്രൂപ്പ് പറയുകയും ചെയ്യുന്ന കളിയും പ്രാചീനമായ പശുപാലകജീവിതത്തിന്റെ സ്മരണകളാണയവിറക്കുന്നത്.

ഉപ്പിനുപോകാൻ വഴിയേത്
കായംകുളത്തിനും തെക്കേത്

എന്ന് കണ്ണും പൊത്തി നടത്തിയിരുന്ന കളി കായങ്കുളത്ത് പണ്ട് ഉപ്പളം ഉണ്ടായിരുന്നു എന്ന സൂചനകൂടി നൽകുന്നു.

ഒന്നാനാം കുന്നിൻമേലോരടിക്കു
ന്നിൻമേ-
ലോരായിരം കിളി കൂടുവച്ചു
കൂട്ടിനിളംകിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോല

തുടങ്ങിയുള്ള മലയാളത്തിന്റെ കിളിക്കൊഞ്ചലായ നാടൻ പാട്ടുകളും, കുമ്മിയടി പെണ്ണേ കുമ്മിയടി പെണ്ണേ കുമ്മിഞ്ഞിപ്പാട്ടം കുലുക്കിയടി.

തുടങ്കികുമ്മിയടി, തിരുവാതിരകളി എന്നീ കിളിപ്പാട്ടുകളുടെ പാട്ടുകളും ഇന്ന് ദ്രുതവും ഭ്രമാത്മകവുമായ പോപ്പ്, റോക്ക് സംഗീതങ്ങളുടെ ഈണത്തിന് വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുകയാണോ? കണിയാൻ പാട്ട്,ഉടുക്ക് പാട്ട്, തേക്കുപാട്ട്, കുടംപാട്ട്, തുടങ്ങിയ പാട്ടുകളും അമ്മാനമാടൽ, പൂത്താം പൂത്തി ക്കളി, ജയിലുകളി, കിളിമാസുകളി, കുട്ടീംകോലുംകളി,കള്ളനും പോലീസും കളി,രാശി കളി, അണ്ടികളി, കുടു കുടു കളി, പകിടകളി, തൊങ്കികളി, പഞ്ചീസുകളി, പടപ്പോര് കളി, ചതുരംഗം കളി തുടങ്ങിയകളികളും അന്യം നിന്ന് പോകുകയാണോ ? ഗന്ധർവ്വൻ തുള്ളൽ ഇന്നില്ല. ഗന്ധർവ്വനും യക്ഷിയും കുടിയിരുന്ന പഴയഅറപ്പുരകൾ അണുകുടുംബത്തിന്റെ പുതിയ വീടുകൾ വെയ്ക്കുന്നതിന് പൊളിച്ചുമാറ്റി. സർപ്പം തുള്ളൽ ഇപ്പോഴും ഉണ്ട്. വീണയുടെയും പുള്ളോർകുടത്തിന്റെയും അകമ്പടിയോടെ മലയാളത്തിന്റെ മനം പൊട്ടിയൊഴുകുന്ന സർപ്പം പാട്ടിന്റെ തനിമയും തേനൂറുന്ന രുചിയും പക്ഷേ ഇന്ന്നഷ്ടപ്പെട്ടിരിക്കുന്നു. സിനിമാപ്പാട്ടുകളുടെ ഈണത്തിലാടിയുലഞ്ഞാണ് ഇന്ന് നാഗരാജാവും നാഗയക്ഷിയും കലികൊള്ളുന്നതുംകളം കൊള്ളുന്നതും.

ഈഴവരുടെ ഇടയിൽ മാത്രം ഉള്ള സങ്കൽപ്പസുന്ദരമായ ഒരു ആരാധനാ സമ്പ്രദായമാണ് സൂര്യപൂജ. അതിന്റെ ക്രിയകൾ കൂടുതലും ശൈശവമാണ്.പ്രത്യേകം പുരോഹിതനില്ല. ആർക്കും ചെയ്യാം. തെങ്ങുകൃഷിയുമായും നെൽകൃഷിയുമായും ബന്ധപ്പെട്ട ഒരാചാരമാണിത്. കള്ളും തേങ്ങാപ്പൂവും വറ്റിച്ചെടുക്കുന്ന എണ്ണയും വിത്തുകുറിട്ട് കുത്തിയെടുക്കുന്ന അരിയുടെ പൊടിയും ഒക്കെയാണ്ഈ പൂജയുടെനിവേദ്യമായ അപ്പം വാർക്കാനുപയോഗിക്കുന്നത്. സൂര്യനെയാണ് ആരാധിക്കുന്നത്. ഈഴവർ സൗരരായിരുന്നോ ? ഒരു കാലത്തവർ ബുദ്ധമതാനുയായികൾ ആയിരുന്നു എന്ന നിഗമനവും ഉണ്ട്.ഏതായാലും ആലപ്പുഴജില്ലയിലും കോട്ടയം ജില്ലയിലും മാത്രമേ ഈ ആദിത്യപൂജയുള്ളൂ.

പുസ്തകപ്രസാധകനും സാഹിത്യകാരനും സഹകാരിയുമായ ആർ. മാധവ പൈ, കവിയും അവധൂതനും, കുടിപ്പള്ളിക്കൂടം വാദ്യാരുംവേദാന്തിയും സ്നേഹമൂർത്തിയുമായ ടി.കെ.കൃഷ്ണനാശാൻ, മുണ്ടശ്ശേരിയുടെ സുഹൃത്തും കത്തോലിക്കാ കോൺഗ്രസിന്റെ നേതാക്കളിലോരാളും ഗ്രന്ഥകർത്താവുമായ രാജസിദ്ധൻ ജെ.ജെ.ജേക്കബ്ബ് വളമംഗലം, തുറവൂർനാരായണ ശാസ്ത്രിഎന്നിവർ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിന്റെ വിളക്കുമാടങ്ങളാണ്. കൃഷ്ണനാശാന്റെ ആനയോട്ടം എന്ന കവിത ഇന്നും രസകരമായ ശീലുകളുടെ ഉദാഹരണമാണ്.

ആനമദിച്ചിട്ടാളുകളോടി
കൂനനുമാത്രം കൂനുമാത്രം കുനു
നിവർന്നു
കാർത്യായനി ഒരുതോർത്തുക
ളഞ്ഞു

പണ്ഡിതാഗ്രേസരനും വൈയ്യാകരണനുമായിരുന്ന തുറവൂർ നാരായണശാസ്ത്രികൾ തിരുവനന്തപുരം രാജകീയ സംസ്കൃത പാഠശാലയുടെ പ്രിൻസിപ്പലായിരുന്നു. ഏ.ആർ.രാജരാജവർമ്മയുടെ ഉപദേഷ്ടാവും സന്തതസഹചാരിയുമായിരുന്നു. ഏ.ആറിന്റെ വ്യാകരണ വൃത്ത അലങ്കാരഗ്രന്ഥങ്ങളുടെ രചനയിൽ വളരെ വിലപ്പെട്ട സംഭാവനയും നിർദ്ദേശങ്ങളുമാണ് നാരാ

യണശാസ്ത്രികൾ നല്കിയിട്ടുള്ളത്.

കെ.ജി.ഗോപാലകൃഷ്ണനെന്ന സ്വാതന്ത്ര്യസമരസേനാനിയാണ് നമ്മുടെ പഞ്ചായത്തിന്റെ ദേശീയബോധത്തിന് ബീജാവാപം ചെയ്തത്. നിസ്വാർത്ഥനും ഒരിക്കലും കറപുരളാത്ത കരങ്ങളുമുണ്ടായിരുന്ന അദ്ദേഹം തികഞ്ഞൊരു ഗാന്ധിയനായിരുന്നു.രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഗാന്ധിയുടെ ആഹ്വാനം കേട്ടാണ് അദ്ദേഹം കലാശാല വിദ്യാഭ്യാസം ഉപേക്ഷിച്ച്ദേശീയസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്ത് ചാടിയത്. 1106ൽ ചേർത്തലയെ പിടിച്ചുകുലുക്കിയ മദ്യവർജ്ജന പ്രക്ഷോഭം തുറവൂർ കേന്ദ്രമാക്കി അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടന്നത്. തുറവൂർ കവലക്കടുത്ത്വച്ച് വിദേശവസ്ത്ര ബഹിഷ്ക്കരണത്തിന്റെ ഭാഗമായി ബ്രിട്ടീഷ് മില്ലുകളിൽ നെയ്ത തുണിത്തരങ്ങളെല്ലാം കൂട്ടിയിട്ട് കത്തിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ചേർത്തലതാലൂക്കിലെ സഹകരണ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖനായിരുന്നു. കെ.ജിയോടൊപ്പം ജയിൽവാസം വരിച്ച മറ്റൊരു കോൺഗ്രസ്സ് നേതാവാണ് വി.എ.ഗോപാലൻ നായർ. ടാഗോറിന്റെ ശാന്തിനികേതനത്തിൽ പഠിച്ചുകോണ്ടിരിക്കുമ്പോഴാണ് ഗാന്ധിയുടെ വിളികേട്ട് സ്വാതന്ത്ര സമരത്തിന്റെ ധാരയിലേക്ക് വന്നത്. മദ്യവർജ്ജന പ്രക്ഷോഭം നയിക്കുകയുംവൈക്കംസത്യാഗ്രഹത്തിൽ പങ്കെടുക്കയും ചെയ്ത അദ്ദേഹം കേരളത്തിലെ കോൺഗ്രസ്സിന്റെ ഒരു തലമുതിർന്ന നേതാവായിരുന്നു. പി.കൃഷ്ണപിള്ള, ബോധേശ്വരൻപൊന്നറ,ശ്രീധർ പ്രശസ്തരായ പല നേതാക്കളും അന്ന് കെ.ജി. ഗോപാലകൃഷ്ണനെ ക്കാണാനും സംഘടനാക്കാര്യങ്ങൾ സംവിധാനം ചെയ്യാനും ഇവിടം സന്ദർശിച്ചിട്ടുള്ളതായും അറിയുന്നു. കുമാരപുരത്ത്കോച്ചിട്ട്യാതിവടക്കെതണ്ണൂവേലിൽ ജോസഫ് തെക്കനേഴത്ത് രാമൻ തുടങ്ങിയവർ ഈ പഞ്ചായത്തിൽ പഴയകോൺഗ്രസ്സ് പ്രവർത്തകരാണ്. പഴയ അനുഭവങ്ങളുടെ തിളങ്ങുന്ന സ്മരണകളുമായി വി.ഭാസ്ക്കരനോൻ, കെ.ജി.ശ്രീധരൻ പിള്ളഎന്നകോൺഗ്രസ്സുകാർ ഇന്നും ജീവിച്ചിരിക്കുന്നു.

ഏതാണ്ട് 40കളോടടുത്തോഅതിനു മുൻപോ ആണ് നമ്മുടെ പഞ്ചായത്തിൽ കമ്മ്യൂണിസത്തിന്റെ ചുവന്ന പ്രകാശം പരന്നുതുടങ്ങിയത്. ഇവിടത്തെ തൊഴിലാളികൾക്കും മറ്റ് അവശജനവിഭാഗങ്ങൾക്കും മനോഹരമായ ഒരു സ്വപ്നത്തിന്റെ വാഗ്ദാനം ലഭിച്ചതോടെ അവരൊന്നടങ്കം കടലല പോലെ ഇളകിമറിഞ്ഞു. ഇവിടത്തെ കമ്മ്യൂണിസ്റ്റുപ്രസ്ത്ഥാനത്തിന്റെ ചരിത്രം വരയുമ്പോൾ ആദ്യം വരുന്നത് എൻ.പി.തണ്ടാമുടെ നാമധേയമാണ്. തുറവൂരിനുമേൽ ഒരിക്കലുമടങ്ങാത്ത സമരവീര്യം കോണ്ട് ജ്വലിച്ചുനിന്ന ചുവപ്പു താരമായിരുന്നു അദ്ദേഹം. 1944ൽവടയക്കുറ്റു ക്ഷേത്രസങ്കേതത്തിൽ വച്ചുകൂടിയ ഒരു മീറ്റിങ്ങിൽ പ്രസംഗിച്ചുകൊണ്ടാരംഭിച്ച അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം ഒളിമങ്ങാതെ മരണം വരെ തുടർന്നു. വയലാർ സമരസേനാനി നിയമസഭാസാമാജികൻ രണ്ടു പതിറ്റാണ്ടിലേറെക്കാലം നമ്മുടെ പഞ്ചായത്തിന്റെ തേരാളി എന്ന നിലകളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചു. കെ.ഇ.കുമാരൻ എന്ന ഒരു ചെത്തുതൊഴിലാളി മീശവെച്ചു. തൊഴിലാളി മീശവെയ്ക്കുകയോ. എന്തൊ ധിക്കാരം ഇവിടത്തെ പ്രമാണിമാർക്ക് അതൊട്ടും മനസ്സിലായില്ല. അവരുടെ കാഴ്ചപ്പാടിൽ തൊഴിലാളി മനുഷ്യനല്ലല്ലോ വെറും ഇരുകാലി മൃഗം. കുമാരന്റെ മീശ നമ്മുടെ മീശ എന്ന മുദ്രാവാക്യം മുഴക്കികൊണ്ട് ആ തൊഴിലാളിയെ മുൻപിൽ നിർത്തി തണ്ടാർ ഒരു ജാഥ നയിച്ചു. സംഭവം രസകരമാണ് പക്ഷേഅന്നേവരെഅടിച്ചമർത്തപ്പെട്ടുകൊണ്ടിരുന്ന ഒരു വിഭാഗം ജനങ്ങളുടെ അന്തസ്സാണ് ആ രസകരമായ സംഭവത്തിലൂടെ അദ്ദേഹം പുനസ്ഥാപിച്ചെടുത്തത്. അങ്ങനെജനാധിപത്യത്തിന്റെ കിരാതവാഴ്ചയ്ക്കും അയിത്തത്തിനും തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾക്കുംവേണ്ടി തണ്ടാരുടെ നേതൃത്വത്തിൽ വാളെടുത്ത സന്ദർഭങ്ങൾ നിരവധിയാണ്. പാർട്ടിനയിച്ച മിച്ചഭൂമി സമരവും എടുത്തുപറയേണ്ട ഒന്നാണ്. തുറവുരുകൂടിയ മഹാസമ്മേളനത്തിൽ വച്ച് ഹരേകൃഷ്ണ കോനാരാണ് സമരം ഉദ്ഘാടനം ചെയ്തത്. വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്ന ഒരു സമരമായിരുന്നു അത്.

തുറവൂർ നിന്ന് വയലാർ സമരത്തിൽ വീരോചിതമായ പങ്കാളിത്തമാണ് ഉണ്ടായിട്ടുള്ളത്. ഇ.എം.എസ്, ആർ.സുഗതൻ,സുകുമാരൻ മാസ്റ്റർ ,സി.ജി. സദാശിവൻ, സി.കെ.കുമാരൻ ,സി.കെ.കുമാരപണിക്കർ,എൻ.എസ്.പി,സി.എസ്. രാമകൃഷ്ണൻ, പുന്നശ്ശേരി കൃഷ്ണൻ തുടങ്ങിയവർ ഇവിടെവന്ന് പ്രസംഗിക്കുകയും തൊഴിലാളികളെ സംഘടിപ്പിക്കുകയും ക്ളാസ്സുകളെടുക്കുകയും ചെയ്തു. ഇവിടെനിന്ന് സമരത്തിൽ പങ്കെടുത്തവർ വളരെയുണ്ട്. ചില പേരുകൾമാത്രം അനുസ്മരിച്ചുകൊള്ളട്ടെ. സി.കെ.പുരുഷോത്തമൻ, പി.ഭാസ്ക്കരൻ, കണ്ടൻകാളി,വടശ്ശേരി വിജയൻ,വള്ളിദാമോദരൻ,ചീരൻ രാമൻ,നാറ്റോത്ത് ഗോവിന്ദൻ തുടങ്ങി അനേകംപേർ. വയലാർ സമരത്തിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കെടുത്ത ആളുകൾ ഇനിയും ധാരാളമുണ്ട്. അവരെല്ലാം തൊഴിലാളി വർഗ്ഗത്തിന്റെ

ഐതിഹാസികമായ ആ മോചന സമരത്തിന് അവരുടേതായ സംഭാവനകളർപ്പിച്ചിട്ടുള്ളവരാണ്.

പഞ്ചായത്തിലെ ഒമ്പതാം വാർഡിലുള്ള ചേർത്തല താലൂക്കിലെ ഏറ്റവുംവലിയനെൽക്കളമായ വലിയ കളത്തിൽ അഞ്ചിനൊന്നു പതത്തിനു വേണ്ടിനടന്ന സമരം സ്മരണീയമണ്. സമരത്തിനു നേതൃത്വം കൊടുത്ത ഗൗരിയമ്മ,സി.കെ. പുരുഷോത്തമൻ,അബു എന്നിവർക്ക് പോലീസിന്റെ കൊടിയ മർദ്ദനം ഏല്ക്കേണ്ടിവന്നു.

കമ്മ്യൂണിസ്റ്റു പ്രസ്ത്ഥാനത്തിന്റെ പല പോരാട്ടങ്ങളിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുള്ള ചിലരുടെ പേരുകൾ കൂടി ഇവിടെ എവിടെ എടുത്തു പറയാതിരിക്കാനാവില്ല. ഉള്ളാടം കുന്നേൽ പത്മൻ,കടമ്മനാട്ടു രാഘവൻ ,എം.എൻ ദിവാകരൻ,എം.കെ.ഭാനുബിംബൻ, തുടങ്ങിയവർ. ടി.വി.തങ്കപ്പൻ, പി.ഭാസണക്കരൻ,എം.കെ.വേലായുധൻ, വി.കെ.പുരുഷോത്തമൻ തുടങ്ങി ഇന്നും ജീവിച്ചിരിക്കുന്ന പ്രവർത്തനപാരമ്പര്യമുള്ള ധാരാളം സഖാക്കളും നമ്മുടെ പഞ്ചായത്തിലുണ്ട്.കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) അരൂർ ഏരിയാ കമ്മറ്റി ഓഫീസ് തുറവൂർ, ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിൽ N.H.47ന് സമീപമാണ് സ്ഥിതി ചെയ്യുന്നത്.1953ൽ കടലോരം വഴി നടന്ന് ഗോവാ വിമോചന സമരത്തിൽ പങ്കെടുത്ത് മർദ്ദനങ്ങളേറ്റുവാങ്ങിയ സോഷ്യലിസ്റ്റുകാരനായ തുറവൂർ ഭാസി ഇന്നു നമ്മുടെ പഞ്ചായത്തു മെമ്പറാണ്.

എങ്കിലും നമ്മുടെ പഞ്ചായത്തിന്റെ സമകാലിക സാമൂഹ്യ സംസ്കാരീകരംഗവും ശ്രദ്ധേയമാണ്. കലാമണ്ഡലം സുഗന്ധി എന്ന പ്രശസ്തയായ നർത്തകി തുറവൂരിന്റെ പുത്രിയാണ്. കവിയും ഗ്രന്ഥകാരനുമായ തുറവൂർ രാമചന്ദ്രൻ കഥാപ്രസംഗകലയുടെ പ്രണേതാക്കളിൽ സമുന്നതനാണ്. കുമാരസംഭവം ഗാനമൊഴിയും‌ധർമ്മപദം വിവർത്തനവും‌ദക്ഷിണേന്ത്യൻസംഗീതശാസ്ത്രവും യോഗസൂത്രം പരിഭാഷയും മറ്റും അദ്ദേഹം മലയാളത്തിനു നല്കിയ ശ്രദ്ധേയമായ സംഭാവനകളാണ്. കർണ്ണാടക സംഗീതജ്ഞനും ഒരു വാഗ്ഗേയകാരനും കൂടിയാണ് അദ്ദേഹം.തിരക്കഥാകൃത്തും നോവലിസ്റ്റുമായ ചേർത്തല സലിം തുറവൂരുകാരനാണ്. പത്രലേഖകനായിരുന്ന ഹരിദാസ് വളമംഗലം പലവിഷയങ്ങളിലും നൂതനമായ അവബോധമുള്ള ഒരെഴുത്തുകാരനാണ്. കലാകൗമുദി, കുങ്കുമം തുടങ്ങിയുള്ള പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുള്ള അദ്ദേഹത്തിന്റെ പലകൃതികളും വളരെ ശ്രദ്ധേയമാണ്. ചരിത്രത്തിന്റെ പഴയ ഏടുകളിലേക്ക് വെളിച്ചം വീഴ്ത്തിക്കൊണ്ട് ലേഖനങ്ങളെഴുതുന്ന എം.ഇ.ആർതർ പഴയ ഓർമ്മകളുടെ അമൂല്യമായ ഒരു നിധിപേടകമാണ്. അദ്ദേഹം ലാലാ ലജ്പത്റായിയെക്കുറിച്ച് ഒരു പുസ്തകമെഴുതിയിട്ടുണ്ട്. മുണ്ടശ്ശേരിയുടെ നിരൂപണ സാഹിത്യത്തെക്കുറിച്ച് ഗവേഷണം നടത്തുകയും മുണ്ടശ്ശേരിയും മലയാള നിരൂപണവും എന്ന ശ്രദ്ധേയമായ ഒരു പുസ്തകം രചിക്കുകയും ചെയ്ത ഡോ.കെ.എം.തോമസ് തുറവൂർക്കാരനാണ്. റേഡിയോയിലും ആനുകാലികങ്ങളിലും ഗാനങ്ങളും കവിതകളുമെഴുതുന്ന കവിയും സഹൃദയനുമാണ് പ്രൊഫ.പി.നാരായണൻകുട്ടി. ജന്മഭൂമി,കണ്ണനി തുടങ്ങിയവയിൽ കഥയും നോവലുകളുമെഴുതുന്ന ചെറുപ്പ്കാരനായ ടി.രാധാകൃഷ്ണൻ,കവിയും നോവലിസ്റ്റും കോളേജദ്ധ്യാപകനുമായ സദാനന്ദൻ, കവിതകളെഴുതുന്ന മോഹനൻകുട്ടി, ചിത്രകാരനും,സാഹിത്യകാരനും ആയ ഗോവിന്ദൻ തുടങ്ങിയവരും നമ്മുടെ പ്രീയപ്പെട്ട വാഗ്ദാനങ്ങളാണ്.


ഇന്ദ്രജാലപ്രകടനരംഗത്ത് ദേശീയതലത്തിൽ തന്നെ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള പ്രൊഫ. വിജയൻ നമ്മുടെ പഞ്ചായത്തിന് ഒരുമുതൽക്കൂട്ടാണ്. അറിയപ്പെടുന്ന നാഗസ്വരവിദ്വാനാണ് എ.ഐ.ആറിലൂടെ പ്രശസ്തനായ തുറവൂർ നാരായണപ്പണിക്കർ. ശ്രീധരൻ ഭാഗവതരുംസുമംഗലാ സിസ്റ്റേഴ്സും നാഗസ്വരം വായിക്കുന്നവരിൽ പ്രശസ്തരാണ്.

തടിയിലും മറ്റു മാധ്യമങ്ങളിലും ശില്പവേല ചെയ്യുകയും ചിത്രം വരക്കുകയും ചെയ്യുന്ന ഭാവനാശാലിയായ ഒരു കലാകാരനാണ് ആർട്ടിസ്റ്റ് ഹരി. പല ക്ഷേത്രങ്ങളിലും അദ്ദേഹം ചെയ്ത ശില്പങ്ങളും ചിത്രങ്ങളും അലങ്കാരഗോപുരങ്ങളുമുണ്ട്. ഡി.ദാമോദരക്കമ്മത്ത് സിമൻറു കൊണ്ട് തിരുപ്പതി ഭഗവാനെമെനഞ്ഞെടുക്കുന്ന ശില്പിയാണ്. ഭാസി ശില്പിയും ചിത്രകാരനുമാണ്. പ്രകാശൻ അതുല്യ ആരെയും ആകർഷിക്കുന്ന ചിത്രങ്ങൾ വരയ്ക്കുന്ന ഒരു കലാകാരനാണ്. കൂടാതെലോട്ടസ്മണി,അശോകൻ, ചന്ദ്രൻ കാദംബരി,മനുപുത്തൻചന്ത പ്രസാദ് സ്റ്റൈൽ,മധു,സതീശ്,അനിൽകുമാർ തുടങ്ങി അനേകം ആർട്ടിസ്റ്റുകളും ഇവിടെയുണ്ട്.

ആദ്ധ്യാത്മികരംഗത്ത് ദിവ്യമായ തേജസ്സ് പരത്തുന്ന ബിഷപ്പ് പീറ്റർ ചേനപ്പറമ്പിൽ,ബിഷപ്പ് ജേക്കബ്ബ് മനത്തോടത്ത്, സ്വാമി സൂര്യനാരായണതീർത്ഥർ എന്നിവരും തുറവൂരിന്റെ അഭിമാനഭാജനങ്ങളാണ്. കൂടാതെ നൃത്തം ചെയ്യുകയും,അഭിനയിക്കുകയും, പാട്ടുപാടുകയും,വാദ്യോപകരണങ്ങൾ വായിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരും,ചെറുപ്പക്കാരികളും ഇവിടെയുണ്ട്.

സകലരംഗങ്ങളിലും തുറവൂരിന് തിളക്കമുള്ള ഒരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. തീർച്ചയായും ഇത് നമ്മുടെ ഭാവിയെനിർണ്ണയിക്കുന്ന വിലപ്പെട്ട

ഘടകങ്ങളാണ്. സർവ്വതോന്മുഖമായ പുരോഗതി- അത് രാഷ്ട്രീയ സാമൂഹ്യ സംസ്ക്കാരീകപ്രവർത്തകരുടെ കൂട്ടായപ്രവർത്തനത്തിൽ നിന്നാണ് ഉയർന്നു വരുന്നത്. പാരമ്പര്യത്തിന്റെ ഊർജ്ജം കിനിയുന്ന ഫലഭൂയിഷ്ഠമായ മണ്ണിലാണ് നമ്മുടെ വേരോടിയിരിക്കുന്നത്. പുഷ്പഫലസമൃദ്ധമായ ഒരും വരും കാലത്തിന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള യത്നത്തിന്റെ ആരംഭമാണ് നാമിന്നിവിടെക്കുറിക്കുന്നത്. വിജയത്തിന്റെ മംഗള മഹാശക്തി കുടികൊള്ളുന്ന ഈ മണ്ണിൽ നിന്നുള്ളതടക്കം,നമ്മുടെ പഞ്ചായത്തിനെ ക്ഷേമത്തിന്റെ ഉയരങ്ങളിലേക്ക് കൈപിടിച്ചുയർത്താനുള്ള ഈ യത്നം ഒറ്റക്കെട്ടായിനിന്ന് നമുക്ക് ഏറ്റെടുക്കാം .



ഭൂമി ജനം ജലം

ഭൂപ്രകൃതി


ആലപ്പുഴ ജില്ലയ്ക്ക് ശക്തിയും സൗന്ദര്യവും നൽകിക്കൊണ്ട് ഒഴുകുന്ന വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറെക്കരയോടു ചേർന്ന്കിടക്കുന്ന ഒരു ഗ്രാമമാണ് തുറവൂർ പഞ്ചായത്ത്. ഈ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് പള്ളിത്തോട്ടിലുള്ള അറബിക്കടലാണ്. ചേർത്തല താലൂക്കിൽപ്പെട്ട ഈ ഗ്രാമം ആയിരത്താണ്ടുകൾക്കു മുമ്പേന്നോ കടല്വച്ചതാണ്. ചേർത്തലയ്ക്ക് പണ്ട്കരപുറം എന്നായിരുന്നു പേര്. കടല്വച്ചകര എന്ന അർത്ഥത്തിലാവാം ആ പേര് വന്നിട്ടുള്ളത്. ഏതായാലും ഇവിടെ കുഴിച്ചു ചെല്ലുമ്പോൾ മണ്ണിന്റെ താഴെത്തട്ടുകളിൽ നിന്നു കിട്ടുന്ന പൊടിമണലും കടൽ കക്കകളുടെ തോടുകളും ഇതിനു തെളിവാണ്. എങ്കിലും ഇവിടത്തെ ജനജീവിതത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മണ്ണടികളുടെ മുകൾത്തട്ടുകളിലുള്ള മരങ്ങളുടെ ഫോസിലുകളും മൺകലത്തിന്റെ ശവപേടകങ്ങളും ജനജീവിതത്തിന്റെ കാലപ്പഴക്കം വിളിച്ചോതുന്നു. വേമ്പനാട്ടുകായലിലെ ജലം കാലവർഷക്കാലത്ത് ഓരില്ലാത്തതും വേനൽക്കാലത്ത് ഓരുള്ളതുമാണ്. കായൽ ജലത്തിന്റെ ഈ മാറ്റം പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള ഭൂപ്രകൃതിയുടെ സ്വഭാവത്തെ ബാധിക്കുന്നുണ്ട്. പടിഞ്ഞാറ് കടലിന്റെ സാന്നിദ്ധ്യംകൊണ്ട് പഞ്ചായത്തിന്റെ ആ ഭാഗത്തുള്ള ഭൂവിഭാഗവും ഈ മാറ്റത്തിനു വിധേയമാണ്.


കായലിനോടുചേന്ന് കിടക്കുന്ന പുതുവീട്ടിൽകരി, മാപ്പിളകാട്ടുകാരി, ചേന്നൻ കരി, അനന്തൻ കരി, എന്നീ തുരുത്തുകൾ നീലജലം ചുഴ്ന്ന്കിടക്കുന്ന പ്രകൃതിയുടെ പച്ച നിറത്തിലുള്ള തിലകംപോലെ ചോതോഹരമാണ്. ഇവിടെ ജലോത്സവങ്ങളുടെ ആഹ്ളാദത്തിന് കാത്തുകിടക്കുന്ന കായലിന്റെ ഉൾവഴികളുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറ് പള്ളിത്തോട് കരിനിലങ്ങൾ തെങ്ങിൻ തോപ്പുകൾ കൊണ്ടതിരിട്ട് പച്ചപ്പട്ടു വിരിച്ചുകിടക്കുന്നത് നയനാനന്ദകരമായ ഒരു കാഴ്ചയാണ്. തെക്കേ അറ്റത്ത് നാലാം വാർഡിലെ പ്രാറ്റുകാരി എന്ന തുരുത്ത് അത്യന്തം മനോഹരമായ ആകാശംപോലെ ഹൃദയാഹ്ളദകരമാണ്.

കേരളത്തിലെ തീരസമതലത്തിൽപ്പെടുന്ന ഒരു പഞ്ചായത്താണ് തുറവൂർ, കിഴക്ക് രേഖാംശം 76° 20നും 76° 21നും വടക്ക് രേഖാംശം 9° 31നും 9° 32നും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. ഭൂപ്രകൃതി അനുസരിച്ച് തുറവൂരിനെ മൂന്നു മേഖലകളായി തരംതിരിക്കാം കടലോരപ്രദേശം, കായലോരപ്രദേശം, മദ്ധ്യഭാഗം, മണലോരപ്രദേശം. 19.18 ചതുരശ്രകിലോമിറ്റർ വരുന്ന ഈ ഭൂപ്രദേശത്ത് കായലിനോട് തൊട്ടുകിടക്കുന്ന ചതുപ്പുനിറഞ്ഞ കരിനിലങ്ങളിൽ എക്കൽ കലർന്ന ചെളി മണ്ണും, മദ്ധ്യഭാഗത്തും കടൽ തീരത്തും മണൽമണ്ണുമാണ്. (100 sendy soil) അതിനോട് തൊട്ടുകിടക്കുന്ന പ്രദേശം എക്കൽ നിറഞ്ഞതുമാണ്. സമുദ്ര നിരപ്പിൽ നിന്നും ഒരു മീറ്റർ മുതൽ രണ്ടര മീറ്റർ വരെ ഉയരമുള്ളതാണ് പടിഞ്ഞാറൻ കരിനിലങ്ങൾ.മദ്ധ്യഭാഗത്ത് 2½ മീറ്റർ മുതൽ 5 മീറ്റർ വരെ താഴ്ത്തിയാൽ ഉപരിതലത്തിൽ സിലിക്ക ചേർന്ന മണൽതട്ട്, ഇരുമ്പിന്റെ അംശം കൂടുതലുള്ള കലശി മണ്ണ്, ചെളിയും കടൽ കക്കയും മറ്റ് ജൈവാംശങ്ങളും ചേർന്ന മണൽ മണ്ണ്, കൂടാതെ ചെളി മണ്ണ് എന്നിവ കാണാം.

ജനപ്രകൃതി

1996 ലെ സാമൂഹിക സാമ്പത്തിക സർവെ പ്രകാരം തുറവൂരിലെ ജനസംഖ്യ 25,966 ആണ്. ഇതിൽ പുരുഷൻന്മാർ 12,737 ഉം സ്ത്രീകൾ 13,229ഉം ആണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ 492 പേർ കൂടുതലാണ്. ആകെ വീടുകൾ 5,317 ആണ്. അതായത് ശരാശരി വീടൊന്നിന് 4.89 ആളുകൾ വീതമുണ്ട്. ഇവിടെത്തെ ജനസാന്ദ്രത ചതുരശ്രകിലോ മീറ്ററിന് 1354 ആണ്. ഇവിടെ 5 വയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം 1974. പട്ടികജാതി ജനസംഖ്യ 3,563ഉം ഇതിൽ പുരുഷൻമാർ 1,690 ഉം ആണ്. സ്ത്രീകൾ 1,873. 630 പട്ടികജാതി കുടുംബങ്ങളുണ്ട്. വാർഡുതലത്തിലെ ജനസംഖ്യാ വിവരങ്ങൾ താഴെ കാണുന്ന പട്ടിക വിശദമാക്കുന്നു.





പട്ടിക 1

വാർഡുതല ജനസംഖ്യ കുടുംബസ്ഥിതി വിവരകണക്ക്
(അവലംബം : സാമൂഹിക സാമ്പത്തിക സർവ്വേ '96)


വാർഡ്	സ്ത്രീകൾ	പുരുഷന്മാർ	ആകെ	ഹിന്ദു കുടുംബങ്ങൾ	മുസ്ലിം കുടുംബങ്ങൾ	ക്രിസ്ത്യൻ കുടുംബങ്ങൾ	ആകെ കുടുംബങ്ങൾ
1	1050	995	2045	396	6	23	425
2	1445	1368	2813	499	-	74	573
3	1302	1272	2544	472	-	69	541
4	1351	1305	2656	463	8	59	530
5	783	767	1560	307	3	26	336
6	795	714	1438	244	1	59	304
7	1334	1228	2502	534	11	47	592
8	1421	1263	2684	440	-	126	566
9	1069	958	2087	290	24	83	397
10	1063	1058	2121	45	-	353	398
11	1812	1674	3456	369	24	262	655
ആകെ	13,229	12,737	25,966	4059	77	1181	5317

പ്രായം അനുസരിച്ച് 5 വയസ്സുവരെ 1974 പേരും 5 മുതൽ 17 വയസ്സുവരെ 5122 പേരും 17 മുതൽ 35 വയസ്സു വരെ 9,098 പേരും 35 മുതൽ 55 വയസ്സുവരെ 6,024 പേരും 55 വയസ്സിനു മുകളിൽ 3131 പേരും ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. ഈ കണക്കനുസരിച്ച് യുവാക്കളുടെ ജനസംഖ്യ താരതമ്യേന വളരെ കൂടുതലാണ്. എന്നാൽ വിദ്യാസമ്പന്നരായിട്ടുള്ള തൊഴിൽ രഹിതർ 1642 പേരുണ്ട്.

പട്ടിക 2

പ്രായവിഭജനം	എണ്ണം
5 വയസ്സുവരെ	1974
5-17 വരെ	5122
17-35 വരെ	9098
35-55 വരെ	6024
55 ന് മുകളിൽ	3131

പട്ടിക 2
പ്രായമനുസരിച്ച് വിഭജനം
(അവലംബം : സാമൂഹിക സാമ്പത്തിക സർവെ)



പരമ്പരാഗതമായി ഈ പഞ്ചായത്തിലെ ജനങ്ങൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നത് കാർഷികമേഖലയിലും പരമ്പരാഗത വ്യവസായമായ കയർമേഖലയിലുമായിരുന്നു. കൂടാതെ പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള ജനങ്ങൾ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നു. എന്നാൽ കാർഷിക മേഖലയിലെ ലാഭകരമല്ലാത്ത ഉത്പാദനം, ജലസ്രോതസ്സ് ക്രമീകരിക്കുന്നതിലുണ്ടായ അപര്യാപ്തത തെങ്ങുരോഗങ്ങൾ തുടങ്ങിയ കാരണങ്ങൾ കാർഷിക മേഖലയെ മുരടിപ്പിലേക്കു കൊണ്ടെത്തിച്ചു. കൂടാതെ സമുദ്രോല്പന്ന കയറ്റുമതിയുടെ ഭാഗമായി ഉണ്ടായ പീലിംഗ് ഷെഡുകളുടെ വർദ്ധനവ് ഇവിടുത്തെ ബഹുഭൂരിപക്ഷം സ്ത്രീകളേയും പീലിംഗ് മേഖലയിൽ കൊണ്ടുചെന്നെത്തിച്ചു. കാർഷികമേഖലയുമായി താരതമ്യപ്പെടുത്തുമ്പോൾ പീലിംഗ് തൊഴിലാളികൾക്ക് കൂടുതൽ വേതനം കിട്ടുന്നുണ്ട്. കൂടാതെ മത്സ്യകൃഷിയുടെ വ്യാപനത്തിന്റെ ഫലമായി സ്വകാര്യ വ്യക്തികൾ ഈ രംഗത്തു കടന്നു വന്നു. മത്സ്യകൃഷി കൂടുതലായി നടത്തുന്നത് കായലോര കരിനിലങ്ങളിലും കടലോര നിലങ്ങളിലുമാണ്. ഈ മേഖലയെ കേന്ദ്രീകരിച്ച് പരമ്പരാഗതമായി മത്സ്യം പിടിച്ച് ഉപജീവനം കഴിഞ്ഞിരുന്ന വിഭാഗത്തിന് ഇപ്പോൾ ആ തൊഴിലവസരം നഷ്ടപ്പെട്ടിരിക്കുന്നു.

ജലപ്രകൃതി

1996ൽ ഈ പഞ്ചായത്തിൽ ലഭിച്ച മഴയുടെ അളവ് 1796.36mm ആണ് (അവലംബം പട്ടിക 4 കൃഷിയും ജലസേവനം എന്ന അദ്ധ്യായം) ഇതനുസരിച്ച് ഏറ്റവും കൂടുതൽ മഴ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ലഭിച്ചത്. ഇതിൽ നിന്നും മഴയുടെ ലഭ്യത വളരെ താഴ്ന്ന നിലവാരമാണെന്നു കാണാം. ഈ പ്രദേശത്തെ കുളങ്ങളും തോടുകളും വേനൽ കാലത്ത് വറ്റി പോകുന്നുണ്ട്. അതുപോലെ കാലവർഷത്തിൽ ലഭിക്കുന്ന ജലം തടഞ്ഞു നിറുത്തുന്നതിന് വേണ്ട സജ്ജീകരണങ്ങളുടെ അപര്യാപ്തതയുമുണ്ട്. ഈ പ്രദേശത്തെ പ്രധാന തോടുകളുടെയും പ്രധാന കുളങ്ങളുടെയും പട്ടിക താഴെ കൊടുക്കുന്നു. തോടുകൾക്ക് ധാരാളം ഉപതോടുകൾ ഉണ്ട്


1 വേമ്പനാട്ടുകായലിന്റെ ഭാഗമായ തൈക്കാട്ടുശ്ശേരി കായൽ	1,2,3,4 വാർഡുകൾ ഉൾപ്പെടുന്നു
2 വേമ്പനാട്ടുകായലിൽ നിന്നും ആരംഭിച്ച് കാവിൽ തോട്ടിൽ അവസാനിക്കുന്ന തോണിതോട്	1,3,4,5,7 വാർഡുകൾ ഉൾപ്പെടുന്നു
3. കോഴശ്ശേരി തോട്	1,2 വാർഡുകൾ
4. ചാന്തുരുത്തി തോട്	1-ാം വാർഡിൽ
5. മൂലംകുഴി തോട്	2-ാം വാർഡിൽ
6. നെടുംങ്ങാത്തറ തോട്	3-ാം വാർഡിൽ
7. കടവിൽ തോട്	3-ാം വാർഡിൽ
8. ദേശതോട്	5,6,7,8 വാർഡുകൾ
9. അറയ്ക്കൽ തോട്	6,9 വാർഡുകളിൽ
10. പൊഴിച്ചാൽ	8,9,10,11 വാർഡുകളിൽ
11. കാരാളം തോട്	8ാം വാർഡ്
12. കരേത്തോട്	8-ാം വാർഡ്
13. പുത്തൻകാവ് തോട്	8-ാം വാർഡ്
14. ക്ഷേത്രകുളങ്ങൾ (5 എണ്ണം)	2,3,5,6,8 വാർഡുകളിൽ
15. ചെറുകുളങ്ങൾ	1288 എണ്ണം



വികസന

മേഖലകൾ

വടകണക്കാട് ബ്ലോക്കിൽപ്പെടുന്ന 8 പഞ്ചായത്തുകളിൽ ഏറെ കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്താണ്. പ്രസിദ്ധമായ ചെട്ടിവരിപ്പു നെല്ല് വിളയുന്ന കരിനിലങ്ങളിൽ ഭൂരിഭാഗവും ഈ പഞ്ചായത്തിലാണുള്ളത്.



ശാസ്ത്രീയമായ പാനവും നിർദ്ദേശങ്ങളും ലഭിച്ചാൽ കൃഷിക്ക് കൂടുതൽ സാദ്ധ്യതയുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. പരമ്പരാഗതമായിത്തന്നെതെങ്ങും നെല്ലും പച്ചക്കറിയും ഇവിടെ ഉണ്ടായിരുന്നു. ഒരു കാലത്ത് അവയിൽ നിന്നെല്ലാം സാമാന്യം ഭേദപ്പെട്ട വിളയും ലഭിച്ചിരുന്നു. നമ്മുടെ പടിഞ്ഞാറേ കരിനിലങ്ങളിൽ വിളഞ്ഞിരുന്ന ചെട്ടിവിരിപ്പും കിഴക്കേകരി നിലങ്ങളിൽ വിളഞ്ഞിരുന്ന ചെറുവിരിപ്പും, മുണ്ടകനും, തെങ്ങിൻ തോപ്പുകളിൽ നിന്നും കിട്ടുന്ന നാളികേരവും ആശ്രയിച്ചായിരുന്നു ഇവിടത്തെ ജനജീവിതം. ഇപ്പോൾ അത് എങ്ങിനെ ഇല്ലാതായി? അന്നു കൃഷിക്കാർ രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിച്ചിരുന്നില്ല. എന്നിട്ടും നല്ല വിളവ് ലഭിച്ചിരുന്നു. പുതിയ വിത്തിനങ്ങളും അന്നുണ്ടായിരുന്നില്ല. കർഷകരുടെ നാട്ടറിവുകൾ മാത്രമാണ് അവരെ അന്ന് സഹായിച്ചിരുന്നത്. കരിനിലങ്ങളുടെ വരമ്പുകളിൽ വിളയുന്ന പച്ചക്കറിയും നെല്ലിന്റെ വിളവെടുപ്പിനു ശേഷം പാടങ്ങളിലുണ്ടാകുന്ന മത്സ്യവും നമ്മുടെ ആവശ്യത്തിന് മതിയാകുമായിരുന്നു. അതായത് കാർഷിക മേഖലയിൽ സ്വയംപര്യാപ്തമായ ഒരു ഗ്രാമമായിരുന്നു നമ്മുടേത്. ഇപ്പോൾ അതെല്ലാം പോയ്പോയ നല്ലകാലത്തിന്റെ ഒരു ഓർമ്മ മാത്രമായി അവശേഷിച്ചിരിക്കുന്നു. എന്താണ് ഈ ദുഃസ്ഥിതിക്ക് കാരണം? നാം ഉറക്കെ ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മണ്ണ്

19.18 ചതുരശ്രകിലോമീറ്റർ വരുന്ന ഈ ഭൂപ്രദേശം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ വിഭിന്നമാണ്. കായലിനോട് തൊട്ടു കിടക്കുന്ന ചതുപ്പുനിറഞ്ഞ കരിനിലങ്ങളിൽ എക്കൽ കലർന്ന ചെളിമണ്ണുമാണ് ഉള്ളത്. കായലോരത്തുനിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറു കടൽത്തീരത്തുനിന്ന് 2 കിലോ മീറ്റർ കിഴക്കും മദ്ധ്യേ തെക്കുവടക്കായി കിടക്കുന്ന ഭൂപ്രദേശം മണൽ മണ്ണുമാണ്. (loose sandy soil) കടലോര പ്രദേശങ്ങളിൽ ഏതാണ്ട് 250 മീറ്റർ വരെയും ഇതേമണ്ണാണ് കാണപ്പെടുന്നത്.

പഞ്ചായത്തിന്റെ കിഴക്കേ അതിരിന് കായലിനോട് ചേർന്നു കിടക്കുന്ന കരിനിലങ്ങളിലെ മണ്ണ് അമ്ലസ്വഭാവമുള്ളതും അലിഞ്ഞുചേർന്നിരിക്കുന്ന ലവണങ്ങളുടെ അളവ് വളരെകൂടുതലുള്ളതുമാണ്. പാകൃജനകവും ക്ഷാരവും താരതമ്യേന മദ്ധ്യമവും ഭാവഹം അല്പം കൂടുതലുമാണ്. ഈ മണ്ണിന് നീർവാർച്ച പൊതുവേ കുറവാണ്. പടിഞ്ഞാറൻ കരിനിങ്ങളിലെ മണ്ണും ഏകദേശം ഇതേ സ്വഭാവം കാണിക്കുന്നു. ഈ പ്രദേശങ്ങളുടെ മദ്ധ്യഭാഗത്തായി കാണുന്ന പ്രദേശത്തെ മണ്ണിൽ ജല സംഗ്രഹണശേഷി നന്നേ കുറവും സിലിക്കയുടെ അംശം വളരെ കൂടുതലും പാകൃജനകവും ക്ഷാരവും കുറവും ഭാവഹം അധികവുമാണ്. ഈ മണൽ മണ്ണിന് വളക്കൂറ് നന്നേക്കുറവാണ്.

ഈ പഞ്ചായത്തിലെ പടിഞ്ഞാറൻ കരിനിലങ്ങൾ പൊതുവേ സമുദ്രനിരപ്പിലും താഴ്ന്നതും മറ്റുഭാഗങ്ങൾ സമുദ്രനിരപ്പിൽ നിന്ന് ഒരു മീറ്റർ മുതൽ 2½ മീറ്റർ വരെ ഉയരമുള്ളതുമാണ്. മദ്ധ്യഭാഗത്തുള്ള മണൽ പ്രദേശത്ത് 2.5 മീറ്റർ മുതൽ 5 മീറ്റർ വരെ താഴ്ത്തിയാൽ ഈ പ്രദേശത്തെ നാലു തട്ടുകളായി തിരിക്കാവുന്നതാണ്, ഉപരിതലത്തിൽ സിലിക്ക ചേർന്ന മണൽത്തട്ട്, അതിനുതാഴെ ഇരുമ്പിന്റെ അംശംകൂടുതലുള്ള കലശിമണ്ണ്, താഴെ ചെളിയും കക്കയും മറ്റുജൈവാംശങ്ങളും ചേർന്ന മണൽ മണ്ണ്, ഇതിലും താഴെ ചെളിമണ്ണ്, എന്നിവയാണ്. ചെടികളുടെ വേരുകൾ ഇരുമ്പിന്റെ അംശം കൂടിയ രണ്ടാമത്തെ തട്ടിൽ പ്രവേശിച്ചാൽ നശിച്ചുപോകുന്നതാണ്.

വിളവ്

മുൻകാലങ്ങളിൽ ഇവിടത്തെ പ്രധാനവിളകൾ നെല്ല്, തെങ്ങ്, പഞ്ഞപ്പുല്ല്, വെള്ളരി, ചീര, മത്തൻ, കുമ്പളം, വെണ്ട, പയർ, വഴുതിന തുടങ്ങിയ പച്ചക്കറികൾ എന്നിവയായിരുന്നു. എന്നാൽ പലകാരണങ്ങളാലും നെൽകൃഷി നന്നേകുറയുകയും തെങ്ങുകൃഷി പാടേനശിക്കുകയും മറ്റുകൃഷികൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയുമാണ്..

കരപ്പാടങ്ങളിൽ ചെറുവിരപ്പും, മുണ്ടകനും, വിളവെടുത്തശേഷം കൊണ്ടൽകൃഷി ചെയ്തിരുന്നു. ചെട്ടിവിരപ്പും മുണ്ടകനും കൃഷി ചെയ്തിരുന്ന വലിയപാടം കരിനിലങ്ങൾ കഴിഞ്ഞ പത്തുവർഷത്തോളമായി തരിശിട്ടിരിക്കുകയാണ്. നെൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങൾ ഒരവസരത്തിൽ തിരുമലദേവസ്വത്തിന്റെയും തുറവൂർ പി.ഡി. ദേവസ്വത്തിന്റെയും അധീനതയിലായിരുന്നു. എന്നാൽ ഇന്ന് എല്ലാ നിലങ്ങളും കർഷകരുടെ കൈവശത്തിലാണ്. ആകെ ഭൂവുടമകളിൽ 83% പേരും 50 സെന്ററിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്.

പട്ടിക 1. ഭൂമിസംബന്ധിച്ച് വിവരങ്ങൾ.

കൈവശഭൂമി	ഉടമസ്ഥരുടെ എണ്ണം	ആകെ വിസ്തീർണ്ണം
1-10 സെൻറ്	5780	138.81 ഹെക്ടർ
10-25 സെൻറ്	2135	117.58 ഹെക്ടർ
25-50 സെൻറ്	2135	298.58 ഹെക്ടർഞ
50-100 സെൻറ്	938	379.76 ഹെക്ടർ
1-2 ഏക്കർ	633	303.30 ഹെക്ടർ
2-5 ഏക്കർ	342	447.26 ഹെക്ടർ
5 ഏക്കർ	88	368.53 ഹെക്ടർ

ഈ പട്ടിക കാണിക്കുന്നത് കർഷകന് ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ആദായകരമായി നടത്താവുന്ന തരിത്തിലല്ല കൃഷി ഭൂമിയുടെ വിതരണം നടന്നിരിക്കുന്നത് എന്നാണ്.

ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ എല്ലാവരും ഭൂമിയുടെ ഉടമകളായി. ഇത്തരത്തിലുള്ള പോരായ്മകളുണ്ടെങ്കിലും അതൊരു വിപ്ലവമായിരുന്നുയെന്ന വസ്തുതകാണാതെ വയ്യ. ഇന്ന് കൃഷി കാര്യക്ഷമമാക്കുന്നതിന് കർഷകരുടെ സഹകരണസംഘം ഉണ്ടാക്കി ഗ്രൂപ്പ് ഫാമിങ്ങ് ഏർപ്പെടുത്തണം. കൃഷിവകുപ്പ്, കൃഷി ഓഫീസുമായി ബന്ധപ്പെട്ട് അതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

646 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന തെങ്ങുകൃഷി 750 ഹെക്ടറായി ഉയർന്നിട്ടുണ്ടെങ്കിലും നാളികേരത്തിൻെറ ഉല്പാദനം ഒരു ഹെക്ടറിന് 33000 ത്തിൽ നിന്നും 5160ന് താഴെയായി കുറഞ്ഞു. പഞ്ഞപ്പുല്ല്, വാഴ, കപ്പ, പച്ചക്കറികൾ, കുരുമുളക്, പയർ തുടങ്ങിയവയുടേയും ഉല്പാദനം നാമമാത്രമായി അവശേഷിക്കുന്നു. (പട്ടിക 2.3) 1094 ഹെക്ടർ നെൽകൃഷി സ്ഥലങ്ങളു ണ്ടായിരുന്നതിൽ ഇന്ന് 437 ഹെക്ടർ സ്ഥലത്തു മാത്രമാണ് കൃഷി ചെയ്തുവരുന്നത്. ഇതിനു കാരണം നിലങ്ങൾ നികത്തി തെങ്ങിൻ തോപ്പുകളായി മാറ്റിയതും മറ്റുകാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 150 ഹെക്ടറോളം വരുന്ന കൃഷിയിടങ്ങൾ തരിശിട്ടിരിക്കുന്നതുമാണ്.

പട്ടിക - 2
ഭൂമിസംബന്ധിച്ച വിവരങ്ങൾ

ഭൂമിയുടെ സ്വഭാവം	വിസ്തീർണ്ണം
പുരയിടം	646 ഹെക്ടർ
നിലം	1094 ഹെക്ടർ
പുറമ്പോക്ക്	167.75 ഹെക്ടർ
തരിശ്	0.25 ഹെക്ടർ
ആകെ	1917 ഹെക്ടർ

പട്ടിക - 3
വിവിധ വിളകളുടെ വിസ്തീർണ്ണം

ക്രമനമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം
1.	നെല്ല്	437 ഹെക്ടർ
2.	തെങ്ങ്	850 ഹെക്ടർ
3.	പച്ചക്കറികൾ	30 ഹെക്ടർ
4.	വാഴ	50 ഹെക്ടർ
5.	കുരുമുളക്	2 ഹെക്ടർ
6.	കശുമാവ്	23 ഹെക്ടർ
7.	മരിച്ചീനി	2 ഹെക്ടർ
8.	കമുക്	0.5 ഹെക്ടർ
9.	വെറ്റില	0.4 ഹെക്ടർ

നെല്ല്

കരിനിലങ്ങളിൽ ഫെബ്രുവരി മാർച്ചുമാസങ്ങളിൽ വെള്ളം വറ്റിക്കുകയും മാർച്ച് ഏപ്രിൽ മാസങ്ങളിൽ കണ്ണികോരുകയും (മൗണ്ട്സ്) നിലം ഉണങ്ങിയശേഷം ഒന്നോ രണ്ടോ മഴലഭിച്ചാൽ ഉടനെ വിതയ്ക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. ജൈവവളമോ, രാസവളമോ ഉപയോഗിക്കുന്നരീതി കർഷകർ അവലംബിച്ചിരുന്നില്ല. ജൂൺ, ജൂലൈ മാസങ്ങളിൽ കൂടുതൽ മഴലഭിക്കുകയും അപ്പോൾ വെള്ളം വറ്റിച്ച് ഞാറുപറിച്ച് നടുകയോ ചങ്ങലെയ്ക്കുവയ്ക്കുകയോ ചെയ്യുകയും ചെയ്തിരുന്നു. കളപറിക്കുന്നത് വിരളമാണ്. കളനാശിനികൾ ഉപയോഗിക്കുന്നത് വിരളമാണ്. കളനാശിനികൾ ഉപയോഗിക്കാറു തന്നെയില്ല. കർഷകർ പരക്കെ ഉപയോഗിച്ചിരുന്ന നെല്ലിനങ്ങൾ കരിനിലങ്ങളിൽ ചെട്ടിവിരിപ്പും കരപ്പാടങ്ങളിൽ ചെറുവിരിപ്പുമാണ്. കരപ്പാടങ്ങളിൽ കൂട്ടമുണ്ടകനും കൃഷി ചെയ്തുവന്നിരുന്നു. മുണ്ടകൻ കൃഷിക്ക് ശേഷം കരപ്പാടങ്ങളിൽ മത്ത, വെള്ളരി, ചീര, കുമ്പളം, മധുരക്കിഴങ്ങ് മുതലായവയും കൃഷി ചെയ്തിരുന്നു. കരിനിലങ്ങളുടെ വരമ്പിൽ പയറും വെണ്ടയും ഒരു കാലത്ത് സുലഭമായി കൃഷി ചെയ്തിരുന്നു.

ഈ പ്രദേശത്തിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ:-

1. യഥാസമയങ്ങളിൽ അന്ധകാരനഴി ഷട്ടറുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നില്ല.
2. കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രധാന തോടുകളിൽ ഓരുമുട്ടുകൾ സ്ഥാപിക്കുന്നില്ല.
3. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോയിരിക്കുന്നു.
4. നെൽകൃഷി ലാഭകരമല്ലാതായി തീർന്നിരിക്കുന്നതിനാൽ തരിശ്ശിടുന്നു.
5. നിലം നികത്തി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.
6. തൊഴിലാളികളുടെ ലഭ്യതക്കുറവ്.
7. ചെമ്മീൻ വാറ്റിനും മറ്റുമായി നെൽപ്പാടങ്ങളിൽ ഉപ്പുവെള്ളം കയറ്റുന്നു.

8. ജലമലിനീകരണം നാൾക്കുനാൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ചെമ്മീൻ പീലിങ്ങ് ഷെഡ്ഡുകളിൽ നിന്നും പുറംതള്ളുന്ന മലിന ജലം കായലിലേയ്ക്കോ, കടലിലേയ്ക്കോ, ഒഴുകിപ്പോകാതെ കൃഷിയിടങ്ങളിലേക്ക് വ്യാപിക്കുന്നു.

9. ശാസ്ത്രീയ കൃഷി രീതികൾ കർഷകർ അവലംബിക്കുന്നില്ല.

10. ശുദ്ധജലത്തിന്റെ അപര്യാപ്തത.

ലാഭകരമല്ലാതായി തീർന്നിരിക്കുന്ന നെൽകൃഷിയെ സംരക്ഷിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിന്റെ 2,3 വാർഡുകളുടെ കിഴക്കു ഭാഗത്ത് വേമ്പനാട്ടുകായലിൽ നിർമ്മിച്ചിട്ടുള്ള കരിങ്കൽച്ചിറ നാലാം വാർഡിലെ കാവിൽ വടക്കേപാലം വരെ നീട്ടി നിർമ്മിക്കണം. കടവിൽ തോട്ടിൽ കിഴക്കേ അറ്റം ബണ്ടിനോട് ചേർന്ന് ഒരു സ്ലൂയിസ് നിർമ്മിക്കുകയും കുറഞ്ഞത് 25.H.P. യുടെ ഒരു പമ്പുസെറ്റു സ്ഥാപിക്കുകയും ചെയ്താൽ കായലിൽ നിന്നുള്ള ഉപ്പുവെള്ളം തടയുന്നതിനും മഴമൂലമുണ്ടാകുന്ന അധികജലം കിഴക്കേകര പാടശേഖരണങ്ങളിൽ നിന്നും കായലിലേക്ക് പമ്പുചെയ്തു കളയുവാനും സാധിക്കും. ഈ പടാശേഖരങ്ങളുടെ നിമ്നോന്നത കണക്കിലെടുത്ത് ആവശ്യമായ ചെറുതോടുകൾ കായലോരത്തേക്ക് നിർമ്മിക്കുകയും കരിങ്കൽ ബണ്ടിനും നിലത്തിനുമിടയ്ക്ക് തെക്കുവടക്കായി ഒരു പ്രധാന തോട് നിർമ്മിക്കുകയും ചെയ്താൽ ഇന്നു കൃഷി ചെയ്യാതെ കിടക്കുന്ന ഈ നിലങ്ങളിൽ ഇരു"പ്പൂ" കൃഷി ഇറക്കാവുന്നതാണ്. മേൽപ്പറഞ്ഞ തോടിനേറെയും ചെറിയ തോടുകളുടേയും നിർമ്മാണം സാദ്ധ്യമായാൽ ചെമ്മീൻ ഷെഡ്ഡുകളിൽ നിന്നുള്ള മലിന ജലം ഈ കരിനിലങ്ങളിൽ വ്യാപിക്കുകയില്ല.

2. വലിയപാടം പാടശേഖരം ഇന്ന് തരിശ്ശായി കിടക്കുകയാണ്. തോണിത്തോടിന്റെ തെക്കേ അറ്റത്ത് കാവിൽ വടക്കേ പാലത്തിന് സമീപം പട്ടത്താളിച്ചിറയിൽ ഓരു വെള്ളം കയറാതെ യഥാകാലങ്ങളിൽ മുട്ടിടുകയും 20 എച്ച്. പി. യുടെ ഒരു പമ്പു സെറ്റ് സ്ഥാപിക്കുകയും ചെയ്താൽ ഈ നിലങ്ങളിൽ "ഇരുപ്പൂ" കൃഷി ഇറക്കുന്നതിന് സാധിക്കും.

   മേല്പറഞ്ഞ രണ്ടുകരിനിലങ്ങളിലും നിർദ്ദേശിച്ച ബണ്ടുകളും പമ്പുസെറ്റുകളും സ്ഥാപിക്കുന്നതോടുകൂടി ഉപ്പു വെള്ളത്തിന്റെ നിയന്ത്രണം സാദ്ധ്യമാവുകയും കരഭൂമിയിൽ വാഴാ, പച്ചക്കറി തുടങ്ങിയവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. കുടിവെള്ളത്തിനുപോലും ബുദ്ധിമുട്ടുന്ന കർഷകർക്ക് ഇതൊരനുഗ്രഹം കൂടിയായിരിക്കും. അതായത് പരമ്പരാഗത ശുദ്ധജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ഇത് സഹായിക്കും.

3. പടിഞ്ഞാറുഭാഗത്ത് കടൽത്തീരത്തോടു സമാന്തരമായി കിടക്കുന്ന കരിനിലങ്ങളിൽ പ്രധാനമായും ചെട്ടിവിരപ്പും ചില പാടശേഖരങ്ങളിൽ അത്യുല്പാദനശേഷിയുള്ള ജ്യോതി, വൈറ്റില-1, വൈറ്റില-2 മുതലായ ഇനങ്ങളുമാണ് കൃഷി ചെയ്തുവരുന്നത്. ഉപ്പുകയറുന്നതുമൂലവും ജലനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും കൃഷിനാശം ഒരു നിത്യസംഭവമാണ്. അന്ധകാരനാഴി ഷട്ടർ "നവംബർ ആദ്യവാരം തന്നെ അടയ്ക്കുകയും കാരളം തോട് ദേശതോട്, കാരേ തോട് എന്നിവിടങ്ങളിൽ ചീപ്പുകൾ നിർമ്മിക്കുകയും, ഈ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറാതെ സൂക്ഷിക്കുകയും അത്യുല്പാദനേശേഷിയുള്ള വിത്തിനങ്ങളും ഉപയോഗിച്ച് ശാസ്ത്രീയമായി "ഒരു പൂ" കൃഷി ചെയ്യാവുന്നതുമാണ്. നിലവിലുള്ള പമ്പുസെറ്റുകൾ യഥാസമയം പ്രവർത്തിപ്പിച്ച് കൃഷി സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്. ജലസേചനത്തിന് മഴയെ മാത്രം ആശ്രയിക്കുന്ന ഈ കൃഷി ഭൂമിയിൽ രണ്ടാം വിള കൃഷി ചെയ്യുന്നത് വളരെ ശ്രമകരമാണ്.

4. ദേശീയപാതയ്ക്ക് പടിഞ്ഞാറ് 6,7,8 എന്നീ വർഡുകളിലെ കരപ്പാടങ്ങൾ ഒരു കാലത്ത് ഇരുപ്പു നെൽകൃഷിയും അതിനുശേഷം കൊണ്ടൽ കൃഷിയും ചെയ്തിരുന്ന താണെങ്കിലും ഇന്ന് ഇത് പലഭാഗങ്ങളിലും ഉപ്പു വെള്ളം കയറി തരശായി കിടക്കുന്നു. ഉപ്പുകയറാതെ ദേശതോട്ടിലും കാരാളം തോട്ടിലും മുട്ടിടുന്ന പക്ഷം ഈ കരപ്പാടങ്ങളിൽ ഇരുപ്പു കൃഷിചെയ്യുന്നതിനും ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന പച്ചക്കറികൾ വ്യാപകമായ തോതിൽ കൃഷി ചെയ്യാനും സാധിക്കുന്നതാണ്. മേൽ പറഞ്ഞ മുട്ടുകൾ യഥാസമയങ്ങളിൽ സ്ഥാപിച്ച് ഉപ്പുവെള്ളം കയറാതെ സംരക്ഷിച്ചാൽ കരഭൂമിയിൽ വാഴ, പച്ചക്കറികൾ, മരിച്ചീനി, വെറ്റില, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്യുന്നതിന് ശുദ്ധജലം ലഭിക്കുന്നതാണ്. കൂടാതെ കുടിവെള്ളക്ഷാമവും ഒഴിവാകുന്നതാണ്. ശാസ്ത്രീയമായി കൃഷി ചെയ്യുന്ന പക്ഷം വിളനാശം ഉണ്ടാകുന്നതല്ല.

5. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തേണ്ടതാണ്.

6. തുറവൂർ കരിനിലങ്ങളുടേയും കരപ്പാടങ്ങളുടേയും ജലനിർഗ്ഗമനത്തോടുകൾ വീണ്ടും നിർമ്മിക്കേണ്ടതാണ്.

7. നികന്നു പോയതും നികത്തിയതുമായ നിരവധി ജലനിർഗ്ഗമനത്തോടുകൾ വീണ്ടും നിർമ്മിക്കേണ്ടതാണ്.

8. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ കൃഷിഭവന്റെ നേതൃത്വത്തിൽ യഥാസമയങ്ങളിൽ നടത്തേണ്ടതാണ്.

9. തൊഴിലാളികളുടെ അഭാവവും അശാസ്ത്രീയ കൃഷിരീതികളും കാരണം ലാഭകരമല്ലാതെ നീങ്ങുന്ന നെൽകൃഷിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി എല്ലാ കാർഷിക പ്രവർത്തനങ്ങളും യന്ത്രവത്കരിക്കേണ്ടതാണ്.

തെങ്ങ്

തെങ്ങാണ് കേരളത്തിലെ ജനജീവിതത്തെ ഒരു കാലത്ത് താങ്ങി നിർത്തിയിരുന്നത്. കല്പ വൃക്ഷമെന്നാണ് തെങ്ങിനെ ആദരപൂർവ്വം വിളിച്ചിരുന്നത്. ദേവലോകത്തു നിന്ന് ദേവന്മാരുടെ പ്രീതികൊണ്ട് ലഭിച്ചതാണത്രേ ഈ വൃക്ഷം. അതായത് ദേവന്മാരുടെ പ്രത്യേകമായ പ്രീതിക്ക് പാത്രീഭവിച്ച ഒരു പ്രദേശമാണ് കേരവൃക്ഷങ്ങളുടെ നാടായ കേരളം. നമ്മുടെ നാടിന് കേരളമെന്ന പേര് കിട്ടിയതുതന്നെ കേരവൃക്ഷങ്ങളുടെ നാട് എന്നർത്ഥത്തിലാണ്. പക്ഷേ കേരളം കേരളമല്ലാതായി തീർന്നിരിക്കുന്നു. കാൽ നൂറ്റാണ്ടിലേറെ കാലമായി നമ്മുടെ കല്പവൃക്ഷങ്ങളെ മാരകമായ പലരോഗങ്ങളും ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ഫലപ്രദമായ ഒരു ചികിത്സയും ഇതേവരെകണ്ടെത്തിയിട്ടില്ല. ഇതര ആവശ്യങ്ങൾക്കായി നമ്മുടെ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടച്ചുകളഞ്ഞതും തന്മൂലം ഓരുകേറുന്നതും ഇതിനൊരു കാരണമാകാം. വൻ നഗരങ്ങളിലുള്ള മുതലാളിമാരുടെ ഇംഗിതത്തിനനുസരിച്ച് തേങ്ങയ്ക്ക് വില ഇടിയുകയും കർഷകന് മതിയായ വില കിട്ടാത്ത പരിതഃസ്ഥിതിയും ഉണ്ടായി. തെങ്ങുകൃഷിയോടുള്ള കർഷകന്റെ താല്പര്യം

കുറഞ്ഞു വരുന്നത് ഇതിനു കാരണമാണ്. ഇന്നു സ്ഥിതി മാറി വരുന്നുണ്ട് എന്നത് ശുഭോദർക്കമാണ്. വെളിച്ചെണ്ണ ഒരു ഭക്ഷ്യ എണ്ണ എന്ന നിലയിലുള്ള ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്. ഇന്ന് ഇന്ത്യയിൽ അഞ്ചോ ആറോ പേരുകളിൽ ഫിൽറ്റർ ചെയ്ത് ഫ്ലേവർ നഷ്ടപ്പെടാത്ത വെളിച്ചെണ്ണ വിപണിയിൽ ലഭ്യമാണ്. ഏതോ വിദേശലോബികൾ വെളിച്ചെണ്ണ പുരിതകൊഴുപ്പടങ്ങിയ എണ്ണയാണ് എന്ന് തട്ടിവിട്ട നുണ ഇന്ന് ഒരു ശുദ്ധപൊളിയാണെന്ന് തെളിഞ്ഞിട്ടുണ്ട്.

പണ്ടുകാലം മുതലേ നാം തലയിൽ തേയ്ക്കാനും ഭക്ഷ്യോപയോഗത്തിനും മരുന്നായും ഉപയോഗിച്ച് പോന്നത് വെളിച്ചെണ്ണയാണ്. ഇന്ന്, വെളിച്ചെണ്ണ ഉപയോഗിച്ചുള്ള ചർമ്മ സംരക്ഷണ ഉല്പന്നങ്ങളും വികസിപ്പിച്ചെടുക്കാമെന്ന് കണ്ടിരിക്കുന്നു.

3. തെങ്ങിൻെര ഓല ചീയൽ രോഗത്തിനെതിരെ സർക്കാർ തലത്തിൽ നടത്തിവരുന്ന മരുന്നു തളി നിർത്തിയതോടുകൂടി ഓലചീയൽ വ്യാപകമായി.

4. തെങ്ങിന് മരുന്നു തളി നടത്തിയരുന്ന തെങ്ങു കയറ്റത്തൊഴിലാളികൾ മറ്റു തൊഴിലുകൾ അന്വേഷിച്ചു പോയതിനാൽ കർഷകർക്ക് അവരുടെ സേവനവും ലഭ്യമല്ലാതായി.

5. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സ്പെയറുകളുടെ ലഭ്യതയില്ലായ്മയും കീടനാശിനികളുടേയും കുമിൾ നാശിശികളുടേയും വിലവർദ്ധനവും സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിച്ചു.

6. രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകളുടെ

വെളിച്ചെണ്ണ

വെളിച്ചെണ്ണ നമ്മുടെ ആയുർവേദ ഗ്രന്ഥങ്ങളിൽ അമൂല്യമായ ഒരു ഔഷധമായാണ് പറഞ്ഞിരിക്കുന്നത്. പ്രോട്ടീൻ ഡഫിഷ്യൻസിയുള്ള കുട്ടികൾക്ക് രണ്ടു സ്പൂൺ വെളിച്ചെണ്ണ ദിവസവും നൽകുന്നത് ഫലപ്രദമായ ചികിത്സയാണെന്നാണ് ന്യൂട്രീഷ്യന്മാർ പറയുന്നത്. ത്വക്കിന് നല്ല ഒരു ടോണിക്കാണ് വെളിച്ചെണ്ണ. ത്വക്കിൻെറ ചുളിവും മൊരിയും മാറാൻ വെളിച്ചെണ്ണ തേച്ചുകുളി ഉപകരിക്കും. നീലഭൃംഗാദി എണ്ണ എന്നു പേരുകേട്ട മുടിവളരാനും മുടി കൊഴിച്ചിൽ തടയാനുമുള്ള ഔഷധം കയ്യൂന്നിയും നീലാമരിയും വെളിച്ചെണ്ണയു, ചേർത്തുണ്ടാക്കുന്നതാണ്. ആയുർവേദത്തിൽ തേച്ചുകുളിക്കാനുള്ള മറ്റു പല എണ്ണകളും വെളിച്ചെണ്ണ ചേർത്താണുണ്ടാക്കുന്നത്. പണ്ട് നാം ബേബി ഓയിൽ ആയി ഉപയോഗിച്ചിരുന്നത് തേങ്ങാപ്പാൽ വറ്റിച്ചു കിട്ടുന്ന ഉരുക്കെണ്ണയായിരുന്നു. ഇന്ന് അജ്ഞതകൊണ്ടോ സമയക്കുറവുകൊണ്ടോ കുത്തകകൾ മാർക്കറ്റിലിറക്കുന്ന ബേബി ഓയിലുകൾ നാം വാങ്ങിക്കുന്നു. തേങ്ങാപ്പാലു വറ്റിച്ചുണ്ടാക്കുന്ന ഉരുക്കെണ്ണ ഉല്പാദിപ്പിച്ച് ബേബി ഓയിലായി മാർക്കറ്റിലിറക്കുന്നത് നമ്മുടെ തൊഴിലില്ലാത്ത യുവാക്കൾക്ക് ചെയ്യാവുന്ന ഒരു ബിസിനസ്സാണ്. അത്തരത്തിലുള്ള ഒരു ചെറിയ യൂണിറ്റ് നമ്മുടെ പഞ്ചായത്തിപ്പോൾത്തന്നെയുണ്ട്.

തെങ്ങ്

തെങ്ങുകൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണത്തിൽ **646** ഹെക്ടറിൽ നിന്നും **850** ഹെക്ടർ ആയിട്ടുണ്ടെങ്കിലും ഉല്പാദനം തീരെ കുറയുവാൻ പലകാരണങ്ങളുമുണ്ട്.

1. അശാസ്ത്രീയമായ പരിചരണമുറകൾ അനുവർത്തിച്ചു വന്നതുമൂലം കേരവൃക്ഷങ്ങളുടെ പ്രതിരോധശക്തി നശിച്ചു പോകുന്നതിനും തന്മൂലം വേരുചിയിൽ (റൂട്ട് വിൽട്ട്) ഓലചീയൽ എന്നീ രോഗങ്ങളും കീടങ്ങളുടെ ഉപദ്രവവും വർദ്ധിക്കുന്നതിന് ഇടയായി.

2. നിലവിലുണ്ടായിരുന്ന ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോയതിനാൽ വർഷത്തിൽ 8 മാസവും ജലനിരപ്പ് ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഒരടിമുതൽ രണ്ടടി വരെയാണ്. ഈ ഉയർന്ന ജലനിരപ്പ് തെങ്ങിൻെറ വേരുകൾ ചീഞ്ഞു പോകുന്നതിന് ഒരു പ്രധാനകാരണമാണ്. തന്മൂലം തെങ്ങിൻെറ ഉല്പാദനക്ഷമത ഗണ്യമായി കുറയുകയും ചെയ്യുന്നു.

അഭാവവും തെങ്ങുകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

7. യഥാകാലങ്ങളിൽ തെങ്ങിൻ തോട്ടങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന കൊത്തുംകിളയും തടമെടുക്കലും കർഷകത്തൊഴിലാളികളുടെ അഭാവത്തിൽ പാടേനിന്നു വരികയാണ്.

8. ശാസ്ത്രീയമായ വളപ്രയോഗത്തിൻെറ അഭാവവും ഉല്പാദനത്തെ ഗണ്യമായി ഭാധിച്ചിട്ടുണ്ട്.

9. ഉപ്പുവെള്ളത്തിൻെറ അതിപ്രസരം മൂലം തെങ്ങിൻ തോപ്പിലെ ഇടവളകൃഷികൾ നിന്നുപോയതും തെങ്ങിൻെറ ഉല്പാദനത്തെ സാരമായി ബാധിച്ചിരിക്കുകയാണ്.

10. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, കാത്സ്യം കാർബണേറ്റ്, കുമ്മായം എന്നിവയുടെ അഭാവവും തെങ്ങിൻെറ ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

11. വേനൽക്കാലത്ത് തെങ്ങിന് ജലസേചനം നടത്തേണ്ടത് പമ്പു സെറ്റുകളുടേയും തൊഴിലാളികളുടേയും അഭാവത്താലും, ശുദ്ധ ജലം ലഭിക്കാത്തതിനാലും അസാദ്ധ്യമായി വന്നിരിക്കയാണ്.

തെങ്ങ്, ഇടവിളപച്ചക്കറി

തെങ്ങുകൃഷിയുടേയും ഇടവിളകളുടേയും പച്ചക്കറി കൃഷിയുടേയും, പുനരുദ്ധാരണത്തിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1. നിലവിലുണ്ടായിരുന്ന ജലനിർഗ്ഗമനോത്തോടുകൾ അടഞ്ഞു പോയതും അടച്ചതും പുനഃസ്ഥാപിക്കുക.
2. രോഗപ്രതിരോധശക്തിയുള്ള തെങ്ങിൻ തൈകളും ഇടവിളകൾ കൃഷി ചെയ്യുന്നതിനാവശ്യമായ നടീൽ വസ്തുക്കളും ലഭ്യമാക്കുക.
4. ഇടവിള.യായി പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കരപ്പാടങ്ങളിൽ മൂന്നാം വിളയായി 10 സെൻറിനുമേൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്കും കുറഞ്ഞത് 0.5 എച്ച്. പി. യുടെ പമ്പുസെറ്റുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
5. ജൈവവളങ്ങളുടെ നിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക.
6. ഉല്പാദനച്ചിലവിനെ ആസ്പദമാക്കി കുറഞ്ഞ വിലയ്ക്ക് രാസവളങ്ങളുടേയും കീടനാശിനികളുടേയും കുമിൾ നാശിനികളുടേയും ലഭ്യത ഉറപ്പുവരുത്തുക.
7. എല്ലാ വിളകൾക്കും (നെല്ല്, തെങ്ങ്, പച്ചക്കറികൾ) കുമ്മായ വസ്തുക്കൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തുക.
8. തെങ്ങിനുള്ള ഓലചീലയിൽ, കൂമ്പുചീയൽ എന്നവയ്ക്കെതിരെയുള്ള മരുന്നുതളി പുനഃസ്ഥാപിക്കുക.
9. വേരുരോഗം വന്ന ഉല്പാദനശേഷി വളരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം രോഗപ്രതിരോധശക്തിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പിൽ വരുത്തുക.
10. തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
11. തെങ്ങിൻ തോട്ടങ്ങളിൽ കാലാകാലങ്ങളിൽ കിള നടത്തുന്നതിനും തടമെടുക്കുന്നതിനും നിലം ഉഴുന്നതിനുമായി പവർട്രില്ലറുകൾ ലഭ്യമാക്കുക.

പട്ടിക - 4
മഴയുടെ അളവ് (മില്ലി:മീറ്ററിൽ)

മാസം	1992	1993	1994	1995	1996
ജനുവരി	ഇല്ല	ഇല്ല	161.8	ഇല്ല	0.60
ഫെബ്രുവരി	ഇല്ല	ഇല്ല	99.5	ഇല്ല	4.00
മാർച്ച്	ഇല്ല	ഇല്ല	7.80	91.20	9.00
ഏപ്രിൽ	10.20	15.30	39.50	28.20	39.00
മെയ്	62.70	89.73	111.73	3,62.30	73.20
ജൂൺ	492.80	564.91	623.00	473.00	359.00
ജൂലൈ	562.60	601.40	590.20	555.60	582.50
ആഗസ്റ്റ്	ഇല്ല	104.04	497.50	280.60	252.70
സെപ്റ്റംബർ	292.86	104.04	170.00	106.85	144.22
ഒക്ടോബർ	326.60	101.60	329.60	230.90	227.34
നവംബർ	98.70	109.30	123.60	77.20	104.80
ഡിസംബർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ആകെ	1851.66	1690.38	2754.23	2205.85	1796.36

12. ചെമ്മീൻ പീലിങ്ങ് ഷെഡുകളിൽ നിന്നും നിർഗ്ഗമിപ്പിക്കുന്ന മലിന ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
13. അന്ധകാരനാഴി ഷട്ടറുകൾ നവംബർ അദ്യവാരത്തിൽ തന്നെ അടയ്ക്കുകയും ഉപ്പുവെള്ളം കയറാൻ സാദ്ധ്യതയുള്ള തോണിത്തോട്, ദേശത്തോട്, കാരത്തോട്, കാരാളം തോട്, കാവിൽതോട് എന്നീ പ്രധാന തോടുകളിൽ ചീപ്പുകൾ നിർമ്മിക്കുകയും ചെയ്താൽ തെങ്ങുകൃഷിയും നെൽകൃഷിയും ഇടവിളകൃഷിയും ഒരു പോലെ രക്ഷിക്കാവുന്നതാണ്.
14. കാർഷികോല്പന്നങ്ങളുടെ വിപണനം ഉല്പാദനച്ചിലവിനെ അടിസ്ഥാനമാക്കി നിശ്ചയിക്കുകയും സർക്കാർ തലത്തിൽ തന്നെ വിപണന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.

ജലസേചനം

പ്രധാനമായും തെക്കു പടിഞ്ഞാറൻ മൺസൂൺ, വടക്കുകിഴക്കൻ മൺസൂൺ എന്നിവയിൽ നിന്നാണ് ഈ പ്രദേശത്ത് മഴലഭിക്കുന്നത്. ഏറ്റവുമധികം മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ്. ജൂൺ ജൂലൈ മാസങ്ങളിലാണ് മഴകൂടുതൽ ലഭിക്കുന്നത് 1992 വർഷം മുതൽ

ഈ പ്രദേശത്ത് ലഭിച്ച മഴയുടെഅളവ് പട്ടിക '4' ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന വിളയായ നെല്ല് മഴയെമാത്രം ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. തെക്കു പടിഞ്ഞാറൻ മൺസൂൺ ആരംഭത്തോടു കൂടി തുടങ്ങുന്ന നെൽകൃഷി സെപ്തംബർ, ഓക്ടോബർ മാസങ്ങളിൽ (തുലാവർഷം) മൂലം ലഭിക്കുന്ന വെള്ളം സംഭരിച്ച് രണ്ടാം വിള നെൽകൃഷിക്കു പയോഗിക്കാൻ പ്രത്യേകം പ്രത്യേകം സംവിധാനങ്ങളൊന്നും ഇല്ലാത്തതിനാലും കായലിനോടു ചേർന്നുള്ള തോടുകളിൽ ഉപ്പുവെള്ളം കയറുന്നതിനാലുംരണ്ടാം വിളകൃഷി ഇറക്കി വിളവുകൊയ്തെടുക്കുക എന്നത് വളരെ സാഹസികമാണ്.

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മിക്ക വർഷങ്ങളിലും മഴലഭിക്കാറില്ല. ജലസംഗ്രഹണശേഷി ഒട്ടുംതന്നെയില്ലാത്ത ചൊരിമാണൽ പ്രദേശങ്ങളിൽ ഈ മാസങ്ങളിൽ ജലസേചനം വളരെ അത്യാവശ്യമാണ്. കർഷകർ പ്രധാനമായും കുളങ്ങളേയും കുഴൽക്കിണറുകളേയുമാണ് ജലസേചന ആവശ്യത്തിനായി ഉപയോഗിക്കുന്നത്. മിക്ക കുളങ്ങളും വേനൽക്കാലത്ത് വറ്റിപ്പോകുന്നതാണ്. ജലസേചന ആവശ്യത്തിനായി ഉപയോഗിക്കാവുന്ന പൊതുകുളങ്ങൾ ഒന്നും തന്നെയില്ല.

പട്ടിക 5

ജലസേചന സംവിധാനം

ക്രമനമ്പർ	ജലസ്രോതസ്സ്	ഉപയോഗിക്കുന്ന കർഷകരുടെ എണ്ണം
1.	കിണർ	230
2.	കുളം	717
3.	കുഴൽകിണർ	285
4.	തോട്	15

ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങൾ വർഷാ വർഷങ്ങളിൽ വെട്ടിസംരക്ഷിക്കാത്തതുമൂലം അവ വറ്റിപ്പോവുകയും തന്മൂലം ജലസേചനത്തിനു പൂർണ്ണമായും കുഴൽകിണറുകളെ ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. ഒരു വിഭാഗം കർഷകർ കിണറുകൾ ജലസേചനത്തിനായി ഉപയോഗിക്കുന്നെണ്ടങ്കിലും അവ വളരെ കുറഞ്ഞ വിസ്തീർണ്ണമുള്ള പുരയിടങ്ങളിൽ മാത്രമേ പ്രായോഗികമാവുന്നുള്ളു. കടലിനോടും കായലിനോടും ബന്ധപ്പെട്ടുകിടക്കുന്ന വലിയതോടുകളോടു ചേർന്നുള്ള ചെറുതോടുകളിൽ ഉപ്പുവെള്ളം കയറുന്നതു മൂലം അവ ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതി വിശേഷമാണ് ഇന്നു നിലവിലുള്ളത്. ഇതിനുള്ള ഏക പോംവഴി ഈ പ്രധാന തോടുകളിൽ ഉപ്പുവെള്ളം കയറാതെ സംരക്ഷച്ച്, തദ്വാരി തുലാവർഷത്തിൽ നിന്നും ലഭ്യമാകുന്ന ശുദ്ധജലം ചെറുതോടുകളിൽ സംഭരിച്ച്, അവ വേനൽക്കാലത്ത് ജല സേചനത്തിന് ഉപയോഗിക്കുക എന്നതുമാത്രമാണ്.

മത്സ്യകൃഷി

മത്സ്യകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ വലിയ സാദ്ധ്യതകളുമാണുള്ളത്. 1278 കുളങ്ങളും 15 മുഖ്യതോടുകലും അനേകം ഉപതോടുകളും ഇവിടെയുണ്ട്. പണിക്കൻ തുരുത്തു പാടശേഖരവും 2,3,4,8,9, വാർഡുകളുൾക്കൊള്ളുന്ന കരിനിലങ്ങളും മത്സ്യങ്ങളുടെ ആവാസകേന്ദ്രളാണ്. വലിയപാടവും വലിയ ഒരു മത്സ്യവിളനിലമാണ്. നെല്ലിന്റെ വിളവെടുപ്പിനുശേഷം ഈ കരിനിലങ്ങളിലും പാടശേഖരങ്ങളിലും യാതൊരുതരത്തിലുള്ള പരിചരണവും കൂടാതെ സ്വാഭാവികമായുണ്ടാകുന്ന മത്സ്യസമ്പത്തു തന്നെ ഏറെയാണ്. ശാസത്രീയമായ നിലമൊരുക്കലും പരിചരണവും ലക്ഷ്യബോധത്തോടുകൂടി നല്ല വിലയും രുചിയുമുള്ള മത്സ്യ ഇനങ്ങളുടെ വിത്ത് കൂടിയുണ്ടെങ്കിൽ നമുക്ക് കൈവരുന്ന മത്സ്യലാഭം ഒന്നോർത്തു നോക്കുക. ഓരുകേറ്റാതെ പാടങ്ങളിൽ ശുദ്ധജലമത്സ്യം വളർത്താം. ഓരിൽ വളരുന്ന മത്സ്യങ്ങളിവിടെയുണ്ട്. ചെമ്മീൻ വാറ്റുന്ന വെള്ളക്കെട്ടുകളിവിടെ കാണാം. അവയും തികച്ചും ശാസ്ത്രീയമായല്ല നടത്തിപ്പോരുന്നത്. അവർക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ശാസ്ത്രീയമായ നിർദ്ദേശങ്ങളും നല്കി ചെമ്മീന്റെ കൊയ്ത്ത് വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ ചെമ്മീന്റെ കുഞ്ഞുങ്ങളെ വളർത്തി വിളവെടുക്കുന്ന ചെമ്മീൻ കെട്ടുകളും പ്രോത്സാഹിപ്പിക്കാം.

നമ്മുടെ പഞ്ചായത്തിലെ തോടുകളിലും പാടങ്ങളിലും തെള്ളിച്ചെമ്മീൻ, കൂനച്ചെമ്മീൻ, കാരച്ചെമ്മീൻ, കൊഞ്ച് എന്നീ ഇനങ്ങൾ ലഭിക്കുന്നുണ്ട്. നാരനും കാരയും കൊഞ്ചും മറ്റും പണ്ട് ഇവിടെ വേണ്ടത്രയുണ്ടായിരുന്നെങ്കിലും ഇന്നു സുലഭമല്ല. പക്ഷേ നമ്മുടെ ഉപയോഗത്തിനും വില്പനയ്ക്കും വേണ്ടത്ര ഇനങ്ങളെ വർദ്ധിപ്പിച്ചെടുക്കാവുന്ന പരിസ്ഥിതിയാണ് നമ്മുടെ ജലാശയങ്ങൾക്കുള്ളത്. നമ്മുടെ തോടുകൾ എന്നും പലതരത്തിലുള്ള മത്സ്യങ്ങളുടെ ഉറവയാണ്. വരാല് എന്ന അതിരുചികരമായ മത്സ്യം ഏതോ ഒരു തരം രോഗം ബാധിച്ച് വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഏതു നക്ഷത്രമേശയിലും വിസ്മയകരമായ ഒരു ഡിഷായി അവതരിപ്പിക്കാവുന്നതാണ് വരാല് എന്ന മത്സ്യം. കണ്ണുരോഗങ്ങൾക്കും വരാല് നല്ലതാണ് എന്ന ഒരു നാട്ടറിവ് പണ്ട് ഉണ്ടായിരുന്നു. വരാലിട്ടിരുന്ന വെള്ളം ഒരു നല്ല പശയായും ഉപയോഗിച്ചിരുന്നു. സിമൻറ് വരുന്നതിനുമുമ്പു കുമ്മായം കൊണ്ട് കെട്ടിടനിർമ്മാണം നടത്തിയിരുന്ന കാലത്ത് കുമ്മായത്തിന് പശത്തും ഉറപ്പും ലഭിക്കുന്നതിന് വരാല് പിടിച്ചിട്ടിരുന്ന വെള്ളമാണ് ഉപയോഗിച്ചിരുന്നതെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു പക്ഷേ ഗവേഷണത്തിനു വിധേയമാക്കി വികസിപ്പിച്ചെടുത്താൽ വരാലിട്ട ജലം ഉപയോഗിച്ച് ഉറപ്പുള്ള പശനിർമ്മിച്ച് ഒരു വ്യവസായിക ഉല്പന്നമായി മാർക്കറ്റിലിറക്കാവുന്നതാണ്.

നമ്മുടെ തോടുകളിലുള്ള പള്ളത്തി, നന്തൻ എന്നീ ചെറുമത്സ്യങ്ങളും വളരെ സ്വാദിഷ്ടമാണ്. കടുത്ത പഥ്യം വിധിക്കുന്ന രോഗികൾക്കു വരെ ചെറുമത്സ്യം ആകാമെന്ന കാര്യം വൈദ്യസമ്മതമാണ്. ഏതായാലും നമ്മുടെ മത്സ്യ ഇനങ്ങളെ ശാസ്ത്രീയമായി വർദ്ധിപ്പിച്ച് എടുത്ത് നാടൻ ഉപഭോഗത്തിനും വില്പനയ്ക്കും ഉപയോഗിക്കാവുന്ന തരത്തിലുള്ള പദ്ധതികൾ വിദഗ്ദ്ധരുമായി ആലോചിച്ച് പഞ്ചായത്തിനു നടപ്പിലാക്കാവുന്നതാണ്. വരാലിന്റെ പ്രജനനകാലത്ത് വരാല് പിടിക്കുന്നതു നിരോധിക്കണം. എല്ലാ മത്സ്യങ്ങളുടേയും പ്രജനനകാലത്ത് അവ പിടിക്കുന്നത് നിരോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സാമൂഹ്യ സാമ്പത്തിക സർവ്വേ അനുസരിച്ച് 1278 കുളങ്ങൾ നമുക്കുണ്ട്. ഈ കുളങ്ങളിലെലല്ലാം മത്സ്യം വളർത്താനുള്ള പരിസ്ഥിതി സൃഷ്ടിച്ച് നല്ല ഇനം മത്സ്യങ്ങളെ വളർത്തിയാൽ നമ്മുടെ ഉപഭോഗം അതുകൊണ്ടു തന്നെ നിർവ്വഹിക്കാവുന്നതാണ്.

ഔഷധസസ്യകൃഷി - ബ്രഹ്മി ബുദ്ധിക്ക്

നമ്മുടെ പാടങ്ങളിൽ പടർന്നു പിടിച്ചു കിടക്കുന്ന ബ്രഹ്മി ഇന്ന് ലോറികളിൽ കയറ്റി ആയുർവ്വേദമരുന്നുകൾ വലിയതോതിൽ ഉണ്ടാക്കുന്ന ഫാക്ടറികൾക്ക് എത്തിച്ചു കൊടുക്കുന്നുണ്ട്. ഇത് പക്ഷെ താൽക്കാലികമായ ആവശ്യം കണക്കാക്കി വിവേകരഹിതമായാണ് വാരിയെടുക്കുന്നത്. ബ്രഹ്മിയുടെ വേരുപടലം പോലും മാന്തിപറിച്ചാണ് വാരിയെടുക്കുന്നത്. ഇതുമൂലം സംഭവിക്കുന്നത് നമ്മുടെ പാടങ്ങളിൽ വിളവെടുപ്പ് കഴിഞ്ഞ് ഇലയിട്ട് വിരിഞ്ഞു പടരുന്ന അമൂല്യമായ ഈ ഔഷധ ചെടിയുടെ വംശനാശം വന്നുകൊണ്ടിരിക്കുന്നു എന്നതാണ്. ബ്രഹ്മി ബുദ്ധിക്കു വിശേഷമായ പരിരക്ഷ ണവും വളർച്ചയും നല്കുന്ന ഒരു ഔഷധ സസ്യമാണെ ന്നാണ് ആയുർവ്വേദം വിധിക്കുന്നത്.

ഇന്ന് കേരളത്തിലെ എല്ലാ ആയുർവേദ മരുന്നുല്പാദകരും പല പച്ചമരുന്നുകളും കിട്ടാതെ വിഷമിക്കുകയാണ്. ഏതാനും വർഷങ്ങൾക്ക് തന്നെ ഈ പ്രതിസന്ധി രൂക്ഷമാകാനിടയുണ്ട്. അതുകൊണ്ട് ആയുർവ്വേദ മരുന്നുകൾക്ക് പ്രിയം ഏറിവരുന്ന ഈ കാലഘട്ടത്തിൽ ഔഷധസസ്യങ്ങൾക്ക് വലിയ ഭാവിയാണുള്ളത്. നമ്മുടെ വീടുകളിൽ തുളസിയുണ്ട് വീട്ടുവളപ്പിൽ പൂവാംകുറു ന്തലും മുയൽചെവിയനും, കുറുന്തോട്ടിയും കണ്ടേക്കാം. പക്ഷേ ഒരു മരുന്നുൽപാദന കമ്പനിക്ക് ഒരു ടൺ തുളസി വേണം. അല്ലെങ്കിൽ കുറുന്തോട്ടി വേണം. നമുക്കത് സപ്ലൈ ചെയ്യാനാവുമോ. ഇല്ല. പക്ഷെ കാലത്തിന്റെ ആവശ്യം മനസ്സിലാക്കി നാം ഏതെങ്കിലും ഔഷധസസ്യം ഉള്ളസ്ഥലത്ത് കൃഷിചെയ്യുകയാണെങ്കിലോ? നമുക്ക് ഔഷധനിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുക എന്ന മഹത്തായ കടമ നിർവ്വഹിക്കുന്നതോടൊപ്പം തന്നെ അതിന്റെ വിലയും നമുക്ക് ലഭിക്കുന്നു.

നല്ല വില കിട്ടുന്ന പല ഔഷധച്ചെടികളും ഇവിടെ നല്ലപോലെ വളരും. കൊടുവേലി, കുറുന്തോട്ടി, കച്ചോലം, കൂവളം എന്നിവ നല്ല വിലകിട്ടുന്ന മരുന്നുകളാണ്. കൂവളവും മറ്റും ആവശ്യത്തിനിപ്പോൾ കിട്ടാനില്ലെന്നാണ് അറിയുന്നത്.

കൃഷിവകുപ്പുമായി ബന്ധപ്പെട്ട് ഔഷധസസ്യകൃഷിയുടെ നമ്മുടെ പഞ്ചായത്തിലെ സാധ്യത അറിയുകയും അതനുസരിച്ച് താത്പര്യമുള്ള കൃഷികാർക്ക് അതിന് പദ്ധതി ആവിഷ്ക്കരിച്ച്കൊടുക്കുകയും വേണം.

അന്ധകാരനഴിയിലെ ഇന്നുള്ള ഷട്ടർ സംവിധാനം പ്രയോജനരഹിതമാണ്. അതുമാറ്റി ഫലപ്രദമായ പുതിയ ഷട്ടർ സ്ഥാപിക്കണം. കാവിൽ തോട്ടിലും ഷട്ടർ സംവിധാനം വേണം. പഞ്ചായത്തിലെ 8,9,10,11 വാർഡു കളിലെ കൃഷിക്ക് ഉപയുക്തമാക്കത്തക്കവിധം ഓരു കയറ്റാതിരിക്കാനും ശുദ്ധജലക്ഷാമം ഒഴിവാക്കാനും ഇതു കൊണ്ട് കഴിയും. കാവിൽ ഷട്ടർകൊണ്ട് 3,4,5,7 വാർഡു കളിലെ കൃഷിക്കു പ്രയോജനം. ശുദ്ധജലക്ഷാമത്തിനും പരിഹാരം.

ആന്തൂറിയവും മറ്റും

പൂക്കൾക്ക് മുമ്പത്തേക്കാളും വാണിജ്യപ്രാധാന്യം ഏറി വരുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ പഞ്ചായത്തിന്റെ മദ്ധ്യത്തിലുള്ള മണലോരം പൂകൃഷിക്ക് (Floriculture) യോജിച്ചതാണ്. പൂച്ചെടികൾ മണ്ണിലും. ചെടിച്ചട്ടിയിലും പ്ലാസ്റ്റിക്ക് ചാക്കുകളിലും ഒരു പോലെ വളരുന്നതുകൊണ്ട് എവിടേയും സാദ്ധ്യമാണ് എന്നതാണ് ഈ കൃഷിയുടെ ഒരു പ്രത്യേകത. ക്ഷാമം നേരിടാറുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കടലോരപ്രദേശത്തും, കായലോരപ്രദേശത്തും ശുദ്ധജലം ലഭ്യമാണ്. പ്രകൃതിയുടെ ഹൃദയം കനിവിന്റെ സ്രോതസ്സാണല്ലോ? മഞ്ഞുറഞ്ഞമലയിൽ ഉഷ്ണജലവാഹിനികളും, കടലോരത്ത് ശുദ്ധജലവാഹിനികളും കൊണ്ട് പ്രകൃതി അതിന്റെ അഹേതുകമായ കനിവ് സാക്ഷ്യപ്പെടുത്തുന്നു.

ആന്തൂറിയം

വാണിജ്യപ്രാധാന്യമുള്ള പൂക്കളാണ് ആന്തൂറിയംപൂക്കൾ. ചട്ടിയിലും, മണ്ണിലും വളരുന്നു. വീട്ടമ്മമാർക്കോ, തൊഴിൽ രഹിതരായ യുവതി-യുവാക്കൾക്കോ കൃഷി ചെയ്യാം. കമ്പോസ്റ്റ് വളമോ, മറ്റു ജൈവവളങ്ങളോ, രാസവളമോ ഉപയോഗിക്കാം. പൂവിന്റെ നിറവും, വലിപ്പവും നഷ്ടപ്പെടാത്ത തരത്തിലുള്ള വളപ്രയോഗവും പരിചരണവും ആശ്യമാണ്. അതിനുള്ള ചില സാങ്കേതിക വിദ്യകളും ഇന്നു ലഭ്യമാണ്. ഈ പൂക്കൾക്ക് കയറ്റുമതി സാധ്യതയുമുണ്ട്. ആവോജോസ് 144, ആവോ ആനീക്ക് 141, ആവോ ക്ലോഡിയ 168, അഗ്നിഹോത്രി എന്നീ യിനം ആന്തൂറിയങ്ങൾക്ക് വലിയ വാണിജ്യപ്രാധാന്യവും കയറ്റുമതി സാധ്യതയുമാണ് ഉള്ളത്. പൂക്കൾ വീട്ടിൽ വന്ന് വില തന്ന് കൊണ്ടുപോകാനുമാളുണ്ട്. 15 രൂപ മുതൽ 30 രൂപ വരെ ഒരു പൂവിന് വില വരും.

ഓർക്കിഡ്

വാണിജ്യപ്രാധാന്യമുള്ള മറ്റൊരിനം പൂകൃഷിയാണ് ഓർക്കിഡ് കൃഷി. ഇവ തറയിൽ തടമെടുത്തോ, ചട്ടിയിലോ വളർത്താവുന്നതാണ്. അരാക്ക്നിസ്, അരാന്ത്ര ഹോൾട്ടുമാറാ, മൊക്കാറ്റ, എറീസാ ആനിസ് എന്നീ ഓർക്കിഡ് ഇനങ്ങൾ വളരെ വില കിട്ടുന്ന ഇനങ്ങളാണ്.

ബോൺസായ്

തെങ്ങ്, പന, പ്ലാവ്, മാവ് തുടങ്ങിയുള്ള വൻ വൃക്ഷങ്ങൾ കൊച്ചുപാത്രങ്ങൾക്കുള്ളിൽ ഒതുക്കി വളർത്തിയെടു ക്കുന്നതിനാണ് ബോൺസായ് എന്നു പറയുന്നത്. ഒരു ചെടിക്ക് 2500 രൂപ വരെ വിലകിട്ടുമെന്നത് അത്ഭുതകരമല്ലേ?

കുറ്റിമുല്ല

ഇപ്പോൾ നമ്മുടെ പഞ്ചായത്തിന്റെ പല വീടുകളിലും ചെടിച്ചട്ടികളിൽ കുറ്റിമുല്ലകൾ വളരുന്നുണ്ടാകുമെങ്കിലും ഇത് വലിയ തോതിലുള്ള കൃഷിയായി ഏറ്റെടുത്ത് നടത്തുന്നവരില്ല. കൃഷി ഓഫീസുമായി ബന്ധപ്പെട്ട് സാങ്കേതികോപദേശം തേടി നമുക്ക് പൂകൃഷി പ്രോത്സാഹിപ്പിക്കാനായി പലതും ചെയ്യാനാവും.

കൂൺ

നമ്മുടെ നാട്ടിൻപുറത്ത് ധാരാളം ഇനം കൂണുകൾ പലകാലങ്ങളിലായി മുളച്ചു വരാറുണ്ട്. അവയിൽ നല്ലയിനം കൂണുകൾ കണ്ടേക്കാം. കൂടാതെ വൈക്കോൽ മെത്തയിൽ ശാസ്ത്രീയമായി കൂണിന്റെ വിത്തു പാകി മുളപ്പിച്ചെടുക്കുന്ന

രീതിയും അവലംബിക്കാവുന്നതാണ്. കൂണുകൊണ്ടുണ്ടാക്കുന്ന വിഭവങ്ങൾ ഇന്ന് നക്ഷത്രമേശകളിലും, സമ്പന്നന്മാരുടെയും. വി. ഐ. പി.കളുടേയും ഡൈനിങ്ങ് ടേബിളുകളിലും പ്രിയങ്കരമായ ഇനമായി മാറിയിരിക്കുന്നു. പണ്ട് നമ്മുടെ നാട്ടിൻ പുറത്ത് കൂണുപറിച്ച് കറിവെച്ചിരുന്നു. കാലത്തിന്റെ മാറ്റത്തോടെ റെഡിമെയ്ഡ ഇൻസ്റ്റൻറ് ഭക്ഷ്യവസ്തുക്കളും ഉൽപാദിപ്പിച്ച് വൻ ഫുഡ് ലോബികൾ പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ കമ്പോളത്തിന്റെ പുതിയ പ്രലോഭനങ്ങളിൽപ്പെട്ട് ആരോഗ്യകരമായ നമ്മുടെ നാടൻ വിഭവങ്ങളെ നാം മറന്നു. നാം ഉപേക്ഷിച്ചുപോന്ന ചില നല്ല വഴികളിലൂടെ നാം തിരിച്ചു നടക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൻ പുറത്ത് വളരുന്ന കറുകപുല്ലുവരെ അമൂല്യമാണ്. ഭക്ഷ്യവസ്തുവായും, ഔഷധമായും അവയ്ക്കെല്ലാം വലിയ സ്ഥാനമാണുള്ളത്. കൂണുകൊണ്ട് സോപ്പ് തൊട്ട് കട്‌ലറ്റ് വരെ പല ഭക്ഷണപദാർത്ഥങ്ങളുമുണ്ടാക്കാം. ധാരാളം മാംസ്യവും, ജീവകങ്ങളും അടങ്ങിയ ഒരു ആഹാര മാണത്. കൊഴുപ്പില്ലാതാനും

കൃഷി

മൾബറി

നമ്മുടെ തെങ്ങിൻതോപ്പുകളിൽ ഇടവിളയായും തീരപ്രദേശങ്ങളിലെ മണൽപ്രദേശങ്ങളിലും മൾബറികൃഷി ചെയ്യാവുന്നതാണ്. ഈ കൃഷിയെക്കുറിച്ചുള്ള ശാസ്ത്രീയമായ സകലവിവരങ്ങളും ഇന്നു നമുക്ക് സുലഭമാണ്.

പൂകൃഷിയെക്കുറിച്ച്, പുതിയ പൂച്ചെടികളെക്കുറിച്ച്, പൂക്കളുടെ വിപണനം, കയറ്റുമതി സാധ്യതകളെക്കുറിച്ച് എല്ലാം ഫ്ലോറിഡ് കൾച്ചർ എന്ന പ്രസിദ്ധീകരണത്തിൽ നിന്നും ലഭിക്കും. അതിന്റെ വിലാസം താഴെ ചേർക്കുന്നു.

E 11/47A, New Colocy
Hanz Rani
Malviya Nagar
New Delhi - 11017





മൃഗസംരക്ഷണം

ചരിത്രാതീതകാലം മുതൽ തന്നെ ഇരതേടുന്നതിനും, കാർഷിക വൃത്തിക്കും മറ്റുമായി മനുഷ്യർ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ക്രമേണ ഈ മൃഗങ്ങൾ വളർത്തുമൃഗങ്ങളായി മാറുകയും, ഇവയിൽ ഒരു വിഭാഗത്തിന്റെ പരിപാലനം മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയും ചെയ്തു. ഋഗ്വേദ കാലഘട്ടത്തിൽ ഗോ സമ്പത്തിന് സമൂഹത്തിന് വലിയ പ്രാധാന്യം കല്പിച്ചിരുന്നു. അതുകൊണ്ടു തന്നെ അവയുടെ പരിപാലനം ഓരോ വ്യക്തിയുടേയും സമൂഹ ജീവിതത്തിൽ സമ്പത്തിന്റെ അളവുകോലായി മാറി. പിൽകാല വൈദികകാലഘട്ടത്തിൽ യാഗാദികർമ്മങ്ങളിൽ ജന്തുബലി ഒഴിവാക്കാനാകാത്ത ഒരാചാരമായി മാറിയപ്പോൾ അതിനെതിരെ ജൈന ബുദ്ധ മതങ്ങൾ പ്രതികരിക്കുകയും തൽഫലമായി മൃഗപരിപാലനത്തെപ്പറ്റി ജനങ്ങളിൽ ഒരു പുതിയ അവബോധം ഉണ്ടാവുകയും ചെയ്തു.

നായാട്ടും കാർഷിക വൃത്തിയും ജീവിത ചര്യയുടെ മുഖ്യ ഘടകങ്ങളായിരുന്ന കാലഘട്ടത്തിൽ തന്നെ, മൃഗപരിപാലനത്തിന്റെ ആവശ്യകതയെപ്പറ്റി മുഷ്യൻ ബോധവാനായിരുന്നു. പാലും മാംസവും ആഹാരത്തിനും, ചർമ്മം വസ്ത്രം വാദ്യോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും ഉപയോഗിച്ചിരുന്നു. കൂടാതെ കാർഷികവൃത്തിക്കായി നിലം ഒരുക്കുന്നതിനും മൃഗങ്ങളെയാണ് ഉപയോഗിച്ചിരുന്നത്. ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു വസ്തുത മൃഗസംരക്ഷണത്തിലൂടെ കാർഷിക മേഖല കൈവരിച്ച നേട്ടങ്ങളാണ്. അതുകൊണ്ടുതന്നെ മൃഗപരിപാലനവും, കാർഷിക വൃത്തിയും അനുബന്ധമേഖലകളായി കരുതാവുന്നതാണ്. തൽഫലമായുണ്ടായ കാർഷികമുന്നേറ്റവും അതിലൂടെ നേടിയ മൃഗസമ്പത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയും ഈ രംഗത്തിന് ഒരു വ്യവസായിക പ്രാധാന്യം നൽകുകയും അത് ഗ്രാമീണ സമ്പത് ഘടനയിൽ പ്രകടമായ വളർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു.

ഏകദേശം രണ്ടു ദശകങ്ങൾക്കു മുമ്പുവരെ കന്നുകാലി വളർത്തലും അതിലൂടെ ലഭ്യമായ പാൽ വിതരണവും പഞ്ചായത്തിലെ വീടുകളിൽ പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്നു. എന്നാൽ കാർഷിക വൃത്തി ലാഭകരമല്ലാതായതിന്റെ ഫലമായി മൃഗപരിപാലനത്തിന്റെ സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ സാധാരണക്കാരന് പറ്റാതായി. ഉല്പാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങളുടെ പരിപാലനം ലാഭകരമല്ലാതിരുന്നതും പുതിയ തൊഴിൽ മേഖലകളുടെ ആവിർഭാവവും അവിടെ ലഭിക്കുന്ന മെച്ചപ്പെട്ട തൊഴിലവസരങ്ങളും, കാർഷിക മൃഗപരിപാലന രംഗത്തു നിന്നും പിൻമാറുവാനുള്ള പ്രേരണകളായി.

എന്നാൽ മൃഗപരിപാലന രംഗത്തും ക്ഷീരോല്പാദന വിപണന രംഗത്തും പുതിയ സങ്കരയിനം കന്നുകാലികളുടെ വരവും, അവയുടെ അത്യുല്പാദനശേഷിയും, ക്ഷീരസഹകരണ സംഘങ്ങളുടെ രൂപീകരണവും ഒരു പുത്തൻ ഉണർവ്വ് ഉണ്ടാകുന്നതിന് സഹായകമായി. ഈ ഒരു പശ്ചാത്തലത്തിൽ വേണം തുറവൂർ പഞ്ചായത്തിലെ മൃഗപരിപാലനരംഗത്തേയും ക്ഷീരോല്പാദന വിപണനമേഖലയേയും അടിസ്ഥാനമാക്കിയുള്ള ഈ ഗ്രാമ സഭാതല ചർച്ചയുടെ ഉള്ളടക്കത്തിലേക്ക് കടക്കുവാൻ.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 1500 കന്നുകാലികളും, 1400 ഓളം ആടുകളും 1598 വീടുകളിൽ കോഴികളുമുണ്ട്. പട്ടിക 1 താറാവ് കൃഷിയും പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഈ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കന്നുകാലി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ശാസ്ത്രീയമായ പരിജ്ഞാനമോ, ബോധവൽക്കരണമോ ലഭിച്ചിട്ടില്ല എന്നത് വസ്തുതയാണ്. തൻമൂലം ആദായകരമായി ഈ സംരംഭങ്ങൾ മുന്നോട്ടുകൊണ്ടു പോകുവാൻ ഇവർക്ക് കഴിയുന്നില്ല. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും തീറ്റപ്പുല്ലിന്റെ അഭാവവും, കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങളും ഇവർ നേരിടുന്ന മറ്റു പ്രശ്നങ്ങളാണ്.

പട്ടിക 1

വാർഡ്	പശു	ആട്	കോഴി
1	45	52	104
2	53	74	240
3	75	178	161
4	83	130	183
5	25	20	51
6	20	17	60
7	65	59	112
8	95	62	84
9	54	76	132
10	19	18	204
11	37	77	167
ആകെ	671	483	1598

അവലംബം **Socio Economic Survey 96**

പഞ്ചായത്തിലെ 9-ാം വാർഡായ മനക്കോടത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ മൃഗാശുപത്രി മാത്രമാണ് മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനം. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വാർഡുകളിൽ നിന്നും വളരെ അകലെയാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. അതിനാൽ വിദൂരസ്ഥങ്ങളായ പ്രദേശങ്ങളിൽ ആവശ്യമായ സേവനം യഥാസമയം ലഭിക്കുന്നില്ല. പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഊർജ്ജിത കന്നുകാലി വികസന പദ്ധതി അനുസരിച്ചുള്ള ഒരു ബീജദായകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വ്യാപ്തിയുമായി താരതമ്യപ്പെടുത്തുമ്പോൾ മൃഗസംരക്ഷണ മേഖലയിൽ സ്ഥാപനങ്ങളുടെ അപര്യാപ്തത വ്യക്തമാകും. മേൽപ്രസ്താവിച്ച മൃഗാശുപത്രിയിൽ ഒരു ഡോക്ടറുടെ സേവനം പോലും ലഭ്യമല്ല എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ആവശ്യത്തിന് മരുന്നും ലഭ്യമല്ല.

പ്രശ്നങ്ങൾ

1.സങ്കരയിനം കന്നുകാലികളുടേയും, കോഴിക്കുഞ്ഞുങ്ങളുടേയും ആടുകളുടേയും ലഭ്യതക്കുറവ്.

2.ഇവയുടെ രോഗങ്ങളെപ്പറ്റിയുള്ള അജ്ഞതയും ആവശ്യമായ സേവനത്തിന്റെ അപര്യാപ്തതയും

3.ശാസ്ത്രീയമായ ബോധവൽക്കരണത്തിന്റെ അപര്യാപ്തത പ്രത്യേകിച്ച് മൃഗപരിപാലനത്തിൽ

4.മാട്ടിറച്ചി, കോഴിയിറച്ചി മുതലായവയുടെ സംഭരണത്തിനും, വിപണനത്തിനും ഉള്ള ആധുനിക സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.

5. ആധുനിക രീതിയിലുള്ള തൊഴുത്തുകളുടെ അഭാവം

6. കാലിത്തീറ്റയുടേയും തീറ്റപ്പുല്ലിന്റേയും അമിതമായ വിലവർദ്ധനവും ലഭ്യതക്കുറവും.

7. മൃഗാശുപത്രികളുടേയും മരുന്നിന്റേയും ലഭ്യതക്കുറവ്.

8. മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

പരിഹാരമാർഗ്ഗങ്ങൾ

1) സങ്കര ഇനം കന്നുകാലികളേയും, ആടുകളേയും, കോഴി, താറാവ് മുതലായവയേയും പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ആവശ്യമുള്ളവർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുക.

2) കന്നുകാലി രോഗത്തെപ്പറ്റിയും, മൃഗപരിപാലനത്തെപ്പറ്റിയും ആളുകളെ ബോധവല്കരിക്കാൻ സെമിനാറുകളും, ക്ലാസ്സുകളും നടത്തുക.

3) കന്നുകാലി പരിചരണത്തിനായി ആവശ്യമുള്ള വാർഡുകളിൽ അവ സ്ഥാപിക്കുകയും, ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭ്യമാക്കുകയും ചെയ്യുക. ഈ ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുകയും വേണം.

4) കന്നുകാലികൾക്കും, കോഴി, താറാവ്, മുതലായവയ്ക്കും ഇൻഷുറൻസ് നിർബന്ധമാക്കുക.

5. മാട്ടിറച്ചി, കോഴിയിറച്ചി മുതലായവയുടെ സംഭരണത്തിനും വിതരണത്തിനും നടപടികൾ സ്വീകരിക്കുക.

6. കന്നുകാലികളുടെ ആരോഗ്യപരമായ പരിചരണത്തിനുതകും വിധം തൊഴുത്തുകൾ നിർമ്മിക്കാനുള്ള സാങ്കേതിക സഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

7. ക്ഷീര സഹകരണങ്ങൾ മുഖേന കാലിത്തീറ്റ സംഭരിക്കുകയും സബ്സിഡി നിരക്കിൽ അത് ആവശ്യക്കാർക്ക് വിതരണം നടത്തുകയും ചെയ്യുക. തീറ്റപ്പുൽ കൃഷി വ്യാപകമാക്കാൻ കന്നുകാലി കർഷകർക്ക് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നല്കി പ്രോത്സാഹിപ്പിക്കുക.

8. കന്നുകാലി പ്രദർശനം, കന്നുകുട്ടി പ്രദർശനവും സംഘടിപ്പിച്ച് അവർക്ക് സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുക.

9. ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ സ്ഥാപിക്കുകയോ, ഉള്ളവയുടെ സേവനം മറ്റു പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്യുക.

നടപ്പു പദ്ധതികൾ

1. കന്നു കുട്ടി പരിപാലന പദ്ധതി

ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക; ആദ്യപ്രസവം മുപ്പതാം മാസത്തിനുള്ളിൽ സാധ്യമാക്കുക, ഇൻഷുറൻസ് പരിരക്ഷ നല്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഇത് പഞ്ചായത്തിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കിവരുന്നു.

2. പേവിഷ നിയന്ത്രണ പദ്ധതി

ഘട്ടം ഘട്ടമായി പേവിഷം നിർമ്മാർജ്ജനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

3. കാലിവസന്തനിർമ്മാർജ്ജന പദ്ധതി, കുളമ്പുരോഗ നിവാരണ പദ്ധതി.

സാധാരണയായി കാലിവസന്ത, കുളമ്പുരോഗം എന്നിവയിൽ നിന്നും രക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്.

4. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ

5. ആടുവളർത്തൽ, വീട്ടുവളപ്പിലെ കോഴിവളർത്തൽ - പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെട്ടവർക്കായി ആട് കോഴി എന്നിവയെ നൽകിവരുന്നു.

6. ഇറച്ചിക്കോഴിവളർത്തൽ

7. കൃത്രിമ ബീജസങ്കലന കേന്ദ്രം

സൗജന്യ നിരക്കിൽ കർഷകരുടെ ഉരുക്കൾക്ക് ഇത് ലഭ്യമാക്കുന്നു.

നടപ്പു പദ്ധതികൾ പലതും നിലവിലുണ്ടെങ്കിലും ഇവയുടെ നടത്തിപ്പിൽ പല പോരായ്മകളും കാണുന്നു. മേൽപറഞ്ഞ

പദ്ധതികൾ ഉർജ്ജിതമായി നടത്തുന്നതിനും അതിന്റെ പ്രവർത്തനം എല്ലാ പ്രദേശത്തേക്കും വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ക്ഷീരവികസനം

നമ്മുടെ പഞ്ചായത്തിൽ ക്ഷീരവികസനമേഖലയുമായി ബന്ധപ്പെട്ടു നിൽകുന്നവർ ജനസംഖ്യയുടെ നാല്പതു ശതമാനമാണ്. 971 പശുക്കളും 230 കിടാരികളും 299 പശുക്കുട്ടികളുമാണ് നിലവിലുള്ളത്. പാലുല്പാദനം ആദായകരമാക്കുന്നതിന് നല്ല ഇനം പശുക്കൾ ശാസ്ത്രീയ പരിപാലനം, ബോധവൽക്കരണം എന്നിവ പോലെത്തന്നെ വിപണന സൗകര്യവും അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിലെ 1,2,3 വാർഡുകൾ കേന്ദ്രീകരിച്ച് വളമംഗലത്തും 7,8 വാർഡുകൾ കേന്ദ്രീകരിച്ച് തുറവൂരും 9-ാം വാർഡ് കേന്ദ്രീകരിച്ച് മനക്കോടത്തും ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ മനക്കോടം സംഘം പ്രവർത്തന രഹിതമാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പൊതുവേയും, മദ്ധ്യം വടക്കു കിഴക്ക് ഭാഗങ്ങളിൽ കൂടുതലായും കാലിവളർത്തൽ നിലവിലുണ്ട്. ആകെയുള്ള കറവപ്പശുക്കളിൽ അറുപതു ശതമാനവും സങ്കരവർഗ്ഗപ്പശുക്കളാണ്. ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ് എങ്കിലും ഗ്രാമീണ സമ്പദ് ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന ക്ഷീരകർഷകർ ഈ മേഖല പരിപോഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരാണ്.

പ്രശ്നങ്ങൾ

1. ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് കാലിത്തീറ്റയുടെ ദൗർലഭ്യവും, വിലക്കയറ്റവും, ആനുപാതികമായ പാൽ വില്പനവില ലഭിക്കായ്മയുമാണ്.

2. സങ്കരവർഗ്ഗം പശുക്കളുടെ ലഭ്യതക്കുറവ്.

3. ആരോഗ്യകരമായ സാഹചര്യങ്ങളുള്ള കാലിത്തൊഴുത്തുകളുടെ അഭാവം.

4. വിപണന സൗകര്യക്കുറവ്

5. ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

ക്ഷീരവികസന മേഖലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം, മൃഗസംരക്ഷണ മേഖലയിലെ പ്രശ്ന പരിഹാരത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പ് ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ അവലോകനം.

ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

1. കർഷക സമ്പർക്ക പരിപാടി

ഈ പഞ്ചായത്തിലെ സാക്ഷരതാ സമിതികൾ, മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നിവരുടെ സഹകരണത്തോടെ കർഷകർക്ക് ക്ഷീര വികസനം സംബന്ധിച്ച വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന കർഷകർക്ക് ചായ, ലഘുഭക്ഷണം എന്നിവ നൽകാനായി 200 രൂപ സർക്കാർ ധനസഹായം നല്കി വരുന്നു.

2. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം

പഞ്ചായത്തിലെ സാക്ഷരതാ സമിതികൾ, അംഗനവാടികൾ എന്നിവയുടെ സഹകരണത്തോടുകൂടി നാടൻ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കുന്നു. ഗ്രാമീണരിൽ പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ഉപതൊഴിലായി സ്വീകരിക്കുന്നതിനും ഈ പരിപാടിക്ക് സർക്കാർ ധനസഹായമായി 100 രൂപ നൽകുന്നു.

3. ചർച്ചാ ക്ലാസ്സുകൾ

കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ചചെയ്യുന്നതിനുവേണ്ടിയാണ് പാൽ സംഘം മുഖാന്തിരം ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്.

4. കന്നുകാലിപ്രദർശനം

ഇപ്പോൾ ബ്ലോക്കു തലത്തിലാണ് കന്നുകാലി പ്രദർശനം സംഘടിപ്പിച്ചു വരുന്നത് 94-95 സാമ്പത്തിക വർഷത്തിൽ വളമംഗലം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ വച്ച് ബ്ലോക്കു തല കന്നുകാലി പ്രദർശനം നടത്തി. കർഷകർക്ക് അവരവരുടെ ഉരുക്കളെ സ്വയം വിലയിരുത്തുന്നതിനും മറ്റു കർഷകരുമായി ആശയവിനിമയം നടത്താനും നല്ല ഉരുക്കളെ കണ്ട് ബോധ്യപ്പെടാനും വഴിയൊരുക്കുന്നതാണ് ഈ പ്രദർശനം. ഇതിനായ ധനസഹായം 900 രൂപ നല്കുന്നുണ്ട്.

5. മോഡൽ ഡയറിഫാം യൂണിറ്റ്

കാലിത്തൊഴുത്ത് നിർമ്മിച്ച് കറവപ്പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിക്കുന്നതിനു നൽകുന്ന ധനസഹായ പദ്ധതിയാണിത് രൂപ 7000 ധനസഹായമായി നല്കുന്നുണ്ട്.

6. ധാതു ലവണ മിശ്രിത വിതരണം

കറവപ്പശുക്കൾക്കും വളരുന്ന ഉരുക്കൾക്കും ധാതുലവണങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ഗുണമേന്മയേറിയതും പൊതുമേഖല, സഹകരണ മേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ ധാതു ലവണ മിശ്രിതങ്ങൾ സബ്സിഡി നിരക്കിൽ ഡയറിഫാം ഇൻസ്ട്രക്ടറുടെ ഓഫീസ്, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, ചേർത്തല ക്ഷീര വികസന ഓഫീസ് എന്നിവയിൽ കൂടി വിതരണം നടത്തി വരുന്നു.

7. ജീവക പൂരിതങ്ങൾ

ധാതു ലവണ മിശ്രിതം വിതരണം നടത്തുന്ന രീതിയിൽ തന്നെ ഇതും വിതരണം നടത്തി വരുന്നു.

8. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം

നല്ല പാർപ്പിടം, കറവപ്പശുക്കളിൽ 20% ത്തോളം പാലുല്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. രണ്ടു പശുക്കളെ ഉൾക്കൊ

ള്ളാൻ കഴിയുന്ന വൃത്തിയും ഉറപ്പുമുള്ള മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ രൂപ 1250 ധനസഹായം നല്കിവരുന്നുണ്ട്.

9. ഭവനസന്ദർശനം

ക്ഷീരവികസന രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ, കർഷകഭവനങ്ങൾ സന്ദർശിച്ച്, ഡയറിഫാം ഇൻസ്ട്രക്ടർ നല്കാറുണ്ട്.

II പുൽകൃഷി വികസനം

1. ഒരു ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാന പുൽകൃഷി.

കാലിത്തീറ്റയും പച്ചപ്പുല്ലിന്റെ പ്രാധാന്യവും കണക്കിലെടുത്ത് ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്താൽ കർഷകന് രൂപ 15000 ധനസഹായമായി നൽകും. പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകന് പാട്ടത്തുകയും നല്കും.

2. പുൽപയർ മിശ്രിത കൃഷി

ഗുണമേന്മയേറിയ പുല്ലു വർഗ്ഗങ്ങളും പോഷക പ്രധാനമായ പയർവർഗ്ഗങ്ങളും ചേർത്ത് പുൽപയർ മിശ്രിത വിത്തുകൾ പകുതി വിലയ്ക്ക് കർഷകർക്കു നല്കുന്നു. വീട്ടുവളപ്പിൽ 5 സെന്റ് മുതൽ കൃഷിചെയ്യാം. ഒരു ഹെക്ടറിന് രൂപ 500 രാസവളം എന്ന നിരക്കിൽ ലഭിക്കും.

3. ഗിനി പുൽകൃഷി

പുൽപയർ മിശ്രിതം പോലെ തന്നെ വിതരണവും സബ്സിഡിയും

4. പുൽക്കടക്കൃഷി

പുൽക്കട ഉപയോഗിച്ച് പുൽക്കൃഷി വ്യാപിപ്പിച്ചു വരുന്നു. വളം സൗജന്യമായി ലഭിക്കും.

5. ഉണക്കപ്പുല്ലു നിർമ്മാണം

കാട്ടിലോ പാതയോരങ്ങളിലോ വളരുന്ന പുല്ല് വെട്ടിയുണക്കി വേനൽകാലത്തേക്ക് സൂക്ഷിച്ചു വച്ച് ഉപയോഗിക്കുന്നതിന് ഒരു ടണ്ണിന് 200 രൂപ ധനസഹായം നല്കുന്നു.

6. യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരണം

സാധാരണ കർഷകർ ഉരുക്കൾക്കു നല്കുന്ന വൈക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിച്ചാൽ പോഷകഗുണം വർദ്ധിപ്പിക്കാനും തീറ്റച്ചിലവ് കുറയ്ക്കാനും കഴിയും. ധനസഹായവും സാങ്കേതിക ഉപദേശവും ഡയറിഫാം ഇൻസ്ട്രക്ടറിൽ നിന്നോ, ചേർത്തല ഡയറി എക്സ്ടൻഷൻ സർവ്വീസ് യൂണിറ്റിൽ നിന്നോ ലഭിക്കും.

7. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ

പാലിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, അഭ്യസ്തവിദ്യർക്ക് തൊഴിലവസരം ലഭിക്കുക, ഗ്രാമീണ ജനതയുടെ ആഹാരരീതി മെച്ചപ്പെടുത്തുക, പാലുല്പാദകർക്ക് ആദായകരമായ വില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിന്റെ പിന്നിലുള്ളത്. ഇത്തരത്തിലുള്ള യൂണിറ്റുകൾ തുടങ്ങുന്നതിനായി രൂപ 22000 ധനസഹായം നല്കുന്നു.

8. ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ

ക്ഷീരസഹകരണ സംഘങ്ങൾ മുഖാന്തിരം ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകാറുണ്ട്.


9. പ്രത്യേക ഘടകപദ്ധതി

പട്ടികജാതി വർഗ്ഗത്തിലുള്ളവർക്ക് IHDP കോളനിയിൽ കറവപ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും ധനസഹായം നല്കിവരുന്നു.

10. മേൽസൂചിപ്പിച്ചവ കൂടാതെ ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കർഷകർക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

മത്സ്യബന്ധനം

തുറവൂർ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ 1,2,3,4 എന്നീ വാർഡുകളിൽ ഏകദേശം നാലു കിലോമീറ്റർ കായലോരവും (വേമ്പനാട്ടു കായൽ) 8,9,10,11 എന്നീ വാർഡുകൾ ഉൾപ്പെടുന്ന പടിഞ്ഞാറേ അതിർത്തി പ്രദേശത്ത് ഏകദേശം മൂന്നര കിലോമീറ്റർ കടൽതീരവും മത്സ്യബന്ധനത്തിനായുണ്ട്. കടൽതീരത്തു നിന്നും ഏകദേശം രണ്ടു കിലോമീറ്ററിനുള്ളിലായി 1200 ഏക്കറോളം കരിനിലം, പ്രധാന വിളയായി നെൽകൃഷിയും, പൊക്കാളിക്കൃഷിയും, ഉപവിളയായി ചെമ്മീൻ കൃഷിയും നടത്തുന്നു. ഇതു കൂടാതെ പഞ്ചായത്തിൽ അങ്ങിങ്ങായി തരിശായി കിടക്കുന്ന 1288 ചെറുകുളങ്ങളും, വെള്ളക്കെട്ടുകളും, ശുദ്ധജലമത്സ്യകൃഷിക്ക് അനുയോജ്യമായി രൂപപ്പെടുത്താൻ കഴിയും.



മത്സ്യമുല്പാദനത്തിന് ആവശ്യമായ കുളങ്ങളും, കരിനിലങ്ങളും, കടലും കായലുമുണ്ടെങ്കിലും ഇവയിൽ നിന്നെല്ലാം കൂടി പഞ്ചായത്തിലെ ആവശ്യത്തിന്റെ 40% മാത്രമേ ഇന്ന് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളൂ. ഇപ്പോൾ കണ്ടുവരുന്നതായ കൊടിയ മത്സ്യക്ഷാമത്തിനു പ്രധാനമായ കാരണം കടൽ മത്സ്യത്തിന്റെ അഭാവമാണ്. പണ്ടെല്ലാം കടലിൽ നിന്ന് നെയ്ച്ചാളയും, ചെമ്മീനും വളരെ സുലഭമായി കിട്ടിയിരുന്നു. അക്കാലത്ത് ആവശ്യം കഴിഞ്ഞും ബാക്കി വരുന്ന മത്സ്യം ചാളനെയ്യ് ഉല്പാദിപ്പിക്കുവാനും, മത്സ്യവളം നിർമ്മിക്കുവാനും ഉണക്കി ചന്തയിലേക്ക് അയക്കുവാനും, ചെമ്മീൻ പരിപ്പ് ഉണ്ടാക്കുവാനുമായി ഒരു ചെറുകിട കുടിൽ വ്യവസായം നിലനിന്നിരുന്നു.

ഇപ്പോഴത്തെ കാരണവന്മാർ പറയും അന്ന് കടൽ നിറയെ മത്സ്യമായിരുന്നു ഇന്നത്തെപ്പോലെ ഫാക്ടറിക്കപ്പലുകളും, യന്ത്രവൽകൃത ട്രോളറുകളും ഔട്ട് ബോട്ട് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളും ഇല്ലായിരുന്നു. പത്തും പന്ത്രണ്ടും പേർ തണ്ടുവലിച്ച് ഏകദേശം രണ്ടു മൂന്ന് കിലോമീറ്റർ അകലെവരെ മാത്രമേ പോകേണ്ടിയിരുന്നുള്ളു. ഇന്ന് ഇത്രയധികം ആധുനിക വൽക്കരിച്ചിട്ടും ഭക്ഷണത്തിന് ആവശ്യമായ മത്സ്യം പോലും ലഭിക്കുന്നില്ല. ഇതിന്റെ അർത്ഥം കടലിലെ മത്സ്യ സമ്പത്ത് അനുദിനം ക്ഷയിച്ചു വരികയാണെന്ന് തന്നെയാണ് അനുമാനിക്കേണ്ടത്.

ഈ ഭീഷണിയെ മുന്നിൽ കണ്ടുകൊണ്ട് നാം വളരെയേറെ ഗൗരവമായി ഈ പ്രശ്നത്തെ കാണേണ്ടതുണ്ട്. വൻകിട വിദേശ ട്രോളറുകളേയും മറ്റും നമ്മുടെ കടൽതീരത്തു നിന്നും മാറ്റുവാൻ വേണ്ട നടപടികൾ കർശനമായും സ്വീകരിക്കേണ്ടതുണ്ട്. കടലിൽ ചെമ്മീനിന്റെ സ്ഥിതിയും ഇതു തന്നെ.

നമ്മുടെ മത്സ്യത്തൊഴിലാളികളുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്കുള്ള പ്രധാന കാരണവും ഇതു തന്നെയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിനാവശ്യമായ മത്സ്യം ഉല്പദിപ്പിക്കുന്നതിനും കൂടാതെ ഒരു നല്ല ശതമാനം വിദേശ നാണ്യം നേടിത്തരുവാനും കഴിയുന്ന വിധം നമ്മുടെ ജലാശയങ്ങൾ ശാസ്ത്രീയമായി മത്സ്യകൃഷിക്ക് ഒരുക്കേണ്ടതുണ്ട്.

ശാസ്ത്രീയ മത്സ്യക്കൃഷിക്ക് പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യയുണ്ടെങ്കിലും മത്സ്യക്കൃഷി പഞ്ചായത്തിൽ വ്യാപകമല്ല. അതിനുള്ള പ്രധാന കാരണം സാമ്പത്തിക പരാധീനതയും, മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അഭാവവുമാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഈ ദിശയിൽ വളരെയേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ അധീനപ്രദേശത്ത് മത്സ്യഫെഡിന്റെ പ്രാഥമിക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും (പള്ളിത്തോട് സൗത്ത്) മത്സ്യത്തൊഴിലാളി വികസനക്ഷേമസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രാഥമിക വിവരം

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	വള്ളം	ചീനവല
1	42	18	4	6
2	48	34	5	3
3	53	9	37	6
4	37	11	-	-
5	-	-	-	-
6	14	11	2	3
7	15	4	-	-
8	69	33	-	2
9	38	14	3	10
10	355	36	16	12
11	416	45	37	28
Total	1087	215	104	70

അവലംബം Socio Economics Survey 1996

നിലവിലുള്ള പദ്ധതികൾ

മത്സ്യഫെഡിന്റെ ഭവനനിർമ്മാണ പദ്ധതി

പഞ്ചായത്തിന്റെ 10, 11 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന പള്ളിത്തോട് സംഘത്തിൽ ആകെ 311 മത്സ്യത്തൊഴിലാളികൾ മാത്രമേ പേര് രജിസ്ടർ ചെയ്തിട്ടുള്ളു. ഈ പ്രദേശത്ത് ആകെ 162 വീടുകൾ മത്സ്യഫെഡിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മച്ചിട്ടുണ്ട്. വിവരണം പട്ടിക 2ൽ

ഘട്ടം	ലോൺ	സബ്സിഡി	മൊത്തം തുക	വീടുകളുടെ എണ്ണം
1	2000	2000	4000	30
2	3000	2000	5000	50
3	4000	2000	6000	80
4	12500	1500	14000	2
Total				162

ഇത്രയും ഭീമമായ തുക ഭവനനിർമ്മാണ വായ്പയായി നൽകിയിട്ടുണ്ടെങ്കിലും തിരിച്ചടവ് തൃപ്തികരമല്ല. ഭവനനിർമ്മാണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കാലാവധി 180 തവണ കഴിഞ്ഞിരിക്കുകയാണ്. ആയതിനാൽ വായ്പ കുടിശ്ശിക വരുത്തിയവരുടെ മേൽ നടപടികൾ സ്വീകരിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്ത് മതിയായ ബോധവൽക്കരണം ആവശ്യമായിരിക്കുന്നു.

മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പാ പദ്ധതി

പദ്ധതി	എണ്ണം	മത്സ്യത്തൊഴിലാളികളുടെ എണ്ണം
NCDCII	10 ഗ്രൂപ്പുകൾ	200
NCDCIII	3 ഗ്രൂപ്പുകൾ	24
	13 ഗ്രൂപ്പുകൾ	224

ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇത്രയും വായ്പ കൊടുത്തിട്ടുണ്ടെങ്കിലും നിലവിൽ നാല് ഗ്രൂപ്പുകൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളു. നിലച്ചു പോയ ഗ്രൂപ്പുകളുടെ വായ്പാ തിരിച്ചടവ് ഒട്ടും തൃപ്തികരമല്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷുറൻസ് പദ്ധതി.

മത്സ്യഫെഡ് രൂപം കൊടുത്തിട്ടുള്ള ഈ അപകട ഇൻഷുറൻസ് പദ്ധതിയിൽ ആകെ 10,11 വാർഡുകളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ 200 പേർ മാത്രമാണ് 15 രൂപ വീതമുള്ള പ്രീമിയം അടച്ചിട്ടുള്ളത്. ഈ ദിശയിൽ ശക്തമായ പ്രചരണവും ബോധവൽക്കരണവും ആവശ്യമാണ്.

മത്സ്യഫെഡിൽ നിന്നും കക്കൂസ് നിർമ്മാണ വായ്പ

മത്സ്യത്തൊഴിലാളി ഭവനങ്ങളോടനുബന്ധിച്ച് കക്കൂസ് നിർമ്മിക്കുന്നതിന് 1950 രൂപ വീതം ധനസഹായം നല്കുന്നുണ്ട് ഇതിൽ 750 രൂപ സബ്സിഡിയും 1200 രൂപ വായ്പയുമാണ്. ഈ വായ്പയ്ക്ക് വസ്തു ഈടു നല്കേണ്ടതില്ല. വായ്പതുക 7.5 ശതമാനം പലിശ സഹിതം 10 വർഷം കൊണ്ട് പ്രതിമാസ തവണകളായി തിരച്ചടച്ചാൽ മതി. തിരിച്ചടവിന്റെ ആദ്യത്തെ 100 തവണകൾ പ്രതിമാസം 14 രൂപ നിരക്കിലും പിന്നീടുള്ള 20 തവണകൾ 11 രൂപ നിരക്കിലുമാണ്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി

ഈ പദ്ധതിയിൽ 45 രൂപ വീതം നിക്ഷേപിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സ്റ്റേറ്റ് ഗവൺമെന്റിന്റേയും, കേന്ദ്രഗവൺമെന്റിന്റേയും വിഹിതമുൾപ്പെടെ പഞ്ചമാസങ്ങളിൽ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ഇതിൽ പലരും അംഗങ്ങളാണെങ്കിലും ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളിക ളുടെ പങ്കാളിത്തം ശുഷ്കമാണ്.

പ്രധാന പ്രശ്നങ്ങൾ

1. 10, 11 വാർഡുകൾ കടലിനോട് ചേർന്ന് കിടക്കുന്നുവെങ്കിലും വള്ളം അടുപ്പിക്കുന്നതിനുള്ള സൗകര്യമില്ല.

2. മത്സ്യബന്ധനോപകരണങ്ങൾ ലഭിക്കുന്നതിനുള്ള ഏജൻസികൾ പഞ്ചായത്തിലില്ല.

3. ധാരാളം വെള്ളക്കെട്ടുകളും, കരിനിലങ്ങളും പഞ്ചായത്തിലു ണ്ടെങ്കിലും ഉൾനാടൻ മത്സ്യകൃഷി ഫലപ്രദമായി നടക്കുന്നില്ല. തൃപ്തികരമായ പ്രോത്സാഹനവുമില്ല. ഇക്കാര്യത്തിൽ ഒരു മത്സ്യകൃഷി വിദഗ്ദ്ധന്റെ സേവനവും ലഭിക്കുന്നില്ല.

4. മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.

5. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്.

6. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പ്രത്യേകിച്ച് തീരദേശത്ത് കുടിവെള്ളം ലഭിക്കുന്നില്ല.

7. വിദേശ ലൈസൻസികളുടെ ആഴക്കടൽ മത്സ്യബന്ധനം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

8. കക്കൂസുകളുടെ അപര്യാപ്തത ആരോഗ്യപ്രശ്നവും, പരിസ്ഥിതി പ്രശ്നവും ഉണ്ടാക്കുന്നു.

9. മത്സ്യവിപണനത്തിന് ഉള്ള സൗകര്യങ്ങൾ വളരെ കുറവാണ്.

10. തീരപരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനം തീരോദ്ധാരണ മത്സ്യത്തൊഴിലാളികൾക്കുള്ള പാർപ്പിട നിർമ്മാണമുൾപ്പെടെ എല്ലാവിധ വികസനവും സ്തംഭിച്ചിരിക്കുകയാണ്.

11. തീരപ്രദേശത്ത് ആവശ്യമായ യാത്രാ സൗകര്യമില്ല.

12. മത്സ്യബന്ധനത്തിന് കൂടിയ ഹോഴ്സ് പവർ ഉപയോഗിച്ചുള്ള മത്സരം വിപരീത ഫലം ഉളവാക്കുന്നു.

13. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മതിയായ ചികിത്സാനു കൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

14. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള സാമ്പത്തീകാനു കൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

15. മത്സ്യസംസ്കരണ തലത്തിലെ അവശിഷ്ടങ്ങൾ ശ്രദ്ധയില്ലാതെ പുറംതള്ളുന്നതുകൊണ്ടുള്ള ആരോഗ്യ-പരിസ്ഥിത പ്രശ്നങ്ങൾ.

16. ഔട്ട്ബോർഡ് എഞ്ചിൻ റിപ്പയർ ചെയ്യുന്നതിനുള്ള അസൗ കര്യം

17. വീടുകൾ വൈദ്യുതീകരിച്ചാൽ തന്നെ കണക്ഷൻ ലഭിക്കുന്നതിനുള്ള കൺസെന്റ് ലഭിക്കുന്നില്ല.

18. 10,11, വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന്റെ അപര്യാപ്തത മൂലം ഗ്രാമ വാസികളായ മത്സ്യത്തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ ബുദ്ധിമുട്ടുണ്ട്.

19. മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള മണ്ണെണ്ണ കൃത്യമായ അളവിൽ ലഭിക്കുന്നില്ല. ഇപ്പോൾ അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ തോതും പര്യാപ്തമല്ല.

20. ശാസ്ത്രീയമായ രീതിയിൽ മത്സ്യക്കൃഷി ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അപര്യാപ്തത, മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, തീറ്റയുടെ അഭാവം, ശുദ്ധജലത്തിന്റേയും, ഓർ ജലത്തിന്റേയും ശരിയായ രീതിയിലുള്ള കയറ്റിറക്കു സംവിധാനത്തിന്റെ അഭാവം.

21. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ ഉപാധികൂടാതെ നടപ്പിലാക്കേണ്ടതുണ്ട്.

22. ചെറുകിട മത്സ്യബന്ധനോപകരണങ്ങൾ ഒരു അളവു വരെ ചെലവു കുറഞ്ഞ മത്സ്യ ബന്ധനത്തിന് വളരെ ആവശ്യമാണ്. ഇതിന് ഇപ്പോൾ പ്രോത്സാഹനം ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. അന്ധകാരനഴി ഒരു ഫിഷിംഗ് ഹാർബറാക്കി വികസിപ്പിച്ചാൽ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാണ്.

a) വള്ളം അടുപ്പിക്കുന്നതിനുള്ള സൗകര്യം

b) വിതരണ സൗകര്യം

c) യാത്രാ സൗകര്യം

d) ഔട്ട്ബോർഡ് എഞ്ചിന്റെ റിപ്പയർ കേന്ദ്രം എന്നിവ ഈ സംരഭത്തോടെ നടപ്പിൽ വരും

2) ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികളും ഒരു മത്സ്യകൃഷി വിദഗ്ദ്ധന്റെ സേവനവും നടപ്പിൽ വരുത്തണം.

3. മത്സ്യത്തൊഴിലാളിൾക്കുള്ള പെൻഷൻ ആനുകൂല്യം

യഥാസമയം ലഭ്യമാക്കണം.

4. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവായതിനാൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിപരമായും പദ്ധതികൾ ആസൂത്രണം ചെയ്യണം

a) പുൽപ്പായ് നെയ്ത്ത്

b) പുൽതടുക്ക്

c) ഗാർമെന്റ് മേക്കിംഗ്

d) കമ്പി കാർപ്പെറ്റ്

e) ശാസ്ത്രീയ രീതിയിൽ മത്സ്യം സംസ്കരിച്ച് ഉണക്കി വിതരണം ചെയ്യുന്ന പദ്ധതി.

5. ആഴക്കടൽ മത്സ്യബന്ധനം കർശനമായും നിരോധിക്കുക.

6. വാർഡിലെ എല്ലാ വീടുകൾക്കും കക്കൂസ് ലഭ്യമാക്കുക.

7. തീരപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വന്നിട്ടുള്ള സ്തംഭനത്തിന് ഫലപ്രദമായ ഭേദഗതികൾ വരുത്തണം.

8. ചേർത്തലയിൽ നിന്ന് അന്ധകാരനഴിവരെ വന്നു തിരികെ പോകുന്ന ബസ്സുകൾ ചെല്ലാനം വരെ സർവ്വീസ് നീട്ടുകയും, അന്ധകാരനഴി, തോപ്പുംപടി വഴി എറണാകുളത്തേക്കുള്ള ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.

9. കൂടിയ ഹോഴ്സ് പവർ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്തുക.

10. 10,11 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു പി.എച്ച് സെന്റർ സ്ഥാപിക്കുക.

11. മത്സ്യ സംസ്കരണ ശാലയിലെ അവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം കർശനമായും നിയന്ത്രിക്കണം.

12. പെർമിറ്റ് പ്രകാരം അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും, കൃത്യമായ അളവിൽ ലഭ്യമാക്കുകയും ചെയ്യുക

13. നിലവിലുള്ള മത്സ്യമേഖല സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

14. മത്സ്യത്തൊഴിലാളി വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

15. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രാമ മിനിസ്കീം നടപ്പിലാക്കുക.


16. മത്സ്യത്തൊഴിലാളികൾക്ക് ഉപാധികൂടാതെ കുടുംബപെൻഷൻ നൽകുക.

17. ചെറുകിട മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് I.R.D.P. വായ്പ നല്കുകയും, വ്യവസ്ഥ ഉദാരമാക്കുകയും ചെയ്യുക.

കപ്പ കുഴച്ചതും മീനും

പണ്ട്, ഓ കാലം പോലും മറന്നു. ഓർമ്മയിലിപ്പോഴും കൊതികൊണ്ടു നനയുന്നു. പറമ്പിൽ നിന്ന് പറിച്ചെടുത്ത മരച്ചീനിയും വലവച്ച് പിടിച്ച മീനും. അദ്ധ്വാനം കൂടി ചേർന്നപ്പോൾ ആഹാരത്തിന് എന്ത് രുചി. വെറുതെ ഓർത്തിട്ടെന്തുകാര്യം. അതിനൊക്കെ ഇപ്പോൾ എവിടെ നേരം മാത്രമല്ല മനക്കേടുമാണ്. അല്ല, ആകാമെന്ന് വച്ചാലും നടക്കില്ല. കുടികിടപ്പിനകത്ത് വീടു വച്ചു. രണ്ട് വാഴയുണ്ട് പത്ത് ചുവട് മരച്ചീനി നടാമെന്ന് വച്ചാലും സ്ഥലമില്ല. പിന്നെ മീൻ. പണ്ടെത്തെപ്പോലെ തോട്ടിലും കുളത്തിലുമൊന്നും മീനില്ല. വെറുതെ വരാലു കറി കൂട്ടി ഉണ്ടിട്ടെത്രകാലമായി. നമ്മുടെ വരാലൊക്കെ എവിടെപ്പോയി. പണ്ട് ഒരുപാട് ബുദ്ധിമുട്ടേണ്ട. ഒരു വല വച്ചാൽ മതി. ആവശ്യത്തിന് വരാലുകിട്ടുമായിരുന്നു. വേറെ എന്തൊക്കെ മീനുണ്ടെങ്കിലും വരാലിന്റെ രുചി ഒന്നു വേറെത്തന്നെയാണ്. പാവം വരാലൊക്കെ പുതിയ ഒരുതരം രോഗം പിടിച്ചു ചത്തുകൊണ്ടിരിക്കുന്നു. വരാലിന്റെ രോഗമെന്താണ്. ആ ആർക്കറിയാം. രോഗം കണ്ടെത്തിയെങ്കിലല്ലേ ചികിത്സിക്കാനൊക്കൂ. മത്സ്യശാസ്ത്രജ്ഞന്മാരിതുവരെ ഒന്നും തീർത്തു പറഞ്ഞിട്ടില്ല. ദൈവമേ, നമ്മുടെ നാടൻ മത്സ്യ സമ്പത്ത് നാട്ടുകാരുടെ ഏറ്റവും പ്രധാനപ്പെട്ട ഈ പ്രോട്ടീനാഹാരം സംരക്ഷിക്കാനും വർദ്ധിപ്പിക്കാനും ഒരു മാർഗ്ഗവുമില്ലേ. ആലോചിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പണ്ട് പുതുമഴ കഴിഞ്ഞു കിട്ടുന്ന പരലും, കയ്പ്പയും, പരുത്തിനന്ദനും, അണ്ടികള്ളി (കറുപ്പ്) യും ഒക്കെ എവിടെപ്പോയി. വല്ലപ്പോഴും അല്പം കിട്ടിയാലായി. ഇതൊരു വല്ലാത്ത കാലമാണ്. നമ്മുടെ നാടൻ മത്സ്യങ്ങളെ ശാസ്ത്രീയമായി വളർത്താനും സംരക്ഷിക്കാനും കഴിയണം. ആദ്യം നാം ചെയ്യേണ്ടത് എന്തൊക്കെ മീനുകളാണ് ഇപ്പോൾ നമ്മുടെ തോടുകളിലും കുളങ്ങളിലുമൊക്കെയുള്ളത് എന്നറിയണം. വരാല്, കൂരിമീൻ, കാരി, മുഴി, അണ്ടികള്ളി, ചെമ്മീൻ, കൊഞ്ച്, ആമ, പള്ളത്തി, പരുത്തിനന്ദൻ, പരല്, ഉറക്കം തൂങ്ങി, പൂളാൻ, കോലാ, കയ്പ തുടങ്ങി ഗ്രാമീണമായ രുചിയുടെ അനുഭവം നല്കുന്ന എത്രയേറെ മീനുകൾ. പോഷകസമൃദ്ധമായ അവയിൽ ചിലതിനെല്ലാം വംശനാശം വന്നോ എന്ന് സംശയമുണ്ട്. ഏതായാലും ഇപ്പോഴുള്ളവ വളർത്തിയെടുക്കാനും സംരക്ഷിക്കാനും നമുക്കു കഴിയും. അതിനുള്ള വിദഗ്ദ്ധോപദേശം നമുക്കു ലഭിക്കണം. നമ്മുടെ കാരണവന്മാർക്ക് അത് സംബന്ധിച്ചുള്ള നാട്ടറിവുകളും പ്രയോജനപ്പെടുത്താം. ചെമ്മീൻ ഷെഡുകളിൽ നിന്ന് ഒഴുക്കിവിടുന്ന വെള്ളം നമ്മുടെ തോടുകളിലേയും കുളങ്ങളിലേയും മത്സ്യങ്ങളുടെ സുസ്ഥിതിയെ ബാധിക്കുന്നില്ലേ? വേറെ എന്തൊക്കെയാണ് നമ്മുടെ മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ? ആലോചിച്ച്, അന്വേഷിച്ച് കണ്ടെത്തണം. ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യ സമ്പത്ത് നാട്ടിൽ നിന്നുതന്നെ നമുക്ക് അനായാസം ലഭിക്കുന്ന പ്രോട്ടീനാഹാര മാണ്. കുഞ്ഞുങ്ങളുടേയും അമ്മമാരുടേയും പോഷകാഹാര ക്കുറവ് നമ്മുടെ ആരോഗ്യരംഗത്തെ വലിയൊരു പ്രശ്നമാണ്. പ്രോട്ടീന്റെ സഹിഷ്ണൻസികൊണ്ട് കുട്ടികൾ മരിച്ചു പോകാറുണ്ട്. മരച്ചീനിയും മീനും സമ്പുഷ്ടമായ ആഹാരമാണെന്നാണ് പോഷകാഹാര വിദഗ്ദ്ധർ പറയുന്നത്. ❑

വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന സ്ഥിതി വിശേഷത്തിലേക്ക് നാം ഇന്ന് എത്തിച്ചേർന്നിരിക്കുകയാണ്. അതിരൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന നമ്മുടെ നാടിന്റെ സമഗ്ര പുരോഗതിക്ക് വ്യവസായവൽക്കരണമല്ലാതെ മറ്റ് മാർഗ്ഗം ഒന്നും തന്നെ ഇല്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉൽപ്പാദന വർദ്ധനവിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താനും സർവ്വോപരി നമ്മുടെ സാമ്പത്തിക സ്ഥിതിയും പ്രതിശീർഷവരുമാനവും മെച്ചപ്പെടുത്തുവാനും, യാഥാർത്ഥ്യബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയുമുള്ള ഒരു വ്യവസായ വളർച്ച രൂപപ്പെടുത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തദ്വാരാ സമൂഹത്തിന്റെ മുഴുവൻ പുരോഗതി സാദ്ധ്യമാക്കുകയും രാഷ്ട്ര നിർമ്മാണത്തിൽ നമ്മുടെ പഞ്ചായത്തിന്റെ തായ കർത്തവ്യം നിർവ്വഹിക്കുകയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമപഞ്ചായത്ത്, ആയതിന് ആവശ്യമായ സമൂല മാറ്റങ്ങൾ വരുത്തി സമൂഹത്തെ ബാധിക്കുന്ന ആഭ്യന്തര വിപത്തുകളായ ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, എന്നിവയിൽ നിന്ന് മുക്തമാക്കുന്നതിനുള്ള സമയബന്ധിതമായ ഒരു കർമ്മ പദ്ധതിക്കാണ് നാം ഇവിടെ ലക്ഷ്യമിട്ടിട്ടുള്ളത്.



പദ്ധതിയുടെ ഉദ്ദേശവും സ്വഭാവവും

അടുത്ത പഞ്ചവൽസരപദ്ധതിക്കാലത്ത് ഈ പഞ്ചായത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ചെറുകിട കുടിൽ വ്യവസായങ്ങളുടെ സാദ്ധ്യതകളെ ഇവിടുത്തെ ഉപഭോക്താക്കളുടെ ആവശ്യങ്ങളും രീതികളും കണക്കിലെടുത്തുകൊണ്ട് നിലവിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് വിഭവ സമ്പത്തിനെക്കൂടി അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിന്റെ കൂടി കൂട്ടായ ഒരു കർമ്മ പദ്ധതിക്ക് ചരിത്രത്തിലാദ്യമായി നാം രൂപം കൊടുക്കുകയാണിവിടെ

സാമ്പത്തിക സാമൂഹിക പശ്ചാത്തലം

കടലിനും കായലിനും മദ്ധ്യേ മണൽപ്പരപ്പും ചതുപ്പ് നിലങ്ങളുമായി 19.18 ച.കി.മി. വിസ്തൃതിയിലുള്ള ഈ പഞ്ചായത്തിൽ നാമമാത്രമായ നാളികേരമല്ലാതെ മറ്റ് നാണ്യ വിളകൾ ഒന്നും തന്നെ ഇല്ല. 5317 കുടുംബങ്ങളിലായി 25966 ജനസംഖ്യയും മൂന്നിൽ ഒന്ന് ഭാഗം നെൽകൃഷിയിലും അൽപ്പം കൊണ്ടൽ കൃഷിയിലും ഏർപ്പെട്ടിട്ടുള്ളവരാണ്. മറ്റ് കാർഷിക വിളകളിൽ ഏർപ്പെട്ടിട്ടുള്ളവർ വിരളമാണ്.

ജനങ്ങൾ പൊതുവേ സാംസ്കാരികമായും, സാമൂഹ്യപരമായും ഉയർന്ന ജീവിത ശൈലിയാണ് പ്രകടിപ്പിക്കുന്നത്.

തീരപ്രദേശങ്ങളിലും കായലോരങ്ങളിലും വസിക്കുന്നവർ ഉപജീവനത്തിനായി കൂടുതലും ആശ്രയിക്കുന്നത് മത്സ്യബന്ധനം, കക്കാസംഭരണം, കക്കാഇറച്ചി വിൽപ്പന എന്നിവയിലാണ്.

സമുദ്രോൽപ്പന്ന കയറ്റുമതിയുടേയും, സംസ്ക്കരണത്തിന്റേയും തലസ്ഥാനമായ അരൂർ, എഴുപുന്ന പഞ്ചായത്തുകളുടെ സമീപത്തുള്ള ഈ പഞ്ചായത്തിലേയും നല്ലൊരു വിഭാഗം സ്ത്രീകളുടേയും, പെൺകുട്ടികളുടേയും വരുമാനം പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന 15 പീലിംഗ് ഷെഡ്ഡുകളിലായി ഏകദേശം 1200 ഓളം സ്ത്രീ തൊഴിലാളികൾ പണി എടുക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ ഇതേ പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുള്ള ഏകദേശം 1500 ഓളം പേരെ കൂടാതെയാണിത്.

ഓഫീസുകളിലും ഫാക്ടറികളിലും പണി എടുക്കുന്ന 6% വരുന്ന ചെറിയ ഒരു

വിഭാഗത്തെക്കൂടാതെ കച്ചവടത്തിലും മറ്റ് സേവന സ്ഥാപനങ്ങളിലും 5% ഓളം ജനങ്ങൾ ഏർപ്പെട്ടിട്ടുമുണ്ട്.

മുഖ്യ പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ 1604 ഓളം സ്ത്രീ പുരുഷ തൊഴിലാളികളും ഈ പഞ്ചായത്തിലെ ഒരേ ഒരു കൈത്തറി സ്ഥാപനമായ തുറവൂർ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘത്തിൽ പണിയെടുക്കുന്ന 12 സ്ത്രീ തൊഴിലാളികളും ഒഴികെ മറ്റാരും തന്നെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടില്ല എന്ന് പറയാം. തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക No.1

		സ്ത്രീ	പു:	ആകെ
1	ആകെ ജനസംഖ്യ	13229	12737	25966
2.	പ്രായപൂർത്തി ആയവർ	–	–	12253
3.	വിദ്യാർത്ഥികളും കുട്ടികളും	–	–	3131
3 A	പ്രായാധിക്യം ഉള്ളവർ	–	–	–
4.	കയർ തൊഴിലാളികൾ	–	–	1604
5.	സമുദ്രോൽപ്പന്ന മേഖലയിൽ തൊഴിൽ എടുക്കുന്നവർ	81	771	852
6.	കച്ചവടത്തിൽ ഏർപ്പെട്ടിട്ടുള്ളവർ	–	151	151
7.	കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവർ	339	1079	1418
8.	ഓഫീസുകളിലും ഫാക്ടറികളിലും ജോലിചെയ്യുന്നവർ	135	370	505
9.	വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർ	46	179	225
10.	തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യർ	–	–	2147
11.	മറ്റ് തൊഴിൽ രഹിതർ	–	–	–
12.	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ	–	–	–

അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും

നമ്മുടെ പ്രദേശത്ത് നിന്നും ഏതാനും കി.മീറ്ററുകൾ മാത്രം അകലെ സ്ഥിതി ചെയ്യുന്ന കൊച്ചി തുറമുഖം, വിമാനത്താവളം എന്നിവയുടെ സാമീപ്യം കൊണ്ട് അനുഗ്രഹീതമായ ഈ പഞ്ചായത്ത് വ്യവസായ വളർച്ചക്ക് ആവശ്യമായ റോഡ് (NH.47) റെയിൽ ഗതാഗത സൗകര്യങ്ങളാലും സമ്പന്നമാണ്. വൈദ്യുതി, വാർത്താ വിനിമയം, ആരോഗ്യം, മാനവശേഷി തുടങ്ങിയവയാണ് വ്യവസായ വളർച്ചക്ക് അനുകൂലമായ അടിസ്ഥാന സൗകര്യങ്ങൾ. ഈ പഞ്ചായത്തിന്റെ സാഹചര്യം വ്യവസായ വളർച്ചക്ക് അനുയോജ്യമാണ്.

ജനസാന്ദ്രതയിൽ കേരളത്തിലെ ശരാശരിയിലും മുന്നിട്ടു നിൽക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യവും ഭൂമിയുടെ ലഭ്യതക്കുവും കണക്കിലെടുത്താൽ ചെറുകിട വ്യവസായത്തിന്റെ പ്രത്യേകിച്ച് കുടിൽ വ്യവസായത്തിന്റെ പ്രസക്തി എടുത്തു പറയേണ്ടതില്ലല്ലോ.

തുറവൂർ പഞ്ചായത്തിൽ മൂന്ന് പ്രാഥമിക സഹകരണ സർവ്വീസ് ബാങ്കുകളും കൂടാതെ Bank of India യും ആണ്. നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങൾ.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനും, ഓരോ കുടുംബത്തിന്റേയും വരുമാന വർദ്ധനവിനും, അതുവഴി ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള അനന്ത സാദ്ധ്യതകൾ ഇനിയും നാം കാണുന്നില്ല. അഥവാ വിനിയോഗിക്കാതിരിക്കുന്നു. ജനങ്ങൾക്ക് വേണ്ടുന്ന അറിവും മാർഗ്ഗ ദർശനവും നൽകുന്നതിൽ വന്നിട്ടുള്ള അപാകതയാണ് ഇതിന് പ്രധാന കാരണമെന്ന് വ്യക്തമാണ്. പുതിയ പുതിയ വ്യവസായ മേഖലകളെക്കുറിച്ചും അതിന് വേണ്ടുന്ന മുലധന സ്വരൂപണം, വിപണന സാധ്യതകൾ, പുതിയ വ്യവസായം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ തുടങ്ങിയവയെ സംബന്ധിച്ചും സമഗ്രമായ അറിവ് സമ്പാദിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചാൽ തൊഴിലില്ലാതെ കഷ്ടപ്പെടുന്ന അനേകം പേരെ സ്വയം തൊഴിൽ കണ്ടെത്താൻ മാത്രമല്ല തൊഴിൽ ദാദാക്കളാക്കി മാറ്റുവാനും കഴിയും എന്നുള്ളത് നിസ്സംശയമാണ്.

നിലവിലുള്ള വ്യവസായങ്ങളും അവയുടെ സ്വഭാവവും

പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് ഗ്രൂപ്പായി തരംതിരിച്ച് ചുവടെ ചേർക്കുന്നു.

പട്ടിക No.2

	നിലവിലുള്ള വ്യവസായങ്ങൾ	എണ്ണം	തൊഴിൽ ചെയ്യുന്നവരുടെ എണ്ണം
1.	കാർഷികാടിസ്ഥാനത്തിലുള്ളവ	8	25
2.	ആഹാര വസ്തുക്കൾ	19	28
3.	തടി/ വനം	20	43
4.	സമുദ്രോൽപ്പന്നം (ഐസ് ഫാക്ടറി ഉൾപ്പെടെ)	20	1209
5.	പേപ്പർ/പ്രിന്റിംഗ്	3	10
6.	വസ്ത്രം/കൈത്തറി	21	80
7.	റബ്ബർ	2	Closed
8.	പ്ലാസ്റ്റിക്ക്	3	8
9.	മിനറൽ	4	11
10.	കെമിക്കൽസ്	1	2
11.	ജനറൽ എഞ്ചിനിയറിംഗ്	5	21
12.	ഇലക്ട്രിക്കൽ/ഇലട്രോണിക്സ്	6	8
13.	ലോഹം	4	6
14.	കയർ	164	1604
15.	മറ്റ് സേവന സ്ഥാപനങ്ങൾ	28	37
16.	K.C.M.M.F കാലിത്തീറ്റ ഫാക്ടറി (മീഡിയം)	1	206
		309	3298

മേൽപട്ടിക പരിശോധിച്ചാൽ കയർ മേഖലയിലും, സമുദ്രോൽപ്പന്ന മേഖലയിലുമാണ് ഏറ്റവും കൂടുതൽ തൊഴിൽ ചെയ്യുന്നവരെന്ന് കാണാവുന്നതാണ്.

പരമ്പരാഗത വ്യവസായമായ കയർ മേഖലയുടെ ആധുനിക വൽക്കരണത്തിനും തൊഴിലാളികളുടെ ക്ഷേമപ്രർത്തനത്തിനും ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത താഴെ കാണുന്ന പട്ടിക പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്.

പട്ടിക No. 3

കയർ പിരി		തടുക്ക് ഉൽപ്പാദനം		കയറ്റുപായ നെയ്ത്ത്		കമ്പികാർപ്പെറ്റ്	
റാട്ട് എണ്ണം	തൊഴിലാളികൾ	തറി എണ്ണം	തൊഴിലാളികൾ	തറി എണ്ണം	തൊഴിലാളികൾ	എണ്ണം	തൊഴിലാളികൾ
252	756	431	810	8	28	1	10

നിലവിലുള്ള വ്യവസായങ്ങളുടെ പൊതുവേയുള്ള സ്വഭാവം:- ഒരേ തരത്തിലുള്ളവയാണ് അധികവും എന്നതാണ്. വിവിധ മേഖലകളിൽ പ്രാവീണ്യവും പരിചയവും നേടിയിട്ടുള്ള പലർക്കും സ്വയം തൊഴിലിലേക്ക് ആകർഷിക്കപ്പെടുന്നത്നു വേണ്ട പ്രചോദനവും സാങ്കേതിക ജ്ഞാനവും ലഭിക്കുന്നില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

P.M.R.Y പദ്ധതി പ്രകാരം 95-96 ൽ Bank of India ൽ നിന്നും 8 പേർക്കായി ഏകദേശം 6.50 ലക്ഷം രൂപ വായ്പ്പ നൽകിയപ്പോൾ 94-95 ൽ കേവലം ഒരേ ഒരാൾക്ക് മാത്രം 25,000/- രൂപയാണ് നൽകിയിട്ടുള്ളത്.

വനിതകളുടെ വ്യവസായ പദ്ധതിയിൻ കീഴിൽ പൊതുവേ റെഡിമെയ്ഡ് വസ്ത്രങ്ങൾ, കറി പൗഡർ, എന്നിവ വരുന്നില്ല എന്നതാണ് വസ്തുത. കഴിഞ്ഞ അഞ്ചു വർഷമായി പഞ്ചായത്തിൽ ആകെ 8 വനിതാ വ്യവസായങ്ങളാണ് വന്നിട്ടുള്ളത്. അതിൽ തന്നെ മൂന്നെണ്ണം മാനേജ്മെന്റിൽ വന്നിട്ടുള്ള തകരാറു മൂലം പൂട്ടിപ്പോകുകയോ പ്രവർത്തനം നിലച്ചു പോകുകയോ ചെയ്തിട്ടുള്ളവയാണ്. ഇവയ്ക്കെല്ലാം കൂടി സർക്കാരിൽ നിന്നും ഏകദേശം 1.68 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

തീവ്ര സാങ്കേതിക വികസന പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ 3,4 വാർഡുകളിലായി കഴിഞ്ഞ പദ്ധതിക്കാലത്ത് 25 കുടുംബങ്ങൾക്ക് 5.80 ലക്ഷം രൂപാ സർക്കാർ വായ്പയായും, ഗ്രാന്റായും വ്യവസായ ആവശ്യത്തിന് ലഭിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വാർഡുകളിൽപ്പെട്ട 5 പേർക്ക് ആകെ 75000/- രൂപയുടെ ആനുകൂല്യവും ലഭിച്ചിട്ടുണ്ട്.

വ്യാവസായിക വളർച്ച പരിമിതികളും പോരായ്മകളും

വ്യാവസായിക വികസനത്തെ സംബന്ധിച്ച് വസ്തുനിഷ്ഠമായ വിലയിരുത്തലിന് നമ്മുടെ പ്രദേശത്തിന്റെ മാത്രം പ്രത്യേകതകളും, പരിമിതികളും, പ്രശ്നങ്ങളും

കണക്കിലെടുക്കേണ്ടതുണ്ടല്ലോ. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ, പ്രത്യേകിച്ച് പ്രാഥമിക പ്രവർത്തനങ്ങളായ തൊണ്ടഴുക്കൽ, ചകിരി ഉൽപ്പാദനം, കയർ പിരി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പരിമിതമായ കൂലി നിരക്ക് ഒരു പരിധി വരെ കയർ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നമ്മുടെ ഇപ്പോഴത്തെ വ്യവസായിക സാഹചര്യം, അതായത് സമിദ്രോൽപ്പന്ന വ്യവസായങ്ങളിലെ ആകർഷകമായ വേതന നിരക്ക് കയർ മേഖലയിൽ തൊഴിൽ ചെയ്യുന്നതിൽ നിന്നും പ്രത്യേകിച്ച് സ്ത്രീകളെ പിന്തിരിപ്പിച്ചിട്ടുണ്ട്. തന്മൂലം ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തൊണ്ടിന്റെ അഴുക്കലും, ചകിരി ഉൽപ്പാദനവും നാമമാത്രമായിട്ടുണ്ട്. പകരം മറുനാടുകളിലെ പച്ചത്തൊണ്ടിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ചകിരിയാണ് കയർ ഉൽപ്പാദനത്തിന് അധികവും ഉപയോഗിക്കുന്നത്. ഇങ്ങനെ നമ്മുടെ വ്യാവസായിക അസംസ്കൃത വസ്തുവായ തൊണ്ട് ഇന്ധനമായും മറ്റും പാഴാവുകയും ചെയ്യുന്നു.

വ്യവസായവും സർക്കാർ ധനസഹായങ്ങളും

ഓരോ വർഷവും വ്യാവസായിക അഭിവൃദ്ധിക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് മുഖേന നൽകപ്പെടുന്ന സർക്കാർ ധനസഹായ പദ്ധതികളെപ്പറ്റി ഇനി വിവരിക്കാം.

1. മൂലധന നിക്ഷേപ സബ്സിഡി

വ്യവസായത്തിന് മുതൽ മുടക്കുന്ന സ്ഥിരം മൂലധനത്തിന്റെ 15% സബ്സിഡിയായി നൽകുന്നു. പരമാവധി 15 ലക്ഷം രൂപാ വരെ 23-9-91 ന് ശേഷം ഉൽപ്പാദനം ആരംഭിച്ച സ്ഥാപനങ്ങൾക്കാണ് ഈ സബ്സിഡിക്ക് അർഹത.

2. വിൽപ്പന നികുതി ഒഴിവാക്കൽ

പുതിയതായി തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങളെ ഉൽപ്പാദനം തുടങ്ങിയ തീയതി മുതൽ 7 വർഷത്തേക്ക് വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കുന്നു. ഇങ്ങനെ ഒഴിവാക്കുന്ന തുക സ്ഥാപനത്തിന്റെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 100% നിജപ്പെടുത്തിയിരിക്കുന്നു.

3. വനിതാ വ്യവസായ പദ്ധതി

വനിതകളുടെ ഉടമസ്ഥതയിൽ ഉള്ളതും വനിതകളാൽ നടത്തപ്പെടുന്നതും 80% ൽ കുറയാതെ സ്ത്രീ ജോലിക്കാരുള്ളതുമായ ഉൽപ്പാദന സ്ഥാപനങ്ങളെ വനിതാ വ്യവസായമായി കണക്കാക്കുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനും മിഷനറിക്കും 50% സബ്സിഡി നൽകുന്നു. ഓരോന്നിനും പരമാവധി 25000/- രൂപാ വരെ ലഭിക്കും. കെട്ടിടം വാടകയ്ക്ക് ആണെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് വാടക ഗ്രാന്റും സാങ്കേതിക വിദഗ്ധർക്ക് മാനേജേരിയൽ ഗ്രാന്റും ട്രെയിനികൾക്ക് സ്റ്റൈപ്പന്റും ലഭിക്കും.

4.പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് പലിശരഹിത വായ്പ

ഈ പ്രത്യേക പട്ടികയിൽപ്പെടുന്ന വ്യവസായ സംരംഭകർക്ക് 10000/- രൂപാ വരെ പലിശയില്ലാതെയും 1% പലിശയോടെ 15,000/- രൂപാ വരെയും അതിനു മീതെ 50000/- രീപാ വരെ 4% മൂലധനഗ്രാന്റായും ലഭിക്കുന്നു. പട്ടിക വർഗ്ഗക്കാർക്ക് 100% മൂലധനഗ്രാന്റായും, പലിശരഹിത വായ്പയായും നൽകുന്നു.

5. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം

ഗ്രാമങ്ങളിലും, 25000ത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള പട്ടണങ്ങളിലും അധിവസിക്കുന്ന ഗ്രാമീണ കൈത്തറിതൊഴിലാളികൾക്ക് 10,000/- രൂപയിൽ കവിയാത്ത യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് മൂന്നിലൊന്ന് സബ്സിഡിയോടുകൂടി (3000) ബാങ്ക് വായ്പ്പ നൽകും.

6.P.M.R.Y

ഒരു ലക്ഷം രൂപാ വരെ മുതൽ മുടക്കുള്ള വ്യവസായം, സേവനം, വ്യാപാരം എന്നിവ തുടങ്ങുന്നതിന് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് വായ്പ നൽകുന്ന പദ്ധതിയാണ് പ്രൈംമിനിസ്റ്റേഴ്സ്, റോസ് ഗാർ യോജന. 18 നും 35 നും മദ്ധ്യേ പ്രായമുള്ളവർക്കും വാർഷിക കുടുംബവരുമാനം 24000 രൂപയിൽ കവിയാത്തവർക്കുമാണ് ഈ വായ്പക്ക് അർഹത. സബ്സിഡി 15% പരമാവധി 7500 രൂപ.

7.പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി

നഷ്ടത്തിൽ ഓടുന്നതും, വായ്പ കുടിശിക വന്നിട്ടുള്ളതുമായ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പരിപാടിയാണിത്. പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്ത

സ്ഥാപനങ്ങൾക്ക് 1 ലക്ഷം രൂപാ വരെ മാർജ്ജിൻ മണി വായ്പ, വിൽപ്പന നികുതി ഒഴിവ്, സർക്കാർ വായ്പ്പകൾക്ക് പുതുക്കിയ കാലാവധി, ജപ്തി നടപടികളിൽ നിന്ന് ഒഴിവ് എന്നിവ ലഭിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ മാർജ്ജിൻ മണി, ലോൺ, വൈദ്യുതി നിരക്കിൽ ഇളവ്, സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിനുള്ള സബ്സിഡി, ജനറേറ്റർ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു.

സാദ്ധ്യതയുള്ള നൂതന വ്യവസായ പദ്ധതികൾ

ഒരു വ്യവസായം തെരെഞ്ഞെടുക്കുന്നതിന് സംരംഭകന്റെ ആ വിഷയത്തിലുള്ള പരിജ്ഞാനം, പരിചയം എന്നിവ ഒട്ടും തന്നെ അവഗണിക്കാൻ പാടില്ലാത്തതാണ്. ആധുനിക യുഗത്തിൽ തദ്ദേശ വിഭാഗങ്ങളേയും വിപണികളേയും മാത്രം ആസ്പദമാക്കി വ്യവസായ സാധ്യതകളെ കണ്ടെത്തുക എന്നത് അഭികാമ്യമല്ലല്ലോ. കാരണം വളരെ ചുരുങ്ങിയ ചിലവിൽ ചരക്കുകളുടെ ക്രയവിക്രയവും നീക്കവും സാധിക്കുന്നതിൽ നമ്മുടെ വാർത്താ വിനിമയ ഗതാഗത സൗകര്യം മെച്ചപ്പെട്ടിട്ടുണ്ട്. അതിനാൽ ഏതു വ്യവസായത്തിന്റേയും സാധ്യതകൾ പ്രസ്തുത സംരംഭകന് വിപണിയിലെ മൽസരത്തെ അതിജീവിക്കുന്നതിനുള്ള കഴിവിനേയും ഉൽപ്പന്നത്തിന്റെ ഗുണമേന്മയേയും മറ്റും ആശ്രയിച്ചുമാണ്. എങ്കിലും ഓരേ സ്വഭാവമുള്ള വ്യവസായങ്ങളുടെ ബാഹുല്യവും ഉൽപ്പന്നങ്ങളുടെ ലഭ്യതയും ഉപഭോഗവും കണക്കിലെടുത്തും നമ്മുടെ പ്രദേശത്ത് സാധ്യതയുള്ള ഏതാനും ചില വ്യവസായങ്ങളുടെ പട്ടിക ഇവിടെ കൊടുക്കുന്നു.

കൂവപ്പൊടി പ്രൊജക്ട്

കൂവ ധാരാളമായി വളരുന്ന ഒരു പഞ്ചായത്താണിത്. പ്രത്യേകം കൃഷി ചെയ്യാതെതന്നെ ഒരു കള പോലെ തനിയെ വളർന്നു വരികയാണ് കൂവ നമ്മുടെ പറമ്പുകളുലെല്ലാം. ഈ കൂവ വ്യാവസായികമായി നമുക്ക് ഉപയോഗിക്കാം. കൂവപ്പൊടിക്ക് ഇന്ന് കമ്പോളത്തിൽ തീപിടിച്ച വിലയാണ്. ഒരു സ്പ്രേ ഡ്രൈയറും മറ്റ് അത്യാവശ്യ മെഷീനറികളും ഉണ്ടെങ്കിൽ നമുക്ക് പഞ്ചായത്തിൽ ഒരു കൂവപ്പൊടി യൂണിറ്റ് തുടങ്ങാം.



പട്ടിക നമ്പർ 4

വ്യവസായം	ഉദ്ദേശം മുതൽ മുടക്ക് രൂപ ലക്ഷത്തിൽ
1, ചെറിയ HM-H.D.P.E ഫിലിം, ബാഗുകൾ	7.00
2, FRP ജനലുകൾ, വാതിലുകൾ	6.00
3, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ (ഇൻഡക്ഷൻ/സ്ലോമോൾഡിംഗുകൾ കൈകൊണ്ട് പ്രവർത്തിക്കുന്നവ)	0.75
4, PVC കവറുകൾ	2.00
5, കൃഷി ഉപകരണങ്ങൾ	2.00
6, ചോക്ക്	0.50
7, ഓട്ടോമൊബൈൽ റിപ്പയർ	1.50
8, സൈക്കിൾ റിപ്പയർ	0.25
9. ഡെക്കറേറ്റിംഗ് പേപ്പർ	5.50
10, യന്ത്രക്കളിപ്പാട്ടങ്ങൾ	6.00
11, സ്റ്റീൽ, അലുമിനിയം ഫർണിച്ചർ	6.00
12, റോളിംഗ് ഷട്ടറുകൾ	4.00
13, സർജിക്കൽ ബാന്റേജ്	1.25
14, തടിഫർണിച്ചറുകൾ/ജനൽ/കതകുകൾ	4.00
15, പാൻസുപാരി	3.00
16, ഫ്രൂട്ടി	2.00
17, ഫൈബർ ബ്രഷുകൾ	2.00
18, അലുമിനിയം ഫാബ്രിക്കേഷൻ	3.00
19, കോയിൽ സ്പ്രിംഗ്	10.00
20, അലുമിനിയം ആനോഡൈസിംഗ്	8.00
21, GI Plate & Net Basket	2.00
22, ഇലക്ട്രോ പ്ലേറ്റിങ്ങ്	5.00
23, T.V ആന്റിന	1.00
24, റബ്ബർ ചെയ്ത കയർ മാറ്റ്	10.00
25, ടയർ റീ ട്രെയിഡിങ്ങ്	2.50
26. Arrowroot Flour	2.00
27. Coconut	100.00
28. Dicicated Coconut	30.00
29. Coconut Cream	60.00
30. Coconut shell products (Handicrafts)	0.50
31, ഇലക്ട്രോണിക് ചോക്ക്	0.50

മേൽ കൊടുത്തിട്ടുള്ള ലിസ്റ്റ് കേവലം സൂചനകൾ മാത്രമാണ്. വിശദമായ വ്യവസായങ്ങളുടെ ലിസ്റ്റും, അതിന്റെ ടെക്നോളജിയും ലഭിക്കുന്ന സ്ഥലങ്ങളുടെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു

കൂടാതെ നമ്മുടെ പഞ്ചായത്തിന്റെ തൊട്ട് സമീപമുള്ള തൈക്കാട്ട്ശ്ശേരി പ്രദേശത്ത് ലഭിക്കുന്ന സിലിക്കാ മണൽ ഉപയോഗിച്ചാൽ വൻ വ്യവസായ സാഥാപനങ്ങൾക്ക് വരെ സാധ്യതയുണ്ട്.

പട്ടിക നമ്പർ - 5

സ്ഥാപനത്തിന്റെ പേര്	ലഭിക്കുന്ന സേവനം
1, ജില്ലാ വ്യവസായ കേന്ദ്രം ആലപ്പുഴ (മെഡിക്കൽ കോളേജിന് പടിഞ്ഞാറുവശം	വിശദമായി വ്യവസായങ്ങളുടെ ലിസ്റ്റും തുടങ്ങുന്നതിനുള്ള സഹായവും (സൗജന്യം)
2. ഡോക്യുമെന്റേഷൻ സെന്റർ വാട്ടർ വർക്സ് കോമ്പൗണ്ട് തിരുവനന്തപുരം (മ്യൂസിയം റോഡ്)	എല്ലാവിധ വ്യവസായങ്ങളുടേയും ലിസ്റ്റ് പ്രോജക്ട് റിപ്പോർട്ട്, റഫറൻസ് ഗ്രന്ഥങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ (സൗജന്യം)
3. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിയൽ ബോർഡ് (ആലപ്പുഴ മെഡിക്കൽ കോളേജിന് പടിഞ്ഞാറു വശം	വ്യവസായങ്ങളുടെ ലിസ്റ്റ് ധനസഹായം
4. റീജിണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാപ്പനംകോട്, തിരുവനന്തപുരം	പ്രോജക്ട് റിപ്പോർട്ടും സാങ്കേതിക വിജ്ഞാനവും(സൗജന്യമല്ല.)
5. കഗൂമദ രവിപുരം, എറണാകുളം	എല്ലാവിധ വ്യവസായങ്ങളുടേയും പ്രോജക്ട് റിപ്പോർട്ട് സാങ്കേതിക വിജ്ഞാനം (സൗജന്യമല്ല.)
6. റൂബ്ബർ ബോർഡ് കോട്ടയം	പ്രോജക്ട് റിപ്പോർട്ട് സാങ്കേതിക സഹായം (സൗജന്യമല്ല.)
7. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി മണ്ണുത്തി, തൃശ്ശൂർ	കാർഷിക വ്യവസായങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് സാങ്കേതികവിജ്ഞാനം (സൗജന്യമല്ല.)
8. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഐലന്റ്, കൊച്ചി	സമുദ്രോൽപ്പന്ന വ്യവസായങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് സാങ്കേതികവിജ്ഞാനം (സൗജന്യം)
9. സെൻട്രൽ വുഡ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, മൈസൂർ	ഫുഡ് പ്രൊഡക്ടിന്റെ സാങ്കേതികവിജ്ഞാനം പ്രോജക്ട് റിപ്പോർട്ട് (സൗജന്യമല്ല.)
10. സ്മാൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, അയ്യന്തോൾ തൃശ്ശൂർ	എഞ്ചിനിയറിംഗ് ഫുഡ് പ്രൊസസ്സിംഗ് തുടങ്ങിയവയുടെ പ്രോജക്ട് റിപ്പോർട്ട് സാങ്കേതിക വിജ്ഞാനം (സൗജന്യം)
11. Coconut Development Board Ernakulam South	നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ പ്രൊജക്ടിനെ സംബനധിച്ച് എല്ലാ വിവരങ്ങളും

പ്രത്യേക കർമ്മ പദ്ധതി (Action Plan) വ്യക്ത്യധിഷ്ഠിതം

മേൽ വിവരിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പഞ്ചായത്തിലെ ജനങ്ങളുടെ മൊത്തത്തിലുള്ള ഉന്നമനത്തിനായി അടുത്ത 5 വർഷത്തേക്ക് വ്യാവസായികമായി പഞ്ചായത്തിലെ വ്യക്തികൾ മുഖേന ഉണ്ടാക്കിയെടുക്കുന്ന ആകെ മുതൽമുടക്ക്, സർക്കാർ ധനസഹായം, സൃഷ്ടിക്കാവുന്ന തൊഴിൽ സാധ്യത എന്നിവയ്ക്ക് നാം ഇവിടെ രൂപം കൊടുക്കുകയാണ്. വിവിധ മേഖലകളിൽ സൃഷ്ടിക്കാവുന്ന വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

കർമ്മ പദ്ധതി സ്ഥാപനാധിഷ്ഠിതം

പട്ടിക നമ്പർ 6 ൽ കൊടുത്തിട്ടുള്ള വ്യക്ത്യാധിഷ്ഠിത കർമ്മ പദ്ധതിയിലൂടെ ഉണ്ടാക്കിയെടുക്കേണ്ടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ മൂലധനം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കുന്നതിനുള്ള പദ്ധതിയാണ് താഴെയുള്ള പദ്ധതിയിൽ നൽകിയിരിക്കുന്നത്. മുൻ വിലയിരുത്തലുകളുടേയും പുതിയ പദ്ധതികളുടേയും അടിസ്ഥാനത്തിൽ വിവിധ വ്യവസായ വികസന സെമിനാറുകളിലൂടെയും, ചർച്ചകളിലൂടെയും മറ്റും കണ്ടെത്തുന്നവർക്ക് മൂലധനം കണ്ടെത്തുകയ്ണ് ഇവിടെ വിഭാവനം ചെയ്യുന്നത്.

കർമ്മ പദ്ധതിയും സർക്കാർ പദ്ധതി വിഹിതവും

പട്ടിക നമ്പർ 7 പ്രകാരം നടക്കുന്ന മൂലധന നിക്ഷേപങ്ങൾക്ക് അനുസരിച്ച് വ്യവസായ സംരംഭകർക്ക് സർക്കാർ പദ്ധതികളിലൂടെ നൽകേണ്ടുന്ന ധനസഹായ പദ്ധതിയുടെ പട്ടികയാണ് ചുവടെ ചേർക്കുന്നത്. അതനുസരിച്ച് അഞ്ചാം വർഷാവസാനത്തോടെ നമ്മുടെ പഞ്ചായത്തിൽ പുതിയതായി 483 വ്യവസായങ്ങളെങ്കിലും ആരംഭിക്കുന്നതിനും അതുവഴി 3436 തൊഴിലവസരം സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ വനിതാ വിഭാഗത്തിൽ 101 ഉം SC/ST 60 ഉം പുതിയ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു.

വ്യവസായ വളർച്ചയും സാമൂഹ്യ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

വ്യവസായവൽക്കരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിനോട് അനുബന്ധിച്ചുള്ള പരിസ്ഥിതി പ്രശ്നങ്ങളും മറ്റ് കാര്യങ്ങളും കൂടി കണക്കിലെടുത്തെങ്കിൽ മാത്രമെ അത് പൂർണ്ണമാകുകയുള്ളു.

1) സമുദ്രോൽപ്പന്ന വ്യവസായം

സമുദ്രോൽപ്പന്ന സംസ്ക്കരണ വ്യവസായത്തിന്റെ വളർച്ച ഇവിടുത്തെ പ്രതിശീർഷ വാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രമുഖ പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും ചില ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള പീലിംഗ് ഷെഡ്ഡുകൾ ശുദ്ധീകരിക്കാതെ തോടുകളിലേക്കും, കായലിലേക്കും ഒഴുക്കിക്കളയുകയാണ് കാരണം.

ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കൂട്ടായോ അല്ലാതെയോ MPEPA നിർദ്ദേശാനുസരണമുള്ള ജലശുദ്ധീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

2) കയർ വ്യവസായം

ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തൊണ്ട് പൂർണ്ണമായും വ്യാവസായികമായി ഉപയോഗപ്രദമാക്കുന്നതിന് പച്ച തൊണ്ടിൽ നിന്നും തകിരി ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിന് ഗവണ്മെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

കയറുൽപ്പന്നങ്ങളുടെ തറവില നിശ്ചയിക്കുന്നതിന് കുറച്ചുകൂടി ശ്സ്ത്രീയവും തൊഴിലാളികൾക്ക് ഭേദപ്പെട്ട കൂലിനിരക്ക് ലഭ്യമാക്കുന്ന തരത്തിലും ആക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

3) കൈത്തറി മേഖല

നിലവിലുള്ള പരമ്പരാഗത തൊഴിലിൽ ഏറ്റവും കുറഞ്ഞ വേതനം പറ്റുന്ന തൊഴിലാളികളാണ് കൈത്തറി മേഖലയിൽ ഉള്ളത്.തന്മൂലം 50 മെമ്പർമാർക്ക് പണിയെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിൽപ്പോലും കേവലം 12 പേർ മാത്രമാണ് ഇപ്പോൾ ഇവിടെയുള്ള കൈത്തറി സ്ഥാപനമായ തുറവൂർ കൈത്തറി വ്യവസായ സഹകരണ സംഘം (H) 6ൽ ഉള്ളത്. പ്രസ്തുത തൊഴിൽ കൂടുതൽ ആകർഷകമാക്കുന്ന വിധത്തിലുള്ള വേതന നിരക്ക് സാധ്യമാക്കുന്നതിന് മേൽത്തരം ഉൽപ്പന്നങ്ങൾ

നിർമ്മിക്കുന്നതോടൊപ്പം ഉൽപ്പന്ന വില നിശ്ചയിക്കുകയും മറ്റ് അനുബന്ധ മേഖലയിൽകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

വ്യവസായ വൽക്കരണത്തിൽ പഞ്ചായത്തിന്റെ പങ്ക്

1. കൂടുതൽ വ്യവസായ സംരംഭകരെ സൃഷ്ടിക്കുന്നതിനും കണ്ടെത്തുന്നതിനും അഥവാ കൂടുതൽ പേരെ വ്യവസായത്തിലേക്ക് ആകർഷിക്കുന്ന തരത്തിൽ വാർഡ് തലത്തിൽ വ്യവസായ സംരംഭ സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും നടത്തുന്നതിൽ നാം പ്രാധാന്യം കൽപ്പിക്കുന്നുണ്ട്.

2. വ്യവസായ വൽക്കരണത്തിന്റെ ആക്കം കൂട്ടുമാറ് സംരംഭകർക്ക് വേണ്ടുന്ന NOC ലൈസൻസ്, കെട്ടിട നമ്പർ എന്നിവ പഞ്ചായത്തിൽ നിന്നും നൽകുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള മുന്തിയ പരിഗണന നൽകി നടപടികൾ സ്വീകരിക്കുന്നതാണ്.

3. വ്യവസായ സ്ഥാപനങ്ങൾക്ക് പൊതുവെ സമീപവാസികളിൽ നിന്നും ഉണ്ടാകാറുള്ള എതിർപ്പ്, തൊഴിൽ പ്രശ്നങ്ങൾ, തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി തകരാറുകൾ തുടങ്ങിയ പൊതു പ്രശ്നങ്ങൾ ദ്രുതഗതിയിൽ പരിഗണിക്കുന്നതിനും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

4. എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട വ്യക്തികൾക്ക് ഇപ്പോൾ ലഭ്യമാകുന്ന വ്യവസായ വായ്പ ഐ.എച്ച്.ഡി.പി. കോളനികളിൽപെടാത്ത വ്യക്തികൾക്ക് കൂടി ഓരോ വർഷവും ലഭ്യമാകുന്ന പദ്ധതി തുകയുടെ 50% നൽകുന്നതിന് വേണ്ട നടപടികൾക്കായി പഞ്ചായത്തിൽനിന്നും വേണ്ട ഒത്താശകൾ ചെയ്യുന്നതാണ്.

ഈ പഞ്ചായത്തിൽ ചുരുങ്ങിയത് 90 ഷെഡ്ഡുകൾ വീതമുള്ള രണ്ട് മിനി വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനും അതുവഴി കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും വേണ്ടി സർക്കാർ തലത്തിൽ നടപടികൾ എടുപ്പിക്കുന്നതിന് തീരുമാനം ആയിട്ടുണ്ട്.

ചുരുക്കത്തിൽ അടുത്ത പദ്ധതിക്കാലത്തിന്റെ അവസാനത്തോടെ നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴുള്ള മുഖഛായ മാറ്റുന്നതിനും സമ്പന്നവും, ഉയർന്ന ജീവിത നിലവാരവുമുള്ള ഒരു ജന സമൂഹത്തെ വാർത്തെടുക്കുന്നതിനും ഇതോടെ നാം വിഭാവനം ചെയ്യുന്നു.

ധാരാളം പട്ടികജാതിക്കാരുള്ള പഞ്ചായത്താണിത്. പുലയരുടെ ഒരു പ്രധാന തൊഴിലായിരുന്നു പായും, വട്ടിയും നെയ്ത്ത്. തഴ കൊണ്ട് അവരുണ്ടാക്കിയിരുന്ന പുട്ടില് (നിലത്തിട്ട് ഇരിക്കുന്ന വൃത്തത്തിലോ ചതുരത്തിലോ ഉള്ള ഒരുതരം ഇരിപ്പിടം) ഇന്ന് നഗരങ്ങളിലെ സമ്പന്നരുടെ വീടുകളിലും, പഞ്ചനക്ഷത്ര ഹോട്ടലുകളിലും ഒരു വ്യത്യസ്തതയും ഫാഷനുമായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഡൈനിംഗ് ടേബിൾ വൻ നഗരങ്ങളിൽ ഉപയോഗിക്കുന്നത് അത്യാവശ്യം ചില ഘട്ടങ്ങളിലായി ചുരുക്കിയിരിക്കുന്നു. നിലത്ത് പരവതാനിയോ, പായയോ, പുട്ടിലുപോലുള്ള എന്തെങ്കിലുമോ ഇട്ടാണ് പുതിയ കൂട്ടായ്മയുടെ സൗഹൃദം ആഘോഷിക്കുന്നത്. കാലം മാറി പഴയ ഉപകരണങ്ങൾ തിരിച്ചുവന്നു കൊണ്ടിരിക്കുന്നു. ഇന്റീരിയർ ഡെക്കറേഷന് ആന്റിക് ഫർണിച്ചറുകളും ക്ലാസ്സിക്ക് പെയിന്റിംഗുകളും ഡെക്കറേറ്റീവ് ആയ പോട്ടുകളും, ഉരുളികളും മറ്റുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഒരു പുതിയ വീടിന് ലാന്റ്സ്കേപ്പ് ചെയ്യുമ്പോൾ മുൻവശത്ത് പഴയ രീതിയിലുള്ള ഒരു തുളസിത്തറ വേണമെന്ന് നിർബന്ധം വന്നുകഴിഞ്ഞിരിക്കുന്നു. നമ്മുടെ പഴയ രീതികളും ഉപകരണങ്ങളും ഇനിയൊരിക്കലും തിരിച്ചുവരില്ലെന്ന് കരുതേണ്ട.

തഴപ്പായകളുടെയും, പുട്ടിലുകളുടേയും അതുപോലെ പുരാതന ഉപകരണങ്ങളുടേയും ഉൽപ്പാദനം വളരെ വാണിജ്യ പ്രാധാന്യമുള്ള ഒരു രംഗമാണ്. ഇവിടെ പായ നെയ്യാനറിയാവുന്ന പുലയ സ്ത്രീകളും തഴക്കുവേണ്ട കൈതയും ധാരാളമുണ്ട്. കൂടുതൽ കൈത കൃഷി ചെയ്യാൻ തക്ക പരിസ്ഥിതിയുള്ള തോടു വക്കുകളും ചതുപ്പുകളും ഇവിടെ ധാരാളമുണ്ട്.

പട്ടിക നമ്പർ 6

നൂതന വ്യവസായങ്ങളും, തൊഴിൽ സാധ്യതകളും

വ്യവസായങ്ങുടെ സ്വഭാവം	1997- 1998		1998 - 1999		1999 - 2000		2000 - 2001		2001 - 2002	
	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിൽ സാധ്യത	എണ്ണം	തൊഴിൽ	എണ്ണം	തൊഴിൽ	എണ്ണം	തൊഴിൽ	എണ്ണം	തൊഴിൽ
1 കാർഷിക വിളകളെ ആശ്രയിച്ചുള്ളവ	1	3	1	3	1	3	2	6	2	6
2. ആഹാര വസ്തുക്കൾ	2	4	4	8	4	8	8	16	10	20
3. തടി	10	30	10	30	10	30	11	33	12	36
4. സമുദ്രോൽപ്പന്നം	7	350	6	300	7	30	8	400	9	450
5. പ്രിന്റിംഗ് ആന്റ് പേപ്പർ	1	5	1	5	–	–	–	–	1	5
6. ടെക്സ്റ്റയിൽസ്	5	25	5	25	8	40	10	50	12	60
7. റബ്ബർ	–	–	–	–	–	–	–	–	–	–
8. പ്ലാസ്റ്റിക്	3	8	4	12	5	9	6	18	7	21
9. മിനറൽസ്	2	6	3	9	4	12	5	15	6	18
10. കെമിക്കൽ	1	2	2	4	2	4	2	4	3	6
11. എഞ്ചിനീയറിംഗ്	3	9	3	9	3	9	3	9	4	12
12. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്	1	2	1	2	1	2	3	6	4	12
13. കയർ	11	77	20	140	22	154	26	182	29	203
14. മറ്റുള്ളവ	14	18	21	27	28	35	30	38	33	41
ആകെ	61	539	81	574	95	656	114	777	132	890

പട്ടിക നമ്പർ 7

അടുത്ത അഞ്ച് വർഷത്തെ മൂലധന നിക്ഷേപ പദ്ധതി

സ്ഥാപനാധിഷ്ഠിതം

		1997 - 1998		1998- 1999		1999- 2000		2000 - 2001		2001 - 2002	
വായ്പാ സ്ഥാപനങ്ങളുടെ പേര്	പദ്ധതി സ്വഭാവം	പദ്ധതി എണ്ണം	തുക ലക്ഷത്തിൽ	എണ്ണം	തുക ലക്ഷത്തിൽ	എണ്ണം	തുക ലക്ഷത്തിൽ	എണ്ണം	തുക ലക്ഷത്തിൽ	എണ്ണം	തുക ലക്ഷത്തിൽ
Bank of India	SSI/TINY	5	18.55	8	28.55	10	38.55	12	40.55	16	60.00
(other Commercial Bank)	P M R Y	8	7.60	8	7.60	8	7.60	8	7.60	8	7.60
	RAP(Trysm)	6	0.60	6	0.60	3	0.30	3	0.30	3	0.30
K.F.C											
Co-operatives പ്രാഥമിക സഹകരണസംഘ PCARD	SSI/TINY	42	59.70	59	95.80	74	112.90	91	120.0	105	141.65
മറ്റുള്ളവ (ഖാദി ബോർഡ് SC/ST വികസന കോർപ്പറേ പിന്നോക്ക വിഭാഗ വികസ വനിതാ വികസന കോർപ്പറേഷൻ)											
കേരള ഗവണ്മെന്റ്		സർക്കാർ ധനസഹായം, പദ്ധതി വിഹിതത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.									
Total		61	86.45	81	132.55	95	159.35	114	168.45	132	209.55

പട്ടിക നമ്പർ 8

സർക്കാർ പദ്ധതികളും പഞ്ചായത്തിന്റെ വിഹിതവും Rs. ലക്ഷത്തിൽ

നിലവിലുള്ള ധനസഹായ പദ്ധതി	1997-1998	1998-1999	1999-2000	2000-2001	2001-2002
	എണ്ണം തുക	എണ്ണം തുക	എണ്ണം തുക	എണ്ണം തുക	എണ്ണം തുക
1. P.M.R.Y ട്രെയിനി	8—0.40	8-0.40	8-0.40	8-0.40	8-0.40
2. മാർജിനൽ മണി ലോൺ	6-6.00	9-9.00	12-12.00	15-15.00	18-18.00
3. വനിതാ വ്യവസായ ഗ്രാന്റ്	11-1.75	15-2.05	20-2.50	25-3.25	30-4.50
4. മൂലധന നിക്ഷേപ സബ്സിഡി	24-4.12	31-6.06	51-8/08	72-9.32	80-10.12
5. വനിതാ ഹാൻഡ്ലൂം വ്യവസായ സഹകരണ സംഘം Ltd. A(H)-6 (Sick Revival) മാനേജീരിയൽ ഗ്രാന്റ്	1-5.48	1-0.36	1-0.24	1-0.12	-
6. പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്ക് വായ്പ	6-1.80	9-2.70	12-3.60	15-4.50	18-5.40
7. പട്ടികജാതി സഹകരണ സംഘത്തിന് A-142 ഗ്രാന്റ്	1-4.80	1-2.50	1-2.50	-	-
8. പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യവസായ സഹായ ഗ്രാന്റ്	6-0.30	9-04.5	12-0.60	15-0.75	18-0.90
9. RAP	6-0.20	6-0.20	6-0.20	6-0.20	6-0.20
10. വ്യവസായ വികസന പദ്ധതി സെമിനാർ മുതലായവ	- 0.06	- 0.07	- 0.08	- 0.09	- 0.10
ആകെ	24.61	21.49	30.22	33.63	39.62

ഇന്ത്യൻ വിദ്യാഭ്യാസത്തിന് ഒരാമുഖം



ഇന്ത്യയിൽ വിദ്യാഭ്യാസത്തിന്റെ ആധുനിക യുഗം പിറക്കുന്നത് 1857ൽ കൽക്കത്തയിലും ബോംബയിലും ആരംഭിച്ച സർവ്വകലാശാലകളുടെ രൂപീകരണത്തോടെയാണ്. എന്നാൽ BC ആയിരത്തിനു മുമ്പ് തന്നെ ഇന്ത്യയിൽ ഗുരുകുല സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം നിലനിന്നിരുന്നതായി വേദങ്ങളും, ഉപനിഷത്തുകളും അതുപോലെയുള്ള പ്രാചീന ഗ്രന്ഥങ്ങളും സൂചിപ്പിക്കുന്നുണ്ട്. പിന്നീടുള്ള കാലഘട്ടത്തിൽ ഇന്ത്യൻ വിദ്യാഭ്യാസം നിർണ്ണായകമായ പുരോഗതി കൈവരിച്ചത് ബുദ്ധമതത്തിന്റെ പ്രചാരത്തോടെയാണ്. സുപ്രസിദ്ധ ഗുരുകുല വിദ്യാപീഠങ്ങളായ തക്ഷശില, നളന്ദ, വിക്രംശില എന്നിവ ഉദാഹരണങ്ങളും, ഇന്നും മാതൃകകളുമാണ്.

ഭരണവർഗ്ഗത്തോടു കൂറുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനു വേണ്ടി ബ്രിട്ടീഷ് ഭരണകാലത്ത് മെക്കാളെ പ്രഭുവിന്റെ ശുപാർശപ്രകാരം രൂപപ്പെടുത്തിയ ഒരു വിദ്യാഭ്യാസ സമ്പ്രദായം, അതിന്റെ കാതലായ അംശങ്ങളിൽ വലിയമാറ്റമൊന്നും സംഭവിക്കാതെ തുടരുകയാണിന്നും. അതിന്റെ ഫലമായാണ് മാതൃഭാഷാ വിദ്യാഭ്യാസം ഇന്നും ഒരു മരീചികയായി തുടരുന്നത്. ഹണ്ടർകമ്മീഷൻ, റാലി കമ്മീഷൻ തുടങ്ങിയവയുടെ ശുപാർശകളും മെക്കാളെയുടേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. ഇതിനെതിരെ 1937 ൽ ഗാന്ധിജിയുടെ വാർദ്ധാ സമ്പ്രദായം ഉടലെടുത്തതോടെ തൊഴിലടിസ്ഥാനത്തിൽ മാതൃഭാഷാ വിദ്യാഭ്യാസം എന്ന ആശയം രൂപപ്പെട്ടു. ഈ ആശയ സാക്ഷാത്കാരവും വിദ്യാഭ്യാസ പരിഷ്കരണവും മുൻനിർത്തി ഇന്ത്യാഗവൺമെന്റ് പലകമ്മീഷനുകളും രൂപവൽക്കരിക്കുകയുണ്ടായി എന്നാൽ ഇവയിൽ എടുത്തുപറയത്തക്ക പ്രാധാന്യം ഉള്ളതായി 1948 ൽ രൂപീകരിച്ച രാധാകൃഷ്ണ കമ്മീഷനും 1964ൽ രൂപീകരിച്ച കോത്താരി കമ്മീഷനും മാത്രമാണുള്ളത്. മേൽ പ്രസ്താവിച്ച പല കമ്മീഷനുകളുടേയും ശുപാർശപ്രകാരം ഒരു ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചെങ്കിലും, അതിന് ലക്ഷ്യപ്രാപ്തിയിൽ പൂർണ്ണത കൈവരിക്കാനായില്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ വർഷങ്ങൾക്കു ശേഷം വീണ്ടും ഒരു പുത്തൻ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചു എങ്കിലും അതിൽ നിർബന്ധവും, സാർവ്വത്രികവും സൗജന്യവും ആയ വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊന്നും തന്നെ പരാമർശിക്കുന്നില്ല. മറിച്ച് നവോദയ വിദ്യാലയങ്ങളും സ്വാശ്രയ വിദ്യാലയങ്ങളും പോലുള്ള ഏതാനും പരീക്ഷണങ്ങളിൽ മാത്രം അത് ഒതുങ്ങി നിന്നു.

വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ പ്രതിഭാ വികാസത്തിന് ഊന്നൽ നല്കുന്നതായിരിക്കണം. മറിച്ച് മുരടിച്ച പരീക്ഷാ പരിശീലനമാകരുത്. വൈജ്ഞാനിക മേഖലയിലെ പുത്തൻ അറിവുകൾ തേടിയുള്ള തീർത്ഥയാത്രയായി പഠനകാലം വിദ്യാർത്ഥിക്ക് അനുഭവവേദ്യമാകണം. ഇതിനൊക്കെ ഉപരിയായി ഒരുത്തമ പൗരനെ വാർത്തെടുക്കുകയെന്ന അതീവ സങ്കീർണ്ണമായ ലക്ഷ്യം കൂടി വിദ്യാഭ്യാസത്തിലൂടെ നിർവ്വഹിക്കപ്പെടണം.

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഉല്പാദനപ്രക്രിയയ്ക്ക് ആവശ്യമായ വിജ്ഞാന വൈദഗ്ദ്ധ്യങ്ങൾ പുതിയ തലമുറയിലേക്ക് പകർന്ന് നൽകുക എന്നുള്ളതാണല്ലോ. അതിനാൽ വിദ്യാസമ്പന്നരായ ഒരു ജനതയ്ക്ക് വികസനത്തിന്റെ അടിസ്ഥാന ആവശ്യകതകളിൽ തന്ത്രപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുവാനുള്ളത്. ഈ പരിഗണന വച്ച് നോക്കുമ്പോൾ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുന്ന സമ്പത്ത് തീർച്ചയായും ഒരു ഉത്തമ നിക്ഷേപം തന്നെയാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ക്രിസ്ത്യൻ മിഷനറികളുടെ പ്രവർത്തനങ്ങളും എൻ.എസ്.എസ്, എസ്.എൻ.ഡി.പി, എം.ഇ.എസ് മുതലായ സാമുദായിക സംഘടനകളുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ വിപുലീകരണത്തിനും ഉന്നതവിദ്യാഭ്യാസത്തിനും മറ്റും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. എങ്കിൽ പോലും കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ കാര്യമായ സംഭാവനകൾ നൽകാൻ ഈ വിദ്യാഭ്യാസ വിപുലീകരണത്തിന് സാധിച്ചില്ല. ഇത് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. പക്ഷേ എങ്ങിനെയോ ഒരു ഉപഭോക്തൃ സംസ്കാരം ഇവിടെ തഴച്ചു വളർന്നിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ് താനും. കേരളത്തിലെ വിദ്യാഭ്യാസ മേഖല വാസ്തവത്തിൽ ഒരു വസ്തുനിഷ്ഠമായ പഠനത്തിന് വിധേയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. സാങ്കേതിക മേഖല വളർന്നിട്ടുണ്ടെങ്കിലും തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം ഇന്നും വിദ്യാഭ്യാസ ധാരയിൽ നിന്നും വളരെ അകലെയാണ്. തൽഫലമായി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരു കുട്ടിക്കുപോലും കായികാദ്ധ്വാനത്തോട് വിമുഖത വളർത്തുന്ന അന്തരീക്ഷമാണ് സംജാതമായിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം പോലും ഒരു കുട്ടിയുടെ തൊഴിലഭിരുചിയിൽ വരുത്തുന്ന ഈ മാറ്റം കേരളത്തെപ്പോലെ കാർഷിക വൃത്തി മുഖ്യ ഉപജീവനമാക്കിയിട്ടുള്ള സംസ്ഥാനത്തിന് വരുത്തുന്ന ആപത്ത് നിസാരമായിക്കാണരുത്.

പക്ഷേ എങ്ങിനെയോ ഒരു ഉപഭോക്തൃ സംസ്കാരം ഇവിടെ തഴച്ചു വളർന്നിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ് താനും. കേരളത്തിലെ വിദ്യാഭ്യാസമേഖല വാസ്തവത്തിൽ ഒരു വസ്തുനിഷ്ഠമായ പഠനത്തിന് വിധേയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് പാഠ്യക്രമത്തിന്റെ ഉള്ളടക്കവും തൊഴിൽ ഘടനയും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ്. ഒരു തൊഴിലിനും അടിസ്ഥാന യോഗ്യതയായി കണക്കാക്കാവുന്ന ഒരു ഡിഗ്രിയോ, അല്ലെങ്കിൽ ഡിപ്ലോമയോ അതുമല്ലെങ്കിൽ ഒരു സർട്ടിഫിക്കേറ്റോ പോലും നൽകാൻ കഴിയുന്ന സർവ്വകലാശാലകളോ, സ്ഥാപനങ്ങളോ വിരളം തന്നെ. ഏതു രംഗത്തായാലും തൊഴിലന്വേഷകർ അതാതു മേഖലകളിൽ നടക്കുന്ന മത്സരപരീക്ഷകളിലൂടെ മാത്രമേ നിയമനാർഹരാകുന്നുള്ളൂ എന്നത് ഇന്നത്തെ വിദ്യാഭ്യാസ നിലവാരത്തിന്റെ മാത്രമല്ല, വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നേർക്ക് കൂടിയുള്ള ഒരു ചൂണ്ടുപലകയാണ്. തൊഴിലില്ലായ്മ പെരുകുന്നതിനുള്ള അടിസ്ഥാന കാരണങ്ങളിലൊന്ന് ഈ വികലമായ വിദ്യാഭ്യാസ സമ്പ്രദായം തന്നയാണ്. തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങൾ നിരവധിയാണ്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസം നേരിടുന്ന ഈ പ്രതിസന്ധിയുടെ ആഴം മനസ്സിലാക്കുകയും അതിനെ എങ്ങിനെ ജനാധിപത്യപരമായും ജനസാമാന്യത്തിന്റെ താല്പര്യങ്ങൾ ക്കനുസൃതമായും സംസ്ഥാനത്ത് നിലനില്കുന്ന കാർഷിക വ്യാവസായിക മേഖലകളെ പുഷ്ടിപ്പെടുത്താനാവുന്ന വിധത്തിലും പരിഹാരം കണ്ടു പിടിക്കാനാവും എന്നുള്ളത് വളരെ ശ്രമകരമായ ഒരു വെല്ലുവിളിയായി സ്വീകരിക്കേണ്ടതുണ്ട്.

ഏതു രംഗത്തായാലും തൊഴിലന്വേഷകർ അതാതു മേഖലകളിൽ നടക്കുന്ന മത്സരപരീക്ഷകളിലൂടെ മാത്രമേ നിയമനാർഹരാകുന്നുള്ളൂ എന്നത് ഇന്നത്തെ വിദ്യാഭ്യാസ നിലവാരത്തിന്റെ മാത്രമല്ല, വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നേർക്ക് കൂടിയുള്ള ഒരു ചൂണ്ടുപലകയാണ്.

വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഇതര ജില്ലകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഒരു സ്ഥാനം ആലപ്പുഴ ജില്ലയ്ക്കുണ്ടായിരുന്നു. ഔപചാരിക വിദ്യാഭ്യാസ രംഗത്തായാലും അനൗപചാരിക വിദ്യാഭ്യാസ മേഖലയിലായാലും ആലപ്പുഴ ജില്ലയുടെ സംഭാവന ഗണ്യമാണ്. ആലപ്പുഴ ജില്ലയുടെ ആസ്ഥാനത്തു നിന്നും 30 കി.മീ.

വടക്കുമാറി നാഷണൽ ഹൈവേയുടെ ഇരുവശത്തുമായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ഏകദേശം 20 sq. കി.മീ. വിസ്തൃതിയുള്ളതാണ്. ഈ പഞ്ചായത്തിൽ അടിസ്ഥാന വിദ്യാഭ്യാസ നിർവ്വഹണത്തിനായി 26 അംഗൻവാടി കളും 9 നിലത്തെഴുത്ത് ആശാൻ കളരികളും 4 LP സ്കൂളുകളും 1 ഹൈസ്കൂളും 1 അന്ധ മൂഖബധിര വിദ്യാലയ വും പ്രവർത്തിക്കുന്നു ണ്ട്. പഞ്ചായത്തിലെ ജനസംഖ്യയും വിസ്തൃ തിയുമായി താരതമ്യപ്പെടുത്തു മ്പോൾ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യ ങ്ങൾ തീരെ അപര്യാപ് തമാണ്. ഉന്നത വിദ്യാ ഭ്യാസത്തിന്റെ കാര്യത്തി ലും പഞ്ചായത്തിന്റെ സ്ഥിതി ഒട്ടുംതന്നെ മെച്ചപ്പെട്ടതല്ല. പഞ്ചായ ത്തിൽ ആകെയുള്ളത് ഉന്നതവിദ്യാകേന്ദ്രം സമീപകാലത്ത് (1995 ജൂൺ) സ്ഥാപിച്ച ശ്രീശങ്കരാചാര്യ സംസ് കൃത യൂണിവേഴ്സിറ്റി യുടെ ഒരു പ്രാദേശിക കേന്ദ്രം മാത്രമാണ്. എന്നാൽ ഇവിടെയാ കട്ടെ ആർട്സ് വിഷയ ങ്ങളിൽ മാത്രമാണ് (പ്രധാനമായും സംസ്കൃതം, ഹിന്ദി, മലയാളം) ഡിഗ്രി, പി.ജി പഠനസൗകര്യങ്ങൾ ഉള്ളത്. ബി.എഡ്. കോഴ്സിലും ഈ കേന്ദ്രത്തിൽ പഠനസൗകര്യമുണ്ട്. എന്നാൽ ഈ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടമോ സ്ഥലസൗകര്യ മോ ഇല്ലാത്തതുമൂലം കേന്ദ്രത്തിന്റെ നിലനില്പു തന്നെ പരുങ്ങലിലാണ്. ഉന്നത വിദ്യാഭ്യാസത്തിന് തുറവൂർ പഞ്ചായത്തുകളിലേയും സമീപ പഞ്ചായത്തുകളിലേയും വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന മറ്റൊരു സ്ഥാപനം തുറവൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നതും യശശരീരനായ പ്രൊഫ: വി.രാജപ്പൻ സ്ഥാപിച്ചതുമായ "മാസ്റ്റേഴ്സ് പാരലൽ കോളേജ്" ആണ്. ശാസ്ത്രവിഷയങ്ങളിൽ ഉന്നത പഠനത്തിന് സമീപ പ്രദേശമായ ചേർത്തലയിൽ സ്ഥിതിചെയ്യുന്ന S.N., N.S.S, St. Michale's എന്നീ കലാലയങ്ങളെയാണ് കുട്ടികൾ ആശ്രയിക്കുന്നത്. ഈ മൂന്നു കോളേജുകളിലും M.A., MSc., തലത്തിൽ പഠനത്തിന് വിവിധ വിഷയത്തിലുള്ള കോഴ്സുകൾ പൊതുവെ കുറവാണ്.

ആകെയുള്ളത് ഉന്നതവിദ്യാകേന്ദ്രം സമീപകാലത്ത് (1995 ജൂൺ) സ്ഥാപിച്ച ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയുടെ ഒരു പ്രാദേശിക കേന്ദ്രം മാത്രമാണ്. എന്നാൽ ഇവിടെയാകട്ടെ ആർട്സ് വിഷയങ്ങളിൽ മാത്രമാണ് (പ്രധാനമായും സംസ്കൃതം, ഹിന്ദി, മലയാളം) ഡിഗ്രി, പി.ജി പഠനസൗകര്യങ്ങൾ ഉള്ളത്. ബി.എഡ്. കോഴ്സിലും ഈ കേന്ദ്രത്തിൽ പഠനസൗകര്യമുണ്ട്. എന്നാൽ ഈ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടമോ സ്ഥലസൗകര്യമോ ഇല്ലാത്തതുമൂലം കേന്ദ്രത്തിന്റെ നിലനില്പുതന്നെ പരുങ്ങലിലാണ്.

സാങ്കേതിക പരിശീലനം നല്കുന്ന ടൈപ്പ്റൈറ്റിംഗ്, കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ്, I.T.C. കൾ എന്നീ സ്ഥാപനങ്ങളും നാമമാത്രമായി ട്ടാണ് പഞ്ചായത്തിലുള്ളത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിലൊന്ന് St. Joseph ITC യാണ്. വിവിധ ട്രേഡുകളിലായി ഏകദേശം 180 കുട്ടികൾക്ക് ഇവിടെ പരിശീലനം നല്കുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുള്ള ഒട്ടേറെ പ്രശസ്ത വ്യക്തികളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശമാണ് തുറവൂർ. അവരിൽ എന്തുകൊണ്ടും പ്രഥമഗ ണനീയൻ തിരുവനന്ത പുരം സംസ്കൃത സ്കൂ ളിലെ ആദ്യത്തെ പ്രിൻ സിപ്പലായിരുന്ന യശഃശ രീരനായ ശ്രീ. ആർ. നാരായണ ശാസ്ത്രികളാണ്. എ. ആർ രാജ രാജവർമ്മ അവർകളുടെ ജീവചരിത്രഗ്രന്ഥത്തിനും അദ്ദേഹത്തിന്റെ തന്നെ പ്രശസ്ത വ്യാകരണ ഗ്രന്ഥമായ കേരളപാണി നീയത്തിലും നാരായണ ശാസ്ത്രികളെപ്പറ്റിയുള്ള പരാമർശങ്ങൾ അദ്ദേഹ ത്തിന്റെ സംസ്കൃതഭാഷ യിലുള്ള അവഗാഹത്തേ യും പ്രാവീണ്യത്തേയും എടുത്തു കാണിക്കുന്ന താണ്. ഇദ്ദേഹം ഈ പഞ്ചായത്തിലെ 5-ാം വാർഡിലുള്ള ചെഞ്ചേരി മഠത്തിലെ അംഗവുമായി രുന്നു. ഈ മേഖലയിൽ പ്രസ്താവ്യമായിട്ടുള്ള മറ്റു വ്യക്തികൾ സർവ്വശ്രീ. പ്രൊഫ. വി. രാജപ്പൻ, പി.കെ. കൊച്ചുകുട്ടൻ, കെ.എൻ. ഗംഗാധരൻ നായർ, പ്രൊഫ. ഒ.എൻ.എൻ.മൂസത്, ഭാസ്കരമേനോൻ, എം.ഇ. ആർതർ, കെ. മുകുന്ദൻ, കേശവപിള്ള സാർ, കെ.ജി.ഗോപാലകൃഷ്ണൻ, പി.ജെ. റോബർട്ട്, ഡോ. കെ.എം. തോമസ് എന്നിവരാണ്. ഇതിൽ കെ. മുകുന്ദൻ കേന്ദ്ര സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹ നായിട്ടുള്ള വ്യക്തിയാണ്.

അടിസ്ഥാന വിദ്യാഭ്യാസം

അടിസ്ഥാന വിദ്യാഭ്യാസത്തെ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ ത്തിലൂടെ മാത്രമേ പരിഷ്കരിക്കാനാവൂ. ശിശുവിദ്യാഭ്യാസം കുട്ടികളുടെ മാനസികമായ വളർച്ചയുടെ അടിസ്ഥാനത്തിലാ യിരിക്കണം. എന്നാൽ ഇന്ന് പ്രീ പ്രൈമറിതലം മുതൽ മത്സരപരീക്ഷകൾ നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണെങ്കിൽ കാപ്പിറ്റേഷൻ ഫീ മുതലായ ഫീസുകളും, ഭാരിച്ച ട്യൂഷൻ ഫീസും, സിലബസ്സും വിദ്യാർത്ഥികളെ മാത്രമല്ല രക്ഷകർത്താക്കളേയും ഒരു പോലെ വിഷമിപ്പിക്കുന്നതാണ്. സാധാരണ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും, പഠനോപകരണങ്ങളുടേയും ലഭ്യത കുറവും, കളിക്കോപ്പുകളുടെ അഭാവവും നമ്മുടെ വിദ്യാഭ്യാസനിലവാര തകർച്ചയുടെ പ്രധാന

കാരണങ്ങളാണ്., ആധുനിക വിദ്യാഭ്യാസ സങ്കൽപ്പമനുസരിച്ച് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുപയോഗിച്ചുള്ള പാഠ്യപദ്ധതിക്ക് പ്രത്യേക പ്രാധാന്യം നല്കിയിട്ടുണ്ട്. എന്നാൽ വികസനം ഇന്നും ഒരു വിദൂര സങ്കല്പം ആയിരിക്കുന്ന തുറവൂർ പഞ്ചായത്ത് പോലുള്ള പ്രദേശങ്ങളിൽ കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റാനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

മേൽപറഞ്ഞ വിദ്യാഭ്യാസനയ സമീപനങ്ങളുടെ അടിസ്ഥാനത്തിലും പഞ്ചായത്തിൽ നിലനിൽകുന്ന സാമ്പത്തിക സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ പോലും സ്കൂളുകളുടെ ഇന്നത്തെ പരിതാപകരമായ ഭൗതീക സാഹചര്യത്തിലും, ഗ്രാമസഭകളുടെ വിദ്യാഭ്യാസ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നാല് L.P സ്കൂളുകളുടേയും ഒരേ ഒരു ഹൈസ്കൂളിന്റേയും പ്രവർത്തനങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്തുകയും അതിലൂടെ പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമാണ് ഈ വിദ്യാഭ്യാസ രേഖയിലൂടെ ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചിട്ട് ഒരു നൂറ്റാണ്ടിലേറെ ആയിട്ടുണ്ട് എങ്കിലും ഔപചാരിക വിദ്യാഭ്യാസം പ്രാദേശികവും നാമമാത്രവുമായി നിലനിന്നു. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾ പാരമ്പര്യ സമ്പ്രദായമായ കുടിപ്പള്ളിക്കൂടങ്ങളേയും ഭാഷാ പണ്ഡിതന്മാരേയുമാണ് വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത്. അതുകൊണ്ടു തന്നെ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം പണ്ടും മെച്ചപ്പെട്ടതായിരുന്നില്ല. വിദ്യാഭ്യാസ പിന്നോക്കവസ്ഥക്കുള്ള മറ്റൊരുകാരണം പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ്. പഞ്ചായത്തിന്റെ കിഴക്കും, പടിഞ്ഞാറും മേഖലകളിൽ തോടുകളും, ചതുപ്പുനിലങ്ങളും ഏറെയുള്ളതിനാൽ സഞ്ചാരയോഗ്യമായ റോഡുകളുടേയോ വഴികളുടേയോ അഭാവം വിദ്യാഭ്യാസ വിപുലീകരണത്തെ സാരമായി ബാധിച്ചിരുന്നതായി കാണാം. ഈ സ്ഥിതി ഇന്നും മാറ്റമില്ലാതെ തുടരുകയാണ്. ഇതിനൊരു പരിഹാരം കണ്ടെത്തിയാൽ മാത്രമേ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ വ്യാപ്തി സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ സാധിക്കുകയുള്ളു.

വിദ്യാഭ്യാസ പിന്നോക്കവസ്ഥക്കുള്ള മറ്റൊരുകാരണം പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ്. പഞ്ചായത്തിന്റെ കിഴക്കും, പടിഞ്ഞാറും മേഖലകളിൽ തോടുകളും, ചതുപ്പുനിലങ്ങളും ഏറെയുള്ളതിനാൽ സഞ്ചാരയോഗ്യമായ റോഡുകളുടേയോ വഴികളുടേയോ അഭാവം വിദ്യാഭ്യാസ വിപുലീകരണത്തെ സാരമായി ബാധിച്ചിരുന്നതായി കാണാം. ഈ സ്ഥിതി ഇന്നും മാറ്റമില്ലാതെ തുടരുകയാണ്. ഇതിനൊരു പരിഹാരം കണ്ടെത്തിയാൽ മാത്രമേ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ വ്യാപ്തി സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ സാധിക്കുകയുള്ളു.

ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് പഞ്ചായത്തിലെ 9-ാം വാർഡിൽ മനക്കോടം പ്രദേശത്ത് 1884 ൽ (കൊല്ലവർഷം 1060 ൽ) ആരംഭിച്ച പള്ളിക്കൂടത്തിന്റെ പ്രവർത്തനത്തോടെയാണ്. സ്വകാര്യ ഉടമസ്ഥതയിൽ ആരംഭിച്ച പ്രസ്തുത സ്കൂൾ 1921 ൽ (കൊല്ലവർഷം 1097) ഗവൺമെന്റ് ഏറ്റെടുത്തു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ 5 ഡിവിഷനുകളിലായി 180 കുട്ടികൾ പഠിക്കുന്നു. 5 അദ്ധ്യാപികമാരും ഒരു പാർട്ട് ടൈം ജീവനക്കാരിയും ഉൾപ്പെടെ 6 പേർ ഈ സ്കൂളിൽ ജോലി ചെയ്യുന്നുണ്ട്. എൽ. ആകൃതിയിലുള്ള സ്കൂൾ കെട്ടിടത്തിൽ 5 ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. ഇതുകൂടാതെ P.T.A. കെട്ടിച്ചു കൊടുത്ത കഞ്ഞിപ്പുരയും മൂത്രപ്പുരയും ഉണ്ട്. നായർ സമുദായാചാര്യനായ ശ്രീ. മന്നത് പത്മനാഭൻ ഈ സ്കൂളിലെ അദ്ധ്യാപകനായിരുന്നു എന്ന വസ്തുത അഭിമാനപൂർവ്വം സ്മരിക്കേണ്ടതാണ്. പിഞ്ചുകുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ ശുദ്ധീകരിച്ച കുടിവെള്ളത്തിന് ദൗർലഭ്യമുണ്ട്. നാലുഭാഗത്തും നടവഴിയുള്ള ഈ സ്കൂളിന് കോമ്പൗണ്ട് വാൾ അത്യന്താപേക്ഷിതമാണ്. സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ വളരെ പരിമിതമാണ്.

പഴക്കത്തിൽ 2-ാം സ്ഥാനത്ത് നിൽക്കുന്ന LFMLP സ്കൂൾ മനക്കോടത്ത് പുളിയമ്പള്ളിൽ കുടുംബാംഗമായിരുന്ന ശ്രീ. P.V. ജോൺ 1930 ൽ ഒരു എലിമെന്ററി സ്കൂളായി സ്ഥാപിച്ചതാണ്. 1930-56 വരെ ഇത് മദ്രാസിന്റെ ഭാഗമായിരുന്നു. 1956ൽ സംസ്ഥാന പുനസംഘടനയോടെ ഇത് കേരളത്തിന്റെ ഭാഗമായി 1959ൽ എറണാകുളം ജില്ലയ്ക്കും 1960ൽ ആലപ്പുഴ ജില്ലയ്ക്കും സ്കൂളിന്റെ അധികാരം കൈമാറി 1952 ൽ P.J. പീറ്ററും, 1981ൽ P.J. റോബർട്ടും, 1988 ൽ P.R. Joseph ഉം മാനേജർമാരായി തുടരുന്ന ഈ സ്കൂൾ ഒരു വ്യക്തിയുടെ ഉടമയിലുള്ള പഞ്ചായത്തിലെ ഏക സ്കൂളാണ്. 6 ക്ലാസ് മുറികളുള്ള ഈ സ്കൂളിന് കിഴക്കു ഭാഗം റോഡിനോട് ചേർന്ന് കിടക്കുന്നു. കുടിവെള്ളത്തിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്കൂൾ വൈദ്യുതീകരിച്ചിട്ടില്ലാത്തതിനാൽ ദൃശ്യശ്രാവ്യ പഠനോപകരണങ്ങളുടെ ഉപയോഗം കുട്ടികൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. മറ്റു പല സ്കൂളുകളുടേതുമെന്നപോലെ പഠനോപാധികളുടേയും മറ്റും പരിമിതകൾ ഇവിടേയും

കാണാം.

പഴക്കത്തിൽ 3-ാം സ്ഥാനത്ത് നിൽക്കുന്നത് **1938** ൽ (കൊ. വ. 1104 ൽ) 759-ാം നമ്പർ N.S.S. കരയോഗത്തിന്റെ (വളമംഗലം വടക്ക്) ഉടമസ്ഥതയിലാരംഭിച്ച കരയോഗം L.P. സ്കൂളാണ്. ഈ സ്കൂൾ കരയോഗത്തിന്റെ സാമ്പത്തിക പരാധീനതമൂലം തുടർന്ന് കൊണ്ടുപോകാൻ നിവർത്തിയില്ലാത്ത സാഹചര്യത്തിൽ 1947 ൽ (കൊ. വ. 1123) 1 രൂപാ പ്രതിഫലത്തിന് ഗവൺമെന്റിലേക്ക് വിട്ടുകൊടുക്കുകയുണ്ടായത്. ഇപ്പോൾ ഗവ. എൽ.പി. സ്കൂൾ വളമംഗലം വടക്ക് എന്നറിയപ്പെടുന്ന ഈ സ്കൂൾ സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 5 ക്ലാസ് മുറികളും കഞ്ഞിപ്പുരയും മൂത്രപ്പുരയും കിണറും ഉള്ള ഈ സ്കൂളിന് കോമ്പൗണ്ട് വാൾ ഇല്ല. വൈദ്യുതിയുടെ അഭാവം മൂലം റേഡിയോ, ടേപ്പ് റെക്കോർഡർ മുതലായ പാഠസഹായോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ടാപ്സിസ്റ്റം ഏർപ്പെടുത്തുന്നതിനും സാധിക്കുന്നില്ല. ക്ലാസ് മുറികളിലെ ഭൗതീക സാഹചര്യങ്ങൾ ശോചനീയമാണ്. പിന്നോക്ക വിഭാഗത്തിലുള്ള ഏറെ കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിന്റെ പുരോഗതി നാടിന്റെ സാമൂഹിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുമെന്നുള്ളത് എടുത്തു പറയേണ്ടതാണ്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ വളമംഗലം എസ്സ്. സി. എസ്സ്. എച്ച്. എസ്സിന്റെ തുടക്കം 1080 ൽ നെടുങ്ങാത്തറ കുടുംബാംഗമായിരുന്ന ശ്രീമാൻ കൊച്ചുപിള്ളതണ്ടാർ സ്ഥാപിച്ച എൽ.പി. സ്കൂളിൽ നിന്നാണ്. ഇത് പിന്നീട് പല പ്രദേശിക സാമൂഹിക പ്രശ്നങ്ങളുടെയും സമ്മർദ്ദത്തിന് വിധേയമായി പ്രവർത്തനം നിലച്ചു പോവുകയാണുണ്ടായത്.

1957 ൽ വളമംഗലം 537ാം നമ്പർ എസ്സ്. എൻ. ഡി. പി. ശാഖാ യോഗം ഈ സ്കൂൾ ശ്രീനാരായണ ധർമ്മ പോഷിണി സഹകരണ സംഘത്തിലേക്ക് വിട്ടു കൊടുത്തു. വീണ്ടും എൽ.പി. സ്കൂളിന്റെ സ്ഥിതിയിൽ നിന്ന് 1962 ൽ ഇത് ഒരു യു.. പി. സ്കൂളായി ഉയർത്തപ്പെടുകയും, ഇതിന്റെ ഭരണം എസ്സ്. എൻ.ഡി.പി യിൽ നിന്ന് ഇതിനായി രൂപീകരിക്കപ്പെട്ട ഒരു സഹകരണ സംഘത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. 1979 ൽ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ട സ്കൂളിൽ ആകെ 1444 കുട്ടികൾ പഠിക്കുന്നു. 45 ക്ലാസ്സുമുറികളുണ്ടെങ്കിലും ഇത് ആവശ്യത്തിന് തികയുകയില്ല. ശുദ്ധജലം ലഭ്യമാക്കുന്നതിന് പി.ടി.എ. യുടെ ചിലവിൽ കുഴൽകിണർ താഴ്ത്തി പൈപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രാഥമികാവശ്യത്തിനുള്ള കക്കൂസ്, മൂത്രപ്പുര എന്നിവ തീരെ പരിമിതമാണ്. സഹകരണ മേഖലയിൽ നടത്തപ്പെടുന്ന ഏക സ്കൂളാണിതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

പഞ്ചായത്തധീനതയിലുള്ള എൽ. പി. സ്കൂളാണ് മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം. 1968 ൽ സ്ഥാപിച്ച ഈ സ്കൂളിൽ 5 അടച്ചു പൂട്ടാവുന്ന മുറികളും ഒരു ഷെഡുമുണ്ട്. ഭൗതിക സാഹചര്യങ്ങളും, പഠനോപകരണങ്ങളും വളരെ പരിമിതമാണ്. കുടിവെള്ളം ലഭ്യമാണെന്നതൊഴിച്ചാൽ കക്കൂസ്, മൂത്രപ്പുര മുതലായവ ഉപയോഗയോഗ്യമല്ല. വൈദ്യുതി ഇല്ല. ചുറ്റുമതിൽ ഇല്ലാത്തതിനാൽ സ്കൂളിന്റെ മുമ്പിലൂടെയുള്ള വാഹനങ്ങളുടെ വരവ് പോക്ക് പല അപകടങ്ങളും വിളിച്ചു വരുത്തും.

പഞ്ചായത്തതിർത്തിയിൽ ആകെയുള്ള 5 സ്കൂളുകലിൽ 2 എണ്ണം ഗവൺമെന്റ് അധീനതയിലും മറ്റുള്ളവ എയ്ഡഡ് സ്കൂളുകളുമാണ്. ഈ അഞ്ച് സ്കൂളുകളിലായി ആകെ 2093 വിദ്യാർത്ഥികളാണുള്ളത്. ഇതിൽ 1087 ആൺകുട്ടികളും 1006 പെൺകുട്ടികളും ഉൾപ്പെടുന്നു. ഇവയിൽ ആകെ 68 അദ്ധ്യാപകരാണുള്ളത്. 57 സ്ത്രീകളും 11 പുരുഷന്മാരും (പട്ടിക 1A) പഞ്ചായത്തിലെ പഠനസൗകര്യങ്ങളുടെ ലഭ്യതക്കുറവു മൂലവും സ്കൂളുകളിലേയ്ക്കുള്ള അകലവും കാരണം വളരെയധികം കുട്ടികൾ സമീപ പഞ്ചായത്തുകളിൽ പഠനം നടത്താൻ നിർബന്ധിതരായിത്തീരുന്നു. മെച്ചപ്പെട്ട പഠനസൗകര്യങ്ങളുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കും അതുപോലെ ഉന്നതനിലവാരം പുലർത്തുന്ന പട്ടണങ്ങളിലെ സ്കൂളുകളിലേയ്ക്കും പോകുന്ന വിദ്യാർത്ഥികളും കുറവല്ല.

പഞ്ചായത്തിൽ പെൺകുട്ടികൾക്കു മാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ആകെ കുട്ടികളുടെ 48% പെൺകുട്ടികളാണ് (പട്ടിക 1-B) മൊത്തം കുട്ടികളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ളവർ 16.96% ആണ്. എൽ.പി. വിഭാഗത്തിൽ ആകെയുള്ള 1019 കുട്ടികളിൽ 165 പേരും, യു.പി. വിഭാഗത്തിൽ 505 കുട്ടികളിൽ 82 പേരും, ഹൈസ്ക്കൂൾ വിഭാഗത്തിൽ 569 കുട്ടികളിൽ 108 പേരും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്നവരാണ്. (പട്ടിക 1-C).

സാമ്പത്തികപരാധീനതയും, ഗതാഗതത്തിന്റെ അപര്യാപ്തതയും മൂലം ചെറിയൊരു ശതമാനം കുട്ടികൾ പഠനം ഇടയ്ക്കു വച്ച് നിർത്താൻ നിർബന്ധിതരായിക്തീരുന്നു. (പട്ടിക 1-D) ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക് പട്ടിക 2ൽ കൊടുത്തിരിക്കുന്നു. ആകെ അദ്ധ്യാപകരുടെ 13% മാത്രമേ ഗവൺമെന്റ് സ്കൂളുകളിലുള്ളൂ. അതുപോലെ മൊത്തം കുട്ടികളുടെ 16% മാത്രമേ ഗവൺമെന്റ് സ്കൂളുകളുടെ ഈ പ്രദേശത്തെ പോരായ്മ എടുത്തു കാണിക്കുന്നു. (പട്ടിക 2).

ഉന്നതവിദ്യാഭ്യാസത്തിന് മറ്റുള്ള സ്ഥലങ്ങളിലേയ്ക്ക് പോകുന്നവരുടെ കണക്ക് കൃത്യമായി ലഭ്യമല്ല. പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിലെ അക്കാദമിക് ഭൗതിക സാഹചര്യങ്ങളുടെ അവസ്ഥയെപ്പറ്റി മുകളിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുകളിലേയ്ക്ക് വെളിച്ചം വീശുന്നതാണ് പട്ടിക IV ൽ കൊടുത്തിട്ടുള്ള വിശദാംശങ്ങൾ. പഞ്ചായത്തിലെ 5 സ്കൂളുകളിലും ആവശ്യമുള്ള ബ്ലാക് ബോർഡ്, ബഞ്ച്, ഡസ്ക്, റേഡിയോ എന്നിവ ഉണ്ടെങ്കിലും ലൈബ്രറി, ടെലിവിഷൻ, സ്ലൈഡ് പ്രൊജക്ടർ, സിനിമാ പ്രൊജക്ടർ മുതലായ പഠനോപകരണങ്ങളില്ല. റേഡിയോ ടേപ്റെക്കോർഡർ ഉണ്ടെങ്കിലും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി ലഭ്യമല്ല. പ്രൈമറി സ്കൂളുകളിൽ അവശ്യം വേണ്ട പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ, ചാർട്ടുകളോ, മാപ്പുകളോ നാമമാത്രമായിപ്പോലും ഒരു സ്കൂളിലുമില്ല. എന്നാൽ പി.ടി.എ, മാതൃ സംഗമം മുതലായ ഏജൻസികളെപ്പറ്റി ഗ്രാമസഭകളിൽ നല്ല അഭിപ്രായമാണ് പ്രകടിപ്പിക്കപ്പെട്ടത്.

പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളിലും കുട്ടികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ്, മൂത്രപ്പുര എന്നിവയുടെ പോരായ്മ ഉണ്ട്. വനിതാ അദ്ധ്യാപകർ കൂടുതലുള്ളതു കൊണ്ട് ഇത് ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു. ഉള്ളവയാവട്ടെ കൊച്ചുകുട്ടികളുടെ ആരോഗ്യപരമായ അന്തരീക്ഷത്തിന് സംരക്ഷണം നൽകുന്നുമില്ല (പട്ടിക V) .

പട്ടിക VIൽ പഞ്ചായത്തിലെ ഏകഹൈസ്കൂളായ വളമംഗലം എസ്സ്.സി.എസ്സ്.എച്ച്.എസ്സിലെ വിജയശതമാനം രേഖപ്പെടുത്തിയിരിക്കുന്നു. മോശമായ ഭൗതിക സാഹചര്യവും, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും പരിഗണിക്കുമ്പോൾ സംസ്ഥാന ശരാശരിയേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം നാം കാഴ്ച വച്ചിട്ടുണ്ടെന്നത് ആശ്വാസകരമാണ്. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന നിർദ്ദേശമാണ് വാർഡുതല ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ് വന്നത്. പട്ടിക VI-Bൽ സ്കൂളുകളിലെ കാൽപാദ പരീക്ഷയുടെ വിജയ ശതമാനമാണ് കൊടുത്തിട്ടുള്ളത്.

പ്രീ പ്രൈമറിതലം

പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പഞ്ചായത്തിലെ അവസ്ഥ വളരെ ശോചനീയമാണ്. ഐ.സി.ഡി.എസ്സിന്റെ കീഴിലുള്ള 26 അംഗൻവാടികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ പലതിനും സ്വന്തമായി കൊട്ടിടങ്ങളില്ല. കെട്ടിടങ്ങളുള്ളവയ്ക്കാണെങ്കിൽ കുട്ടികൾക്കാവശ്യമുള്ള പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല. തന്നെയുമല്ല അക്ഷരം പഠിപ്പിക്കുന്നതൊഴിച്ചാൽ പ്രീപ്രൈമറി ക്ലാസ്സുകൾക്കാവശ്യമായ പാഠ്യപദ്ധതി ഇവകൾക്കില്ല. ആയതിനാൽ പുതിയ പ്രീ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയോ, ഇപ്പോഴുള്ള അംഗനവാടികളുടെ പാഠ്യക്രമം പരിഷ്കരിച്ച് അവ പ്രീപ്രൈമറികളാക്കുകയോ വേണം. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് മറ്റൊരു മാതൃകയായി സ്വീകരിക്കാവുന്നത് ഇന്ന് നിലവിലുള്ള ആശാൻ കളരികളെയാണ്. എന്നാൽ ഇവയ്ക്ക് ഏകീകൃതമായ പാഠ്യപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും, അതിന് നിയമസാധുത നൽകുകയും ചെയ്താൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഉന്നതവിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസ പരിമിതകളെപ്പറ്റി മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂരിലുള്ള പ്രാദേശിക കേന്ദ്രവും, മാസ്റ്റേഴ്സ് പാരലൽ കോളേജുമാണ്. ഇവിടെ ആർട്സ് വിഷയങ്ങളിൽ മാത്രമാണ് പഠനസൗകര്യമുള്ളത്. ബി. എസ്സിനും ഏതാനും സീറ്റുകളുണ്ട്. സമീപപ്രദേശങ്ങളിലുള്ള കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. കാരണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും പട്ടണങ്ങളിലുള്ള കോളേജുകളിലെ സൗകര്യങ്ങളുടെ പരിമിതിയുമാണ്. സമീപസ്ഥ കോളേജുകളിലൊന്നും തന്നെ തൊഴിലധിഷ്ഠിത കോഴ്സുകളില്ല. തൊഴിലില്ലായ്മ മുൻപന്തിയിൽ നില്ക്കുന്ന ഈ പ്രദേശത്തിന്റെ വികസനത്തിൽ ഇത്തരം കോഴ്സുകൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

അനൗപചാരിക വിദ്യാഭ്യാസം

നിരക്ഷരത ഒരു ശാപമായിത്തീർന്നിരുന്ന ഈ പ്രദേശത്ത് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി എടുത്തു പറയേണ്ടതാണ്. ഇത് ലക്ഷ്യമാക്കിയുള്ള അനൗപചാരിക വിദ്യാഭ്യാസ, പ്രവർത്തനം പല ഏജൻസികൾ മുഖേന പഞ്ചായത്തിൽ 1980 ന് മുമ്പ് തന്നെ നിലനിന്നിരുന്നു. യശഃശരീരനായ ശ്രീമാൻ പി.എൻ. പണിക്കരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഇവിടെ സ്മരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി കാൻഫെഡിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ 6ാം വാർഡിൽ കളരിക്കൽ ദേസസേവിനി വായനശാല കേന്ദ്രമാക്കി ഒരു വയോജന വിദ്യാഭ്യാസകേന്ദ്രം പ്രവർത്തിച്ചിരുന്നു. ഇതു കൂടാതെ ഇന്ത്യാഗവൺമെന്റിന്റെ റൂറൽ പബ്ലിക് സർവ്വീസ് ലിറ്ററസി പ്രോഗ്രാമിന്റെ (R.F.L.P) ഭാഗമായി ഒരു പഞ്ചായത്തിൽ 30 പഠനകേന്ദ്രങ്ങളെന്ന നിരക്കിൽ ഇവിടെയും സെന്ററുകൾ സ്ഥാപിക്കപ്പെട്ടു. ഈ പഠനകേന്ദ്രങ്ങളുടെ ശ്രമഫലമായി കുറെപ്പേരെയെങ്കിലും സാക്ഷരരാക്കാൻ കഴിഞ്ഞു. എന്നാൽ ഈ പദ്ധതിക്ക് പ്രത്യക്ഷത്തിൽ പല അപാകതകളും ഉണ്ടായിരുന്നു. നിരക്ഷരരെ കണ്ടു പിടിക്കാനും, അവരുടെ അഭിരുചിക്കനുസൃതമായ പഠനരീതി രൂപപ്പെടുത്തി നൽകാനും ഇവയ്ക്ക് കഴിഞ്ഞില്ല.

നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി 1990 ൽ കേരള സർക്കാർ തുടങ്ങി വച്ച അക്ഷരകേരളം പരിപാടിയാണ് മറ്റൊന്ന്. ഈ പരിപാടിയുടെ ഒന്നാംഘട്ടം വളരെ ആവേശത്തോടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിർവ്വഹിക്കപ്പെട്ടു. ഈ ആദ്യഘട്ടത്തിൽ 25 മാസ്റ്റർ ട്രയിനർമാരും, 5 ആർ.പി.മാരും 250 ഇൻസ്ട്രക്ടർമാരും പഞ്ചായത്തിലാകെ നിയോഗിക്കപ്പെട്ടു. ഇവരുടെ നിസ്തുലമായ സേവനവും അതിന്റെ ഫലവും നിരക്ഷരതാ നിർമ്മാർജ്ജന രംഗത്ത് എന്നും സ്മരിക്കപ്പെടേണ്ടതാണ്.

എന്നാൽ രണ്ടാം ഘട്ട പരിപാടി മറ്റ് പ്രദേശങ്ങളിലെന്ന പോലെ ഈ പഞ്ചായത്തിലും മന്ദഗതിയിലായിരുന്നു. ഈ രണ്ടാം ഘട്ടത്തിൽ 3 ജനവിദ്യാഭ്യാസ കേന്ദ്രങ്ങളും, ഒരു ജന ശിക്ഷണ നിലയവും സ്ഥാപിക്കുകയും, അതിലൂടെ തുടർ വിദ്യാഭ്യാസ പരിപാടികൾക്കായുള്ള കർമ്മ പരിപാടികൾ ഇന്നും തുടർന്നു പോകുന്നുമുണ്ട്. ഇതിന്റെ ഭാഗമായി നവസാക്ഷരർക്ക് പുസ്തകങ്ങൾ വീടുകളിലെത്തിച്ചു കൊടുക്കുന്നതിനും, മറ്റ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇന്നും ശ്രമം നടക്കുന്നുണ്ട്.

ഗ്രാമസഭാതല ചർച്ചയുടെ വെളിച്ചത്തിലും പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുമായും, മാനേജർമാരുമായും മറ്റ് വിദ്യാഭ്യാസവിചക്ഷണന്മാരുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലനില്ക്കുന്ന അക്കാദമികവും അക്കാദമികേതരവുമായ പ്രശ്നങ്ങളും അവയ്ക്ക് വേണ്ട നയസമീപനങ്ങളേയുംപറ്റിയുള്ള ഒരു മാർഗ്ഗരേഖ താഴെക്കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. പ്രാഥമിക സൗകര്യങ്ങളുടേയും, പഠനോപകരണങ്ങളുടേയും, ഫർണീച്ചറുകളുടേയും അപര്യാപ്തത.

2. കളിക്കോപ്പുകൾ, ചാർട്ടുകൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എന്നിവയുടെ അഭാവം.

3. അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിലെ അപാകതയും, അദ്ധ്യാപകർക്ക് കാലോചിതമായ പാഠ്യ ക്രമമനുസരിച്ച്

പരിശീലനവും, പുന:പരിശീലനവും ലഭിക്കായ്മ.

4. പാഠപുസ്തകങ്ങളുടെ സമയോചിതമായ ലഭ്യതയില്ലായ്മയും, മുഖ്യ അദ്ധ്യാപകന്റെ (പ്രൈമറിതലം) അമിത അദ്ധ്യാനഭാരവും.

5. കോമ്പൗണ്ട് വാളിന്റെ അഭാവം, പ്ലേഗ്രൗണ്ട് ഇല്ലാത്ത സാഹചര്യം, ശുദ്ധജലക്ഷാമം, ലൈബ്രറി സൗകര്യങ്ങളുടെ കുറവ്.

6. കുട്ടികളുടെ കൊഴിഞ്ഞുപോക്കും, ലഭ്യതക്കുറവും.

7. പ്രീപ്രൈമറി തലങ്ങളുടെ അഭാവവും പ്രൈമറി തലത്തിലുള്ള സ്കൂളുകൾ തമ്മിലുള്ള അകലവും.

8. ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അഭാവം (ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം തുറവൂരിൽത്തന്നെ നിലനിർത്തണം)

നിർദ്ദേശങ്ങൾ

1. ഗവൺമെന്റ് ഫണ്ടിൽ നിന്നോ, സാമ്പത്തിക ഏജൻസികൾ മുഖേനയോ ആവശ്യമായ ഫണ്ട് ലഭ്യമാക്കണം (പ്രശ്നം 1,2,5)

2. ആവശ്യമായ് സർവ്വേ നടത്തുകയും, അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലനം നൽകുകയും വേണം (പ്രശ്നം 3)

3. പാഠപുസ്തകങ്ങൾ പഞ്ചായത്ത് കേന്ദ്രമാക്കി വിതരണം നടത്തുകയും അവ സമയത്ത് ലഭ്യമാക്കുകയും വേണം. (പ്രശ്നം4)

4. അംഗൻവാടികൾക്ക് പാഠ്യക്രമം പരിഷ്കരിച്ച് അവ പ്രീ പ്രൈമറി ആക്കുകയും, കുടിപ്പള്ളിക്കൂടങ്ങളെക്കൂടി ഉൾപ്പെടുത്തി അവയ്ക്ക് നിയമ സാധുത നൽകുകയും വേണം. ടി.സി. സമ്പ്രദായം ഏർപ്പെടുത്തുന്നതും ഉചിതമായിരിക്കും.

5. ഉച്ചക്കഞ്ഞി വിതരണം വ്യത്തിയായും, ക്രമമായും നടത്താൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണം.

6. പ്രൈമറി ക്ലാസ്സുകളിൽ എല്ലാം സ്ലേറ്റ്, പുസ്തകം മുതലായവ വേണ്ട സമയത്ത് വിതരണം നടത്തുകയും, അവയുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും വേണം.

7. പഞ്ചായത്ത് തലത്തിൽ വിദഗ്ദ്ധരടങ്ങുന്ന ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതുമാണ്.

8. കലാ കായികരംഗത്ത് വിദ്യാർത്ഥികളുടെ അഭിരുചി വളർത്തുന്നതിനാവശ്യമായ പരിശീലനവും, സാമ്പത്തിക സഹായവും നൽകേണ്ടതാണ്.

9. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുകയും എൽ. പി. സ്കൂളുകളെ യു.പി. ആയി ഉയർത്തുകയും വേണം.

10. എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കണം.

11. സ്കൂളുകളിൽ സെമിനാറുകളും ശില്പശാലകളും നടത്തേണ്ടതും, സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ് മുതലായവ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

12. കുട്ടുകൾക്ക് പഠന യാത്രയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

13. പഞ്ചായത്ത് തലത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതാണ്.

14. ദേശീയ ദിനാചരണങ്ങൾ സ്കൂൾ തലത്തിൽ നിർബന്ധിത മാക്കേണ്ടതാണ്.

15. തുറവൂർ പഞ്ചായത്തിലൽ ശങ്കരാ സംസ്കൃത യൂണിവേഴ്സിറ്റിയുടെ സെന്റർ ഇവിടെത്തന്നെ നിലനിർത്തുകയും അതിൽ ആയുർവ്വേദത്തിലും സിദ്ധ വൈദ്യത്തിലും പ്രകൃതിചികിത്സയിലും യൂനാനിയിലും ഡിഗ്രികോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകലും ഏർപ്പെടുത്തുകയും വേണം.

16. പരിഷത്തടപ്പുകൾ സ്കൂളുകളിൽ സ്ഥാപിക്കുക, കുട്ടികൾക്ക് കൃഷി, കൈത്തൊഴിൽ പരിശീലനം നൽകുക, പരീക്ഷാസമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുക എന്നിവയും പ്രാധാന്യമർഹിക്കുന്നു.

17. വിദ്യാഭ്യാസസ്ഥാപനങ്ങളിലേയ്ക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയും, സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

18. സ്കൂളിൽ വിദ്യാർത്ഥികൾക്ക് ജനസംഖ്യാ പഠനം നടത്തണം.


ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിലേക്കും സാമ്പത്തിക പരിമിതികളിലേയ്ക്കും വെളിച്ചം വീശുക എന്ന ഉദ്ദേശലക്ഷ്യമാണ് ഈ വിദ്യാഭ്യാസനയരേഖയുടെ രൂപീകരണത്തിന് പിന്നിലുള്ളത് 9-ാം പദ്ധതിയുടെ വിദ്യാഭ്യാസ ആസൂത്രണത്തിന് ഈ മാർഗ്ഗരേഖ സഹായകമാകുമെങ്കിൽ അത് ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ലക്ഷ്യപ്രാപ്തിയിലേയ്ക്കുള്ള ഒരു നാഴികക്കല്ലായിത്തീരും.

വളമംഗലം ഹൈസ്കൂൾ

മലയാളവർഷം 1080ൽ നെടുങ്ങാത്തറ കൊച്ചുപിള്ള തണ്ടാൻ സ്ഥാപിച്ചു. പ്രസിദ്ധമായ നെടുംങ്ങാത്തറ കുടുംബമാണ് സ്കൂൾ സ്ഥാപിച്ചത്. അക്കാലത്ത് സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന ഒരു സംഘടനയായിരുന്നു ഈഴവ യുവജന സംഘം. ഈ സംഘടന പിന്നീട് എസ്.എൻ.ഡി.പി ശാഖായോഗമായി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. നെടുങ്ങാത്തറ കുടുംബക്കാർക്ക് സാമ്പത്തിക കാരണങ്ങളാൽ സ്കൂൾ നടത്തിക്കൊണ്ടു പോകുവാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്ന് ടി സ്കൂൾ 1112 ൽ എസ്.എൻ.ഡി.പി ശാഖയ്ക്ക് വിട്ടുകൊടുത്തു. 1118 വരെ എസ്.എൻ.ഡി.പി ബ്രാഞ്ച് നമ്പർ 537 ന്റെ കീഴിൽ പ്രസ്തുത സ്കൂൾ നടത്തി. 1118ൽ സർക്കാർ ടി സ്കൂളിന്റെ അംഗീകാരം പിൻവലിച്ചു. പിന്നീട് 12 കൊല്ലക്കാലം പ്രവർത്തനമില്ലാതെ കിടന്നു. ശ്രീനാരായണ ധർമ്മ പോഷിണി സഹകരണസംഘത്തിലേക്ക് സ്കൂൾ എസ്.എൻ.ഡി.പി ശാഖക്കാർ വിട്ടുകൊടുത്തു. സി.ജി. സദാശിവന്റെ ശ്രമഫലമായി സ്കൂളിന് വീണ്ടും സർക്കാരിൽ നിന്നും അംഗീകാരം കിട്ടി. 1957ൽ ടി സഹകരണ സംഘത്തിന്റെ മാനേജ്മെന്റിൽ സ്കൂൾ വീണ്ടും തുടങ്ങി.

പട്ടിക 1 A

നമ്പ്	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ ആൺ	പെൺ	ആകെ	അദ്ധ്യാപകർ പു	സ്ത്രീ	ആകെ
1	എസ്സ്. സി. എസ്സ്. എച്ച്. എസ്, വളമംഗലം	എയ്ഡഡ്	753	694	1447	8	38	46
2	വളമംഗലം നോർത്ത് ഗവ. എൽ. പി. സ്കൂൾ	ഗവ.	77	80	157		4	4
3	തുറവൂർ ഗ്രാമ പഞ്ചായത്ത് എൽ. പി. സ്കൂൾ	എയ്ഡഡ്	33	33	66	1	3	4
4	തുറവൂർ ഗവ. എൽ. പി സ്കൂൾ	ഗവ.	85	95	180		5	5
5	എൽ.എഫ്.എം എൽ.പി. സ്കൂൾ മനക്കോടം	എയ്ഡഡ്	139	104	243	2	7	9
	ആകെ		1087	1006	2093	11	57	68



Strength showing the ratio of Boys & Girls

പട്ടിക 1(B)

L.P., U.P., H.S., വിഭാഗങ്ങളിലെ പെൺകുട്ടികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	LP			UP			H.S		
	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം
2093	520	499	48.68	263	242	24.12	304	265	27.18

പെൺകുട്ടികളുടെ ശതമാനം **48.04**

പട്ടിക 1(C)

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

LP			UP			H.S		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1019	165	16.19	505	82	16.23	569	108	18.98
						ആകെ %	16.96%	

പട്ടിക 1(D)

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
4	4	8	26	13	39
				ആകെ	47

പട്ടിക II

ഗവ. സ്കൂളുകളിലെ അദ്ധ്യാപരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. അദ്ധ്യാപകരുടെ ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
66	9	13.63	2093	337	16.10%

പട്ടിക IV

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

ഇല്ലാത്തത്	ഉള്ളത്	ലൈബ്രറി
2	3	പ്രവർത്തിക്കാത്തത്
4	1	ലാബ്
-	-	പ്രവർത്തിക്കാത്തത്
-	വേണ്ടത്രയില്ല	പഠനോപകരണങ്ങൾ
	5	റേഡിയോ
	3	ടേപ്റിക്കാർഡർ
	ഇല്ല	ടെലിവിഷൻ
	ഇല്ല	സിനിമാ പ്രൊജക്ടർ
	ഇല്ല	സ്ലൈഡ് പ്രൊജക്ടർ
	5	ബ്ലാക്ബോർഡ് ആവശ്യമുള്ളവ
	5	മാതൃസംഘം സജീവം
	5	ക്ലാസ്സ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ

പട്ടിക VI ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
S.C.S.H.S. വളമംഗലം	1447	46	3	2	ഉണ്ട് (പൈപ്പ്)	ഉണ്ട്
വളമംഗലം നോർത്ത് L.P. സ്കൂൾ	157	4	3	1	ഉണ്ട് (കിണർ)	ഇല്ല
ഗ്രാമപഞ്ചായത്ത് L.P സ്കൂൾ തുറവൂർ	66	4	1	ഇല്ല	ഉണ്ട് (കിണർ)	ഇല്ല
ഗവ. എൽ.പി സ്കൂൾ, തുറവൂർ	180	5	1	1	ഉണ്ട് (കിണർ)	ഇല്ല
L.F.M.L.P സ്കൂൾ മനക്കൊടം	243	9	2	1	ഉണ്ട് (കിണർ)	ഇല്ല

പട്ടിക VI A വിജയശതമാനം

സ്കൂൾ	91-92	92-93	93-94	94-95	95-96
S.C.S.H.S വളമംഗലം	47%	46%	47%	46%	46%

പട്ടിക VI B. 95-96 കാൽപാദപരീക്ഷ

ക്ലാസ്സുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30% നും 40% നും ഇടയിൽ മാർക്ക് ലഭിച്ചവർ	40% നും 50% നും ഇടയിൽ മാർക്ക് ലഭിച്ചവർ	50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ	60% നും മുകളിൽ മാർക്ക് ലഭിച്ചവർ
III	28	47	47	35	54
IV	32	52	61	44	44
V	34	42	36	34	26
VI	28	41	31	36	26
VII	23	46	33	40	44
VIII	34	40	46	53	39
IX	42	39	43	48	33
X	30	27	52	11	12

ഈ റിപ്പോർട്ടിലെ പന്ത്രണ്ടാമത് നിർദ്ദേശം ശ്രദ്ധേയമാണ്. സ്കൂളുകളിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക എന്നത്. പൊതുവെ വൈജ്ഞാനിക തൃഷ്ണ ഇല്ലാത്ത വിദ്യാർത്ഥികളാണ് നമ്മുടെ സ്കൂളുകളിലുള്ളത്. വായനശീലം തീരെയില്ലെന്നു പറയാം. എങ്ങനെയെങ്കിലും കാണാപ്പാഠം പഠിച്ച് പരീക്ഷ എന്ന കടമ്പ കടന്നു കൂടുക എന്നതാണ് എല്ലാ വിദ്യാർത്ഥികളുടേയും ലക്ഷ്യം. മത്സരത്തിന്റെ സംഘർഷം സകല ജീവിതമേഖലകളിലും നിറഞ്ഞുനില്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് വെറും പന്തയക്കുതിരകളുടെ സ്വഭാവമാണ് ഉള്ളത്. ഇതു മൂലം സംഭവിക്കുന്നത് വിദ്യാർത്ഥികളുടെ ഇടയിലുള്ള പ്രതിഭകൾ കാണാതെ അകാലത്തിൽ കെട്ടുപോകുന്നു. മാത്രമല്ല വിദ്യാർത്ഥികൾ അനാശാസ്യപ്രവർത്തനങ്ങളിലേക്ക് വഴുതിപ്പോകാനും സാദ്ധ്യത വർദ്ധിപ്പിക്കുന്നു.


വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുമ്പോൾ, ഒരു പക്ഷേ ആദ്യം അത് വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിച്ചില്ലെന്ന് വരാം. കാരണം ഈ രീതി അവർക്ക് പരിചിതമല്ലല്ലോ. എങ്കിലും സർഗസംവാദങ്ങളുടെ ചൂടും വെളിച്ചവും ക്രമേണ വിദ്യാർത്ഥികൾക്ക് പ്രിയംകരമായി ഭവിക്കാതിരിക്കില്ല. അങ്ങനെ അവരുടെ ബുദ്ധിക്കും പ്രതിഭക്കും വ്യായാമവും പോഷണവും ലഭിക്കുന്നതോടെ വിദ്യാർത്ഥികളിൽ നിന്ന് നമ്മുടെ സംസ്കാരത്തിനും രാഷ്ട്രത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും സംഭാവന നല്കാൻ കെല്പുള്ളവർ ഉയർന്ന് വരുമെന്നതിൽ തർക്കമില്ല.

നാട്ടുവൈദ്യമറിയാവുന്നവരെ ഒരു പ്രത്യേക പഠന കോഴ്സിനു വിധേയമാക്കി അവർക്കു ചികിത്സിക്കാനുള്ള ലൈസൻസ് കൊടുക്കണം. അവർ ഉണ്ടാക്കുന്ന ഔഷധങ്ങളുടെ ഗുണനിലവാരവും ഫലവും തിട്ടപ്പെടുത്തി അവർക്ക് അത് വിപണനം നടത്താനുള്ള അനുവാദവും കൊടുക്കണം. ഇത് മൂലം ഇതിൽ താല്പര്യമുള്ളവർക്ക് ഈ വിഷയം പഠിക്കാനും അങ്ങനെ നാട്ടിലുണ്ടാകുന്ന ചില രോഗങ്ങൾക്ക് പാരമ്പര്യ വിധിപ്രകാരമുള്ളതും നാട്ടറിവുകളുടെ അടിസ്ഥാനത്തിലുള്ളതുമായ ചികിത്സലഭിക്കാനും സാഹചര്യമുണ്ടാകുന്നു. ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്കും ഇത് പരിഹാരമാണ്. ചരകനും ശുശ്രുതനും ഒന്നും സർവ്വകലാശാലകളിൽ പഠിച്ച് സർട്ടിഫിക്കറ്റ് കിട്ടിയവരല്ലല്ലോ. ഇതുകൊണ്ട് നമ്മുടെ നാട്ടുവൈദ്യത്തിന്റേയും നാട്ടറിവുകളുടേയും വളർച്ചയും പുരോഗതിയും സാദ്ധ്യമാണ്.

ജനവിദ്യാകേന്ദ്രങ്ങളും ജനശിക്ഷണനിലയവും

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മൂന്നു വർഷത്തിലധികമായി തുറവൂർ ഗ്രാമപഞ്ചായത്ത് പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് ഒരു ജനശിക്ഷണ നിലയം പ്രവർത്തിക്കുന്നു. J.S.N ന്റെ കീഴിൽ നവസാക്ഷരർക്ക് വായിക്കുന്നതിനും പഠിക്കുന്നതിനും കലാകായിക വാസനകൾ പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരങ്ങളുണ്ട്. വികസന ക്ഷേമ പദ്ധതികളെക്കുറിച്ച് J.S.N. ന്റെ ഇൻഫർമേഷൻ സെന്ററിൽ നിന്നും വിവരങ്ങൾ ലഭ്യമാണ്. ഈ ഗ്രാമപഞ്ചായത്തിൽ മൂന്ന് ജനവിദ്യാകേന്ദ്രങ്ങളുണ്ട്. പഞ്ചായത്ത് പബ്ലിക് ലൈബ്രറി, കളരിക്കൽ ദേശസേവിനി വായനശാല, പടിഞ്ഞാറെ മനക്കോടം യുവജനസമാജം വായനശാല എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്.





പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. അതുകൊണ്ട് തന്നെ വികസനത്തിൽ ആരോഗ്യത്തിനുള്ള പങ്ക് പ്രത്യേകം പ്രാധാന്യം അർഹിക്കുന്നുണ്ട്. പുരാതന ഭാരതത്തിൽ ആയുർ വേദവിധിപ്രകാരമുള്ള ചികിൽസാ സമ്പ്രദായമാണ് പിൻതുടർന്ന് വന്നിട്ടുള്ളത്. ശാരീരികവും മാനസികവുമായ വിവിധരോഗ നിർണ്ണയവും, അതിനുള്ള പ്രതിവിധികളും പ്രശസ്തമായ ആയുർവ്വേദഗ്രന്ഥങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലനത്തിൽ ആയുർവ്വേദത്തിനോപ്പം യൂനാനി, ഒറ്റമൂലി, സിദ്ധവൈദ്യം, മർമ്മ ചികിത്സ തുടങ്ങിയവയും അപ്രധാനമല്ലാത്ത പങ്ക് വഹിക്കുന്നു. എന്നാൽ പാശ്ചാത്യരുടെ ആഗമനത്തോടെ ഈ ചികിത്സാസമ്പ്രദായങ്ങളുടെ മേൽ അലോപ്പതി ആധിപത്യം പുലർത്തുകയും പ്രാചീനങ്ങളായ ഭാരതീയ ചികിത്സാരീതികൾ ഇടക്കാലത്തേക്കെങ്കിലും വിസ്മൃതിയിലാവുകയും ചെയ്തു. ഇന്ന് അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി ചികിത്സ അക്യുപംക്ചർ മുതലായവ സർവ്വസാധാരണമാണ്. പാർശ്വഫലങ്ങൾ അധികം ഉളവാക്കാത്ത ചികിത്സാസമ്പ്രദായമെന്ന് ഖ്യാതി ആയുർവ്വേദത്തിനും, ഹോമിയോപ്പതിക്കും, പ്രകൃതിചികിത്സക്കും ഉണ്ടെങ്കിലും ആലോപ്പതിയോടാണ് ആളുകൾക്ക് കൂടുതൽ താൽപ്പര്യം. എന്നാൽ ഇന്ന് അലോപ്പതിക്കൊപ്പം ആയുർവ്വേദവും പരക്കെ അംഗീകരിക്കപ്പെടുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഏതൊരു സമൂഹത്തിന്റെയും ആരോഗ്യം അവിടെ നിലനിൽക്കുന്ന പരിതസ്ഥിതികളും അതുമായി ബന്ധപ്പെട്ട നിരവധി ഘടകങ്ങളേയും ആശ്രയിച്ചാണിരിക്കുന്നത്. ഉദാഹരണത്തിന് വ്യവസായവുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ, അന്തരീക്ഷമലിനീകരണം, പരിസരശുചിത്വമില്ലായ്മ, ശുദ്ധജലദൗർലഭ്യം, അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, ആരോഗ്യ പരിപാലനത്തിനുള്ള അജ്ഞത എന്നിവ എടുത്ത് പറയേണ്ടതാണ്. അത്തരം പ്രശ്നങ്ങളുടെ ആസൂത്രിതമായ പരിഹാരനിർണ്ണയത്തിലൂടെ മാത്രമേ ആരോഗ്യ പരിപാലനരംഗത്ത് മെച്ചപ്പെട്ട പ്രകടനം കാഴ്ച്ചവെക്കാനും അതുവഴി 2000 മാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാനും സാധിക്കുകയുള്ളൂ.

പുരാതനകാലത്ത് തന്നെ ഭാരതം ആരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു. ശരീരമാദ്യം ഖലു സാധനം എന്ന കാളിദാസ വചനവും പതഞ്ജലി മഹർഷിയുടെ യോഗ സൂത്രത്തിലുള്ള യോഗചിത്താ വൃത്തിനിരോധ എന്ന സൂത്രവും ശരീരത്തിന്റെയും, മനസിന്റേയും സമഗ്രമായ ആരോഗ്യത്തിന്റെയും പ്രാധാന്യം സൂചിപ്പിക്കുന്നു. ഋഗ്വേദത്തിന്റെ ഭാഗമായ പുരുഷസൂക്തത്തിന്റെ ശാന്തിപാഠത്തിലുള്ള ഊർധ്വംജിഗാതുഭേഷജം എന്നത് ഔഷധസസ്യങ്ങളുടെ സമൃദ്ധമായ വളർച്ചയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന യാണ്. അർത്ഥവേദം ഭാരതത്തിലെ പരമ്പരാഗത വൈദ്യസമ്പ്രദായങ്ങളുടെ മൂലഗ്രന്ഥമാണെന്നുള്ളത് പ്രസിദ്ധമാണ്.

കേരളത്തിലെ മറ്റുപ്രദേശങ്ങളിലെപ്പോലെ തുറവൂരിലും പണ്ട് ആരോഗ്യപരിപാലന രംഗത്തെ ഏക ആശ്രയം പാരമ്പര്യവൈദ്യൻമാരായിരുന്നു. ആയുർവ്വേദത്തിലെ വിവിധരീതികളായ ബാലചികിത്സ, പഞ്ചകർമ്മചികിത്സ, തിരുമ്മുചികിത്സ മുതലായവയോടെപ്പം രോഗശമനത്തിനായി ചരട് ജപിച്ചുകെട്ട് ബാധ ഒഴിപ്പിക്കൽ, ക്ഷേത്രങ്ങളിലേക്കും കാവുകളിലേക്കും നേർച്ചകൊടുക്കൽ എന്നിവയും നിലനിന്നിരുന്നു.

ആയുർവ്വേദചികിത്സാരംഗത്ത് പഞ്ചായത്തിന്റെ പ്രാധാന്യം ഇവിടെ ജീവിച്ചിരുന്ന പ്രഗൽഭമതികളായ പാരമ്പര്യ വൈദ്യൻമാരുടെ എണ്ണത്തിൽ നിന്നു തന്നെ വ്യക്തമാണ്. ഇവരിൽ എന്തുകൊണ്ടും പ്രഥമഗണനീയർ കേളവൈദ്യർ, മനക്കോടം കേശവൻ വൈദ്യർ, കുഞ്ഞാലിക്കൽ നാരായണൻ വൈദ്യർ, കുന്നേൽ സായു വൈദ്യർ മുതലായവരാണ്. മനക്കോടം കേശവൻ വൈദ്യർ അയുർവ്വേദരംഗത്തെ ഒരു മികച്ച ഗവേഷകനും ഗ്രന്ഥകർത്താവും കൂടിയാണെന്ന കാര്യം എടുത്തു പറയേണ്ടതാണ്. തിരുമ്മു ചികിത്സാരംഗത്ത് ശങ്കരൻ മാനേജരും ബാലചികിത്സാരംഗത്ത് പുത്തൻ പുരയിൽ ശങ്കരൻ കുഞ്ഞു വൈദ്യരും നാലാം പുരയ്ക്കൽ തോമസ് വൈദ്യരും നിത്യസ്മരണ നിലനിർത്തുന്നു. വിഷ ചികിത്സാ രംഗത്താകട്ടെ ആന്നിലത്തു പത്മനാഭൻ മൃഗചികിത്സാരംഗത്ത് ശങ്കരൻ വൈദ്യരുമാണ്. ആതുരശുശ്രൂഷാ രംഗത്ത് മേൽപ്പറഞ്ഞ ചികിത്സാരീതികളും വൈദ്യൻമാരും ആകാലഘട്ടത്തിൽ അപര്യാപ്തമായിരുന്നു.

എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദക്കാലമായി ആരോഗ്യ പരിപാലനരംഗത്ത് വന്ന മാറ്റം വളരെ ശ്രദ്ധേയമാണല്ലോ. പാരമ്പര്യ വൈദ്യത്തെ അവഗണി ക്കുകയും ആലോപ്പതി രംഗത്തെ മാത്രം ആശ്രയിക്കുകയും ചെയ്യുന്ന പ്രവണത തുറവൂർ പഞ്ചായത്ത് പ്രദേശങ്ങളിലും പ്രതിഫലിച്ചതായി കാണാം.

ആരോഗ്യ പരിപാലന രംഗത്ത് നമ്മുടെ ഗ്രാമപഞ്ചായത്ത് വളരെ പിന്നിലാണെന്നകാര്യം വിസ്മരി ച്ചുകൂടാ. ഈ രംഗത്തെ ആദ്യസ്ഥാപനം 1974ൽ പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ സ്ഥാപിക്കപ്പെട്ട ആയുർവ്വേദ ആശുപത്രിയാണ്. ഇതുകൂടാതെ 1993ൽപഞ്ചായത്ത് സാംസ്ക്കാരികനിലയത്തിൽ ഒരു താൽക്കാലിക പി.എച്ച് സെന്ററും രണ്ടാം വാർഡിലും എട്ടാം വാർഡിലും, പതിനൊന്നാം വാർഡിലും ഓരോ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടു. പഞ്ചായത്തിലെ ആകെ ജനസംഖ്യ 25966 ആണ്. ഇതിൽ 13229- പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 8655 പേർക്ക് ഒരു ആരോഗ്യകേന്ദ്രം എന്ന സ്ഥിതിയാണിന്നുള്ളത്. ആയിരം പേർക്ക് ഒരു ആരോഗ്യകേന്ദ്രം എന്ന നമ്മുടെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കാൻ നാം എത്രകാലം കാത്തിരിക്കണം എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. നിലവിലുള്ള മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിലും വാർഡുതല ചർച്ചകളിലുരുത്തിരിഞ്ഞ് വന്ന ആശയ സമന്വയത്തിലൂടെയും ഈ രംഗത്തെ പ്രശ്നങ്ങളെ കണ്ടെത്തി വിലയിരുത്തുകയും അവയ്ക്ക് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയുമാണ് ഈ കുറിപ്പിലൂടെ ലക്ഷ്യമാക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഉൾ പ്രദേശങ്ങളിൽ എന്തെങ്കിലും ഗുരുതരമായ രോഗങ്ങൾ പെട്ടെന്നുണ്ടായാൽ ആശുപത്രിയിൽ എത്തിക്കാൻ ഉള്ള ഗതാഗതസൗകര്യം ലഭ്യമല്ല. ആയതിനാൽ ഉൾനാടൻ റോഡുകൾ നമ്മുടെ ആരോഗ്യ പരിപാലനത്തെ സഹായിക്കുന്ന മുഖ്യഘടകമാണ്.

ഈ പഞ്ചായത്തിലെ ആരോഗ്യ നിലവാരം ഉയർന്നതാണെന്ന് സർവ്വേകൾ കാണിക്കുന്നില്ല. ഗ്രാമസഭാതലത്തിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമഗ്രവും ഫലപ്രദവുമായ ഒരു ആരോഗ്യ പരിപാടിയാണ് നാം ആവിഷ്ക്കരിക്കേണ്ടത്. ഉൾ നാടുകളിലെ രോഗികൾക്ക്പ്പെട്ടെന്ന് വൈദ്യ സഹായം ലഭിക്കാനുതകുന്ന വിധം ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടത് ഈരംഗത്തെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന ഒരു കർമ്മ പരിപാടിയാണ്.

കക്കൂസ്

96ലെ സാമൂഹിക സാമ്പത്തിക സർവ്വേ അനുസരിച്ച് പഞ്ചായത്തിലാകെയുള്ള 5317വീടുകളിൽ എസ്.ടി. കക്കൂസ് 1008ഉം ഇ.എസ്.പി കക്കൂസ് 1936ഉം ആണ്. ഇതിൽ നിന്നും 50 ശതമാനം വീടുകൾക്ക് മാത്രമേ കക്കൂസ് സൗകര്യം ലഭ്യമുള്ളൂ എന്ന് മലസ്സിലാക്കാം. ആയതിനാൽ 50 ശതമാനം വരുന്ന കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ തുറന്ന പ്രദേശങ്ങളിലും ജലാശയങ്ങളിലുമാണ് വിസർജ്ജനം നടത്തുന്നത്. ഇത് പരിസര മലിനീകരണത്തിനും മറ്റു സാംക്രമികരോഗങ്ങൾക്കും കാരണമായിത്തീരുന്നു. നമ്മുടെ പ്രദേശത്തെ കൊച്ചു കുട്ടികൾക്കുണ്ടാകുന്ന വിരശല്യത്തിന്റെ പ്രധാനകാരണം ഇത് തന്നെയാണ്.

ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ

1. ജനസംഖ്യാനുപാതികമായി ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത അവസ്ഥ.
2. ഉൾപ്രദേശങ്ങളിലെ ഗതാഗത സൗകര്യക്കുറവ്
3. ആശുപത്രികളിൽ വേണ്ട ഡോക്ടർമാരും മരുന്നും ഇല്ല.
4. സ്ത്രികൾ കൂടുതലുള്ള പഞ്ചായത്തിൽ ഗൈനക്കോളജിസ്റ്റിന്റെ അഭാവം.
5. തുറവൂർ പി.ച്ച് സെന്ററിന് സ്ഥിരമായ കെട്ടിടം ഇല്ല.
6. അതാത് മേഘലകളിൽ വിദഗ്ധഡോക്ടർമാരുടെ അഭാവം.
7. കക്കൂസുകളുടെ കുറവ്
8. പരിസരമലിനീകരണവും കുടിവെള്ള ക്ഷാമവും മൂലമുണ്ടാകുന്ന മെനഞ്ചൈറ്റിസ്, മഞ്ഞപ്പി

ത്തം, വയറിളക്കം, കോളറ മുതലായ സാംക്രമിക രോഗങ്ങൾ

9. ആരോഗ്യ പരിപാലനത്തെ സംബന്ധിച്ചുള്ള അജ്ഞത

10. ബോധവൽക്കരണത്തിന്റെ അഭാവം

11. പൊതു ശ്മശാനത്തിന്റെ ഇല്ലായ്മ

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം. ഡോക്ടർമാരുടെയും ആരോഗ്യ രക്ഷാ പ്രവർത്തകരുടെയും സേവനം എല്ലാ ദിവസവും ലഭ്യമാക്കണം.

2. മൂന്നാം വാർഡിൽ നിലവിലുള്ള ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും രോഗികളെ കിടത്തി ചികൽസിക്കാനുള്ള സൗകര്യം ലഭ്യമാക്കേണ്ടതുമാണ്.

3. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലക്ക് ഉപകരിക്കത്തക്കവിധം ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

4. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന തുറവൂർ പി.എച്ച് സെന്ററിന് സ്ഥിരമായ കെട്ടിടം ഉണ്ടാകേണ്ടതും അതിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യവും ഗൈനക്കോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കേണ്ടതാണ്.

5. തുറവൂർ പി.എച്ച് സെന്ററിൽ ആഴ്ച്ചയിലൊരിക്കൽ ദന്ത വിഭാഗം, കുട്ടികളുടെ വിഭാഗം, കണ്ണ്, അസ്തി വിഭാഗം, മുതലായവയിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

6. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ തീവ്രയത്ന കക്കൂസ് നിർമാണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കണം.

7.അംഗൻ വാടികളിലൂടെയും പി.എച്ച് സെന്ററിന്റെ നേതൃത്വത്തിലും നടത്തിവരുന്ന ആരോഗ്യ ബോധവൽക്കരണക്ളാസുകളിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നതിന് പഞ്ചായത്തുതല സാംസ്ക്കാരിക സമിതിയുടെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്യണം.

8.എല്ലാ വാർഡുകളിലും പൊതു ശ്മശാനം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9. എല്ലാ ലക്ഷം വീട് കോളനികളിലും മുഴുവൻ വീടുകൾക്കും പരിസരമലിനീകരണം ഉണ്ടാകാത്ത രീതിയിൽ പ്രയോജനപ്രദമായി കക്കൂസുകളും കിണറുകളും സ്ഥാപിക്കണം.

കുടിവെള്ളം

വെള്ളം വെള്ളം സർവ്വത്ര വെള്ളം തുള്ളികുടിപ്പാനില്ലത്രേ ഇത് നമ്മുടെ പഞ്ചായത്തിലും അന്വർത്ഥമാണ്. തുറവൂർ ഗ്രാമ പഞ്ചായത്തിൽ വമ്പിച്ച ജലസ്രോതസ്സുണ്ടെങ്കിൽ പോലും ശുദ്ധജലക്ഷാമം വളരെ രൂക്ഷമാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻമേഖലയും കിഴക്കൻ കായലോരമേഖലയും ശുദ്ധജല ക്ഷാമത്തിന്റെ നീരാളിപ്പിടുത്തത്തിൽ അമർന്നുകഴിയുകയാണ്. ഈ പ്രദേശങ്ങളിലേക്ക് ശുദ്ധജലം എത്തിച്ചു കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവും അധികം ശുദ്ധജലക്ഷാമഅ അനുഭവപ്പെടുന്നത് ഒന്നാം വാർഡിലെറ പണിക്കൻതുരുത്തും 2,3,4,8,9 വാർഡുകളുടെ പകുതിയിലധികം വരുന്ന പ്രദേശത്തും 10ഉം 11ഉം വാർഡുകളിൽ മുഴുവനും. മറ്റു പ്രദേശത്തെ ശുദ്ധജലസ്രോതസ്സ് കുറെ കിണറുകളും കുളങ്ങളും ഗ്രൗണ്ട് വാട്ടർ സൗകര്യവുമാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണം നാമമാത്രമായി എത്തിച്ചേരുന്നത് 10,11 വാർഡകളിലാണ്. ഇത് ആപ്രദേശത്ത് ഒട്ടും പര്യാപ്തമല്ല.

കുടിവെള്ള സ്രോതസ്സ്

വാർഡ്	കുളം	കിണർ	GW
1	98	107	68
2	117	120	69
3	140	170	65
4	73	51	33
5	121	156	58
6	150	91	68
7	246	238	154
8	107	158	106
9	103	79	39
10	44	42	4
11	75	4	11

പൊതുവായ രീതിയിൽ ശുദ്ധജലക്ഷാമം നേരിടുന്ന വാർഡുകളെ സംബന്ധിച്ച് മുകളിൽ പറഞ്ഞുവല്ലോ. എന്നാൽ അതിരൂക്ഷമായരീതിയിൽ ശുദ്ധജല ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എല്ലാ ഗ്രാമസഭാചർച്ചകളിലും ഇത്തരം പ്രദേശങ്ങളിൽ നിന്നും പങ്കെടുത്ത ആളുകൾ അടിവരയിട്ട് പറഞ്ഞത് അവർ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമത്തെക്കുറിച്ചാണ്. ആയതിനാൽ അതാതു പ്രദേശത്തിന്റെ പ്രത്യേകതയും മനസ്സിലാക്കിക്കൊണ്ടുവേണം കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ

1. ഒന്നാം വാർഡിന്റെ പണിക്കൻതുരുത്തു പ്രദേശം ഒഴിച്ച് വളമംഗലം റോഡിന് പടിഞ്ഞാറെ ഭാഗത്തുള്ള 3,4 വാർഡുകൾ എൻ എച്ച് നു കിഴക്കുഭാഗത്തുള്ള 5, വാർഡുകളിലും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി വലിയപാടം പ്രദേശത്ത് ഓരുജലം കയറ്റാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ ഈ പ്രദേശത്ത് ധാരാളം കുളങ്ങളുണ്ട്. ഈകുളങ്ങൾ എല്ലാ വർഷവും വെട്ടി സൂക്ഷിക്കണം. പൊതുകിണറുകൾ കൂഴിക്കുകയും കിണറ്കുഴിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുകയും വേണം.

ഒന്നാം വാർഡിന്റെ പണിക്കൻതുരുത്ത് പ്രദേശം 2 വാർഡ് വളമംഗലം റോഡിന്റെ കിഴക്കുഭാഗത്തുള്ള 3,4 വാർഡുകൾ എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ട് . ഈ പ്രദേശത്ത് ഓരു ജലം കയറ്റാതിരിക്കുന്നതിന് സാദ്ധ്യമല്ല. ആയതിനാൽ ഈ പ്രദേശത്ത് പൈപ്പ് ജലം തന്നെ എത്തേണ്ടിയിരിക്കുന്നു. ശുദ്ധജലം കൂടാതെ ഗതാഗത സൗകര്യവും വളരെക്കുറവാണ്. ഗതാഗതം എന്ന അദ്ധ്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്ന വളമംഗലം റോഡിനു സമാന്തരമായ 1,2,3,4 വാർഡുകളെ തമ്മിൽ യോജിപ്പിക്കുന്ന റോഡ് പൂർത്തീകരിക്കുക ശുദ്ധജലം ലഭ്യമാകുന്ന പ്രദേശം കണ്ട് പിടിച്ച് രണ്ടു വാർഡുകൾ കേന്ദ്രീകരിച്ച് ഒരോ മിനി ടാങ്കുകൾ നിർമ്മിക്കുക. ഇതിൽ നിന്നും മുകളിൽ പറഞ്ഞ റോഡിലൂടെ പൈപ്പു വഴി വെള്ളമെത്തിക്കുക.

എൻ.എച്ചിനും പടിഞ്ഞാറ് പുത്തൻ കാവ് കിഴക്കുഭാഗത്തുള്ള ,8,9,6,5 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ദേശത്തോട്ടിലൂടെയും മറ്റ് തോട്ടിലൂടെയും ഓരുജലം കയറാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കണം. ഈ പ്രദേശത്തുള്ള കുളങ്ങളും കിണറുകളും സന്നദ്ധസേവനം പ്രയോജനപ്പെടുത്തി വെട്ടിയും തേകിയും വൃത്തിയാക്കണം. കൂടാതെ പൊതുകിണറുകൾ കുഴിക്കുകയും കിണറുകൾ കുഴിക്കുന്നവർക്ക് ധനസഹായം നൽകുകയും ചെയ്യണം.

4. പുത്തൻ കാവ് റോഡിന് പടിഞ്ഞാറുഭാഗത്തുള്ള 8,9 വാർഡുകളിൽ 10,11 വാർഡുകളിൽ മുഴുവനുമായും ശുദ്ധജലക്ഷാമമ രൂക്ഷമാണ്. 10,11 പാർഡുകളിൽ നാമമാത്രമായി കെ.ഡ്ബിളയു.എ യുടെ ശുദ്ധജലവിതരണവുമുണ്ട്. ഇത് ഈ ഈ പ്രദേശങ്ങളിലാകമാനം വിപുലീകരിപ്പിക്കണം. ഇതിനു വേണ്ടിയുള്ള ചില നടപടികൾ കെ.ഡബ്ളിയു.എ ആരംഭിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ 4 കാര്യങ്ങൾ സൂക്ഷമമായി പരിശോധിച്ചുകഴിഞ്ഞാൽ ഈ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന പ്രദേശത്തും ശുദ്ധജലക്ഷാമം അതി രൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് ബ്ളോക്കുസമിതികൾ തീരുമാനമെടുത്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും ചേർത്തല ത്താലൂക്കിലെ ജനങ്ങളുടെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് സാമ്പത്തിക സമൂഹത്തിന്റെ അംഗീകാരം കിട്ടിയിരിക്കുന്ന മുവാറ്റുപുഴ ശുദ്ധജല വിതരണ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് വേണ്ടനടപടികൾ ചെയ്യണം. എങ്കിൽ മാത്രമേ ആത്യന്തികമായി മനുക്ക് ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കുക.

നിർദ്ദേശങ്ങൾ

1. ജപ്പാൻ സാമ്പത്തിക സമൂഹത്തിന്റെ അംഗീകാരം കിട്ടിയിരിക്കുന്ന മുവാറ്റുപുഴ ശുദ്ധജലവിതരണപദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് ബ്ളോക്കുപഞ്ചായത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തു ശ്രമിക്കണം.

2. ഓരു ജലം കയറാതിരിക്കുന്നതിന് തക്ക സമയത്ത് ഓര് മുട്ടുകൾ ഉറപ്പിക്കണം.

3. പൊതുക്കിണറുകൾ സ്ഥാപിക്കണം. സന്നദ്ധപ്രവർത്തനത്തിലൂടെ അതാതു വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ കുളങ്ങളും കിണറുകളും വെട്ടി ശുദ്ധിചെയ്യുക. കൂടാതെ ആരോഗ്യകേന്ദ്ര ത്തിൽ നിന്നും അംഗൻ വാടികളിലൂടെ ബ്ളീച്ചിംഗ് പൗഡർ വിതരണം ചെയ്യുക

4. കായലോര പ്രദേശത്തു താമസിക്കുന്നവർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് 1,2,3,4, വാർഡുകൾ കേന്ദ്രീകരിച്ച് രണ്ട് മിനി ടാങ്കുകൾ നിർമ്മിച്ച് പൈപ്പുവഴി വെള്ളം എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

യോഗകേന്ദ്രം

ശരീരത്തിന്റെയും മനസ്സിന്റേയും ആരോഗ്യത്തിന് യോഗ ഉത്തമമാണെന്നുള്ള കാര്യം ലോകമാസകലം ഇന്ന് അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ഹംയോഗ പ്രദീപിക നിർദ്ദേശിച്ചിരിക്കുന്ന യോഗാസനങ്ങളും വിവിധ ധ്യാനസമ്പ്രദായങ്ങളും നമുക്ക് ഉപയോഗിക്കാവുന്നതാണ്. യാഗകേന്ദ്രത്തിന് ഒരു കെട്ടിടം അത്യാവശ്യമാണ്. ധാരാളം ശുദ്ധവായുവും സൂര്യപ്രകാശവും ലഭിക്കത്തക്കവിധത്തിലായിരിക്കണം അത് നിർമ്മിക്കേണ്ടത്. അവിടെ യാഗത്തിലും ധ്യാനത്തിലും പരിശീലനം ലഭിച്ച ആളുകളെ വിളിച്ച് ഭാഷണങ്ങളും ഡമോൺസ്ട്രേഷൻ ക്ളാസുകളും സംഘടിപ്പിക്കണം. ഒട്ടു മിക്ക രോഗങ്ങൾക്കും യോഗ പരിഹാരമാർഗ്ഗമാണ്. യോഗചെയ്തുശീലിച്ചു വളരുന്ന കുട്ടികൾക്ക് ഒരിക്കലും രോഗം വരികയില്ല. പെൺകുട്ടികൾക്ക് ശരീരവടിവും സൗന്ദര്യവും ലഭിക്കുന്നതിന് ഇപ്പോൾ ബ്യൂട്ടി പാർലറുകളിൽ യോഗയും എയ്റോബിക്സും പഠിപ്പിക്കുന്നുണ്ട്. യോഗകേന്ദ്രത്തിൽ വന്ന് യോഗപരിശീലിക്കുന്നവർ കേന്ദ്രത്തിലെ ഇൻസ്ട്രക്ട്ടർമാർക്ക് പ്രതിഫലം നൽകിക്കൊള്ളും. പഞ്ചായത്ത് ഒരു ഫീസ് നിശ്ചയിച്ചുവാങ്ങി ഇൻസ്ട്രക്ടർമ്മാർക്ക് ഒരു നിശ്ചിത ശമ്പളം കൊടുത്താലും മതിയാകും. കൂട്ടത്തിൽ മർമ്മ ചികിത്സയും പഞ്ചകർമ്മചികിസ്സയും കൂടി ഏർപ്പെടുത്തിയാൽ വിദേശീകൾ ഉൾപ്പെടെയുള്ള ആളുകൾ വന്ന്

ചികിത്സക്ക് വിധേയരാകുകയും പഞ്ചായത്തിന് നല്ലൊരും വരുമാനമാർഗ്ഗമായി പരിണമിക്കുകയും ചെയ്യും. ജോലി ചെയ്യുന്നതിന് പഞ്ചകർമ്മ ചികിത്സയുടെ കോഴ്സുപാസായവരെ കിട്ടാൻ ബുദ്ധിമുട്ടില്ല. ആരംഗത്ത് പ്രവർത്തിക്കുന്ന പാരമ്പര്യ വൈദ്യൻമാരുണ്ട്.

ജലനേദി എന്ന യോഗക്രിയ ശീലിച്ചിട്ടുള്ള ഒരാളിന് ഒരിക്കലും ജലദോഷം വരികയില്ല. കഫവർദ്ധന കൊണ്ടുണ്ടാകുന്ന ഒരു രോഗവും വരുകയില്ല. പവന മുക്താസനവും പ്ളാവിനിയും ചെയ്യുന്നവർക്ക് ഇന്ന് സാധാരണ കണ്ടുവരുന്ന വായുക്ഷോഭം എന്ന അസ്വാസ്ഥ്യം ഉണ്ടാകില്ല. സൂര്യ നമസ്ക്കാരം ചെയ്യുന്നവർക്ക് കുടവയറോ സ്ഥൂലശരീരമോ ഉണ്ടാകില്ല. ശ്വസനക്രിയ പ്രണായാമം ചെയ്യുന്നവർക്ക് ശ്വാസകോശ രോഗങ്ങളുണ്ടാകില്ലെന്നു മാത്രമല്ല, മനസ്സിന്റെ സംഘർഷം ശമിക്കുകയും ശാന്തി ലഭിക്കുകയും ചെയ്യും. ബുദ്ധിക്കും പ്രതിഭക്കും തിളക്കം കൂടും. പതിവായി ധ്യാനം ശീലിക്കുന്നവർക്ക് രക്തസമ്മർദ്ദം ഹൃദ്രോഗം എന്നിവയും ഉണ്ടാകില്ല.

ഭക്ഷണം ആരോഗ്യത്തിന്റെ താക്കോൽ

ആരോഗ്യകരമായ ഭക്ഷണരീതിയാണ്, ആരോഗ്യപരിപാലനത്തിലേറ്റവും പ്രധാനപ്പെട്ടതായിട്ടുള്ളത് മത്സ്യത്തിന്റെയും മാംസത്തിന്റേയും അമിതമായ ഉപയോഗം ഗുരുതരമായ പലരോഗങ്ങൾക്കും കാരണമാകും. ഇതിലേറ്റവും അപകടകരമായിട്ടുള്ളത് പൂരിത കൊഴുപ്പടങ്ങിയ മാംസാഹാരമാണ്. ക്യാൻസർ, ഹൃദ്രോഗം എന്നിവക്ക് ഒരു കാരണം അമിതമായ കൊഴുപ്പിന്റെ ഉപഭോഗമാണെന്നാണ് ഇന്ന് വൈദ്യശാസ്ത്രം പറയുന്നത. മത്സ്യം അത്രകണ്ട് അപകടകരമല്ലെന്ന് അഭിപ്രായമുണ്ട്. മീനെണ്ണയിൽ ധാരാളം ജീവകം എ അടങ്ങിയിട്ടുണ്ട്. അത് കണ്ണിനും രക്തചംക്രമണവ്യവത്ഥയുടെ ക്രമീകരണത്തിനും സഹായിക്കുന്നു. എന്നാൽ വലിയ മത്സ്യങ്ങൾ ദോഷകരമാണെന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്. കൊഴുപ്പ് കൂടുതലുള്ള ആട്ടിറച്ചി മാട്ടിറച്ചി എന്നിവ വർജിക്കുന്നത് നല്ലതാണ്. എന്നാൽ മാംസത്തിന്റെ ഉപഭോഗം പാശ്ചാത്യരെ അപേക്ഷിച്ച് നമ്മുടെ ഇടയിൽ വളരെക്കുറവാണ്. മാംസാഹാരം ചില രോഗങ്ങളിൽ ശുപാർശചെയ്യാറുണ്ട് എന്നകാര്യം വിസ്മരിക്കുന്നില്ല. പ്രോട്ടീന്റെ കുറവുള്ളവർക്ക് മാംസാഹാരം അനുപേക്ഷണീയവുമാണ്. അതിന് പകരം പയറുവർഗ്ഗങ്ങളുപയോഗിച്ചായ മതിയെന്നാണ് പ്രകൃതിചികിത്സ പറയുന്നത്. ഏതായാലും പഴങ്ങളും പച്ചക്കറികളും ജലക്കറികളും അടങ്ങുന്ന ഭക്ഷണം ആരോഗ്യദായകം തന്നെ. നാരുകൾ അടങ്ങിയ ഭക്ഷണം കൊളസ്ട്രോൾ നിയന്ത്രിക്കും. നമ്മുടെ നാട്ടിൽ കിട്ടുന്ന പപ്പായ, വാഴപ്പഴം പേരക്ക ചീര കുമ്പളങ്ങ, വെള്ളരിക്ക, അച്ചിങ്ങ എന്നിവ ആരോഗ്യകരമായ ഭക്ഷണ പദാർത്ഥങ്ങളാണ്. നമ്മുടെ നാടൻ വിഭവങ്ങൾ തിന്നു ശീലിച്ചവരാണ് നാം. കമ്പോളത്തിന്റെ പുതിയശീലങ്ങളാണ് നമ്മുടെ ആരോഗ്യത്തിന്റെ താളം തെറ്റിച്ചത്. ടിൻഫുഡുകളും, ബേക്കറി പലഹാരങ്ങളും കടകളിൽ നിന്ന് കിട്ടുന്ന ശീതളപാനീയങ്ങളും അപായം വിളിച്ച് വരുത്തുന്ന ഭക്ഷ്യ വസ്തുക്കളാണ്.

കാലത്ത് കഞ്ഞിയോ തേയിലച്ചായയോ, അട, പുട്ട് അപ്പം എന്നിവയും നാം പണ്ടുമുതലേ ശീലിച്ചവതാണ്. ചാള, വരാല്, അയില, കരിമീൻ പള്ളത്തി തുടങ്ങിയ മീനുകളും ഹാനികരമല്ല. വല്ലപ്പോഴും മാട്ടിറച്ചിയോ ആട്ടിറച്ചിയോ കോഴിയിറച്ചിയോ കഴിച്ചാലും കുഴപ്പമില്ല. നാടൻ ആഹാരം, അല്പം ധ്യാനം അല്പം യോഗ പിന്നെ അവരവരുടെ കർമ്മത്തിലുള്ള വ്യാപാരം, ഉറക്കം ഇത്രയുമായാൽ മുഴുവൻ ആരോഗ്യവും നമുക്കു നിർണ്ണയിക്കാം

തുറവൂർ ഗ്രാമ പഞ്ചായത്ത്
ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993–94	191	7	1
1994–95	219	5	2
995–96	189	9	2

തുറവൂർ ഗ്രാമ പഞ്ചായത്ത്
പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായു ജന്യ രോഗങ്ങൾ	പ്രാണി ജന്യ രോഗങ്ങൾ	മേറ്റുള്ളവ
1993–94	87	164	22	123197
1994–95	62	159	26	166117
995–96	69	127	19	185647

തുറവൂർ ഗ്രാമപഞ്ചായത്ത്

രോഗങ്ങൾ സംബന്ധിച്ച വിവരം

വർഷം	ഇൻ പേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധി	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992–93	ഇല്ല	39266	3257	20917	ഇല്ല	ഇല്ല	15092	39266
1993–94	ഇല്ല	29938	3123	21532	ഇല്ല	ഇല്ല	5283	29938
1994–95	ഇല്ല	23072	2973	12447	ഇല്ല	ഇല്ല	7652	23072
1995–96	ഇല്ല	42036	3538	26452	ഇല്ല	ഇല്ല	12046	42036
ആകെ	ഇല്ല	134312	12891	81348	ഇല്ല	ഇല്ല	40073	134312

തുറവൂർ ഗ്രാമപഞ്ചായത്ത്

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമ്മൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	107	92	72	60	6	10	–	–
1–3 വയസ്സ്	166	157	145	148	68	76	–	–
3–6 വയസ്സ്	142	145	119	133	46	55	–	–

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായി പേഷണക്കുറവുള്ളവർ

തുറവൂർ ഗ്രാമപഞ്ചായത്ത്

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്പ്

കുട്ടികൾ	ബി.സി.ജി.	ഡി.പി.റ്റി				പോളിയോ				ഡിറ്റി				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	158	116	94	53	103	116	94	53	103	-	-	-	-	114
1-3 വയസ്സ്	550	550	550	550	550	550	550	550	550	-	-	-		729
3-6 വയസ്സ്	697	697	697	697	503	697	697	697	503	-	-	-	230	682

ടോറ്റനസ് ടോക്സോയിസ് (TT)

ഗർഭിണികൾ	1D	2D	3D
	154	**112**	ഇല്ല

ഇരുമ്പ്, ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം	**26000**
ഇരുമ്പ്, ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളു എണ്ണം	**379700**
വിറ്റാമിൻ എ തുള്ളി മരുന്നുകൾ ലഭിച്ച കുട്ടികളുടെ എണ്ണം	**852**
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	**347**
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	ഇല്ല.

പാർപ്പിടം പ്രശ്നം ഭീകരം

പാർപ്പിടം

കേരളം പണ്ടുകാലം മുതൽ തന്നെ തനതായ ഒരു വാസ്തുശില്പ മാതൃക തുടർന്നു പോന്നിരുന്നു. അക്കാലങ്ങളിൽ സുലഭമായിരുന്ന തടി ഉപയോഗിച്ച് നിർമ്മിച്ചിരുന്ന മനോഹരമായ വീടുകൾ കേരളത്തിന്റെ ഗ്രാമാന്തരീക്ഷത്തിന് യോജിച്ചവയും, ആരോഗ്യപരിപാലനത്തിന് ഉതകുന്നവയുമായിരുന്നു അതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് പഴയ കൊട്ടാരങ്ങളും, എട്ടുകെട്ടുകളും, നാലുകെട്ടുകളും മറ്റും. ഇവയുടെ കട്ടിളകളും, കട്ടിളപ്പടികളുമെല്ലാം രൂപകല്പന ചെയ്തിരുന്നിതിൽപ്പോലും ശാരീരകമായ വ്യായാമത്തിന് മതിയായ പ്രാധാന്യം നൽകുന്നതരത്തിലായിരുന്നു. അന്നുപയോഗിച്ചിരുന്ന നിർമ്മാണ സാമാഗ്രികളാവട്ടെ പ്രാദേശികമായി ലഭ്യതയുള്ളവയും.

എന്നാൽ പില്ക്കാലത്ത് നാം ഈ വാസ്തു ശില്പശൈലി പാടേ ഉപേക്ഷിക്കുകയും, ആധുനികമായ കോൺക്രീറ്റ് മന്ദിരങ്ങളുടെ നിർമ്മാണത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. കെട്ടിടനിർമ്മാണ സാമാഗ്രികളായ സിമന്റ്, കമ്പി മുതലായവയുടെ നിർമ്മാതാക്കളായ കുത്തക മുതലാളിമാരുടെ പ്രചോദനവും ഇതിനു പിന്നിലില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരം കെട്ടിടങ്ങളാകട്ടെ ഉഷ്ണമേഖലാ പ്രദേശമായ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഒട്ടും തന്നെ യോജിച്ചതല്ലതാനും. മാത്രമല്ല അവസൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളും നിരവധിയാണ്. ഇവയുടെ നിർമ്മാണ സാമഗ്രികളാവട്ടെ പ്രാദേശികമായി ലഭ്യമല്ലതാനും. ഇത്തരം കെട്ടിടങ്ങളുടെ ശരാശരി ആയുസ്സ് 30 വർഷത്തിനപ്പുറം നീളുന്നില്ല. മുടക്കുമുതലുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ കാലദൈർഘ്യം വളരെക്കുറവാണ്.

കെട്ടിടനിർമ്മാണത്തിലുള്ള ഭീമമായ ചെലവും, അതിനനുസൃതമായ സേവനം ലഭിയ്ക്കായ്മയും മൂലം പുതിയ ശാസ്ത്രീയ അറിവുകൾ കെട്ടിട നിർമ്മാണ മേഖലയിൽ ഉപയോഗിക്കാൻ ശ്രമം തുടങ്ങി. അതിന്റെ ഫലമായി ചെലവു കുറഞ്ഞ വീട് എന്ന സങ്കല്പം നിലവിൽ വന്നു. അടുത്ത കാലത്തായി ഈ ആധുനിക ശാസ്ത്രീയ രീതിയും പഴയ വസ്തു ശില്പശൈലിയും സമന്വയിപ്പിച്ചുകൊണ്ടുള്ള പുതിയ വീടുകളുടെ മാതൃകകൾക്ക് പ്രചാരം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പുത്തൻ പ്രവണത കേരളത്തിനനുയോജ്യവും, സാമ്പത്തിക പരിമിതികളിലൊതുങ്ങുന്നതുകൊണ്ടും തികച്ചും അനുവരിണീയമാണ്.

സാമ്പത്തിക പരാധീനതയുള്ള ആളുകൾ വളരെ കൂടുതലുള്ള പഞ്ചായത്തിൽ ഭവന നിർമ്മാണത്തെ പറ്റി ആലോചിക്കുമ്പോൾ വളരെയധികം പ്രശ്നങ്ങൾ വിലയിരുത്തേണ്ടതുണ്ട്. നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ലഭ്യമല്ല. തൊഴിലാളികളുടെ സേവനം മാത്രമേ ഇവിടെ കിട്ടുകയുള്ളൂ. ഇക്കാര്യങ്ങൾ മുന്നിൽ കണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് അവരുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വാസയോഗ്യമായ വീടുകളുടെ നിർമ്മാണ രീതി ആവിഷ്ക്കരിച്ചെങ്കിൽ മാത്രമെ ഇതിനൊരു ശാശ്വത പരിഹാരമാകൂ.

(അസംസ്കൃത സാധനങ്ങളുടെ വിലവിവര പട്ടിക)

വർഷം	സിമൻറ്	തടികൾ	കമ്പി	ഓട്	ഇഷ്ടിക	തെങ്ങ്
1987	70 Rs	200	13	2000	600	450
88	80	275	13	2000	1000	450
89	95	350	13.20	2100	1000	550
90	110	430	13.20	2100	1550	550
91	130	450	13.70	2300	1550	700
92	150	500	13.70	2300	1750	700
93	160	575	14.20	3000	1750	900
94	170	575	15.00	3100	1800	900
95	185	600	15.70	3700	1800	1300
96	200	650	16.50	4000	1850	1300

ആഹാരവും പുസ്തകവും കഴിഞ്ഞാൽ മനുഷ്യന് പരമപ്രധാനമായ മറ്റൊരാവശ്യമാണ് പാർപ്പിടം. സാമൂഹ്യ സംസ്ക്കാരിക സാമ്പത്തിക ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രശ്നമാണിത്. ഒരു സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിന് ഇത് അത്യന്താപേക്ഷിതമാണുതാനും. വിദ്യാഭ്യാസം ആരോഗ്യം സ്സ്ക്കാരം എന്നീ രംഗങ്ങളിൽ എല്ലാം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണ്. എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 1973ൽ ദരിദ്രവിഭാവങ്ങളെ ഉദ്ദേശിച്ച് കേരളത്തിൽ നടപ്പിലാക്കിയ ലക്ഷംവീടു പദ്ധതി വിജയിപ്പിക്കുന്നതിന് സമൂഹത്തിലെ എല്ലാവിഭാഗങ്ങളുടേയും സഹായസഹകരണം ലഭിച്ചുവെന്നത് അഭിമാനകരമാണ്.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ മേഖലയിൽ ആധുനിക പ്രവണതകൾ വളരെയൊന്ന് കടന്ന് ചെല്ലാത്ത അവസ്ഥ നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയും. പാർപ്പിട നിർമ്മാണ രംഗങ്ങളിലെ പുതിയ പ്രവണതകൾ ഉൾക്കൊണ്ടുകൊണ്ട് ചെലവ് കുറഞ്ഞ മനോരങ്ങളായ വീടുകൾ നിർമ്മിക്കാൻ നമുക്ക് കഴിയണം. നിർമ്മിതകേന്ദ്രത്തിന്റെ അനുകരണീയമായ ഈ മാതൃകയിലുള്ള പഞ്ചായിത്തിലെ ഏക

കെട്ടിടം കാലിത്തീറ്റ ഫാക്ടറിയിലെ തൊഴിലാളികളുടെ വിശ്രമകേന്ദ്രം മാത്രമാണ്.

തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് നിർമ്മിതി കേന്ദ്രവും മറ്റു ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കുന്നുണ്ട്. ഈ പരിശീലനം നമ്മുടെ പഞ്ചായത്തിലുള്ളവർക്കുകൂടി ലഭ്യമാക്കിയാൽ ചിലവുകുറഞ്ഞ വീടിന്റെ നിർമ്മാണം നമ്മുടെ പഞ്ചായത്തിലും വളരെ എളുപ്പത്തിൽ പ്രാവർത്തികമാക്കാൻ സധിക്കും. ഈ മേഖലയിൽ ഇന്ന് തൊഴിലെടുക്കുന്ന കല്ലാശാരിമാർക്കും, ആശാരിമാർക്കും ഇതിനുള്ള പരിശീലനം നല്കാവുന്നതാണ്.

സിമൻറുകമ്പിനിക്കാർക്കും മറ്റുകെട്ടിടോപകരണങ്ങളുടെ നിർമ്മാതാക്കൾക്കും ലാഭംകൊയ്ത് എടുക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണത്തിലൂടെ നാം ചെയ്യുന്നത്. ഒന്നു തല ചായ്ക്കാനും വിശ്രമിക്കാനും വേണ്ടിയുള്ള വീട് കൂറ്റൻ കോൺക്രീറ്റ് എടുപ്പുകളായി നിർമ്മിക്കുന്നത് സർക്കാർ നിയമം മൂലം തടയണം.


നമ്മുടെ പഞ്ചായത്തിൽ വീട് ആവശ്യമുള്ള ഏകദേശം 1886 കുടുംബങ്ങളാണുള്ളത്. അവർക്കുവേണ്ട വീടുകളുടെ നിർമ്മാണത്തിന് നാം ഒരു തീവ്രയത്നപരിപാടി ആവിഷ്ക രിക്കണം. പ്രസിദ്ധവാസ്തുശില്പി ലാറിബേക്കർ പറയുന്നതു പോലെ അതാതിടങ്ങളിൽ നിന്നും കിട്ടുന്ന നിർമ്മാണ സാമഗ്രി കൾകൊണ്ട് ഉറപ്പും ഭംഗിയും അത്യാവശ്യ സൗകര്യങ്ങളുമുള്ള വീടുകൾ നിർമ്മിക്കണം. ഇവിടെയുള്ള നിർമ്മാണസാമഗ്രികൾ വിദഗ്ദരെ കൊണ്ട് ഉപയോഗം നിശ്ചയിക്കണം. വിവിധപദ്ധതി കളിലൂടെ ഇതിനകം 616 വീടുകൾ നല്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ 630 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരാണ്. പട്ടികജാതികോളനികളിലും ലക്ഷം വീടുകോളനികളിലുമായി 432 കുടുംബങ്ങൾ താമസിക്കുന്നു. ഈ വീടുകൾക്ക് അതിന്റെ നിർമ്മാണ ഘട്ടങ്ങളിൽത്തന്നെ പല പോരായ്മകളും ഉണ്ടായിരുന്നു. കാലകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പ ണികൾ നടത്താത്തതുകൊണ്ട് ഈവീടുകളുടെ നില ഇന്ന് അപകടകരമാണ്. അടിയന്തരിമായി ഇതിനൊരു പരിഹാരം കാണേണ്ടതാണ്. കൂടാതെ അവിടെ പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം മുതലായവ കൂടി ഉറപ്പാക്കേണ്ടതാണ്. കോളനികളിൽ ആകെ 51 എണ്ണം മാത്രമാണ് വൈദ്യുദീകരിച്ചി ട്ടുള്ളത്.

കെട്ടിട നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ഒരു പ്രധാന കാര്യം അസംസ്കൃത വസ്തുക്കളായ ചരൽ, ചെങ്കൽ, കരിങ്കൽ, ഇഷ്ടിക എന്നിവ പഞ്ചായത്തിൽ ലഭ്യമല്ല എന്നതാണ്. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത മൂലം ഇവ ഉൾനാടൻ പ്രദേശങ്ങളിൽ എത്തിക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷകാലയളവിൽ തടി, സിമൻറ്, ഓട് എന്നിവയുടെ വിലയിൽ 50%ത്തിലേറെ വർദ്ദനവ് ഉണ്ടായി (പട്ടി ചേർക്കുന്നു)

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം ചെറിയ തോതിൽ നടക്കുന്നുണ്ട്. ഇവയിൽ കൂടു തലും ഓട്, കോൺക്രീറ്റ് മേൽക്കൂരകൾ ഉള്ളവയാണ്. സാമ്പത്തി കശേഷി കുറഞ്ഞ മത്സ്യത്തൊഴിലാളികളും കോളനികളിൽ അല്ലാതെയുള്ള പട്ടിക ജാതിക്കാരും താമസിക്കുന്നത് കുടിലു കളിലാണ്. ഈ വീടുകളിലും സ്ഥലപരിമിതി ശുദ്ധജലക്ഷാമം, വൈദ്യുതിയുടെ അഭാവം സാമൂഹിക പുരോഗതിക്ക് ആവശ്യമായ ഘടകങ്ങളായ ടി.വി, പബ്ലിക്ക് ടെലഫോൺ, ന്യൂസ്പേപ്പർ, റേഡിയോ മുതലായവയുടെ അഭാവം പ്രകടമാണ്.

പഞ്ചായത്തിലെ വീടുകളുടെ സ്വഭാവം കാണിക്കുന്ന പട്ടിക

Ward	കുടിൽ	ഓല	ഓല	കോൺക്രീറ്റ്	ആകെ
1	28	34	332	31	425
2	76	32	426	75	609
3	47	4.4	409	39	539
4	74	85	325	46	530
5	19	12	264	59	354
6	27	24	234	19	304
7	28	48	423	89	588
8	47	65	419	35	566
9	32	42	280	43	397
10	52	56	293	17	398
11	76	82	458	39	655
ആകെ	506	504	3843	492	5365



പട്ടിക പ്രകാരം 506 കുടിലുകളും 504 ഓല മേഞ്ഞ വീടുകളും ഉണ്ട്. തെങ്ങ്രോഗം വ്യാപകമായതോടെ ഓല കിട്ടാനില്ലാത്ത അവസ്ഥ സംജാതമായി. മാത്രമല്ല തീ പിടിച്ച വിലയും. ആയതിനാൽ അടിയന്തിരമായി ഈ കുടിലുകളും, ഓല വീടുകളും മാറ്റി പകരം ചെലവ് കുറഞ്ഞ സൗകര്യമുള്ള വീടുകൾ അവർക്ക് നിർമ്മിച്ച് കൊടുക്കണ്ടതാണ്.

ഗതിക്കാവശ്യമായ ഘടകങ്ങളാണ് അപര്യാപ്തത എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നു.

പുതിയ വീടു നിർമ്മാണ രംഗത്ത് സ്വാഗതാർഹമായ തീരുമാനങ്ങൾ എടുക്കുവാൻ പഞ്ചായത്തിനു കഴിയണം. പഞ്ചായത്ത് പുറമ്പോക്കുകൾ കൃത്യമായി അളന്നു തിട്ടപ്പെടുത്തി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീടുവെയ്ക്കു

ന്നതിനായി പതിച്ചുകൊടുക്കണം. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സംഘങ്ങളും സഹകരണ സ്ഥാപനങ്ങളും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി നിയമങ്ങൾ ലഘൂകരിച്ച് പലിശ നിരക്ക് കുറച്ച് വീടില്ലാത്തവർക്ക് വീടു വെയ്ക്കുന്നതിനുള്ള സഹായം നൽകണം. അടുത്ത 5 വർഷം കൊണ്ട് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കുന്നതിന് നമുക്കൊന്നിച്ച് പ്രവർത്തിക്കാം.

നിർദ്ദേശങ്ങൾ

1. പുറമ്പോക്ക് സ്ഥലങ്ങൾ വീട് വെയ്ക്കുന്നതിന് പതിച്ചു നൽകുക.
2. സർക്കാർ ഭവനനിർമ്മാണവായ്പകളുടെ പരിധി ഉയർത്തുക, നിയമങ്ങൾ ലഘൂകരിക്കുക.
3. കെട്ടിട നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിന് പൊതു സംരംഭങ്ങൾ ഏർപ്പെടുത്തുക, വില നിയന്ത്രിക്കുക.
4. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപികരിക്കുക.
5. കാഴ്ചയിൽ ഭംഗി തോന്നിക്കുന്ന ഉറപ്പുള്ള ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക.
6. നിർമ്മാണചിലവ് രണ്ടു ലക്ഷം രൂപയിൽ അധികം വരുന്ന വീടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. ഈ പ്രവണത നിരുത്സാഹപ്പെടുത്തുവാൻ ഉയർന്ന നികുതിനിരക്ക് ഏർപ്പെടുത്തുക.
7. ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ ആർട്ടിസാൻസ് ലേബർ കോൺട്രാക്റ്റ് കോ-ഓപറേറ്റീവ് സൈസൈറ്റി രൂപീകരിക്കുക.
8. പഞ്ചായത്തിന്റെ നിർമ്മാണ ജോലികൾ തൊഴിലാളി സഹകരണസംഘംങ്ങളെ എൽപ്പിക്കുക.
9. ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം സ്വയംതൊഴിൽ മേഖലയിൽ പ്രോത്സാഹിപ്പിക്കുക.
10. ലക്ഷംവീടുകളുടെ ഇരുവീടുകൾ പൊളിച്ച് ഒറ്റ വീടുകളാക്കുക.
11. നിർമ്മാണതൊഴിലാളിക്ഷേമനിധിയിൽ ചേർന്നവരുടെ പഞ്ചായത്തല രജിസ്റ്റർ ഉണ്ടാക്കുക.
12. മൈത്രി ഭവനനിർമ്മാണ പദ്ധതി വായ്പാ നടപടികൾ ലഘൂകരിക്കുക.
13. ലക്ഷംവീട്/ഹരിജൻ കോളനി എന്നിവകളുടെ ശോച്യാവസ്ഥ അടിയന്തിരമായി പരിഹരിക്കുക.
14. മൈത്രി പാർപ്പിട പദ്ധതി വായ്പതുക 30,000 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക.
15. ബന്ധപ്പെട്ട അപേക്ഷാഫാറങ്ങൾ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

സാമൂഹ്യക്ഷേമം

ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് ആ രാജ്യത്തെ മാനവ ശേഷിയാണ്. സമസ്ത മേഖലകളിലും പണിയെടുക്കുന്നവരും, കലാസാംസ്കാരിക രംഗങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നവരും ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് ഏതൊരു പ്രദേശത്തിന്റെയും പുരോഗതിയും സാമൂഹ്യ ക്ഷേമവും കൈവരുന്നത്. പുരോഗമനപരമായ സാമൂഹ്യക്ഷേമ പരിപാടികളിലൂടെ മാത്രമേ ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാൻ കഴിയൂ. ഇതിന് വ്യക്തമായ സാമൂഹ്യ അവബോധവും, ദേശീയ സാംസ്കാരിക വീക്ഷണവും രാഷ്ട്രീയ കാഴ്ചപ്പാടും, സംഘടനാ ബോധവും ആവശ്യമാണ്. ഈ രംഗത്തുള്ള പ്രവർത്തനം താഴെ തട്ടിലുള്ളവർക്കു കൂടി പ്രയോജനമുണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിൽ കയർ, ചെത്ത് തൊഴിലാളികളും, മത്സ്യമേഖലയിലേയും കാർഷികമേഖലയിലെയും തൊഴിലാളികളും നിർമ്മാണമേഖലകളിൽ പണിയെടുക്കന്ന ആർട്ടിസാൻസുകൾക്കും ചെറുകിട വ്യവസായ മേഖലയിൽപ്പെടുന്ന തീപ്പെട്ടി, കരിമരുന്നു തൊഴിലാളികൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിച്ചിരിക്കുന്ന വിവിധ ക്ഷേമനിധികളിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും വരേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്ത് പരിധിയിലുള്ള സഹകരണ ബാങ്കുകളും ദേശസത്കൃത ബാങ്കുകളും ഈ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉദാരമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. സാമ്പത്തിക സ്ഥാപനങ്ങളുടെ കൂട്ടായ സഹകരണവും അവരുടെ പിൻബലവും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഉറപ്പു വരുത്തണം.

അംഗനവാടികൾ

നമ്മുടെ രാഷ്ട്രത്തിന്റെ മനുഷ്യസമ്പത്ത് വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയും സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിനു വേണ്ടിയും 1975ൽ കേന്ദ്ര ഗവൺമെൻറ് ഒരു പരീക്ഷണം എന്ന നിലയിൽ നടപ്പിലാക്കിയതാണ് അംഗനവാടികൾ.

ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് പ്രവർത്തന പരിധി. മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ദുർബലവിഭാഗത്തിൽപ്പെട്ട അമ്മമാർക്കും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന സേവനങ്ങൾ എത്തിച്ചു കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പോഷണ, ആരോഗ്യ വിദ്യാഭ്യാസ രംഗത്തും അനോചാരിക പ്രീ-പ്രൈമറി സ്കൂൾ രംഗത്തും അംഗൻവാടികളുടെ പ്രവർത്തനം ഉണ്ടാകേണ്ടതാണ്. "ആരോഗ്യകരമായ ചുറ്റുപാടിൽ ജനിക്കുന്ന കുഞ്ഞ് രാഷ്ട്രത്തിന്റെ സമ്പത്ത്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുവാനും അതിനാവശ്യമായ ബോധവത്ക്കരണ പ്രവർത്തനം നടത്തുവാനും നമുക്ക് കഴിയണം.

നമ്മുടെ പഞ്ചായത്തിൽ 26 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളുടെ തള്ളിക്കയറ്റം മൂലം അംഗനവാടികളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവുവരുന്നുണ്ട്. ഇതിനെതിരെ അംഗൻവാടികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് അമ്മമാരുടെ ഇടയിൽ ബോധവത്ക്കരണം നടത്തണം.

നമ്മുടെ അംഗനവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ പോരായ്മ ജീവനക്കാരിലും, രക്ഷിതാക്കളിലും അസംതൃപ്തി ഉളവാക്കുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതും, പണിതീരാത്തുതുമായ അംഗൻവാടികളും ഉണ്ട്. ഭൂരിഭാഗം അംഗനവാടികളിലും ശുദ്ധജലമോ കളിപ്പാട്ടങ്ങളോ പാനോപകരണങ്ങളോ ഇല്ല. അംഗനവാടികളിലേക്ക് പൊതു

വഴിയോ റോഡുകളോ ഇല്ല. ഇതുതന്നെയാണ് അംഗനവാടികളുടെ പ്രവർത്തന ക്ഷമത ഇല്ലായ്മയുടെ കാരണം.

അംഗനവാടിയിലെ ജീവനക്കാരുടെ സ്ഥിതി അനുകമ്പയർഹിക്കുന്നതാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകൾ ആണുള്ളത്. രാവിലെ 9 മണി മുതൽ വൈകിട്ട് 3.30 വരെ ജോലി ചെയ്യുന്ന ഇവരുടെ വേതനം വളരെ തുച്ഛമാണ്.

ഔദ്യോഗിക ജീവിതത്തിന്റെ അവസാന നാളുകളിൽ വെറും കൈയോടെ മടങ്ങി പോകേണ്ടി വരുന്ന സ്ഥിതിയാണ് ഇന്നത്തെ ഇവരുടെ സേവന വ്യവസ്ഥകളിൽ കാണുന്നത്. ഇതിനു പരിഹാരമായി അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് വേണ്ട തീരുമാനം ആവശ്യമാണ്. ഈ കാലഘട്ടത്തിന്റെ പ്രത്യേകത ഏറ്റെടുത്ത് കൊണ്ട് അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ഉണ്ടാകും.

മഹിളാസമാജം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 15 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. ഇൻഡ്യാഗവൺമെൻറ് തയ്യാറാക്കിയ സ്ത്രീകൾക്കുള്ള പരിപ്രേക്ഷ്യപദ്ധതി (1986-2000) പ്രകാരം സാമ്പത്തികം, സാമൂഹികം, രാഷ്ട്രീയം, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, നിയമം, ശുദ്ധജലം, ഭൂമി തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന വേദനാജനകമായ സത്യങ്ങൾ വരച്ചു കാട്ടുന്നു. സ്ത്രീപീഡനം, സ്ത്രീധനം, ബലാത്സംഗം ഇവയ്ക്കെതിരെ ശക്തിയായ പ്രതികരണശേഷി വളർത്തിയെടുക്കണം. സൗന്ദര്യവസ്തുക്കളുടെ ഉല്പാദകർക്കും, സ്വർണ്ണം, തുണി നിർമ്മാതാക്കൾക്കും കോടികൾ നേടാനാണ് സ്ത്രീകളെ സൗന്ദര്യമത്സരം എന്ന പേരിൽ പ്രദർശിപ്പിച്ച് കച്ചവടച്ചരക്കാക്കുന്നത്.

തുറവൂർ പഞ്ചായത്ത്
അംഗനവാടികളുടെ വിവരണങ്ങൾ

ക്രമ നമ്പർ	വാർഡ്	അംഗനവാടി എണ്ണം	അംഗനവാടി നമ്പർ	കെട്ടിടം	സ്ഥലം	കളിപ്പാട്ടം	കക്കൂസ്	കുടിവെള്ളം	മഹിളാ സമാജം	M.S.S.
1	1	1	82	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
2	2	3	83	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	കിണർ	ഉണ്ട്	ഇല്ല
3	2		84	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല
4	2		178	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
5	3	3	85	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	3		86	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
7	3		87	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	കിണർ	ഇല്ല	ഇല്ല
8	4	2	88	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
9	4		89	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
10	5	2	90	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
11			91	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
12	7	3	81	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
13	7		92	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
14			93	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
15	8	3	94	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
16	8		95	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
17			96	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
18	9	2	97	ഉണ്ട്	ഉണ്ട്	ഇല്ല	ഉപയോഗശൂന്യം	ഇല്ല	ഉണ്ട്	ഉണ്ട്
19	9		98	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
20	10	3	99	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
21	10		100	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
22	10		101	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
23	11	4	102	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	പൈപ്പുണ്ട് വെള്ളമില്ല	ഉണ്ട്	ഇല്ല
24	11		103	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
25	11		169	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
26	11		177	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

നിഷേധിക്കപ്പെടുന്ന അവകാശത്തിനെതിരെ പ്രതികരിച്ചാൽ മറ്റുള്ളവർ തന്നേറടിയായി ചിത്രീകരിക്കുമോ എന്ന ശങ്കയാണ് അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്കുപോലും ഉള്ളത്. മറ്റുള്ളവർ തന്നെക്കുറിച്ച് എന്ത് ധരിക്കും എന്നു കരുതി എന്തും സഹിക്കാൻ തയ്യാറാകുന്ന പ്രവണതയാണ് ഇന്നുള്ളത്. സമൂഹത്തിന്റെ മനോഭാവം മാറാത്തതാണ് ഇതിന്റെ പ്രധാനകാരണം.

ബസ്സിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റിൽ പുരുഷന്മാർ ഇരിക്കുന്നുണ്ടെങ്കിൽ ഒന്നു എഴുന്നേറ്റു തരണം എന്നാവശ്യപ്പെടാൻപോലും സ്ത്രീകൾ മടിക്കുന്നതു കാണാം. അത് തങ്ങളുടെ അവകാശമാണെന്ന് കാണാൻപോലും അവർ മനഃപൂർവ്വം വിസ്മരിക്കുന്നു.

സമൂഹത്തിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന സാംസ്കാരിക ജീർണ്ണതയ്ക്കെതിരായി സംഘടിത ശബ്ദം ഉയർത്തുന്നതിനും തുല്യപങ്കാളിത്തം ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ സമൂഹത്തിൽ തൊഴിൽ എടുത്ത് ജീവിയ്ക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും കൂട്ടായ പ്രവർത്തനത്തിനും മഹിളാ സമാജങ്ങൾ യത്നിക്കണം.

സാമൂഹികക്ഷേമപദ്ധതിപ്രകാരം വിവിധയിനം പെൻഷനുകൾ കിട്ടുവാൻ അർഹതയുള്ള നിരവധി ആളുകളെ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കാണാൻ കഴിയും അതിൽ പലരും അക്ഷരാഭ്യാസമില്ലാത്തതും ക്ഷേമപ്രവർത്തനങ്ങളേ സംബന്ധിച്ച് അറിവില്ലാത്തവരും ആണ്. ഇവരെ സാമൂഹിക സംഘടനകളുടെ സഹായത്തോടെ കണ്ടെത്തി സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതാണ്.

ജനപങ്കാളിത്തം ഏറ്റവും കൂടുതൽ ഉണ്ടാകേണ്ട ഒരു മേകല എന്ന നിലയിൽ നമ്മുടെ സമൂഹികസംഘടനാരംഗത്ത് പ്രവർത്തിക്കുന്നവരുടേയും ആരോഗ്യവിദ്യാഭ്യാസ സാംസ്കാരിക രംഗത്തുള്ളവരുടേയും കൂട്ടായ പ്രവർത്തനവും വമ്പിച്ച മുന്നേറ്റവും വേണം.

D.W.C.R.A സഹായലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭം എന്ന നിലയിൽ അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു കയർപിരിയൂണിറ്റുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനം എല്ലാ വാർഡുകളിലും പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എട്ടാം വാർഡിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം ലാഭകരമായ രീതിയിലല്ല നടക്കുന്നത്. വിപണന സാധ്യത കൂടുതൽ സൃഷ്ടിച്ചുകൊണ്ട് ബാങ്കുകളുടെ സഹായത്തോടെ ഈ സ്ഥാപനത്തെ ലാഭകരമാക്കുവാൻ കഴിയും.

വിധവാപെൻഷൽ

സാമൂഹിക സാമ്പത്തിക സർവെ പ്രകാരം ഈ പഞ്ചായത്തിൽ 533 വിധവകളുണ്ട്. പ്രായപൂർത്തിയായ ആൺക്കുട്ടികൾ ഉള്ള വിധവകൾക്ക് പെൻഷൻ കിട്ടുന്നതല്ല. അതിനുമാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. 215 പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. വളരെയധികം പേർക്ക് ഇനിയും പെൻഷൻ ലഭിക്കേണ്ടിയിരിക്കുന്നു. അതിനർഹമതയുള്ളവരെ കണ്ടെത്തണം.

D.W.C.R.A
തൊഴിൽ സംരംഭകരുടെ വിവരം

വാർഡ്	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭവർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
1	2	3	4	5
V	കയർപിരിയൂണിറ്റ്	1995	10	നല്ലരീതിയിൽ ഉള്ള പ്രവർത്തനം
VII	വസ്ത്ര നിർമ്മാണം	1993-94	13	പ്രവർത്തനം ലാഭകരമല്ല
VIII	വസ്ത്ര നിർമ്മാണം	1995-96	10	റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തനം ആരംഭിച്ചു.

കർഷകത്തൊഴിലാളികൾ

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ നിന്നവരും യാതൊരു പരിഗണനയുമില്ലാത്തവരുമായ ഒരു വിഭാഗമാണ് കർഷകത്തൊഴിലാളികൾ, മേലാളന്മാരുടെ ഏറാൻ മൂളികളായി മാത്രം ജീവിച്ചിരുന്നവരായിരുന്നു കർഷകർ. സമയക്ലിപ്തതയോ, മതിയായ ഭക്ഷണമോ കൂലിയോ കിട്ടിയിരുന്നില്ല. വിദ്യാഭ്യാസം പോലും അന്യമായിരുന്നു, നിരന്തര പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കേരളത്തിന് കഴിഞ്ഞു. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ നിരന്തര പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്ത് ഒട്ടേറെമാറ്റങ്ങൾ ഉണ്ടാക്കുവാൻ കേരളത്തിന് കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ ഈ സ്ഥിതിയിന്നും തുടരുകയാണ്. ഇവിടെ നമുക്കിന്നു കൈവന്നിട്ടുള്ള നേട്ടങ്ങൾപോലും പരിമിതമാണ്. ഇനിയും കൂടുതൽ കാര്യങ്ങൾ ഈ രംഗത്ത് ചെയ്യേണ്ടതുണ്ട്.

കർഷകതൊഴിലാളി പെൻഷൽ അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം പഞ്ചായത്തിന് നൽകണം. തെരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം. അനർഹരായവരെ ഒഴിവാക്കണം. പെൻഷൻ എല്ലാ മാസവും പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള സംവിധാനം ഉണ്ടായിരിക്കണം. പെൻഷൻ തുക വർദ്ധിപ്പിക്കണം. 500 തൊഴിലാളികൾക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്. അർഹതയുള്ള മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ കൊടുക്കേണ്ടതാണ്.

തൊഴിലില്ലായ്മ

നമ്മുടെ പഞ്ചായത്തിൽ1982 മുതൽ 1993 വരെയുള്ള കാലയളവിൽ 736 പേർക്ക് വേതനം കിട്ടുന്നുണ്ട്. ഈ വേതനം കൈപ്പറ്റുന്ന യുവതിയുവാക്കളെക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ കണ്ണികളാക്കേണ്ടതുമാണ്. അനർഹരായവരെ ഒഴിവാക്കിക്കൊണ്ട് തൊഴിൽ രഹിതവേതനം പഞ്ചായത്തിലൂടെ വിതരണം ചെയ്യേണ്ടതുമാണ്.

നിർമ്മാണതൊഴിലാളിക്ഷേമനിധി

കേരള സംസ്ഥാനത്തെ നിർമ്മാണതഴിലാളികൾക്ക് ആശ്വാസം നല്കുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൽ നൽകുന്നതിനും വേണ്ടി

ഇൻഡ്യയിലാദ്യമായി ഒരി നിധി രൂപികരിക്കുന്നതിനും അനുഷംഗികമായ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥചെയ്യുന്ന ഒന്നാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി, മരപ്പണിക്കർ, കൽപ്പണിക്കാർ, ഇരുമ്പുപണിക്കാർ, ഫിറ്റർമാർ, പ്ലംബർമാർ, അറുപ്പുകാർ, വാർക്കൽ പണിക്കാർ, മെസേയ്ക്ക് പണിക്കാർ, ഇലക്ട്രിക്ക് വർക്കേഴ്സ് തുടങ്ങിയ **26** വിഭാഗത്തെ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പഞ്ചായത്തിൽ ക്ഷേമനിധിയിൽ ചേർന്നിരിക്കുന്നവരുടെ എണ്ണവും പെൻഷനും മറ്റാനുകൂല്യം കിട്ടുന്നവരുടേയും ഒരു ചാർട്ട് നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. വികസന പ്രവർത്തന രംഗത്ത് ഇതിനുവേണ്ടി പ്രവർത്തിക്കുന്ന തൊഴിലാളിവർഗ്ഗ സംഘടനകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിന് പ്രതീക്ഷിക്കാം

തുറവൂർ പഞ്ചായത്തിലെ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എണ്ണം

വർഷം	കൈപ്പറ്റുന്നവരുടെ എണ്ണം
1982	20
1983	10
1984	40
1985	12
1986	45
1987	91
1988	57
1989	77
1990	106
1991	95
1992	163
ആകെ	736

കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതി

തയ്യൽതൊഴിലാളികൾ, ബാർബർ, ബീഡിത്തൊഴിലാളികൾ, ബേക്കറി, സൈക്കിൾ റിപ്പയർ, തേങ്ങാ വെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ, പാ നെയ്യുന്നവർ മുതലായവർക്ക് ഈ ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും. ഈ പദ്ധതിയിലും അംഗങ്ങളാകുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ തൊഴിലുകളിൽ കൂടുതലും ബന്ധപ്പെട്ടിരിക്കുന്നത് സ്ത്രീ തൊഴിലാളികളാണ്. ഇതിന്റെ പ്രവർത്തനം ശക്തമായ രീതിയിൽ കൊണ്ടുവരുവാൻ മഹിളാ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ശ്രദ്ധിക്കണം.

വികലാംഗ പെൻഷൻ

വികലാംഗരുടെ പുനരധിവാസം, അവരുടെ ക്ഷേമപ്രവർത്തനം, തൊഴിലെടുത്ത് ജീവിക്കുന്നതിനുള്ള സംവിധാനം എന്നിവ പഞ്ചായത്ത് മുൻകൈ എടുത്ത് സന്നദ്ധ സംഘടനകളേയും മറ്റും ഏല്പിച്ച് പ്രവർത്തനം ശക്തമാക്കണം. 160 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ പെൻഷൻ കിട്ടുന്നത്. വരുമാനത്തിന്റെ പേരു പറഞ്ഞും, വികലാംഗത്വത്തിന്റെ ശതമാന പോരായ്മ പറഞ്ഞും ഈ ജീവകാരുണ്യ പ്രശ്നത്തെ മനുഷ്യത്വരഹിതമായി അധികാരിവർഗ്ഗം കാണുന്നു. അതിനാൽ നിയമങ്ങൾ ലഘൂകരിക്കാനും ഈ പെൻഷനുകൾ പഞ്ചായത്തിലൂടെ തന്നെ വിതരണം ചെയ്യാനും നടപടി എടുക്കണം.

അവശകലാകാര സാഹിത്യ പെൻഷൻ

ഈ രംഗത്തുള്ള കലാകാരന്മാരെ കണ്ടെത്തി നമ്മുടെ സാംസ്കാരിക പൈതൃകം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഉയർത്തിപ്പിടിച്ച് അവരെ അവശനെന്നു പേർചൊല്ലി ആക്ഷേപിക്കാതെ, ഉദാരമായ ഒരു സമീപനം സ്വീകരിച്ച് സഹായം നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കി പഞ്ചായത്തിലൂടെ പെൻഷൻ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കണം. കേവലം ഏഴു പേർക്കാണ് ഈ പഞ്ചായത്തിൽ മേൽ പറഞ്ഞ പെൻഷൻ കിട്ടുന്നത്.

ക്ഷയരോഗപെൻഷൻ

രണ്ടായിരമാണ്ടോടെ കേരള സംസ്ഥാനത്ത് ക്ഷയരോഗികൾക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള അവസ്ഥ ഉണ്ടാകരുത്. അതിനുള്ള ആരോഗ്യരംഗത്തെ തീവ്രയത്ന പ്രവർത്തനത്തിൽ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാൻ കഴിയണം. നമ്മുടെ പഞ്ചായത്തിൽ ക്ഷയരോഗം ബാധിച്ച ഏഴു പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

ക്യാൻസർ രോഗപെൻഷൻ

മനുഷ്യനെ കാർന്ന് തിന്നുകൊണ്ടിരിക്കുന്ന മറ്റൊരു മാരക രോഗമാണ് ക്യാൻസർ. ഫലപ്രദമായ ചികിത്സയുണ്ടെങ്കിൽ പോലും ഭാരിച്ച സാമ്പത്തിക ബാധ്യത വരുന്നതുകൊണ്ട് വേണ്ടത്ര ചികിത്സ നേടുവാൻ കഴിയാത്ത സ്ഥിതി വിശേഷം ഇന്ന് ഉണ്ടാകാറുണ്ട്. കണ്ണൂർ ജില്ലയിലെ ഒരു ഗ്രാമ പഞ്ചായത്തിൽ വിദഗ്ദ്ധമായ ഒരു സർവ്വേ നടത്തി രോഗമുള്ളവരെ ചികിത്സിച്ചും രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചും ക്യാൻസർ രോഗവിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. ആ മാതൃക സ്വീകരിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്തും ഒരു ക്യാൻസർ രോഗവിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കാൻ കഴിയണം. നമ്മുടെ പഞ്ചായത്തിൽ എട്ടു പേർക്ക് പെൻഷൻ കൊടുക്കുന്നുണ്ട്.

ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

ഈ തൊഴിൽ പരിശീലന രംഗത്ത് കേവലം ഇരുപത്തിയേഴു പേർക്ക് മാത്രമാണ് പരിശീലനം കിട്ടിയിട്ടുള്ളത്. ആറു പേർക്ക് മരപ്പണി രംഗത്തും ഒരാൾക്ക് കമ്പി കാർപെറ്റ് രംഗത്തും, അഞ്ചുപേർക്ക് ഓട്ടോ മൊബൈൽസ് രംഗത്തും, ബുക് ബൈന്റിംഗ് രംഗത്ത് ഒരാൾക്കും ഗാർമെന്റ് മേക്കിംഗ് രംഗത്ത് പതിമൂന്ന് പേർക്കും, വയറിംഗ് രംഗത്ത് ഒരാൾക്കും മാത്രമാണ്. പരിശീലനം കിട്ടിയിട്ടുള്ളത്. ഈ രംഗം വികസിക്കണമെങ്കിൽ സാമ്പത്തിക രംഗത്ത് ബാങ്കുകളുടെ സഹായവും വിപണന സാദ്ധ്യതയും കൂടുതൽ ഉണ്ടാക്കണം.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം പഠിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വരുടെ എണ്ണം	അവശേഷി ക്കുന്നവർ
1	2	3	4	5	6
1	കമ്പി കാർപ്പെറ്റ്	1	കൂലിപ്പണി	-	-
2	കാർപെന്ററി ട്രേഡ്	1	സ്വയം കൂലിപ്പണി	-	-
3	കാർപെന്ററി ട്രേഡ്	1	സ്വയംകൂലിപ്പണി	-	-
6	ആട്ടോമൊബൈൽ	1	കൂലിപ്പണി	-	-
7	വയറിംഗ്	1	കൂലിപ്പണി	-	-
8	ഫർണീച്ചർ വർക്ക്സ്	1	കൂലിപ്പണി	-	-
8	കാർപെന്ററി ട്രേഡ്	1		-	-
8	ഗാർമെന്റ് മേക്കിംഗ്	13	13പേർസ്വയം തൊഴിൽ	-	-
8	ആട്ടോമൊബൈൽ	1	കൂലിപ്പണി	-	-
9	ഫർണീച്ചർ വർക്ക്സ്	1	കൂലിപ്പണി	-	-
9	ടൂവീലർ മെക്കാനിക്	2	കൂലിപ്പണി	-	-
9	ബുക്ക്ബൈന്റിംഗ്	1	കൂലിപ്പണി	-	-
9	കാർപെന്ററി	1	കൂലിപ്പണി	-	-
11	ആട്ടോമാബൈൽ	1	കൂലിപ്പണി	-	-

കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവരുടെ I.R.D.P സർവ്വേ എണ്ണപ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992നു ശേഷം	പൂർത്തിയായവ	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	150	10	10	140
II	228	11	11	217
III	240	15	16	225
IV	290	18	18	278
V	60	10	10	9
VI	80	22	22	58
VII	146	7	7	139
VIII	190	9	9	181
IX	85	5	5	80
X	110	8	8	102
XI	240	5	5	235
Esk	1817	120	121	1697

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം പഠിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വരുടെ എണ്ണം	അവശേഷി ക്കുന്നവർ
1	2	3	4	5	6
1	കമ്പി കാർപ്പെറ്റ്	1	കൂലിപ്പണി	-	-
2	കാർപെന്ററി ട്രേഡ്	1	സ്വയം കൂലിപ്പണി	-	-
3	കാർപെന്ററി ട്രേഡ്	1	സ്വയംകൂലിപ്പണി	-	-
6	ആട്ടോമൊബൈൽ	1	കൂലിപ്പണി	-	-
7	വയറിംഗ്	1	കൂലിപ്പണി	-	-
8	ഫർണീച്ചർ വർക്ക്സ്	1	കൂലിപ്പണി	-	-
8	കാർപെന്ററി ട്രേഡ്	1		-	-
8	ഗാർമെന്റ് മേക്കിംഗ്	13	13പേർസ്വയം തൊഴിൽ	-	-
8	ആട്ടോമൊബൈൽ	1	കൂലിപ്പണി	-	-
9	ഫർണീച്ചർ വർക്ക്സ്	1	കൂലിപ്പണി	-	-
9	ടൂവീലർ മെക്കാനിക്	2	കൂലിപ്പണി	-	-
9	ബുക്ക്ബൈന്റിംഗ്	1	കൂലിപ്പണി	-	-
9	കാർപെന്ററി	1	കൂലിപ്പണി	-	-
11	ആട്ടോമാബൈൽ	1	കൂലിപ്പണി	-	-

കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവരുടെ I.R.D.P സർവ്വേ എണ്ണപ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992നു ശേഷം	പൂർത്തിയായവ	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	150	10	10	140
II	228	11	11	217
III	240	15	16	225
IV	290	18	18	278
V	60	10	10	9
VI	80	22	22	58
VII	146	7	7	139
VIII	190	9	9	181
IX	85	5	5	80
X	110	8	8	102
XI	240	5	5	235
Esk	1817	120	121	1697

റൂറൽ ആർട്ടിസാന്റ്സ് പ്രോഗ്രാം (R.A.P)

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണം നല്കുന്ന പദ്ധതി അനുസരിച്ച് I.R.D.P. സർവ്വേ പ്രകാരം 69 പേരെ തിരഞ്ഞെടുത്തു. സാഹയം ലഭിച്ചവരുടെ എണ്ണം കേവലം ഒന്നു മാത്രം. ഇതിലെ അഴിമതി അവസാനിപ്പിച്ച് പഞ്ചായത്തുകൾ വഴി അർഹരായ പരമ്പരാഗത തൊഴിലാളികൾക്ക് ഈ ഉപകരണങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

IRDP സർവ്വേ

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനീക ഉപകരണങ്ങൾ നല്കുന്ന പദ്ധതി

വാർഡ്	I.R.D.P സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലാളികളുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	സഹായം കിട്ടാത്തവരുടെ എണ്ണം	കുറിപ്പ്
1	9	ഇല്ല	ഇല്ല	സഹായം ലഭിച്ചില്ല
2	ഇല്ല	-	-	-
3	ഇല്ല	-	-	-
4	8	1	7	-
5	9	-	-	സഹായം ലഭിച്ചില്ല
6	11	ഇല്ല	-	സഹായം ലഭിച്ചില്ല
7	8			സഹായം ലഭിച്ചില്ല
8	10			സഹായം ലഭിച്ചില്ല
9	6			സഹായം ലഭിച്ചില്ല
10	4			സഹായം ലഭിച്ചില്ല
11	4			സഹായം ലഭിച്ചില്ല

വാർദ്ധക്യകാല പെൻഷൻ

ഒരു വൃദ്ധസദനം രൂപീകരിക്കുന്നതോടൊപ്പം അവർക്കുള്ള പെൻഷൻ പഞ്ചായത്തുകൾ വഴി വിതരണം ചെയ്തും ഇവരുടെ ആരോഗ്യക്ഷേമ പ്രവർത്തനം കാര്യക്ഷമമാക്കണം.

കയർ തൊഴിലാളി പെൻഷൻ

ഐതിഹാസികമായ പുന്നപ്ര വയലാർ സമരത്തിൽ പ്രധാന പങ്കുവഹിച്ചത് കയർതൊഴിലാളികളാണ്. ഒരു കാലത്ത് രാഷ്ട്രീയ പ്രബുദ്ധതയുടെ വിളക്കുമാടങ്ങളായിരുന്നു ഇവർ. ഇന്നത്തെ രാഷ്ട്രീയത്തിലും മുന്നണിപ്പടയാളികളായി രംഗത്തു വരുവാൻ ഇവർക്ക് കഴിയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ വമ്പിച്ച വ്യവസായ സാദ്ധ്യതയുള്ള ഈ വ്യവസായം വ്യാപകമാക്കേണ്ടിയിരിക്കുന്നു. ക്ഷേമ നിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി അർഹരായവർക്കു കൂടി പെൻഷൻ നല്കേണ്ടതാണ്.

മത്സ്യത്തൊഴിലാളി പെൻഷൻ

കേരളത്തിൽ ഏകദേശം മൂന്നു ലക്ഷത്തോളം മത്സ്യത്തൊഴിലാളികളാണ് കടലിലും ഉൾനാടൻ മേഖലകളിലും പണിയെടുക്കുന്നത്. ജാതി മത ശക്തികളുടെ സ്വാധീനത്തിലും അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും പിടിയിലും അടിപ്പെട്ടുകഴിയുന്ന ഈ വിഭാഗം തൊഴിലാളികളെ സാമൂഹ്യമാറ്റത്തിന് വിധേയമായി മാറ്റയെടുക്കേണ്ടിയിരിക്കുന്നു. അവരുടെ ജീവിത നിലവാരം ഉയർന്നിട്ടുണ്ട്. അവരുടെ ക്ഷേമ ഐശ്വര്യ പ്രവർത്തനത്തിന് വിപുലമായ പരിപാടികൾ ഭരണാധികാരികൾ ചെയ്തുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇത് യഥാവിധി അവരുടെ കൈകളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അവരുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുന്നതിനും പഞ്ചായത്തിന്റെ ശ്രദ്ധ പതിയണം.

തൈക്കൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസറുടെ അധികാര പരിധിയിൽ പെട്ട തുറവൂർ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ മത്സ്യത്തൊഴിലാളികൾ 950 എണ്ണം
2. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ 650
3. മത്സ്യത്തൊഴിലാളി പെൻഷൻകാരുടെ എണ്ണം 120
4. യന്ത്രവൽകൃത വള്ളങ്ങൾ 11 എണ്ണം

(അവലംബം മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്)

തയ്യൽ തൊഴിലാളികൾ

തുറവൂർ ഗ്രാമ പഞ്ചായത്തിൽ മൂന്നൂറോളം തയ്യൽ തൊഴിലാളികൾ ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് റെഡിമെയ്ഡ് ഉൽപന്നങ്ങൾ വരുന്നതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ തയ്യൽ തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ ചിലവു കുറയുന്നു. ഇത് ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെ സാരമായി ബാധിക്കുന്നു. ആയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഉൽപ്പന്നങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ തൊഴിലാളികൾ

സംഘടിതരായതിന്റെ ഫലമായി ഒട്ടനവധി ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. എന്നിരുന്നാലും മറ്റ് തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത്ര ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ലഭിക്കുന്നില്ല. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള തൊഴിലാളികൾ എന്ന രീതിയിൽ ഈ വിഭാഗത്തിന്റെ ക്ഷേമനിധി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

തീപ്പെട്ടി കമ്പനി തൊഴിലാളികൾ

നമ്മുടെ പഞ്ചായത്തിൽ തീപ്പെട്ടി നിർമ്മാണത്തിനാവശ്യമായ തീപ്പെട്ടിക്കൊള്ളി ഉല്പാദിപ്പിക്കുന്ന മൂന്ന് ഫാക്ടറികളുണ്ട് ഇവ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. ഈ മൂന്ന് ഫാക്ടറികളിലായി ഏകദേശം 150 സ്ത്രീ തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ട്. രാവിലെ 8 മണിമുതൽ 5 മണിവരെ ജോലിചെയ്താൽ കിട്ടുന്ന പ്രതിദിന വേതനം 15 രൂപ മാത്രമാണ്. ഇത് മറ്റ് വിഭാഗം സ്ത്രീ തൊഴിലാളികളുടെ വേതനവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വളരെ കുറവാണ്. എന്നാൽ ഉൽപന്നം വിപണനം ചെയ്യുന്നതു വഴി ഉടമസ്ഥന് ഗണ്യമായ ലാഭം കിട്ടുന്നുണ്ട്. ഇവർക്ക് കൂടുതൽ വേതനം കിട്ടുന്നതിനും സംഘടിത തൊഴിൽമേഖലയുമായി കൂട്ടിയിണക്കി തൊഴിൽ സംരക്ഷണവും മറ്റുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടത് ആവശ്യമാണ്.

ചെത്തു തൊഴിലാളികൾ

ഒരു കാലത്ത് തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവവീര്യം ഉൾകൊണ്ട് ബഹുജനങ്ങളിലേക്ക് പുരോഗമന ആശയങ്ങൾ കൊണ്ടെത്തിക്കുന്നതിന് മുൻനിരയിൽ നിന്ന തൊഴിലാളികളാണ് ഇവിടത്തെ ചെത്തുതൊഴിലാളികൾ. വർഗ്ഗബോധത്തിന്റെ അടിസ്ഥാനത്തിൽ സംഘടിതരായതിന്റെ ഫലമായി ഈ വിഭാഗത്തിന് മാന്യമായ വേതന വ്യവസ്ഥ ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അനാരോഗ്യം നിമിത്തം തൊഴിലിൽ നിന്ന് വിരമിച്ചു കഴിഞ്ഞാൽ ദൈനംദിന വരുമാനം യാതൊന്നുമില്ല. ഇത് കണക്കിലെടുത്ത് വർഷങ്ങളായി പെൻഷൻ ലഭ്യമാക്കണമെന്ന ആവശ്യം ശക്തിപ്പെട്ടതിന്റെ ഫലമായി സർക്കാർ പെൻഷൻ പ്രഖ്യാപിച്ചു കഴിഞ്ഞു. എത്രയും വേഗം ഈ വിഭാഗത്തിന് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് അതാത് പഞ്ചായത്തുകൾ മുഖേന ലഭ്യമാക്കണം. തുറവൂർ ഗ്രാമ പഞ്ചായത്തിൽ ഏകദേശം നൂറ് ചെത്ത് തൊഴിലാളികൾ ഉണ്ട്.

തെങ്ങുകയറ്റ തൊഴിലാളികൾ

തുറവൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 250 തെങ്ങുകയറ്റ തൊഴിലാളികൾ ഉണ്ട് ഇവർ കാർഷിക മേഖലയിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് ജോലി ചെയ്യുന്നത്. ഈ ജോലി ഇപ്പോഴും ഒരു സമുദായാടിസ്ഥാനത്തിലാണ്. അതുകൊണ്ട് മറ്റു സമുദായത്തിലുള്ളവരെ കൂടി ഈ മേഖലയിലേക്ക് ആകർഷിക്കണം. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ വിവിധ പ്രദേശങ്ങളിൽ ഇവരുടെ പണിയായുധങ്ങളുമായി പോയി ജോലി ചെയ്യുവാൻ പല ചെറുപ്പക്കാരും മടിക്കാണിക്കുന്നുണ്ട്. ആയതിനാൽ ഈ വിഭാഗത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തൊഴിലുടമകൾ ഇവർക്ക് ആവശ്യമായ പണിയായുധങ്ങൾ ലഭ്യമാക്കണം. എങ്കിൽ മാത്രമേ ഇവരുടെ തൊഴിൽ പദവി വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു. അപകട സാദ്ധ്യതയുള്ള തൊഴിലായതു കൊണ്ട് ഇൻഷുറൻസ് സംരക്ഷണം വേണം. കൂടാതെ മെച്ചപ്പെട്ട രീതിയിൽ ആനുകൂല്യങ്ങൾ പഞ്ചായത്തു മുഖേന ലഭ്യമാക്കണം.

സാമൂഹ്യക്ഷേമം
അംഗനവാടികളുടെ പങ്ക്

തുറവൂർ ഗ്രാമപഞ്ചായത്തിൽ 26 അംഗൻവാടികളുണ്ട്. നമ്മുടെ നാട്ടുമ്പുറത്തെ പാവപ്പെട്ട പ്രീ സ്ക്കൂൾ കുട്ടികളുടെയും അമ്മമാരുടെയും സർവ്വതോ മുഖമായ ക്ഷേമമാണ് അംഗൻവാടികൾ കൊണ്ടുദ്ദേശിക്കുന്നത്. പൊതുവേ കുട്ടികളുടെയും വനികളുടേയും ക്ഷേമത്തിനു വേണ്ടി അനേകം പദ്ധികളാണ് അംഗൻവാടികൾ വഴി നടക്കുന്നത്. അംഗൻവാടിയോടനുബന്ധിച്ച് സ്ത്രീകൾക്ക് തൊഴിലവസരമുണ്ടാക്കുക, കൗമാരപ്രായത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബോധവൽക്കരണം നടത്തുക, സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സംഘടിത ബോധവും ചെറുത്തു നില്പും വളർത്തുക, കുട്ടികളുടെ ഭാവനയെയും കലാപരമായ വാസനകളേയും വളർത്തിയെടുക്കുക, ആരോഗ്യപരിപാലനത്തെക്കുറിച്ച് വനിതകളെ ബോധവതികളാക്കുക തുടങ്ങി അംഗൻവാടികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വളരെയേറെയാണ്. അംഗനവാടികളെ വനിതകളുടെയും കുട്ടികളുടെയും സർവ്വവിധമായ ക്ഷേമ പ്രവർത്തനങ്ങളുടെയും കേന്ദ്രമാക്കിമാറ്റാൻ കഴിയും. അതുവഴി നമ്മുടെ സാമൂഹ്യക്ഷേമത്തിന്റെ ദിശാസൂചിക്ക് ഉയർന്ന രസവിധാനം രേഖപ്പെടുത്താനും കഴുയും.

സാമൂഹ്യ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് മുന്നോട്ട് പോവുകയും വേണ്ടത്ര സാമ്പത്തിക സഹായവും മറ്റും ലഭിക്കുകയും വേണം. പഞ്ചായത്തിലുള്ള അംഗനവാടികളെ സംയോജിപ്പിച്ചു കൊണ്ട് ബാലജനസംഘ്യങ്ങളുണ്ടാക്കുകയും അതുവഴി കുട്ടികളുടെ സംഘടനാബോധം വളർത്താനും അവരുടെ കലാപരമായ കഴിവുകൾക്ക് വേദിയൊരുക്കുവാനും പറ്റും. കുട്ടികളിലൂം അമ്മമാരിലും നാടൻ പാട്ടുകളെക്കുറിച്ചും നാടൻ കലാരൂപങ്ങളെക്കുറിച്ചും അവബോധമുണ്ടാക്കി നമ്മുടെ ഗ്രാമത്തിന്റെ തനതു സംസ്ക്കാരം നിലനിർത്തണം. അതിനു വേണ്ടി ക്ലാസ്സുകളും സെമിനാറുകളും കലാരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരെയുൾപ്പെടുത്തിക്കൊണ്ടും സംഘടിപ്പിക്കണം.

നാട്ടിൽ കിട്ടുന്ന പച്ചക്കറികളുടെയും ഇലക്കറിക്കളുടെയും പപ്പായ തുടങ്ങിയ ഫലങ്ങളുടെയും ചേന, ചേമ്പ്, കാച്ചില് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളുടെയും, നാടൻ മത്സ്യങ്ങളുടെയും പോഷക ഗുണം തിട്ടപ്പെടുത്തുകയും അവരുടെ ഉപയോഗം നാട്ടുകാരുടെ ശീലമാക്കി വളർത്തിയെടുക്കുവാനും അംഗൻവാടികളിലൂടെയുള്ള ബോധവൽക്കരണത്തിനു കഴിയണം. അംഗനവാടിയിലെ ടീച്ചർമാരും മറ്റു ജോലിക്കാരും വെറും ജോലിക്കാരല്ല. അവർ സാമൂഹ്യ ക്ഷേമം കെട്ടിപ്പടുക്കുന്നവരാണ്. അവർക്ക് അതിനുതകുന്ന തരത്തിലുള്ള സാമൂഹ്യബോധവും സേവനസന്നദ്ധതയും അർപ്പണബോധവുമുണ്ടാകണം.

പൊതുവിതരണ കേന്ദ്രം

റേഷൻകട നമ്പർ	കാർഡ് ഉടമകളുടെ എണ്ണം
105	407
104	365
103	334
96	281
306	669
95	345
93	452
92	474
90	430
89	291
100	294
99	355
100	349

പൊതുവിതരണം

തുറവൂർ പഞ്ചായത്തിൽ 13 റേഷൻ കടകളിലും കൂടി 5301 റേഷൻ വാങ്ങുന്ന കുടുംബങ്ങളുണ്ട്.

പഞ്ചായത്തിൽ മാവേലി സ്റ്റോറില്ല. 25966 വരുന്ന ജനങ്ങൾക്ക് സമീപ പഞ്ചായത്തിലെ മാവേലി സ്റ്റോറുകളെ ആശ്രയിക്കേണ്ടിവരുന്നു. അനുദിനം വളർത്തിക്കൊണ്ടിരിക്കുന്ന വിലകയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് മാവേലി സ്റ്റോറുണ്ടെങ്കിൽ ആവശ്യ സാധനങ്ങളുടെ വിലകയറ്റം ഒരു പരിധിവരെ പിടിച്ചുനിർത്തുവാനും, സാധാരണക്കാരന് ന്യായമായ വിലക്ക് നിത്യോപയോഗസാധനങ്ങൾ ലഭിക്കുവാനും സാധിക്കും.

പഞ്ചായത്തിൽ ഉപഭോക്ത സംരക്ഷണ സമിതി രൂപികരിക്കണം. ഉപേഭോക്ത മേഖലയെ കുറ്റമറ്റതും, കാര്യക്ഷമമാക്കുന്നതിനും ഇതുകൊണ്ട് കഴിയും. പാവപ്പെട്ടവരുടെ നിത്യജീവിതത്തിലെ ആശ്രയ കേന്ദ്രമായ റേഷൻ കടകളിൽ നിന്നും ഉപഭോക്താവിന് ഇഷ്ടാനുസരണം സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിന് സൗകര്യമില്ല. കൊടുക്കുന്ന മൂല്യത്തിനനുസരിച്ച് ന്യായമായ തൂക്കം ലഭിക്കാറില്ല. ഇത് റേഷൻ കടകളെ സംബന്ധിച്ച് ഉള്ള വലിയ ന്യൂനതയാണ്. ഒരു കാർഡ് ഉടമയ്ക്ക് ലഭിക്കുന്ന 4 രൂപാ സൗജന്യം പലർക്കും ലഭിക്കാതെ പോകുന്നു. സെക്കന്റ് ക്വാളിറ്റിയുടെ വില ഈടാക്കി ഉപഭോക്താവിനെ കബളിപ്പിക്കുന്ന രീതിയും സാധാരണമാണ്. കൂടാതെ വാങ്ങിക്കുന്ന സാധനങ്ങളുടെ ബില്ല് ചോദിച്ച് വാങ്ങുന്നതിനും ഉപഭോക്താവ് മെനക്കെടാറില്ല. ഇതിനൊരു പരിഹാരം എന്ന നിലക്ക് ഉപഭോക്താക്കളെ ബോധവാൻ മാരാക്കുകയും അവരുടെ പ്രശ്നത്തിന് ഉപഭോക്ത സംരക്ഷണ സമിതി വഴി ന്യായം ലഭിക്കുകയും ചെയ്യണം.


റേഷൻ കട

സർക്കാർ ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ എണ്ണം.

വീട്	616
കക്കൂസ്	202
കിണർ	122
പെൻഷൻ ലഭിക്കുന്നവർ	691
മറ്റിനം	229

നിർദ്ദേശങ്ങൾ

1. വിധവ പെൻഷൻ, വികലാംഗ പെൻഷൻ, അവശ്യകലാകാരസാഹിത്യ പെൻഷൻ, ക്യാൻസർ രോഗ പെൻഷൻ, ക്ഷയരോഗ പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിരഹിത വേതനം എന്നിവ പഞ്ചായത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. പുകയില്ലാത്ത അടുപ്പുകൾ അഗംൻവാടികളിലൂടെ നടപ്പിലാക്കും.
3. DWCRA ഫണ്ട് ഉപയോഗപ്പെടുത്തി അംഗൻ വാടികളിലുള്ള കുട്ടികൾക്കായി കളിപ്പാട്ടങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. J.R.Y ഫണ്ട് ഉപയോഗപ്പെടുത്തിയും മറ്റ് സാമ്പത്തിക ഏജൻസികളെ കൊണ്ട് സമ്പത്ത് മുടക്കിച്ചും പണിതീരാത്ത അംഗൻവാടി കെട്ടിടങ്ങൾ പൂർത്തിയാക്കാൾ കഴിയും
5. കുട്ടികൾക്ക് ഒരു പാർക്ക്, വൃദ്ധസദനം, പൊതുശ്മശാനം എന്നിവ സ്ഥാപിക്കാൻ കഴിയണം.
6. പഞ്ചായത്തു തലത്തിൽ ഉപഭോക്ത്യ സംരക്ഷണ സമിതി രൂപികരിക്കുക.
7. 1,2,3,4 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ സ്ഥാപിക്കണം.
8. പൊതുവിതരണ കേന്ദ്രമായ റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ എല്ലാം വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം. ■



വനിതാ ക്ഷേമം



ഇന്ത്യയെപ്പോലെ അതിപ്രാചീനവും, സാംസ്ക്കാരിക വൈവിദ്ധ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രത്തിൽ സമൂഹത്തിലെ സ്ത്രീകളുടെ പദവിയെപ്പറ്റി പ്രതിപാദിക്കുമ്പോൾ വളരെ സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങളുടെ വിശകലനങ്ങൾ ആവശ്യമായി വരുന്നുണ്ട്. വ്യത്യസ്തകാലഘട്ടങ്ങളിലെസാമൂഹ്യ വ്യവസ്ഥിതിക്കനുസൃതമായി സ്ത്രീകൾ വിവിധ പദവികൾ അലങ്കരിച്ചിരുന്നതായി കാണാം. കാലാനുസൃതമായ സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക സാധീനങ്ങൾ ഈ പദവി നിർണ്ണയത്തിൽ അപ്രധാനമല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ഈ പദവി നിർണ്ണയത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ സ്ത്രീ പുരുഷ അസമത്വത്തിലേക്കും അതുവഴി പുരുഷമേധാവിത്വത്തിലേക്കും നയിച്ചുവെന്നു വേണം കരുതാൻ. എന്നാൽ ജൈവപരമായ ഘടനാവ്യത്യാസങ്ങളും, സാമൂഹ്യ സാംസ്ക്കാരീക വേർതിരിവുകളും ഈ പ്രക്രിയക്ക് ഊന്നൽ തൽകിയിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു.

ഋഗ് വേദകാലത്ത് സ്ത്രീകൾക്കു സമൂഹത്തിലുണ്ടായിരുന്ന മാന്യമായ പദവി പിൽക്കാല വൈദികകാലത്ത് നഷ്ടമാവുകയും, അവർ പലതരത്തിലുള്ള പീഡനങ്ങൾക്കു്, അവഗണനയ്ക്കും പാത്രീഭവിക്കുകയും ചെയ്തു. കാലാന്തരത്തിൽ ഈ അവഗണന പലരൂപാന്തങ്ങളും പ്രാപിച്ച് സാമൂഹികാനാചാരങ്ങളായ സതി, ശൈശവ വിവാഹം, സ്ത്രീശിശുഹത്യ എന്നിവയായി പരിണമിച്ചു. ഈ അനാചാരങ്ങൾക്ക് മതങ്ങളുടെ ധാർമ്മിക പിൻതുണയും കൂടിയായപ്പോൾ അവ ഇന്ത്യൻ സമൂഹത്തിൽ വേരുറച്ചു എന്നു തന്നെ പറയാം. പിന്നീട് അവയെ ഇല്ലാതാക്കുക എന്നത് വളരെ വിഷമകരമായ പ്രശ്നമായിമാറി.

മദ്ധ്യകാല ഇന്ത്യയിലെ മുസ്ലീംഗങ്ങളുടെ ഭരണത്തിലെ പോരായ്മകളും, പക്ഷപാതരീതികളും ഇന്ത്യൻ ജനതയാകെ പ്രകോപിതരാക്കുന്ന തരത്തിലായിരുന്നെങ്കിലും, ഇന്ത്യയിൽ നിലനിന്ന ഇത്തരം പ്രാചീന അനാചാരങ്ങളെ ഉന്മൂലനം ചെയ്യാൻ അവരെടുത്ത നടപടികൾ പ്രശംസനീയമാണ്. മുഗൾ ചക്രവർത്തിയായ അക്ബർ സതി, ശിശു വിവാഹം മുതലായവ നിർത്തലാക്കാനുള്ള നടപടികൾ സ്വീകിച്ച കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്. പാശ്ചാത്യരുടെ ആഗമനത്തോടുകൂടി ഈ നടപടികൾക്ക് ആക്കംകൂട്ടാനുള്ള നിയമനിർമ്മാണം നടത്തുകവഴി സ്ത്രീവിമോചനത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിക്കുകയാണവർ ചെയ്തത്. ഇന്ത്യയിലെ ഈയാഥാസ്ഥിക മനസ്ഥിതിയിൽ മാറ്റം വരുത്താൻ രാജാറാം മോഹൻ റോയിയെപ്പോലുള്ളവരും, മറ്റു പ്രസ്ഥാനങ്ങളും നടത്തിയ പരിശ്രമങ്ങളും ഇവിടെ സ്മരണീയമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ മരക്കാലത്ത് സ്ത്രീകൾ വഹിച്ച സ്തുത്യർഹമായ പങ്ക് ഇതിന്റെ ഒരു പരിണിത ഫലമാണെന്നു പറയാം. പ്രാചീനമായപല അസമത്വങ്ങളും ഇല്ലാതാക്കുന്നതിന് സ്വതന്ത്യഭാരതത്തിലെ നിയമ നിർമ്മാണത്തിന് കഴിഞ്ഞങ്കിലും സ്ത്രീകൾ ഇന്നും നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ദൈനംദിന തൊഴിൽ മേഖലയിലുള്ള അവസരത്വമില്ലായ്മ, പെരുകി വരുന്ന സ്ത്രീ പീഡനങ്ങൾ, ലൈംഗീക പീഡനങ്ങൾ, സ്ത്രീധനപ്രശ്നങ്ങൾ, മദ്യപാനം മൂലം സ്ത്രീകൾ നേരിടുന്ന മാനസീകവും ശാരീരികവുമായ പ്രശ്നങ്ങൾ മുതലായവ ഉദാഹരണങ്ങളാണ്. ഇത്തരം നിരവധി പ്രശ്നങ്ങളുടെ പരിഹാരത്തിലൂടെ മാത്രമേ സാമൂഹികവും, സാംസ്ക്കാരികവും, വിദ്യാഭ്യാസപരമായ ഔന്നത്യങ്ങളിൽ സ്ത്രീകൾക്കും എത്തുന്നതിനും, തദ്വാരാ വികസനത്തിൽ ഒരു നിർണ്ണായകമായ പങ്ക് വഹിക്കുന്നതിനും സാദ്ധ്യമാവുകയില്ല.

അടിസ്ഥാനാവശ്യങ്ങളെ സംബന്ധിക്കുന്ന തീരുമാനങ്ങളിൽ പങ്കെടുക്കുന്നതിനും, അഭിപ്രായം പ്രകടിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ നേടിയെടു ക്കുന്നതിനും അവസരം നൽക്കുന്ന ഒരു പ്രക്രിയയാണ് വികസനം.

വികസന പത്രികയിൽ സ്ത്രീകൾക്കുള്ള പങ്ക് ഉറപ്പുവരുത്തുക എന്നുള്ളത്. ജനകീയാസൂത്രണത്തിന്റെ പ്രഖ്യാപിതലക്ഷ്യ ങ്ങളിലൊന്നാണ്.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലെ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകൾ സമൂഹത്തിൽ മെച്ചപ്പെട്ട പദവി അലങ്കരിക്കുന്നവരാണ്. എന്നാൽ കേരളത്തിലെ സ്ത്രീകളുടെ സാമ്പത്തിക പദവി ഇപ്പോഴും

പിന്നോക്കം തന്നെയാണ്. തൊഴിൽ പങ്കാളിത്തത്തിലുള്ള പിന്നോക്കാവസ്ഥയാണ് ഇതു സൂചിപ്പിക്കുന്നത്. 1991 ലെ സെൻസ്സസ് അനുസരിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.73 ശതമാനം മാത്രമാണ്.ജനനനിരക്കിലും മറ്റും ഇന്ത്യൻ ശരാശരിയേക്കാൾ വളരെ താഴ്ന്ന നിലവാരത്തിൽ നിൽക്കുകയും, വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്ന കേരളം പോലുള്ള സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വളരെ മെച്ചപ്പെട്ടതായിരുന്നു. എന്നാൽ കേരളത്തിലെ സ്ഥിതി മറിച്ചാണെന്നാണ് വസ്തുതകൾ സൂചിപ്പിക്കുന്നത്.

പട്ടിക 1

	സ്ത്രീകൾ	പുരുഷൻമാർ
SSLC	1218	1338
PDC	507	486
DC	311	292
PG	61	70
നിരക്ഷരർ	553	361

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ 1996

തുറവൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 25966 ആണ്. അതിൽ 13229 പേർ സ്ത്രീകളാണ്.അവലംബം 96 സാമൂഹ്യ സാമ്പത്തിക സർവ്വേ ഇവരിൽ ബഹുഭൂരിപക്ഷത്തിനും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിച്ചിട്ടില്ലായെന്നു മാത്രമല്ല നിരക്ഷരരും വളരെയേറെയുണ്ട് എന്നു പറയേണ്ടി യിരിക്കുന്നു. പട്ടിക 1 അനുസരിച്ച് 914 നിരക്ഷരർ ഈ പഞ്ചായത്തിലുണ്ട്. മൊത്തം ഈ സംഖ്യയുടെ 3.52 ശതമാനം വരും. എന്നാൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ നിരക്ഷരത 4.03 ശതമാനം വരും. ഇത് പഞ്ചായത്തു ശരാരിയേക്കാൾ 0.51 ശതമാനം കൂടുതലാണ്. പട്ടിക 1 പരിശോധിക്കുമ്പാൾ പ്രീഡിഗ്രി, ഡിഗ്രി പി.ജി നിലവാരങ്ങളിൽ വിദ്യാഭ്യാസം നേടിയ സ്ത്രീകളുടേയും പുരുഷൻമാരുടെയും, പെൺകുട്ടികളുടെയുമെണ്ണം തുല്യമാണ്. എന്നാൽ സമീപകാലത്തായി ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രീഡിഗ്രി ഡിഗ്രി പി.ജി. കോഴ്സുകളിൽ പഠനം നടത്തുന്ന പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളേക്കാൾ കൂടുതലാണ്. സ്ത്രീകൾ കൂടുതലും പണ്ട് കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടവരായിരുന്നു. എന്നാൽ സമീപകാലത്തായി മത്സ്യസംസ്കരണമേഖലയിൽ മെച്ചമായ സാമ്പത്തിക ലാഭം ഉണ്ടായതോടുകൂടി ഇവരിൽ ഭൂരിഭാഗവും അതിലേക്കാർഷിക്കപ്പെട്ടു. ഈ പ്രവണത പഞ്ചായത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, പായ്നെയ്ത്ത് മുതലായവയെ പ്രതിക്കൂലമായി ബാധിച്ചിട്ടുണ്ട്. മത്സ്യബന്ധനം, വിപണനം എന്നീ മേഖലയിലും സ്ത്രീ പങ്കാളിത്തം ഉണ്ട്. സാങ്കേതിക തൊഴിൽ മേഖലകളിലും, വെൽഡിംഗ്, മരപ്പണി, കെട്ടിടനിർമ്മാണം, വർക്ക്ഷോപ്പ് മുതലായ വിദഗ്ധ തൊഴിൽ രംഗത്തും ഇവരുടെ പങ്കാളിത്തം ഇല്ലെന്നുതന്നെ പറയാം. സ്വയം തൊഴിൽ മേഖലകളായ ടൈലറിംഗ്, ടൈപ്പ്റൈറ്റിംഗ്, തുണിനെയ്ത്ത്, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവയിൽ സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്.

D.W.C.R.A. പദ്ധതി പ്രകാരം സഹകരണ മേഖലയിൽ സ്ത്രീകളുടെ 3 തൊഴിൽ യൂണിറ്റുകൾ ഉണ്ട്. ഇവ അഞ്ചാം വാർഡിലെ ഒരു കയർ പിരിയൂണിറ്റും 8-ാം വാർഡിലെ 2 വസ്ത്ര നിർമ്മാണ യൂണിറ്റുകളുമാണ്. ഇവയിൽ ആകെ 33 സ്ത്രീകൾക്ക് ജോലി ലഭിക്കുന്നുണ്ട്. 7-ാം വാർഡിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ ധനസഹായത്തോടെ ഒരു വനിതാ കൈത്തറി നെയ്ത്ത് യൂണിറ്റ് പ്രവർത്തിക്കുന്നു. അൻപത് വനിതകൾ ആയിരം രൂപാവീതം ഓഹരി സ്വരൂപിച്ച് അതിന്റെ 10 ഇരട്ടി ഗവൺമെന്റ് ലോൺ നൽകി തുടങ്ങിയ ഒരു സംരംഭമാണിത്. സഹകരണ മേഖലയിലുള്ള ഇതിന്റെ ഭരണം വനിതകളിൽ നിന്നുതന്നെ തെരഞ്ഞടുക്കപ്പെട്ട ഒരു ഡയറക്ടർ ബോർഡാണ് നടത്തുന്നത്. എന്നാൽ പല സാങ്കേതികകാരണങ്ങളാലും ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല. ആയതിനാൽ ഇതൊരു പീഡിതവ്യവസായ യൂണിറ്റായി കണക്കാക്കി പുന:രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പരമ്പരാഗത വ്യവസായങ്ങളായ തഴപ്പായ നിർമ്മാണം, കുട്ടനെയ്ത്ത്, ഓലമെടച്ചിൽ എന്നിവ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും വ്യവസായരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ട്. ആതുരശുശ്രൂഷാരംഗത്തും സ്ത്രീകളുടെ സേവനം സ്മരണീയമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം നഴ്സുമാരും ഡോക്ടർകാരും ഈ പഞ്ചായത്തിലുണ്ട്. ഇതിൽ പേരെടുത്ത് പറയാവുന്ന ഒരു വനിത കോട്ടയം മെഡിക്കൽ കോളേജിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന ഡോക്ടർ ഇ.ആർ. ഇന്ദിരയാണ്. സർക്കാർ അർദ്ധസർക്കാർ എന്നീ മേഖലയിലൊഴിച്ച് കൂലിനിരക്കിൽ പ്രകടമായ സ്ത്രീ പുരുഷ അന്തരം കാണാം.

പട്ടിക 2

തൊഴിൽ വേതനത്തിള്ള അന്തരം

തൊഴിൽ	സ്ത്രീ	പുരുഷൻ
കർഷകത്തൊഴിൽ	45രൂ	85രൂ
കയർ തൊഴിൽ	30രൂ	95രൂ
നിർമ്മാണ തൊഴിൽ	70രൂ	100രൂ
മത്സ്യത്തൊഴിൽ	35രൂ	65രൂ

സ്ത്രീകളുടെ സാമൂഹ്യ-രാഷ്ടീയ പദവി

പഞ്ചായത്തിലെ രാഷ്ടീയ, സാമൂഹ്യ രംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്ന വനിതാപ്രസ്ഥാനങ്ങൾ കുറച്ചെങ്കിലും ഉണ്ടെന്നത് ശ്രദ്ധേയമാണ്. അംഗീകാരം ലഭിച്ച 15 മഹിളാ സമാജങ്ങൾ ഇതിന് ഉദാഹരണമായിപ്പറയാം. അതുപോലെ സാമൂഹ്യ, രാഷ്ട്രീയരംഗങ്ങളിൽ നേതൃത്വം നൽകുന്നവരും വിരളമായെങ്കിലും ഉണ്ട്. 1990-96 കാലഘട്ടത്തിൽ നടത്തപ്പെട്ട സാക്ഷരതായജ്ഞത്തിൽ മുഖ്യപങ്കാളികൾ സ്ത്രീകളായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ മദ്യവർജ്ജന പ്രക്ഷോഭം, വിദേശ വസ്ത്ര ബഹിഷ്ക്കരണം

തുടങ്ങിയ രംഗങ്ങളിൽ വ്യക്തി മുദ്രപതിപ്പിച്ച അപൂർവ്വം വനിതകളെങ്കിലും ഉണ്ടായിരുന്നു എന്നത് അഭിമാനമാണ്.

ആരോഗ്യപ്രശ്നങ്ങൾ

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ സമൂഹത്തിന്റെ മൊത്തം ആരോഗ്യ പ്രശ്നമായികണക്കാക്കാം. കാരണം തലമുറകളുടെ ആരോഗ്യസംരക്ഷണ പരിപാലനത്തിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ട്തന്നെ സമൂഹത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിന് സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിലൂടെയും അവർക്ക് നൽക്കുന്ന ബോധവല്ക്കരണത്തിലൂടെയും മാത്രമേ സാധിക്കുകയുള്ളൂ. സ്ത്രീകളിൽ ഒരു വലിയ വിഭാഗം മത്സ്യസംസ്ക്കരണ മേഖലയിലും, കാർഷികമേഖലയിലും പണിയെടുക്കുന്നവരാണ്. ഈ രണ്ട് മേഖലയുമായി ബന്ധപ്പെട്ട് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉയർന്ന് വരുന്നുണ്ട്. മത്സ്യസംസ്ക്കരണ മേഖലയിൽ മലിന ജലവും, ഐസ് ഉപയോഗിച്ചുള്ള സംസ്ക്കരണ രീതിയും സ്ത്രീകളിൽ പലതരം രോഗങ്ങൾക്ക് കാരണമായിത്തീരുന്നു. മെച്ചപ്പെട്ട ആരോഗ്യ പരിപാലനത്തിന് ഇന്നുള്ള മാതൃശിശു കേന്ദ്രങ്ങളുടേയും, പി.എച്ച്. സെന്ററുകളുടെയും പ്രവർത്തനം വിപുലമാക്കുകയും അത് സാധാരണക്കാർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കുകയും വേണം.

പ്രശ്നങ്ങൾ

1. വിദഗ്ധ-അവിദഗ്ധ മേഖലയിൽ തൊഴിൽ പങ്കാളിത്തത്തിലുള്ള അപാകത.
2. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി.
3. കൂലിനിരക്കിലുള്ള അന്തരം.
4. സ്വയം തൊഴിൽ മേഖലയിലെ പ്രോത്സാഹനക്കുറവ്. - ലോൺ ലഭിക്കായ്ക, വിദഗ്ധ ഉപദേശത്തിന്റെ അപര്യാപ്തത, പ്രോത്സാഹനത്തിന്റെ അഭാവം, നേതൃത്വമില്ലായ്മ.
5. സ്ത്രീധന പീഡനവും, മദ്യപാനവും ഉയർന്ന മാനസിക-ശാരിരിക പ്രശ്നങ്ങൾ
6. സാമൂഹ്യരാഷ്ടീയ രംഗങ്ങളിലുള്ള പിന്നോക്കാവസ്ഥ - പുരുഷ മോധാവിത്വം, അവസരക്കുറവ്, ജാതിപരമായ വേർത്തിരിവ്
7. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ- ഗൈനക്കോളജിസ്റ്റിന്റെ അഭാവം - ആരോഗ്യ രംഗത്തെ ബോധവൽക്കരണത്തന്റെ അപര്യാപ്തത.
8. സ്ക്കൂളിൽ പെൺകുട്ടികൾക്കും, വനിതാ അദ്ധ്യാപകർക്കും ഉള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
9. വൃദ്ധ സ്ത്രീകളുടേയും, രോഗികളുടേയും, വിധവകളുടേയും പുനരധിവാസത്തിന്റെ ആവശ്യകത.
10. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്റുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ
11. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
12. അംഗൻവാടി ജീവനക്കാരുടെ ശമ്പളത്തിലെ പോരായ്മ.

നിർദ്ദേശങ്ങൾ

1. തുല്യജോലിക്ക് തുല്യവേതനവും തൊഴിൽ പങ്കാളിത്തവും ഉറപ്പു വരുത്തുക.
2. വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക-ആവശ്യമായ മേഖലകളിൽ പരിശീലനവും ബോധവൽക്കരണവും നടത്തുക.
3. സ്ത്രീ പീഡനങ്ങൾക്കെതിരെ -
   a. നിയമനിർമ്മാണം നടത്തുകയും കർശനമായ ശിക്ഷ ഉറപ്പുവരുത്തുകയു് ചെയ്യുക.
   b. യുവതീയുവാക്കാളിൽ ബോധവൽക്കരണം നടത്തുക.
   c. സാമൂഹ്യ സംഘടനങ്ങളുടെ (S.N.D.P, N.S.S., K.P.M.S., ക്രിസ്തൃൻ സംഘടനകൾ മുതലായവ) സഹായക്കോടെ ഇതിനുള്ള വേദി ഒരുക്കുന്നു.
4. സർക്കാർ സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുക.
5. സ്ക്കൂളുകളിൽ പെൺകുട്ടുകൾക്കും അദ്ധ്യാപികമാർക്കുമുള്ള പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. തുറവൂർ പി.എച്ച്. സെന്ററിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുക.
7. വൃദ്ധ സദനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുക.
8. അംഗൻവാടി ജീവനക്കാരുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കുക.
9. നിലത്തെഴുത്താശാട്ടി മാർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.
10. നിലവിലുള്ള വനിതാ കൈത്തറി യൂണിറ്റ് പീഡിത വ്യവസായ യൂണിറ്റായി പ്രഖ്യാപിച്ച് സാമ്പത്തിക സഹായം ലഭ്യമാക്കുക.

മഹിളാസമാജങ്ങൾ

ഗ്രാമവികസനപ്രവർത്തനങ്ങളിലെ സന്നദ്ധപങ്കാളിത്തത്തിന് വളരെയേറെ സഹായിച്ചിട്ടുള്ള സംഘടനകളാണ് മഹിളാസമാജങ്ങൾ. ഗ്രാമീണസമൂഹത്തിന് പോഷണം, പ്രതിരോധ ചികിത്സ, സാമ്പാദ്യശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് ബോധ്നം നൽക്കുന്നതിന് ഇവയുടെ പ്രവർത്തനം ഒട്ടൊന്നുമല്ല സഹായിക്കുന്നത്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ താഴെ പറയുന്നവയാണ്.

1. സൗഭാഗ്യമഹിളാസമാജം - പുത്തൻകാവ്
2. ഐശ്വര്യാമഹിളാസമാജം - മനക്കോടം
3. സൗഹൃദയമഹിളാസമാജം - വളമംഗലം
4. സുരഭിമഹിളാസമാജം - തുറവൂർ
5. സംഗമംമഹിളാസമാജം - തുറവൂർതെക്ക്

D.W.C.R.A. യൂണിറ്റുകളുടെ പട്ടിക 3

വാർഡ്	തൊഴിൽസംരംഭത്തിന്റെ ഗുണം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
V	കയർ പിരി യൂണിറ്റ്	1995	10	നല്ല രീതിയിൽ
VIII	വസ്ത്ര നിർമ്മാണം	1993-94	13	ലാഭകരമല്ല
VIII	വസ്ത്ര നിർമ്മാണം	1995-96	10	റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തനം ആരംഭിച്ചു.

6. പ്രതിഭാമഹിളാസമാജം - പടിഞ്ഞാറെ മനക്കോടം
7. നവഭാവനമഹിളാസമാജം - പടിഞ്ഞാറെ മനക്കോടം
8. നവോദയമഹിളാസമാജം - പടിഞ്ഞാറെ മനക്കോടം
9. നൈറ്റിംഗ് ഗേൾ സ്ത്രീസമാജം - പടിഞ്ഞാറെ മനക്കോടം
10. സമഗ്രവനിതാ സമാജം - പടിഞ്ഞാറെ മനക്കോടം
11. ഗ്രാമോദ്ധാരണ വനിതാസമാജം - പടിഞ്ഞാറെ മനക്കോടം
12. S.N. വനിതാസമാജം - വളമംഗലം തെക്ക്
13. ചൈതന്യമഹിളാസമാജം - തുറവൂർ

ഗ്രാമീണ വനിതാ - ശിശുവികസന പരിപാടി (D.W.C.R.A)

ഐ.ആർ.സി.പി.യുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നൽകിവരുന്നു. വ്യക്തികൾക്കല്ല, വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഇതിൽ പ്രാധാന്യം നൽകി വരുന്നത്. 10 മുതൽ 15 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കാണ് ധനസഹായം.

യൂണിസെഫിന്റെ സഹായത്തോടുകൂടിയാണ് പരിപാടി നടപ്പിലാക്കുന്നത്. ഗ്രൂപ്പംഗങ്ങളുടെ വായ്പ കൂട്ടാനായി സമാഹരിക്കുന്നതിനാൽ മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ കഴിയും. വനിതകളുടെ സാമ്പത്തിക ഉന്നമനത്തോടൊപ്പം തന്നെ അവരുടെ സാമൂഹിക ഉന്നമനവും ഇതുമൂലം സാധിക്കുന്നു. ഓരോ ഗ്രൂപ്പിനും ഒരു ലീഡർ ഉണ്ടായിരിക്കും.

വായ്പ, ധനസഹായം എന്നിവയ്ക്കു പുറമേ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും യൂണിസെഫും തുല്യമായി പങ്കുവഹിച്ച് 2500 രൂപ ഒരു റിവോൾവിംഗ് ഫണ്ടായും നൽകി വരുന്നു. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നവിനും ഉല്പന്നങ്ങളുടെ വിപണനത്തിനുമായി ഈ തുക് ഉപയോഗിക്കാവുന്നതാണ്.

ഗ്രാമീണ സ്ത്രീകളിൽ സ്വയം തൊഴിൽ ഗ്രൂപ്പു പ്രവർത്തനം പ്രോത്സാപ്പിക്കുന്നതിന് സ്ത്രീകളുടെ ചെറുകിട സമ്പാദ്യ-ഗ്രൂപ്പുകൾ (Thrift and credit Groups) രൂപികരിക്കാവുന്നതാണ്.

ദേശിയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ ഏജന്റുമാർ

എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ അത്യാകർഷങ്ങളായ സമ്പാദ്യപദ്ധികൾ ദേശിയ സമ്പാദ്യപദ്ധതിയിലുണ്ട്. നിക്ഷേപങ്ങൾ പരിപൂർണ്ണ സുരക്ഷിതവും ആദായകരവുമാണ്. പ്രോത്സാഹന ഭാഗ്യസമ്മാനങ്ങൾ, ഇൻഷുറൻസ് സംരക്ഷണം, ആദയാനികുതിയിലും സ്വത്തു നികുതിയിലും മറ്റും ലഭിക്കുന്ന ഇളവുകൾ, അംഗീകൃത ഏജന്റുമാരുടെ സൗജന്യ സേവനം എന്നിവയെല്ലാം ഈ സമ്പാദ്യ പദ്ധതികളുടെ സവിശേഷതകളാണ്.

ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ തുറവൂർ പഞ്ചായത്തു പ്രദേശത്ത് 5 മഹിളാപ്രധാൻ ഏജന്റുമാർ സേവനം അനുഷ്ഠിക്കുന്നു. റിക്കറിംഗ് ഡിപ്പോസിറ്റു പദ്ധതി പ്രകാരം ടി. 5 M.P.K.B.Y. ഏജന്റുമാർ മുഖാന്തിരം ഓരോ മാസവും ഏകദേശം 7500 രൂപയോളം പോസ്റ്റോഫീസിൽ നിക്ഷേപിക്കുന്നു. ഇവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹജനകമാണ്.

നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും ഒന്നോ രണ്ടോ D.W.C.R.A യൂണിറ്റുകൾ ആരംഭിക്കണം.
2. ദേശീയ സമ്പാദ്യപദ്ധതി നിക്ഷേപ സമാഹരണം പൊതുജന പങ്കാളിത്തത്തോടുകൂടി ഊർജ്ജിതപ്പെടുത്തുക.

സാമൂഹാധിഷ്ഠിത സമന്വയ സേവനങ്ങൾ (C.B.C.S.)

സമൂഹാധിഷ്ഠിത സമന്വയ സേവനങ്ങൾ (Community Based Convergent Services - CBCS) ഒരു പൈലറ്റ് പ്രോജക്ടായി ഇൻഡ്യാ ഗവൺമെന്റ് തുയങ്ങിയതാണ്. കൂടുതൽ അറിവ് ലഭിക്കുന്ന ഒരു സമൂഹത്തിന് രാഷ്ട്രം നൽക്കുന്ന സാമൂഹിക സേവനങ്ങൾ ഉയർന്ന തോതിൽ നേടിയെടുക്കുവാൻ കഴിയുമെന്നാണ് ഈ പ്രോജക്റ്റിന്റെ ലക്ഷ്യം. അതനുസരിച്ച് അത്തരം സേവനങ്ങളുടെ നിർവഹണത്തിലും മാനേജ്മെന്റിലും കൂടുതൽ ഉത്തരവാദിത്വങ്ങൾ പങ്കിടുവാൻ ബോധവത്കൃത സമൂഹത്തിന് കഴിയും. ജനതയ്ക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ലഭിക്കുന്നവിധത്തിൽ നിലവിലുള്ള വികസന പരിപാടികളുടെ ഒരു സമന്വയ പ്രവർത്തനമാണ്

C.B.C.S ൽ ഉദ്ദേശിക്കുന്നത് C.W.C.R.A, C.R.A, I C D S, ആരോഗ്യ പോഷകാഹാരപരിപാടികൾ, ശുചികരണം, വനിതാ ശിശുവികസനം, ശുദ്ധജല വിതരണം, സാക്ഷരത തുടങ്ങി എല്ലാ പരിപാടികളും ഒരേ ലക്ഷ്യ വിഭാഗത്തിന് വേണ്ടി സമന്വയിപ്പിക്കുകയാണ് ചെയ്യുന്നത്.

തുറവൂർ ഗ്രമപഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിലുള്ള പാവപ്പെട്ട ഗ്രാമീണ വനിതകളെ ഏകോപിപ്പിച്ച് C.B.C.S പരിപാടിയുടെ ഭാഗമായി രൂപികരിച്ചിട്ടുള്ള ഒരു വനിതാസംഘമാണ് സമന്വയ ഗ്രാമവികസനസംഘം. ഈ സംഘത്തിൽ 50 വനിതകൾ അംഗങ്ങളാണ്. ഈ പഞ്ചായത്തിലെ 5 -ാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്നു. പട്ടണക്കാട് ഗ്രാമവികസന ബ്ലോക്കിന്റെ കീഴിൽ തുറവൂർ ഗ്രാമപഞ്ചായത്തിലുള്ള ഏക C.B.C.S യൂണിറ്റാണിത്. പ്രസ്തുത വാർഡുകളിലെ തെരഞ്ഞടുക്കപ്പെട്ട നിർസ്ധനരായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റും ആവശ്യമായ തുകയുടെ ഒരു നിശ്ചിത ശതമാനം തുക ധനസഹായമായി ലഭ്യമാക്കിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്.

നിർദ്ദേശങ്ങൾ

1. C.B.C.S ന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
2. ഓരോ വാർഡിലും C.B.C.S ന്റെ ഭാഗമായി വനിതകളുടെ ചാരിറ്റബിൾ സൊസൈറ്റികൾ രൂപീകരിക്കുക.
3. പഞ്ചായത്തു തലത്തിൽ മഹിളാസമാജങ്ങളെ ഏകോപിപ്പിച്ച് ഒരു വനിതാവേദി രൂപികരിക്കുക.
4. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുക.





സംസ്ക്കാരം

സുദീർഘമായൊരു സാംസ്ക്കാരിക ചരിത്രം വിളംബരം ചെയ്യുന്ന പ്രകൃതി മനോജ്ഞമായ ഒരു പ്രദേശമാണ് തുറവൂർ കടലിനോട് ബന്ധപ്പെടുത്തി. കരപ്പുറം എന്നുകൂടി പറയപ്പെടുന്ന ചേർത്തല താലൂക്കിലെ ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് കൃഷിയും മത്സ്യബന്ധനവുമായി ഒരുകൂട്ടം മനുഷ്യർ അതിപ്രാചീനകാലം മുതലേ അധിവസിച്ച് പോരുന്നു. വ്യത്യസ്ഥ മതങ്ങളിലും ജാതികളിലുമുൾപ്പെട്ട ആ ജനസമൂഹം പരമ്പരയായി നേടിയെടുത്ത സംസ്ക്കാരമാണ് നമുക്കിന്ന് സംലബ്ധമായിട്ടുള്ളത്.

ഫ്യൂഡൽ സാമൂഹ്യഘടന വളർത്തിയ നാടുവാഴിതന്നെ അംഗീകരിക്കുന്ന ഒരു സാമൂഹികചുറ്റുപാട് ആയിരിന്നു സ്വാതന്ത്ര്യലബ്ധിക്കു മുമ്പുവരെ ഇവിടെ നടമാടിയിരുന്നത്. ജനങ്ങൾ ജന്മി കുടിയാൻബന്ധത്തിലും, സമ്പന്ന-പ്രഭുവർഗ-ആധിപത്യത്തിലും, ജാതിചിന്തയിലും അനാചാരങ്ങളിലും വർണ്ണ വ്യവസ്ഥയിലും കുടുങ്ങിക്കഴിഞ്ഞിരുന്നു. സമ്പന്നരും നാട്ടുപ്രമാണിമാരും സമൂപത്തിൽ മുന്തിയ സ്ഥാനം അലംകരിച്ചിരുന്നു. വിദ്യാഭ്യാസം സവർണ്ണർക്കും സമ്പന്നർക്കുമായി പരിമിതപ്പെടുത്തിയിരുന്നു. (എന്നാൽ ഇതിനപവാദമായി ആയുർവ്വേദത്തിലെ "സഹസ്രയോഗം" മലയാളത്തിലാക്കിയ പ്രസിദ്ധനായ മനക്കോടം കേശവൻ വൈദ്യനെപ്പോലുള്ള അവർണ്ണവ്യക്തിത്വങ്ങളെ എടുത്തു പറയാനുണ്ട്. സംസ്കൃതവിദ്യാകേന്ദ്രങ്ങൾ പോലും ഇവിടെ നിലനിന്നിരുന്നുവെങ്കിലും ആവയെല്ലാം ചിലവിഭാഗങ്ങൾക്കുമാത്രമായി പരിമിതപ്പെട്ടുപോയി. കലയും സാഹിത്യവുമാകട്ടെ വരേണ്യവർഗ്ഗത്തിന്റെ കുത്തകയായി സൂഷിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം സഹിച്ചും പൊറുത്തും വ്യവസ്ഥിതിയോടു പൊരുത്തപ്പെട്ടും കഴിയാൻ നിർബ്ബന്ധിതമായിത്തീരുകയായിരുന്നു ബഹു ഭൂരിപക്ഷം ജനങ്ങളും.

ജനങ്ങൾ പൊതുവെ ദൈവവിശ്വാസികളും യാഥാസ്ഥിതികരുമായിരുന്നു. മതാനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും അവർ പ്രമുഖസ്ഥാനം നൽകിപ്പോന്നു. പരമ്പരാഗതരീതിയിലുള്ള സാംസ്ക്കാരിക വളർച്ചയ്ക്കിത് കാരണമായിത്തീർന്നു. ഓരോ ജാതിയും അവരവർക്കു നിശ്ചയിച്ചിട്ടുള്ള തട്ടകങ്ങളിൽ ഒതുങ്ങേണ്ടിയിരുന്നതിനാൽ ആവരവരുടെ ആചാരാനുഷ്ഠാനങ്ങൾ തങ്ങളുടെതന്നെ വീടുകളിലും കുടുംബക്ഷേത്രങ്ങളിലുമായി ആഘോഷിക്കപ്പെട്ടിരുന്നു. വ്യക്തിജീവിതത്തിലെ സുവർണ്ണദിനങ്ങൾ ഇങ്ങനെ ആഘോഷിച്ചും അനുസ്മരിച്ചും കൊണ്ടാടിക്കൊണ്ടിരുന്നു. പിറന്നാൾ, ചോറൂണ്, വിവാഹം, ഷഷ്ഠി പൂർത്തി തുടങ്ങിയ ആഘോഷങ്ങൾ ജീവിച്ചിരുന്നവർക്കായും, ശവദാഹം, പട്ടിണിക്കഞ്ഞി, സഞ്ചയനം, പതിനാറടിയന്തിരം തുടങ്ങിയ അനുഷ്ഠാനങ്ങൾ മരിച്ചവർക്കായും എല്ലാ ഹിന്ദുക്കളും നടത്തി വരുന്നു. മാമോദൂസബൗത്തീസ്, ആദ്യകുർബാനാ സ്വീകരണം, മനസ്സമ്മതം, വിവാഹം തുടങ്ങിയവ ജീവിച്ചിരിക്കുന്ന വർക്കുവേണ്ടിയും ശവസംസ്ക്കാരം, ഏഴടിയന്തിരം, നാൽപ്പത്തൊന്നടിയന്തിരം, ആണ്ടുചാത്തം, തുടങ്ങിയവ പരേതർക്കായും എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ആചരിച്ചു വരുന്നു. ഇവകൂടാതെ ക്ഷേത്ര ഉത്സവങ്ങളും പള്ളി പെരുന്നാളുകളും ജനങ്ങൾക്ക് ഒന്നിക്കുവാനും ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുകയാണ്. ആവർത്തിക്കപ്പെടുന്ന ഇത്തരം അനുഷ്ഠാനങ്ങൾ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും മാനസികാഹ്ളാദത്തിനും ഉപകരിക്കുന്നത് പോലെ മനഃസംസ്ക്കരണത്തിനുള്ള അവസരം കൂടി സജ്ജമാക്കുന്നു. പരിചിതരോടും സുഹൃത്തുക്കളോടും ദുഃഖങ്ങൾ പങ്കുവെക്കുന്ന ആ പഴയരീതി കുറഞ്ഞുവരികയാണിന്ന്. മനുഷ്യൻ സങ്കുചിത വലയത്തിൽ അകപ്പെടുകയും

സ്വാർത്ഥനായിത്തീരുകയും ചെയ്യുന്ന അവസ്ഥയാണ് പൊതുവെ കാണപ്പെടുന്നത്. ഇതിന് ഉചിതവും അടിസ്ഥാനപരവുമായ പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രാർത്ഥനാ കേന്ദ്രങ്ങളും ആശ്വാസ കേന്ദ്രങ്ങളും കലാ കേന്ദ്രങ്ങളുമായി പരണമിച്ചിരുന്ന ക്ഷേത്രങ്ങളും, ഭജനമഠങ്ങളും , പള്ളികളും, തക്യാവുകളും, ചാപ്പലുകളും തുറവൂർ പ്രദേശത്ത് അങ്ങിങ്ങായി കാണാം. മനുഷ്യന്റെ സാംസ്ക്കാരിക വളർച്ചയിലെ വലിയ കണ്ണികളായി ഇവയെ കരുതാവുന്നതാണ് . അസ്വസ്ഥമായ ജനഹൃദയത്തിന് ആശ്വാസം പകരുന്നതിനും അവരെ മാനസിക ഔന്നത്യത്തിലേക്ക് നയിക്കുന്നതിനും ഇത്തരം കേന്ദ്രങ്ങൾ ഉപകരിച്ചിട്ടുണ്ട്.

താഴെ പറയും പ്രകാരമാണ് തുറവൂർ പഞ്ചായത്തിലെ ആരാധനാലയങ്ങളെ സംബന്ധിച്ചുള്ള വിവരം.

ഒന്നാം വാർഡ്:-

1. തെരുവിൽ ക്ഷേത്രം
2. ഓണം വെലി ക്ഷേത്രം
3. സുബ്രഹ്മണ്യക്ഷേത്രം

രണ്ടാം വാർഡ്:-

1. പുരന്ദരേശ്വര ക്ഷേത്രം
2. കൂനശ്ശേരി ക്ഷേത്രം
3. കാടാതുരുത്ത് ക്ഷേത്രം
4. വളമംഗലം തിരുഹൃദയ പള്ളി

മൂന്നാം വാർഡ്:-

1. മന്നത്ത് ക്ഷേത്രം
2. തിരുവെങ്കിടപുരം ക്ഷേത്രം
3. അമ്പനാട്ട് ക്ഷേത്രം
4. ചെല്ലിക്കര ക്ഷേത്രം
5. കടവം പള്ളി ക്ഷേത്രം
6. വലിയവീട്ടിൽ ക്ഷേത്രം
7. കോങ്കേരി ക്ഷേത്രം
8. കണ്ണുവള്ളി ക്ഷേത്രം
9. സെന്റ് മേരീസ് ചാപ്പൽ

നാലാം വാർഡ്:-

1. ഭൂതനിലം ക്ഷേത്രം
2. വടേകുറ്റ് ക്ഷേത്രം
3. പുത്തേഴത്ത് ക്ഷേത്രം
4. കോറ്റേത്ത് ക്ഷേത്രം
5. മഠത്തിൽ ക്ഷേത്രം
6. കോലാന്തറ ക്ഷേത്രം
7. കോവിലാശാരിപറമ്പ്
8. പൂവത്തിൽ കോവിലകം
9. വല്യാറ ക്ഷേത്രം
10. മൂലയിൽ ക്ഷേത്രം

അഞ്ചാം വാർഡ് :

1. ഇടത്തിൽ ക്ഷേത്രം
2. മഠത്തിൽ ഭഗവതിക്കൽ ക്ഷേത്രം
3. തുറവൂർ മഹാക്ഷേത്രം

ആറാം വാർഡ് :

1. കളരിക്കൽ ദേവിക്ഷേത്രം
2. പുത്തൻ വീട്ടിൽ അമ്മൻ കോവിൽ ക്ഷേത്രം
3. പനയ്ക്കൽ ചാപ്പൽ
4. സെന്റ് ജോസഫ് ചർച്ച്
5. കളരിക്കൽ ഷഢാനനപുരം ക്ഷേത്രം

ഏഴാം വാർഡ് :

1. പട്ടത്താളി ക്ഷേത്രം
2. ചിങ്ങംവെളി ക്ഷേത്രം
3. പനയത്ത് ക്ഷേത്രം
4. കടവിൽ കോവിലകം ക്ഷേത്രം
5. കോയിപ്പറമ്പ് ക്ഷേത്രം
6. കോരംമുറി ക്ഷേത്രം
7. സെന്റ് ജോസഫ് ചാപ്പൽ

എട്ടാം വാർഡ് :-

1. പുത്തൻ കാവ് ക്ഷേത്രം
2. ചുടുകാട് ക്ഷേത്രം

ഒമ്പതാം വാർഡ് :-

1. ആലുങ്കൽ ക്ഷേത്രം
2. കുറ്റിട ക്ഷേത്രം
3. ഹേലാപുരം ഭദ്രകാളി ക്ഷേത്രം
4. മനക്കോടം സെന്റ് ജോർജ് പള്ളി

പത്താം വാർഡ് :-


1.ന്യൂ ഇൻഡ്യ ദൈവസഭ
2. തിരുമല ദൈവസഭ

പതിനൊന്നാം വാർഡ് :-

1. ഘണാകർണ്ണം ക്ഷേത്രം
2. ഗണപതി ക്ഷേത്രം
3. സുബ്രഹ്മണ്യൻ ക്ഷേത്രം
4. പാട്ടം സെന്റ് മേരീസ് ചർച്ച്
5. സെന്റ് ആൻണീസ് ചാപ്പൽ
6. തക്യാവുകൾ

തുറവൂർ ക്ഷേത്രം

തുറവൂർ നിവാസികൾക്ക് മാത്രമല്ല ഭാരതമോട്ടാകെയുള്ളവർക്കും ആരാധനയ്ക്കും കലോപാസനയ്ക്കും പണ്ടു തൊട്ടേ പേരും പെരുമയും ഉള്ളതാണ് തുറവൂർ മഹാക്ഷേത്രം ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രത്തിന്റെ നാലമ്പലത്തിനുള്ളിൽ രണ്ട് ശ്രീ കോവിലുകളുണ്ട്. തെക്കിനകത്ത് ശ്രീ കോവിൽ വട്ടശ്രീകോവിലാണ്. ഈ വട്ട ശ്രീകോവിലിന്റെ വാസ്തു ശില്പമാതൃ വളരെ പ്രചീനമാണെന്നാണാം പണ്ഡിതൻ മാരുടെ അഭിപായം. വടക്കി ചുതുരശ്രീ കനകത്ത് ശ്രീകോവികളാണ്. ഇത് പിൽക്കാലത്ത് പണികഴിപ്പിച്ചതാകാനാണ് സാധ്യത. കാരണം തെക്കിനകത്തെ ശ്രീകോവിലിനെ അപേക്ഷിച്ച് ഇതിന് പഴക്കം കുറവുള്ളതായിട്ടാണ് അറിവ്. വടക്കിനകത്ത് ഉഗ്ര രൂപം പൂണ്ട നരസിംഹ മൂർത്തിയും, തെക്കിനകത്ത് മഹാസുദർശന മൂർത്തിയും കുടികൊള്ളുന്നു. ഈ രണ്ട് ശ്രീ കോവിലുകൾക്ക് ചുറ്റുമുള്ള ദാരു ശില്പങ്ങൾ പ്രസിദ്ധമാണ്. ചരിത്രകാരനായ എ . ശ്രീധരമേനോൻ തന്റെ സർവ്വേ ഓഫ് കേരളാ ഹിസ്റ്ററിയിൽ ഇതിനെ പറ്റി പരാമർശിച്ചിട്ടുണ്ട്.



മനക്കോടം പള്ളി

കേരളത്തിലെ പ്രാചീന ക്രിസ്ത്യൻ ദേവാലയങ്ങളിലൊന്നാണ് മനക്കോടം സെന്റ് ജോർ ജ് പള്ളി. ക്രിസ്തു മതത്തിന്റെ സ്ഥാപനനൂറ്റാണ്ടിൽ തന്നെ ഇവിടെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. ഇതിനുപോൽബലകമായി "ഒറിയാന്തോ കോൺകവസ്സാദേ " എന്ന ഗ്രന്ഥത്തിൽ സെന്റ് തോമസ്സിൽ നിന്ന് ജ്ഞാനസ്നാനം ചെയ്ത കൃസ്ത്യാനികൾ ഇവിടെ വസിക്കുന്നു എന്നും എ.ഡി. 820 ൽ സിറിയായിൽ നിന്നെത്തിയ മാർസാപ്പോർ, മാർപ്രോത്ത് എന്നീ രണ്ട് മെത്രാൻ മാർ ഇവിടെ കുറേനാൾ താമസിച്ചിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുള്ളത് കാണാം. എന്തായാലും ഈ ദേവാലയം അതി പ്രചീനമാണെന്നുള്ളതിൽ തർക്കമില്ല.

ഇവിടുത്തെ പ്രഥമ ദേവാ

പള്ളുരുത്തി മണ്ഡലം സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം നമ്പർ 65

പള്ളുരുത്തി.

ബ്രാഞ്ചുകൾ :

1. കുമ്പളങ്ങിവഴി	2. പള്ളുരുത്തി വെളി	3.പള്ളുരുത്തി നട	4. തോപ്പുംപടി
കൊച്ചി – 6	കൊച്ചി – 6	കൊച്ചി – 6	കൊച്ചി – 5
ഫോൺ : 233874	ഫോൺ : 231145	ഫോൺ : 231341	ഫോൺ : 232441

അംഗങ്ങൾ	36000
പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	110ലക്ഷം
നിക്ഷേപം	1300 ലക്ഷം
വായ്പ	900 ലക്ഷം
പ്രവർത്തനമൂലധനം	1500 ലക്ഷം

നിങ്ങളുടെ സമ്പാദ്യത്തിന് ഉയർന്ന പലിശയും സമ്പൂർണ്ണ സുരക്ഷിതത്വവും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഒരു വ്യക്തിക്ക് 25,000 രൂപവരെ സ്വർണ്ണപ്പണയ വായ്പ നൽകുന്നു.

വി. പി. ശശി
പ്രസിഡന്റ്
ഫോൺ : 231299

എം. പ്രസാദ്
അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി

ലയം എ.ഡി885ലും ദ്വിതീയം 1640ലും നിർമ്മിക്കപ്പെട്ടതായി രേഖകൾ വെളിപ്പെടുത്തുന്നു. പള്ളിയും കുരിശടിയും അതിപ്രാചീനമാണെന്ന് അവയുടെ നിർമ്മാണ സവിശേഷത വ്യക്തമാക്കുന്നുണ്ട്. തൊട്ടടുത്തുള്ള കടലിൽ പായ്ക്കപ്പൽ വന്ന് പള്ളിനടയിലടുത്തിരുന്നതായി പറയപ്പെടുന്നു.

1800ൽ നിർമ്മിക്കപ്പെട്ട കുരിശിന്റെ ആകൃതിയിലുള്ള ഒരു വിദ്യാലയം ഇവിടെ ഉണ്ടായിരുന്നു. വളരെക്കാലം അത് കടലോര വിജ്ഞാന കേന്ദ്രമായി പ്രശോഭിച്ചിരുന്നു. തുറവൂരിന്റെ സാംസ്ക്കാരിക ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു ഈ വിദ്യാലയം. മന്നത്തു പത്മനാഭനെപ്പോലുള്ള അതി പ്രശസ്തർ ഇവിടെ സേവനമനുഷ്ടിച്ചു എന്നുള്ളതും ശ്രദ്ധേയമാണ്.

വളമംഗലം പള്ളി

വളമംഗലം തിരുഹൃദയ ദേവാലയം 1925ൽ സ്ഥാപിതമായി. ഈനാട്ടുകാരനായമാടം ഭാഗത്തിൽ ഗീവർഗ്ഗിസ് ബർണാഡ് അച്ചന്റെയും അവിടുത്തെ ക്രിസ്ത്യാനികളുടെയും ശ്രമഫലമായി അന്നത്തെ തിരുവിതാംകൂർ ദിവാൻ ജി. രാഘവവാര്യർ വളമംഗലത്ത് തൃക്കോരപ്പറമ്പിൽ തിരുക്കുമാര പള്ളി പണിയുന്നതിന് അനുവാദം കൊടുത്തു. അങ്ങിനെ തുറവൂർ പകുതിയിലെ സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി എറണാകുളം അതിരൂപതയുടെ കീഴിൽ ഒരു പള്ളി സ്ഥാപിച്ചു. ഈ പള്ളിയുടെ പഴയ സൺഡേ സ്ക്കൂളിൽ നടത്തപ്പെട്ടിരുന്ന കുടിപ്പള്ളിക്കൂടം എല്ലാ ജനവിഭാഗങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. ഈ പിന്നോക്ക പ്രദേശത്ത് സൺഡേസ്ക്കൂൾ വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. ഇവിടെ നടത്തപ്പെട്ടിരുന്ന യോഗങ്ങളിലും നാടകം തുടങ്ങിയ കലാപരിപാടികളിലും ജാതിമതഭേദമെന്യേ ജനങ്ങൾ പങ്കെടുത്തിരുന്നു. പാവപ്പെട്ടവരുടെ മാനസികോന്നതിക്ക് ഈ സ്ഥാപനം വളരെ പ്രയോജനം ഉണ്ടായിട്ടുണ്ട്.

സാംസ്ക്കാരികത്തനിമ

വിവിധ മതക്കാരും ജാതിക്കാരും പാർക്കുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് സാംസ്ക്കാരികമായ സമന്വയത്തിന്റെ അടയാളങ്ങൾ അപൂർവ്വമായെങ്കിലും ദൃശ്യമാണ്. എങ്കിലും ഓരോ വിഭാഗവും അവരവരുടെ സാംസ്ക്കാരികത്തനിമയിലാണ് ജീവിക്കുന്നത്. അതിന്റെ വ്യക്തമായ ബാഹ്യ ചിഹ്നങ്ങളില്ല എന്നുള്ളത് നേരാണ്. ആടയാഭരണങ്ങൾകൊണ്ട് തങ്ങളുടെ ഗോത്രസ്വഭാവം വിളംബരം ചെയ്തിരുന്ന കാലമുണ്ടായിരുന്നു. ഇന്നു പക്ഷേ അങ്ങനെയല്ല. പാശ്ചാത്യവും ഉത്തരേൻഡ്യൻ സ്വഭാവമുള്ളതുമായ ബാഹ്യാഡംബരങ്ങളാണ് ഇന്ന് കാണുന്നത്. പണ്ട് മുണ്ടും ഷർട്ടുമായിരുന്നു ആണുങ്ങളുടെ വേഷം. അതിനും മുമ്പ് ഒരു മുണ്ടും തോർത്തുമായിരുന്നു. പെണ്ണുങ്ങൾക്ക് ബ്ളൗസും സാരിയും. അതിന് മുമ്പ് റൗക്കയും നേര്യതും. പിന്നോക്ക വിഭാഗങ്ങളിൽ പെട്ട പെണ്ണുങ്ങൾക്ക് മാറുമറയ്ക്കാനും അനുവാദമില്ലായിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അവരുടെ നഗ്നമായ സ്തനങ്ങൾ സവർണ്ണ ജൻമികൾക്ക് ആസ്വദിക്കാനുള്ള കാഴ്ച്ച വസ്തുക്കളായിരുന്നു. ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിലുള്ള പുലയരും മറ്റും പുല്ലുപറിച്ച് ഉണക്കി അരയ്ക്കു ചുറ്റും തൂക്കിയാണ് നാണം മറച്ചിരുന്നതെന്ന് പറയുന്നു. അടുത്ത കാലം വരെ കാതിന്റെ ദ്വാരങ്ങളിൽ പുലയസ്ത്രീകൾ പലരും കമ്മലിനു പകരം തഴതെറുത്ത് ഇടുകയാണ് ചെയ്തിരുന്നത്. മുറുക്കാനും കാശും മറ്റും സൂക്ഷിക്കുന്ന ചെറിയ തഴവട്ടി മടിയിൽ വെച്ച് തോർത്ത് പുതച്ച് വരുന്ന പുലയസ്ത്രീയുടെ ദൃശ്യം ഈ അടുത്ത കാലം വരെ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഗൗഡസാരസ്വതബ്രാഹ്മണരുടെ സ്ത്രീകളിൽ ചിലർ ഇപ്പോഴും അവരുടം ഗോത്രസ്വഭാവം സൂചിപ്പിക്കുന്ന വീതിക്കരയുള്ള സാരിയും പാശിമാലയുംമഞ്ഞള് മുറിച്ച് കെട്ടിയ ചരടും കറുത്ത കുപ്പി വളകളും അണിയാറുണ്ട്. ഇവിടെ രണ്ട് തമിഴ് ബ്രാഹ്മണകുടുംബങ്ങൾ താമസമുണ്ട്. അവരുടെ ഇടയിലുള്ള പ്രായമായവരുടെ വസ്ത്രധാരണം ഏതാണ്ട് ഗോത്ര സ്വഭാവമുള്ളതാണ്. ഇന്ന് പാൻറ്സും, ചുരിദാറും, ജീൻസും ഒക്കെ സർവ്വസാധാരണമായിരിക്കുന്നു. ആഗോള കമ്പോളത്തിന്റെ വഴികളിലൂടെയാണ് ഈ വേഷവിധാനങ്ങളും കടന്നു വന്നിട്ടുള്ളത്. കവികളുടെ പഴയകൽപ്പനകളിലുള്ള നാടൻ പെൺ കിടാവിനെയോ ഉൾനാടൻ കർഷകനെയോ ഇന്നുകാണുക വിഷമം. രാജ്യത്തിനകത്തോ പുറത്തോ ഉള്ള ഡിസൈനേഴ്സും ഫാഷൻ കുത്തകമുതലാളിമാരുമാണ് ഇന്ന് നാം എന്തു വേഷം ധരിക്കണമെന്ന് നിശ്ചയിക്കുന്നത്. നാം ഒരർത്ഥത്തിൽ അവരുടെ ഉൽപ്പന്നങ്ങളുടെ പരസ്യംപേറി നടക്കുന്നവരാണ്. ഇതിന്റെ ഫലമായി നമ്മുടെ പരമ്പരാഗത രീതികളും തൊഴിലുകളും നശിച്ചുകൊണ്ടിരിക്കുകയാണ്.

ടി.വി നമ്മുടെ നിത്യ ജീവിതത്തിലെ സകലമേഖലകളിലും ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. അനേകം ചാനലുകളിലൂടെ കമ്പോള സംസ്ക്കാരത്തിന്റെ ജരാജീർണ്ണമായ ചോദനകളാണ്. വ്യത്യസ്തമായ അഭിരുചിക്കനുസരിച്ച് നമ്മുടെ മനസ്സിലേക്കും മസ്തിഷ്ക്കത്തിലേക്കും പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നത് . ഇത് മൂലം സാമ്പത്തികവും സാംസ്ക്കാരികവുമായ അടിമത്തത്തിനുപരി ആളുളെ അകർമ്മണ്യത്തിന്റെ

ആലസ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഹൃദ്യമായ സംഗീതത്തിൽ നിന്ന് ഹൃദയാഘാത മുണ്ടാക്കുന്ന സംഗീതത്തിലേക്കാണ് അവർ ആളുകളെ ക്ഷണിച്ചു കൊണ്ടു പോകുന്നത്. ക്ളാസിക് കലകളെ പലരും അവഗണിച്ചുകൊണ്ട് പകരം തുള്ളലും ചാട്ടവും കൂക്കിവിളിയും അവതരിപ്പിച്ച് ആളുകളുടെ ഹീനമായ മാനസിക ഭാവങ്ങളെ ചൂഷണം ചെയ്യുന്നു. ഇത് സാംസ്ക്കാരികമായ കൊളേണിയലിസത്തിന്റെ വരവിനേയാണ് സൂചിപ്പിക്കുന്നത്. മദ്യം മയക്കുമരുന്ന് എന്നിവ വ്യാപകമാവുകയും അവ അനാശാസ്യപ്രവർത്തനങ്ങൾക്കുള്ള പ്രചോദനവുമായിതീർന്നിരിക്കുന്നു. ലൈംഗികത അതിന്റെ സൗന്ദര്യവും കാവ്യാത്മകവുമായ അതിര് വിട്ട് കേവലം കാമക്കുത്തുകളിലേക്ക് തിരിഞ്ഞിരിക്കുന്നു. നമ്മുടെ പൂർവ്വ സംസ്ക്കാരത്തിന്റെ വെളിച്ചം മങ്ങി കഴിഞ്ഞു. നമ്മുടെ കാമവെറിപൂണ്ട പഴയ സവർണ്ണ മനസ്സിന്റെ വർണ്ണവ്യത്യാസത്തിന്റെ, യാഗങ്ങളുടെ, മൃഗഹത്യകളുടെ ദൗർബല്യങ്ങളെ താലോലിച്ചു കൊണ്ടാണ് പാശ്ചാത്യ മുതലാളിത്തലോകം അവരുടെ ഈ സാംസ്ക്കാരികമായ വിഷം കുടിപ്പിച്ച് നമ്മെ അടിമകളാക്കുന്നത്. ഒരു പക്ഷേ നമ്മുടെ സംസ്ക്കാരത്തിന്റെ സത്തയും സത്യവും തന്നെയാണ് നമുക്ക് ഇതിനെതിരെ ഉപയോഗിക്കാവുന്ന ശക്തമായ ആയുധം.

വായനശാലകളും സംസ്ക്കാരവും

നമ്മുടെസാംസ്ക്കാരികപൈതൃകത്തിന് വളർച്ചനേടാൻ കഴിഞ്ഞത് കഴിഞ്ഞ കാലഘട്ടത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലമായിട്ടാണ്. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന പി.എൻ. പണിക്കരെ നമ്മൾ സ്മരിക്കേണ്ടിയിരിക്കുന്നു. ഒരു പ്രദേശത്തിന്റെ സംസ്ക്കാരം പഴയ കാലത്ത് വളർന്നത് വായനശാലയിലൂടെയും വായനാശീലത്തിലൂടെയുമാണ്. ഇന്ന് ജനങ്ങളുടെ വായനാശീലത്തിൽ വന്ന വ്യതിയാനം മൂലം പുസ്തകസംസ്ക്കാരത്തിന് ഇടിച്ചിൽ സംഭവിച്ചു എന്ന് പറയുന്നതിൽ തെറ്റില്ല. തിരക്കുപിടിച്ച ആധുനികജീവിതത്തിൽ പത്രപാരായണത്തിനുപോലും സമയം മെനക്കെടുത്തുവാൻ പുതു തലമുറക്ക് കഴിയുന്നില്ല എന്നത് ഒരു നഗ്നസത്യം മാത്രം. ഒരു കാലത്ത് തൊഴിൽ ,മേഖലകളിൽ കൂട്ടമായി ജോലി ചെയ്യുന്ന തൊഴിലാളികൾ തങ്ങളുടെടെ ചുറ്റുപാടിൽ നടക്കുന്ന ദൈനംദിന അറിവുകൾ നേടുന്നതിന്, ജോലിചെയ്ത് നേടിയിരുന്ന പ്രതിഫലം വീതിച്ചെടുത്ത് പത്രങ്ങൾ വരുത്തുകയും അത് വായിക്കാൻ കഴിയുന്ന ഒരാളെകൊണ്ട് വായിച്ച് കേൾക്കുകയും ചെയ്തിരുന്നു. കൂടാതെ ഇവിടെ നിലനിന്നിരുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേയും വിശിഷ്യ ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതിയ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും സന്ദേശം ബഹുജനങ്ങളിൽ എത്തിക്കുന്നതിന് വായനശാലകൾ വഹിച്ച പങ്ക് സ്തുത്യർഹമാണ്. പുരോഗമന ആശയങ്ങൾ ഉൾകൊള്ളുന്ന നാടകങ്ങളും മറ്റ് നാടൻ കലാ രൂപങ്ങളും വളർത്തുന്നതിന് വായനശാലകൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ന് വായനശാലകളിൽ എത്തുന്ന തൊഴിലാളികളുടെ എണ്ണം പരിമിതമാണ്. പുസ്തകസാന്നിദ്ധ്യം അറിയാനോ അതിൽ നിന്ന് കിട്ടുന്ന പുതിയ അറിവ് നേടാനോ ബഹുഭൂരിപക്ഷം ജനങ്ങളും തയ്യാറാകുന്നില്ല എന്നത് നമ്മൾ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്താൻ കഴിയും

വാർത്താ മാധ്യമങ്ങളുള്ള കുടുംബങ്ങളുടെ എണ്ണം.

മാധ്യമം	എണ്ണം
പേപ്പർ	564
റേഡിയോ	2105
ടി.വി	1017

ഇതിലൂടെ ജനങ്ങളുടെ പ്രഥമികവായനപോലും കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ് തെളിയുന്നത്.

നമ്മുടെ പഞ്ചായത്തിൽ ആകെ അഞ്ചുവായനശാലകളാണുള്ളത്.

1. ദേശസേവിനിവായനശാല കളരിക്കൽ

കൊല്ലവർഷം 1125 കന്നിമാസം 2-ാം തീയതി ആരംഭിച്ചതാണ് ദേശസേവിനി വായനശാല. സ്ഥാപക സമ്മേളനത്തിൽ പി.എൻ പണിക്കർ, വയലാർ രാമവർമ്മ എന്നിവർ പങ്കെടുത്തിരുന്നു. 1128-ൽ ഇതിന് ഗവൺമെന്റ് -ഗ്രാന്റ് ലഭിക്കുവാൻ തുടങ്ങി. ഇന്നും മുടക്കമില്ലാതെ കിട്ടി കൊണ്ടിരിക്കുന്നു. ഇപ്പോൾ 7,000ൽ അധികം ബുക്കുകൾ ഉള്ള ദേശസേവിനി വായനശാല തുടങ്ങിയപ്പോൾ 200 ബുക്കുകൾ മാത്രമേയുണ്ടായിരുന്നുള്ളൂ. നല്ല ഗ്രാമീണ ലൈബ്രറിക്കുള്ള ഗ്രന്ഥശാലാസംഘത്തിന്റെ ബഹുമതി ലഭിച്ചിട്ടുണ്ട്. ഇവിടെ കേരളകൗമുദി, ദേശാഭിമാനി എന്നീ ദിനപത്രങ്ങളും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കാൻ സാദ്ധ്യതയുള്ള ഈ വായനശാലയിൽ സ്ഥിരം ലൈബ്രേറിയൻ ഇല്ല.

2.പഞ്ചായത്ത് പബ്ളിക് ലൈബ്രറി

1960ൽ സ്ഥാപിച്ച പബ്ളിക് ലൈബ്രറിയിൽ 3392 ബുക്കുകളാണ് ഉള്ളത്. 168 അംഗങ്ങൾ ഉള്ളതിൽ 106

പുരുഷൻമാരും 62 സ്ത്രീകളുമുണ്ട് ഒരു ദിവസം ഏകദേശം 30 പുസ്തകങ്ങൾ വിതരണം ചെയ്യപ്പെടുന്നു. 60ൽ അധികം പേർ ദൈനംദിനം വായന ശാലയിൽ വായനക്കായി എത്തുന്നു. മാതൃഭൂമി,മനോരമ ദീപിക, ദേശാഭിമാനി, കൗമുദി എന്നീ പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്.

3 ടി.കെ മാധവമെമ്മോറിയൽ വായനശാല ആൻറ് ഗ്രന്ഥ ശാല വളമംഗലം.

ഏകദേശം 50 വർഷങ്ങൾക്ക്മുൻപ് സ്ഥാപിച്ചതാണിത്. ശ്രീ നാരായണ ധർമ്മപോഷിണി സഹകരണ സംഘത്തിൻെറ കീഴിലാണ് വായനശാലാ പ്രവർത്തനം ആരംഭിച്ചത്.ഒട്ടനവധി അമൂല്യഗ്രന്ഥങ്ങളുണ്ടായിരുന്നു. ഈ ഗ്രന്ഥ ശാല വളമംഗലം പ്രദേശത്തിൻെറ സാംസ്ക്കാരികോന്നമനത്തിന് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിൻെറ അവസ്ഥ പരമദയനീയമാണ്. ഒട്ടനവധി പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൻെറ പ്രവർത്തനം ഗ്രന്ധശാലാ സംഘത്തിൻെറ സഹായത്തൊടുകൂടി മെച്ചപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

4. യുവജനസമാജം വായനശാല പടിഞ്ഞാറെ മനക്കോടം.

പഞ്ചായത്തിൻെറ പതിനൊന്നാം വാർഡിൽ ഇല്ലിക്കൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്നു. 1951ൽ ആരംഭിച്ച വായനശാലയിൽ ഇപ്പോൾ 1653 പുസ്തകങ്ങൾ ഉണ്ട്. 166 അംഗങ്ങൾ ഉണ്ട്. സാമൂഹ്യബോധവൽക്കരണ പരിപാടി ഇതിൻെറ നേതൃത്വത്തിൽ നടത്താറുണ്ട്.

ഗ്രാമോദ്ധാരണ ഗ്രന്ഥശാല

1966നവംബർ 30ന് ആരംഭിച്ച ഈ ഗ്രന്ഥശാലയിൽ 2505 പുസ്തകങ്ങൾ ഉണ്ട്. കാടാതുരുത്ത് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലയിൽ വനിതകളടക്കം 180 അംഗങ്ങൾ ഉണ്ട്. കെട്ടിടവും സ്ഥലവും സ്വന്തമായി ഇല്ല. തൊട്ടടുത്തുള്ള മിച്ചഭൂമിയിൽ നിന്ന് രണ്ട് സെൻറ് സ്ഥലം വായനശാലക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. പരിജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന ഈ വായനശാലക്ക് ഗ്രാൻറ് ലഭിക്കുന്നില്ല. ദിനപത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്.

പഞ്ചായത്തിൽ അഞ്ച് ഗ്രന്ഥശാലകൾ ഉണ്ട്. ഇതിൽ ടി.കെ മാധവൻമെമ്മോറിയൽ ഗ്രന്ഥശാലയിലും, ദേശസേവിനിഗ്രന്ഥശാലയിലും പഴയതും അപൂർവ്വവുമായ വലിയ ഗ്രന്ഥശേഖരമുണ്ട്. ഇവിടെയുള്ള ഗ്രന്ഥശാലകൾ സഹകരിച്ച് പുസ്തകങ്ങൾ സൈക്കിളിൽ വായനക്കാരുടെ വീട്ടിൽ എത്തിക്കുന്ന ഒരു പുസ്തകവിതരണപദ്ധതിക്ക് രൂപം നൽകുന്നത് നന്നായിരിക്കും. ഇതിൻെറ ഫലമായി ഒന്ന് രണ്ട് പേർക്ക് തൊഴിൽ ലഭിക്കും.

വായനഗൗരവമായിഎടുക്കുന്നവർക്ക് സാഹിത്യത്തിലും, രാഷ്ട്രീയത്തിലും, തത്വചിന്തയിലും മറ്റും ലോകത്തിൽ പുറത്തിറങ്ങുന്ന മികച്ച ഇംഗ്ളിഷ് പുസ്തകങ്ങളും, ലോകവാർത്തകളും, വിശേഷങ്ങളും വരുന്ന ന്യൂസ് വീക്ക്, ടൈം, തുടങ്ങിയ പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് ലൈബ്രറിയിൽ എങ്കിലും ലഭ്യമാക്കണം.

ലൈ ബ്രറികൾ സഹകരിച്ച് സാഹിത്യത്തിലും ലാഷ്ട്രീയത്തിലും മറ്റ് വിഷയങ്ങളിലും പ്രതിമാസ സെമിനാറുകളും, ചർച്ചകളും സംഘടിപ്പിക്കാൻ കഴിയും. വായനക്കാർ വായിച്ച പുസ്തകങ്ങളെക്കുറിച്ചെഴുതുന്ന ആസ്വാദനങ്ങൾക്കും നിരൂപണങ്ങൾക്കും നല്ലത് തിരഞ്ഞെടുത്ത് ഉപഹാരങ്ങൾ നൽകണം. കവിതയെഴുത്തിലും, കഥയെഴുത്തിലും, ലേഖനമെഴുത്തിലും മത്സരം സംഘടിപ്പിക്കണം. ഇതിനെല്ലാം ലൈബ്രറികളുടെ ഏകോപിച്ചുള്ള പ്രവർത്തനവും പഞ്ചായത്തിൻേറയും സാമ്പത്തിക ഏജൻസികളുടെയും സഹായവും സഹകരണവും ആവശ്യമാണ്.

ആർട്സ് ആൻറ് സ്പോർട്ട്സ് ക്ളബ്

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ മിക്കവാറും എല്ലാ വാർഡുകളിലും രണ്ടിൽ കുറയാത്ത കലാ കായിക സംഘടനകൾ ഉണ്ട്. പ്രദേശത്തിൻെറ കലാ സാംസ്ക്കാരികോന്നമനമാണ് ഈ സംഘടനകളുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ ഇവയിൽ ബഹുഭൂരിപക്ഷത്തിൻേറയും പ്രവർത്തനം വാർഷികാഘോഷത്തിൽ ഒതുങ്ങി പോകുന്നു. ആഘോഷത്തിൻെറ പേരിൽ പൊതുജനങ്ങളിൽ നിന്നും സ്വരൂപിക്കുന്ന പണം കേവലം നിലവാരം കുറഞ്ഞ സിനിമാ പ്രദർശനങ്ങളിലും മറ്റും ഒതുങ്ങുന്നു. ഇതിൻെറ പിന്നിൽ സംഘാടകർ സാമ്പത്തികനേട്ടങ്ങൾ ഉണ്ടാക്കുന്നുണ്ട്. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കുവേണ്ടി സംഭരിക്കുന്നതുക ശരിയായരീതിയിൽ ചിലവാക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് ഭരണസമിതി അവധാനതയോടുകൂടി സ്വീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ കലാ കായിക സംഘടനകളുടെ പേരുകൾ താഴെ പറയും

പ്രകാരമാണ്.

1. മാനവസഹായസമിതി വളമംഗലം
2. ഷാഡോസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
3. പ്രപഞ്ചംആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
4. ഗൈഡ്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
5. പ്രണവം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
6. യുവജനകലാസമിതി വളമംഗലം
7. എസ്.എൻ സാംസ്ക്കാരിക സമിതി വളമംഗലം.
8. സ്വാതിആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
9. ചൈത്രം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് വളമംഗലം
10. ബി.വി.എച്ച് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പുത്തൻ ചന്ത
11. ഫിനിക്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ്പുത്തൻ കാവ്
12. ഗോൾഡ്സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പുത്തുൻ കാവ്
13. ബ്രദേഴ്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
14. ലയൺസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
15. സ്റ്റാർട്ട് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
16. ഹീറോ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
17. നവഭാരത ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
18. മോഡേൺ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം
19. പ്രതിഭ ആർട്ട്സ് ആൻറ്സ് പോർട്ട്സ് ക്ളബ് പടിഞ്ഞാറെ മനക്കോടം

സാംസ്ക്കാരിക നിലയങ്ങൾ

തുറവൂർ കലാരംഗം

തുറവൂർ പഞ്ചായത്ത് മൂന്നാം വാർഡിൽ ഇത് സ്ഥിതി ചെയ്യുന്നു. 1979ൽ പട്ടണക്കാട് ബ്ളോക്ക് പരിധിയിലുള്ള ഏതാനും കലാസ്വാദക ചേർന്ന് രൂപം കൊടുത്തതാണ്. തുറവൂർ കലാരംഗം 151ആജീവനാന്ത മെമ്പർമാർ ഇതിലുണ്ട്. പ്രതിമാസം ഒരോ കലാ പരിപാടി ഇവിടെ നടത്തി വരുന്നു. കലയെ പ്രോൽസാഹി പ്പിക്കുന്നതിനുള്ള ചില ക്ളാസുകളും നടത്തുന്നുണ്ട്. ഈ പ്രദേശത്തുള്ള കലാസാംസ്ക്കാരിക തൽപ്പരരെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനം ഇൗർജിതപ്പെടുത്തിയാൽ കലാസാംസ്ക്കാരികരംഗത്തെ ഒരു നെടും തൂണായി ഇതിനെ രൂപപ്പെടുത്താൻ കഴിയും.

എൻ.പി തണ്ടാർ സ്മാരക ഓഡിറ്റോറിയം

നമ്മുടെ പഞ്ചായത്തിൽ പ്രസിദ്ധനർ ആയി 25 കൊല്ലം സേവനമനുഷ്ടിച്ച് ദിവംഗതനായ ശ്രീ എൻ.പി തണ്ടാരുടെ നാമധേയത്തിൽ 7ാംവാർഡിൽ എം.പി. ഫണ്ടിൽ പെടുത്തി പണിതീർക്കാൻ നിശ്ചയിച്ചിട്ടുള്ള ഓഡിറ്റോറിയത്തിൻെറ പണി പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. ഓഡിറ്റോറിയം ഇല്ലാത്ത ഈ പഞ്ചായത്തിന് ഇത് വളരെ പ്രയോജനപ്പെടും.

തുറവൂർ പഞ്ചായത്ത് സാംസ്ക്കാരികനിലയം

പതിനൊന്നിനപരിപാടിയുടെ ഭാഗമായി തുറവൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ 1992ൽ ഒരു സാംസ്ക്കാരികനിലയം പണികഴിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ താൽക്കാലിക പി.എച്ച്സെൻററായി പ്രവർത്തിച്ച് വരുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ വായനശാലകളെ ഏകോപിപ്പിച്ച് വായനശാലസമിതി രൂപീകരിക്കുക.
2. പഞ്ചായത്തടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്കും സാക്ഷരതാപ്രവർത്തനത്തിനും, സാംസ്ക്കാരിക പ്രവർത്തനത്തിനും വേണ്ടി സന്നദ്ധസംഘടനകളുടെ പ്രതിനിധികളേയും മറ്റ് വിദഗ്ധൻമ്മാരെയും ഉൾപ്പെടുത്തി ഒരു സാംസ്ക്കാരികസമിതി രൂപീകരിക്കുക.
3. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സിനിമാതീയേറ്റർ സ്ഥാപിക്കുക.
4. തുറവൂർ കലാരംഗത്തിൻെറ നേതൃത്വത്തിൽ കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന ക്ളാസുകളും പരിപാടികളും സംഘടിപ്പിക്കുക.
5. തുറവൂർ കലാരംഗത്തിൻെറ നേതൃത്വത്തിൽ കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന ക്ളാസുകളും പരിപാടികളും സംഘടിപ്പിക്കുക.
5. തുറവൂർ പഞ്ചായത്ത് സാംസ്ക്കിരികനിലയം സാംസ്ക്കാരികപ്രവർത്തനത്തിന് വേണ്ടി വിനിയോഗിക്കുക.
6. പഞ്ചായത്ത് പബ്ളിക്ക് ലൈബ്രറി സാംസ്ക്കാരിക നിലയത്തിലേക്ക് മാറ്റി സ്ഥാപിക്കുക.

വാർത്താ വിനിമയ സംവിധാനം

പഞ്ചായത്തിൻെറ വികസന വാർത്തകളും സാമൂഹ്യക്ഷേമത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും ജനങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ പൂർണ്ണസഹകരണം ജികീയാസൂത്രണത്തിനായി സമാഹരിക്കുന്നതിനും പഞ്ചായത്തിൽനിന്ന് ആഴ്ച്ചയിലോരിക്കൽ രണ്ടുപേജുള്ള ഒരു പത്രിക പ്രസിദ്ധീകരിക്കാവുന്നതാണ്. ഒന്നോ രണ്ടോ രൂപ വിലയിട്ട് അത് എല്ലാ വീടുകളിലും എത്തിക്കാം. ജനകീയവികസന പ്രക്രിയകളുടെ ടെമ്പോ നിരന്തരം നില നിർത്തിക്കൊണ്ടു പോകാനിതുപകരിക്കും.

ടെലിവിഷൻ പ്രാദേശിക കേബിൾ കേന്ദ്രങ്ങളിൽ നിന്ന് പഞ്ചായത്ത് ആഴ്ച്ചായി ലൊരുദിവസം ടി.വി കാണുന്ന വരുമായി ബന്ധപ്പെട്ട് വാർത്തകളും പദ്ധതി കളെക്കുറിച്ചുള്ള ചർച്ചകളും പദ്ധതികളുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്ന കലാരൂപങ്ങളും അവതരിപ്പിക്കാം.

പരസ്യം സംബന്ധിച്ച ഒരാശയം

വമ്പിച്ച സാദ്ധ്യതയുള്ള ഒന്നാണ് പരസ്യ രംഗം. പഞ്ചായത്തതിർത്തിയിലുള്ള ചിത്രകാരൻമാരേയും കോപ്പിയെഴുതുന്നവരേയും വിഷ്വലൈസേഴ്സിനേയും സംഘടിപ്പിച്ച് ഒരു അഡ്വർട്ടൈസറിന് രൂപം നൽകാവുന്നതാണ്. വീഡിയോ ക്യാമറാമാൻമാരേയും ചേർക്കണം. ഇന്ന് ടി.വിയിലും പത്രമാസികകളിലും ധാരളം പരസ്യം വരാറുണ്ട്. ഒരു കോർപ്പറേറ്റ് ഫിലിമോ പരസ്യമോ കോപ്പിയെഴുതി വിഷ്വലൈസ് ചെയ്ത് കൊടുത്താൽ 'ആയിരങ്ങളോ ലക്ഷങ്ങളോ ആണ് പ്രതിഫലം കിട്ടുക. മാത്രമല്ല മാഗസിനുകളുടെയും സോവനീറുകളുടെയും നോട്ടീസുകളുടെയും എഡിറ്റിംഗും ലേഔട്ടും ചെയ്ത് കൊടുക്കാൻ കഴിയും. ഇതിന് നമ്മുടെ നഗരങ്ങളിലെ ഏജൻസികളും വിദഗ്ധൻമാരും ആയിരങ്ങളാണ് ഈടാക്കുന്നത്. ചിത്രകാരൻന്മാർക്കും കോപ്പിയെഴുത്തുകാർക്കും പല ഫംക്ഷനുകളുടെയും ഉത്സവങ്ങളുടെയും ആവശ്യത്തിലേക്കായി ബോർഡുകളും, ബാനറുകളും പോസ്റ്ററുകളും മറ്റു പരസ്യവേലകളും ചെയ്ത് കൊടുക്കാം. വിദേശമാർക്കറ്റിൽ കേരളത്തെക്കുറിച്ച് തയ്യാറാക്കുന്ന വീഡിയോ ടേപ്പുകൾക്ക് നല്ല വിലയാണ് ലഭിക്കുന്നത്. ഈകൂട്ടായ്മക്ക് ടി.വി സീരിയലുകളും ടെലി ഫിലിമുകളും എടുക്കാൻ കഴിയും. ഇന്ന് അനേകം ടി.വി ചാനലുകളാണ് ഉള്ളത്. അവയ്ക്കെല്ലാം ധാരാളം വെറയ്റ്റികൾ ആവശ്യമുണ്ട്.

ഈ കൂട്ടായ്മക്ക് ബാങ്കുകൾ ഒരു വിസമ്മതവും കൂടാതെ സാമ്പത്തികസഹായം നൽകും.

കായികരംഗം

യുവാക്കളിലൂടെ വിശ്വ സാഹോദര്യവും അതിലൂടെ ഒരു ലോക പൗരസങ്കൽപ്പവും വളർത്തിയെടുക്കുക എന്ന മഹത്തായ ആശയനിർവ്വഹണത്തിന് വേണ്ടി യത്നിച്ച ബാരൻ സി കബർട്ടിൻ എന്ന ആധുനിക ഒളിംപിക്സ് ശില്പ്പിയെപ്പറ്റി പ്രസ്താവിക്കാതെ കായിക സംസ്ക്കാരത്തെപ്പറ്റി എന്തെങ്കിലും തുടങ്ങിവെക്കുന്നത് ഉചിയമായിരിക്കുകയില്ലല്ലോ. ഒളിംപിക്സും ഏഷ്യാഡും പോലുള്ള കായികമാമാങ്ക സമാപ്തിയിൽ പറയത്തക്ക നേട്ടങ്ങളൊന്നും ഇല്ലാതെ ഓട്ടുമെഡലുകളുടെ തിളക്കവുമായി തിരിച്ച് പോരേണ്ട സ്ഥിതിയാണ് നമുക്ക് ഉണ്ടായിരുന്നത്. ഇതിന്റെ കാര്യകാരണങ്ങളുടെ വിശകലനം ചെന്നെത്തുന്നത് പരിശീലകരുടെയും, പരിശീലനങ്ങളുടെയും പ്രോൽസാഹനങ്ങളുടെയും മറ്റും അപര്യാപ്തതയിലാണ്. കണ്ടെത്തപ്പെടുന്ന ശരിയായ പ്രതിഭകളെ മികച്ച പരിശീലനത്തിലൂടെ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പ്രാപ്തരാക്കുന്നതിന് തീർച്ചയായും ദീർഘവീക്ഷണത്തോടുകൂടിയ ഒരു പ്രവർത്തനശൈലിക്ക് രൂപം നൽകാൻ ഇനിയെങ്കിലും ശ്രമം തുടങ്ങേണ്ടതാണ്. നമ്മുടെ ദേശീയ കായികരംഗത്ത് ഹോക്കി മാത്രമാണ് അത്പം ആശ്വാസത്തിന് വക നൽകുന്നത്. ഈ ഇനത്തിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ച വെയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ധ്യാൻ ചന്ദിനെപ്പോലെ അസാധാരണ പ്രകടനങ്ങൾ കാഴ്ച്ച വെച്ചവർ തീർച്ചയായും അഭിമാനത്തിന് വകനൽകുന്നവരാണ്. പക്ഷേ ഒരു കാലത്ത് ഹോക്കിയിലുണ്ടായിരുന്ന ആധിപത്യം ഇന്നും നമുക്കുണ്ടെന്നു തീർത്തു പറയാൻ പറ്റാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. 400 മീറ്റർ ഹർഡിലറായ പി.ടി.ഉഷക്ക് 0.01 സെക്കൻറ് വ്യത്യാസത്തിന് നഷ്ട്ടപ്പെട്ട മെഡൽ ഇന്നും നമുക്ക് ഒരു ദുഖകരമായ സ്മരണയാണ്. എന്നിരുന്നാലും ഇൻഡ്യൻ കായികരംഗത്തിന് കേരളം നൽകിയ മികച്ച സംഭാവനകൾ തന്നെയാണ് പി.ടി ഉഷയും ഷൈനി വിൽസണും, വത്സമ്മയും മറ്റും എന്നുള്ളത് നമുക്ക് എന്നും അഭിമാനാർഹമാണ്. ഹോക്കിയുടെ മേഖലയിൽ ഒരുകാലത്ത് ഇൻഡ്യ അല്പമെങ്കിലും ലോകജനതയുടെ മുൻപിൽ തിളങ്ങിയത് പാശ്ചാത്യ വിനോദങ്ങളിൽ ഒന്നാംസ്ഥാനത്ത് നിന്നിരുന്ന ക്രിക്കറ്റിലാണ്.

ഇൻഡ്യയിലെ മികച്ച കളിക്കാരനായിരുന്ന സുനിൽ ഗവാസ്ക്കർ, കപിൽ ദേവ് എന്നിവർ ലോകോത്തര കളിക്കാരായി ഇൻഡ്യയുടെ അഭിമാനം ഉയർത്തിപ്പിടിച്ചപ്പോൾ പിൻമുറക്കാരായി എത്തിയ അസറുദീനും, ടെൻഡുൽക്കറും ഇൻഡ്യയെ മത്സരങ്ങളിൽ വിജയിപ്പിക്കുന്നുണ്ടെങ്കിലും പഴയസ്വാധീന ശ്ക്തി ഇപ്പോഴത്തെ ക്രിക്കറ്റിൽ ഇല്ലെന്നു പറയാം.

കേരളത്തിലെ ക്രിക്കറ്റ് ടീം രഞ്ജിട്രോഫിയിൽ അഭിമാനകരമായ നേട്ടം കൊയ്യാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. 1996 ലെ രഞ്ജി ട്രോഫിയിൽ കർണ്ണാടകത്തിനെതിരെ കേരളം 7 7വിക്കറ്റ് വിജയക്കൊടി നാട്ടിയത് കേരളത്തിന്റെ ക്രിക്കറ്റ് ഭാവി കൂട്ടുത്തരവാദിത്വത്തിലൂടെ

ശോഭനമാക്കാൻ കഴിയുമെന്ന് മനസ്സിലാക്കാം. ഫിറോസ് .പി.റഷീദ്, ബി. രാംപ്രകാശ്, സുനിൽ ഓയാസിസ് എന്നിവർ മികച്ച കളിക്കാരണ്. ദിലീപ് ട്രോഫിയും ഉണ്ടാക്കിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് പരിസരത്ത് കൂടുതൽ ക്രിക്കറ്റ് ക്ളബ്ബുകൾ പ്രവർത്തിക്കുന്നത് വലിയകളത്തിൽ ആണ് ഒഴിവുദിവസങ്ങളിൽ മത്സരമാച്ചുകൾ നടത്തുന്നുണ്ട്.

നമ്മുടെ കായിക രംഗത്തെപ്പറ്റി ഗൗരവമായ ചർച്ചക്ക് മുതിരുമ്പോൾ തീർച്ചയായും നമ്മുടെ പാഠ്യപദ്ധതിയിൽ കായികപരിശീലനത്തിന് വേണ്ടത്ര പ്രാധാന്യമോ പ്രോൽസാഹനമോ നൽകിയിട്ടില്ല എന്നു പറയേണ്ടിവരും. സംസ്ഥാനതലത്തിൽ തന്നെ കായിക പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ വിരളമാണെന്നുകാണാം. കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൊയ്യണമെങ്കിൽ പ്രതിഭകളെ കുരുന്നിലെ കണ്ടെത്തുകയും അവർക്ക് മെച്ചപ്പെട്ട പരിശീലനവും അർഹതപ്പെട്ട പ്രോൽസാഹനവും നൽകി വളർത്തിയെടുക്കുകയും ചെയ്യുക എന്ന പ്രാഥമിക കർത്തവ്യം പഞ്ചായത്തു തലത്തിൽതന്നെ തുടങ്ങേണ്ടിയിരിക്കുന്നു. എന്നാൽ പഞ്ചായത്തുതലത്തിൽ ഇങ്ങനെയൊരു ശ്രമം ഇനിയും തുടങ്ങിയിട്ടില്ല. സ്ക്കൂൾ തലങ്ങളിലാകട്ടെ ജില്ലാ ഉപജില്ലാ മത്സരങ്ങൾക്ക് തലേദിവസം നടത്തുന്ന ഒരു അഭ്യാസപ്രകടനമായി പര്യവസാനിക്കുന്ന ഒരു പരിശീലനത്തിലൊതുങ്ങുകയും ചെയ്യുന്നു. ശരിയായ ടാലൻറുള്ള മികച്ചപ്രകടനം കാഴ്ച്ചവെക്കുന്ന കുട്ടികളുടെ അഭാവമല്ല ഇത് കാണിക്കുന്നത് മറിച്ച് നമ്മുടെ സമീപനമാണ്.

തുറവൂർ പഞ്ചായത്തിൽ ഈ മണ്ഡലങ്ങളിൽ എടുത്തുപറയത്തക്ക സംഭാവന നിർവ്വഹിച്ചിട്ടുള്ളത് വിരലിലെണ്ണാവുന്നത്രപരിമിതികളുള്ള ഏതാനും സ്പോർട്ട്സ് ക്ളബ്ബുകളും സാംസ്ക്കാരിക സമിതികളുമാണ്. ഈ ക്ളബ്ബുകൾ ഓണക്കാലത്തും മറ്റും നടത്തുന്ന വാർഷിക പരിപാടികളിൽ വിവിധപ്രായക്കാരായ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന കലാകായികമത്സരങ്ങൾ തികച്ചും പ്രശംസനീയമാണ്. പൊതുപിരിവെടുത്താണെങ്കിൽക്കൂടിയും അവർ അർഹതക്ക് അംഗീകാരങ്ങളും, സമ്മാനങ്ങളും പ്രോൽസാഹനവും നൽകുന്നുണ്ട്. തികച്ചും പ്രശംസനീയമായ ഈ കർത്തവ്യം ഈ ക്ളബ്ബുകളും സാംസ്ക്കാരിക സമിതികളും നിർവ്വഹിക്കുന്നുണ്ടെങ്കിലും, പൂർണ്ണമായ ഒരു പരിശീലന പ്രക്രിയയുടെ നിർവ്വഹണം സാമ്പത്തിക പരിമിതികളാൽ ഏറ്റെടുക്കുവാൻ വയ്യാത്ത സ്ഥിതി വിശേഷം ശ്രദ്ധിക്കപെടേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാൻറായും മറ്റും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

ആസൂത്രണം പഞ്ചായത്ത് തലത്തിൽ എന്ന മഹത്തായ ആശയത്തിനുപിന്നിൽ പ്രതിഭാ-ആസൂത്രണം - എല്ലാ തരത്തിലും തലത്തിലും - പ്രാധാന്യമർഹിക്കുന്നു. ഇവിടെ പ്രത്യേകിച്ച് കായിക പ്രതിഭകളെപ്പറ്റി പറയട്ടെ. വാർഡുതല മത്സരങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വിജയികളെ പഞ്ചായത്തുതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയോ, പഞ്ചായത്തുതലത്തിൽ വിജയിക്കുന്നവർക്ക് പരിശീലനവും പ്രോൽസാഹനവും നൽകുന്നത് ഒരു നല്ല തുടക്കമായിരിക്കും. അതുപോലെ പഞ്ചായത്തുതല മത്സരവിജയികളെ ബ്ളോക്കുതലത്തിലും ബ്ളോക്കുതലവിജയികളെ ജില്ലാതലത്തിലും ജില്ലാതലവിജയികളെ സംസ്ഥാനതലത്തിലും അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യണം.

ഇത്തരം പരിപാടികളുടെ നിർവ്വഹണത്തിലൂടെ നേടിയെടുക്കുന്ന പ്രതിബദ്ധതയും സാഹോദര്യവും കലാ കായിക രംഗത്തു മാത്രമല്ലരാഷ്ട്രപുനർനിർമ്മാണ രംഗത്തും അർപ്പണ മനോഭാവത്തോട് കൂടി പ്രവർത്തിക്കുവാൻ പ്രാപ്തിയുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിന് സഹായകരമാകും എന്നുള്ളത് തീർച്ചയാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലും, ബ്ളോക്കുതലത്തിലും, ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും കലാകായികമത്സരങ്ങൾ നടത്തുകയും അർഹതയ്ക്കംഗീകാരം നൽകുകയും ചെയ്യുക.
2. കലാകായിക പരിശീലനം പ്രൈമറിതലം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും, പരിശീലനനിർവ്വഹണങ്ങൾ കുറ്റമറ്റതാക്കുകയും ചെയ്യുക.
3. കലാ കായികരംഗത്തു പ്രവർത്തിക്കുന്ന ക്ളബുകൾക്കും സമിതികൾക്കും അംഗീകാരവും സാമ്പത്തിക സഹായവും നൽകുക.
4. നീന്തൽ, ജിംനാസ്റ്റിക്, നടത്തമത്സരം മുതലായ ഇനങ്ങൾ ആരോഗ്യ പാഠ്യപദ്ധതിയിൽപ്പെടുക്കാവുന്നതാണ്.
5. അനുഭവസമ്പത്തും യോഗ്യതയുമുള്ള പരിശീലകരെ കണ്ടെത്തുക.
6. സംസ്ഥാനാടിസ്ഥാനത്തിൽ പഞ്ചായത്തുകൾതോറും നടത്തുന്ന കേരളോത്സവം ഇന്ന് ഒരു ചടങ്ങായി മാറിയിരിക്കുന്നു. ഇതിന് വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് കൂടുതൽ കായിക പ്രതിഭകളെ സൃഷ്ടിക്കുന്നതിനുള്ള വേദിയാക്കി മാറ്റണം..

ജനകീയാസൂത്രണത്തിൽ ജനകീയസഹകരണ പ്രസ്ഥാനത്തിന്റെ പങ്ക്

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുവാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ രാജ്യത്ത് സാമ്പത്തിക മേഖലയിൽ നിർണ്ണായകവും അതിനൂതനവുമായ കാൽവെപ്പാണ് ജനകീയാസൂത്രണം. ഭാരതത്തിന്റെ സാമ്പത്തിക സംവിധാനം കരുപ്പിടിപ്പിയ്ക്കുന്നതിൽ നാളിതുവരെ അനുവർത്തിച്ചുപോന്ന അടിസ്ഥാനതത്വം ആണ് പഞ്ചവത്സരപദ്ധതികൾ. എട്ടുപഞ്ചവത്സരപദ്ധതികൾ നമ്മൾ പിന്നിട്ടു കഴിഞ്ഞു. വിവിധ മേഖലകളിൽ നേട്ടങ്ങളും ഉണ്ടാക്കി. പക്ഷെ ആസൂത്രണ വിദഗ്ദ്ധർ പഞ്ചനക്ഷത്ര മുറികളിൽ ഇരുന്ന് തയ്യാറാക്കിയ പദ്ധതികൾ പ്രകാരം ഉണ്ടാകും എന്ന് അവകാശപ്പെട്ട നേട്ടങ്ങൾ യഥാർത്ഥത്തിൽ നാം കൈവരിച്ച നേട്ടങ്ങളുമായി തട്ടിച്ചു നോക്കുമ്പോഴാണ് ഈ പദ്ധതികൾക്ക് എവിടെയോചില പാളിച്ചകൾ സംഭവിച്ചു എന്ന് വ്യക്തമാകുക. പദ്ധതി നേട്ടങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ, രാഷ്ട്രത്തിന് പൊതുവായി ഉണ്ടായതിൽ എത്രയോ മടങ്ങ് നേട്ടങ്ങൾ വളരെ ശുഷ്ക്കമായ ഒരു വിഭാഗം കൊയ്തെടുത്തതായി മനസ്സിലാക്കുവാൻ സാധിക്കും. ഈ അനാശാസ്യമായ പ്രവണതയ്ക്ക് വിരാമമിടുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ആസൂത്രണത്തിന്റെ ഗതി "മുകളിൽ നിന്നും കീഴോട്ട്" എന്നതിനുപകരം "താഴെ നിന്നും മേലോട്ട്' എന്നാക്കിയത്. അതായത് യഥാർത്ഥ ആവശ്യക്കാരെ ഉൾക്കൊള്ളിച്ച് ഉണ്ടാക്കുന്ന ജനകീയ സഭകളിൽനിന്നും ഉരുത്തിരിയുന്ന ആവശ്യങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായവിധത്തിൽ പദ്ധതികൾ തയ്യാറാക്കി ഭരണതലങ്ങളിൽ അംഗികാരം വാങ്ങി നടപ്പിൽ വരുത്തുക. 1997 ഏപ്രിൽ ഒന്നിൻഒമ്പതാം പഞ്ചവത്സര പദ്ധതി ആരംഭിക്കുക ജനകീയാസൂത്രണം വഴി ആയിരിയ്ക്കുമെന്ന് നാം ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുമ്പോൾ തന്നെ ഉന്നതങ്ങളിൽ കമ്പോള സാമ്പത്തിക സംവിധാനത്തെ ഇപ്പോഴും താലോലിക്കുന്നത് നാം വളരെ ജാഗ്രതയോടെ നോക്കിക്കാണേണ്ട ഒന്നാണ്.



പൂർണ്ണവും ജനകീയവുമായ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് വളരെ വലുതാണ്. എന്തെന്നാൽ ജനാധിപത്യ അടിത്തറയിൽ കരുപ്പിടിപ്പിച്ചിരിക്കുന്ന ഒരു ആസൂത്രിത സാമ്പത്തിക പ്രസ്ഥാനമായാണ് സഹകരണ മേഖല. മാനവിക ചരിത്രത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്കിനെപ്പറ്റി പഠിയ്ക്കുന്ന ഏതൊരാൾക്കും മനുഷ്യചരിത്രത്തിന്റെ അത്രയും തന്നെ പഴക്കം സഹകരണതത്വങ്ങൾക്കും ഉണ്ട് എന്നു മനസ്സിലാക്കുവാൻ കഴിയും. മനുഷ്യൻ കാട്ടിൽ വേട്ടയാടി നടന്ന കാലഘട്ടത്തിൽ പ്പോലും അവരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു തത്വമുണ്ടായിരുന്നു. "ഓരോരുത്തരും അവരവരുടെ കഴിവ് അനുസരിച്ച് അദ്ധ്വാനിക്കുക, എല്ലാവരും അവരവരുടെ ആവശ്യത്തിന് വിനിയോഗിക്കുക." ഇതുതന്നെയല്ലേ സഹകരണത്തിന്റെ അടിസ്ഥാനതത്വമായ "ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും, എല്ലാവരും ഓരോരുത്തർക്കു വേണ്ടിയും" എന്നത്.

ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത് 1904ൽ സഹകരണനിയമം നടപ്പിലാക്കിയതോടുകൂടിയാണ്. നീണ്ട 92 വർഷം പിന്നിട്ടിരിക്കുന്ന ഇൻഡ്യൻ സഹകരണപ്രസ്ഥാനത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയാൽ യാതൊരു സംശയത്തിനും വകനൽകാതെ അഭിമാനിക്കാവുന്ന ഒന്നാണ് സഹകരണപ്രസ്ഥാനം കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ.

1969-ൽ 'കേരള സഹകരണ സംഘം നിയമം' നടപ്പിൽ വന്നതോടുകൂടിയാണ് നമ്മുടെ സംസ്ഥാനത്ത് ഏകോപിതമായ ഒരു സഹകരണ നിയമമുണ്ടായത്. ഈ നിയമത്തിന്റെ ചട്ടക്കൂട്ടിൽ ഒത്തൊരുമിച്ച് പ്രവർത്തിച്ച സർക്കാരിന്റേയും, സഹകാരികളുടേയും, ജീവനക്കാരുടേയും എല്ലാം പ്രയത്നഫലമായി കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ന് ഇൻഡ്യയ്ക്ക് ഒട്ടാകെ മാതൃകയാകത്തക്കവണ്ണം വളർന്ന് പന്തലിച്ച് നില്ക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ സേവനം എത്തിച്ചേരാത്ത ഒരു മേഖലയും ഇന്ന് ഇല്ല എന്നുള്ളതാണ് വസ്തുത. ഇപ്രകാരമുള്ള വളർച്ചയ്ക്ക് അനുഗുണമായ നിയമഭേദഗതി വരുത്തുന്നതിന് കാലകാലങ്ങളിൽ വന്ന സർക്കാരുകൾ തയ്യാറായിട്ടുമുണ്ട്.

ഇന്ന് സഹകാരികൾ വളരെ ജാഗ്രത പുലർത്തേണ്ടതായിട്ടാണ് ഇരിക്കുന്നത്. എന്തെന്നാൽ എല്ലാം ആഗോളവൽക്കരിക്കുക എന്നത് ഉന്നതങ്ങളിൽ ഒരു രീതിയായി മാറിയിരിക്കുന്നു. "ഇൻഡ്യൻ സഹകരണപ്രസ്ഥാനം നിയമത്തിന്റെ ചട്ടക്കൂട്ടിൽ ജനിച്ച് നിയമത്തിന്റെ ചട്ടക്കൂട്ടിൽ പ്രവർത്തിക്കുന്നതാണ്. മറിച്ച് ഇംഗ്ലണ്ടിലും, ജർമ്മനിയിലുമൊക്കെ സഹകരണപ്രസ്ഥാനം സ്വയം രൂപീകരിക്കപ്പെട്ടതാണ്," എന്ന ആരോപണവുമായി ഇന്ന് ഇവിടെ നിലനിൽക്കുന്ന ഈ നിയമസംവിധാനങ്ങളെല്ലാം എടുത്തു മാറ്റി ഒരു വളയമില്ലാത്ത ചട്ടത്തിന് വഴിതുറക്കുവാൻ വെമ്പൽ കൊള്ളുന്ന ചില സഹകരണ ആചാര്യന്മാർ രംഗത്തു വന്നിരിക്കുന്നു. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അനുസൃതമായി നിലവിലുള്ള നിയമത്തിന് ഭേദഗതി വരുത്തുക എന്ന് നാം തുടർന്ന് വന്ന ആരോഗ്യകരമായ കീഴ്വഴക്കം മാറ്റി സമ്പൂർണ്ണ സ്വാതന്ത്ര്യ എന്നത് കമ്പോളവൽക്കരണം പോലെ തന്നെ ഈ പ്രസ്ഥാനത്തിന്റെ കടയ്ക്കൽ

കത്തിവയ്ക്കുന്ന ഒന്നായിരിക്കുമെന്നാണ് അനുഭവജ്ഞരായ ബഹുഭൂരിപക്ഷം സഹകാരികളുടേയും പക്ഷമായ അഭിപ്രായം.

ഇൻഡ്യ ഒട്ടാകെയും, കേരളത്തിൽ വിശേഷിച്ചും സഹകരണ പ്രസ്ഥാനം അസൂയാർഹമായ നേട്ടങ്ങൾ കൈവരിച്ചു എങ്കിൽ നമ്മുടെ തുറവൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രവും ഇന്നത്തെ പ്രവർത്തനവും എപ്രകാരമാണ് എന്ന് നമുക്ക് ഒന്ന് വിലയിരുത്താം. നമ്മുടെ പഞ്ചായത്തിൽ മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നു. ഈ മൂന്നു സഹകരണ സ്ഥാപനങ്ങളിലും കൂടി ആകെ 12477 പേർ അംഗത്വം എടുത്തതായി കാണുന്നു. എന്നാൽ വസ്തുതകൾ ശരിയായി അപഗ്രഥിച്ചാൽ ഇവരിൽ പലരും തന്നെ മൂന്ന് സ്ഥാപനങ്ങളിലും അംഗങ്ങളായിട്ടുള്ളവരാണെന്ന് മനസ്സിലാക്കാം. വസ്തുത ഇതായിരിക്കെ ശരിയായ അംഗത്വം ഏതാണ്ട് പതിനായിരത്തിൽ താഴെയായിരിയ്ക്കും എന്ന് അനുമാനിക്കാം. അതായത് നമ്മുടെ പഞ്ചായത്തിലെ 50% ത്തിലധികം പ്രായപൂർത്തിയായ ജനങ്ങൾ സഹകരണ പ്രസ്ഥാനത്തിൽ നിന്ന് വിട്ടു നിൽക്കുന്നു വെന്ന് മനസ്സിലാക്കാം.

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം, സർക്കാർ ഓഹരി മൂലധനം - 1,12,000/ രൂപ ഉൾപ്പെടെ - 14,75,198/രൂപ മാത്രമാണ്. അതായത് ഒരംഗത്തിന്റെ ശരാശരി ഓഹരി വിഹിതം -109/ രൂപയാണ്. ഇത് വ്യക്തമാക്കുന്നത് ഉള്ള അംഗങ്ങൾ തന്നെ സംഘത്തിന്റെ സേവനം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നവരല്ല എന്നാണ്.

മൂന്നു സഹകരണ സ്ഥാപനത്തിലും കൂടി സ്വരൂപിച്ചിട്ടുള്ള നിക്ഷേപം - 1,05,10,186/രൂപയാണ്. അതായത് ആളോഹരി നിക്ഷേപം വളരെ തുച്ഛമായതാണ്.

വായ്പ പിരിഞ്ഞുകിട്ടുവാനുള്ളത് -1,21,70,467/രൂപയാണ്. ഇത് അംഗം സംഖ്യയുമായി തട്ടിച്ചുനോക്കിയാൽ ആളോഹരി വായ്പ 1000 രൂപയിൽ താഴേയാണെന്ന് കാണാം. വായ്പാതോത് വളരെ കുറഞ്ഞ് നില്ക്കുന്നത് വായ്പയ്ക്ക് ആവശ്യക്കാർ ഇല്ലാഞ്ഞിട്ടില്ല. ജനങ്ങളുടെ ആവശ്യാനുസൃതം വായ്പ വിതരണം നടത്തുന്നതിൽ ഈ സ്ഥാപനങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം.

മൂന്ന് സഹകരണ സ്ഥാപനങ്ങളിൽ രണ്ടെണ്ണവും ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആകെ നാഷ്ടം 19,50,000/ രൂപ. ഈ രണ്ട് സ്ഥാപനത്തിലേയും സർക്കാർ ഓഹരിയടക്കം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 9,09,775/രൂപ മാത്രമാണ്. അതായത് ഓഹരി മൂലധനത്തിന്റെ 214% ആണ് നഷ്ടം.

കഴിഞ്ഞ 70 വർഷക്കാലത്തോളം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു പോരുന്ന ധനമിടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ ചിത്രമാണ് നാം കണ്ടുകഴിഞ്ഞത്. ഇവയുടെ ഈ രീതിയിലുള്ള പ്രവർത്തനം ഉപയോഗപ്പെടുത്തി എങ്ങിനെയാണ് ജനകീയ ആസൂത്രണ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പ്രയോജനപ്പെടുത്തുക? തികച്ചും ശ്രമകരമാണ്. സഹകരണ സ്ഥാപനങ്ങൾ, അതിലെ എല്ലാവിഭാഗ അംഗങ്ങൾക്കും അതുവഴി ആ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശത്തിന് പൊതുവായും പ്രയോജന പരമായ വിധത്തിൽ സേവനമനുഷ്ടിക്കുന്നതിന്, പ്രധാന വിഭവസമാഹാരണ കേന്ദ്രമായി വേണം പ്രവൃത്തിക്കുവാൻ. ഇപ്രകാരം പ്രവർത്തിക്കുന്നതിന് ആദ്യമായി വേണ്ടത് സഹകരണസ്ഥാപനം പ്രവർത്തനക്ഷമമായ ഒരു യൂണിറ്റാക്കുക എന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തന ക്ഷമമായ ഒരു സഹകരണസ്ഥാപനം ഉണ്ടാകുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

1. നമ്മുടെ പഞ്ചായത്തിൽപ്രവർത്തിക്കുന്ന മൂന്നു സഹകരണ സ്ഥാപനങ്ങളേയും ഏകോപിപിച്ച് ഒരു സഹകരണ സ്ഥാപനമാക്കുക.
2. ഇപ്രകാരം ഏകോപിപ്പിക്കുന്നതോടൊപ്പം പരമാവധി ജനങ്ങളെ അംഗങ്ങളാക്കുകയും പരമാവധി തുക ഓഹരി മൂലധനമായി (കഴിയുമെങ്കിൽ ഒരു കോടി രൂപ) സമാഹരിക്കുകയും ചെയ്യുക.
3. ഊർജ്ജിതമായ നിക്ഷേപ സമാഹരണം നടത്തുക. ഇപ്പോൾ മൂന്നു സഹകരണ സ്ഥാപനങ്ങളിലും കൂടി സ്വരൂപിച്ചിരിക്കുന്ന നിക്ഷേപം കേവലം 105 ലക്ഷം രൂപ മാത്രമാണ്. അതായത് 5 കോടി രൂപയായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് പ്രവർത്തിക്കുക. നമ്മുടെ പഞ്ചായത്തിൽ മറ്റു ബാങ്കിംഗ് പ്രവർത്തനം വളരെ ശക്തമായി നടക്കാത്ത ഒരു മേഖലയാണ്. മാത്രമല്ല സഹകരണ സ്ഥാപനങ്ങൾ നല്കുന്ന ആകർഷകമായ പലിശയും അതോടൊപ്പം വിശ്വസ്തതയും സേവനവും നല്കുവാൻ തയ്യാറായാൽ ഈ ലക്ഷ്യം അത്ര ദൂരമല്ല.
4. എല്ലാ ആളുകളുടെ എല്ലാ ആവശ്യത്തിനും കാലവിളംബം കൂടാതെ വായ്പനൽകുക. വിഭവസമാഹരണം നടത്തിയതുകൊണ്ടു മാത്രം സ്ഥാപനം പ്രവർത്തനക്ഷമമാകുകയില്ല. സമാഹരിക്കുന്ന വിഭവം ബുദ്ധിപൂർവം വിനിയോഗിക്കുക എന്നത് അതിലും ശ്രദ്ധേയമായ കാര്യമാണ്. ആയതിനാൽ അംഗങ്ങളുടെ എല്ലാ ആവശ്യത്തിനുംയഥാസമയം കുറഞ്ഞനിരക്കിൽ വായ്പ ലഭിക്കുന്ന സ്ഥാപനമാക്കി മാറ്റുക എന്നതായിരിക്കണം ലക്ഷ്യം. ആയതിലേക്ക് (a.) കാർഷികവായ്പ, (b) ചെറുകിട വ്യവസായ വായ്പ, (c) വിദ്യാഭ്യാസ വായ്പ, (d) ഗൃഹോപകരണ സമ്പാദ്യ വായ്പ (e) ഭവന നിർമ്മാണ വായ്പ, (f) സ്വർണ്ണപണയ വായ്പ എന്നീ വ്യത്യസ്ഥ വായ്പ ലഭിക്കുന്ന നടപടിക്രമങ്ങൾ തയ്യാറാക്കി ഹ്രസ്വകാല മദ്ധ്യകാല, ദീർഘകാല വായ്പകൾ വിതരണം ചെയ്യേണ്ടതാണ്.
5. സർക്കാരിൽ നിന്നും NAB ARD, HUDCO, മുതലായ കേന്ദ്ര ഏജൻസികൾ വഴി ലഭിക്കുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ പുനർവായ്പാ സൗകര്യമായ രീതിയിൽ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ നടത്തുക.
6. വായ്പക്കുടിശിക യഥാസമയം പിരിച്ചെടുക്കുന്നതിന് ആവശ്യമായ ജനസമ്പർക്ക പരിപാടികൾ അടക്കമുള്ള നടപടികൾ സ്വീകരിക്കുക.

ഇപ്രകാരം പ്രവർത്തനക്ഷമമായ ഒരു സഹകരണ സ്ഥാപനം പഞ്ചായത്തിൽ ഉണ്ടാകുകയാണെങ്കിൽ അതോടനുബന്ധിച്ച് താഴെ പറയുന്ന പദ്ധതികൾ കൂടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സാധിയ്ക്കും.

1. നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളുടേയും വരുമാന മാർഗ്ഗമായ കൃഷിയിൽ നിന്നും കർഷകർ ഇന്ന് പിന്തിരിഞ്ഞു വരുകയാണല്ലോ? ആയതിനു

പ്രധാനകാരണം തൊഴിലാളിയുടെ ലഭ്യതക്കുറവാണ്. ഇതിനു പരിഹാരമായി ആവശ്യം വേണ്ട സ്ഥലങ്ങളിൽ കൃഷിയിൽ യന്ത്രവത്ക്കരണം ഏർപ്പെടുത്തുക, സംയോജിത കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിന് പറ്റിയ വിധത്തിൽ നല്ലയിനം വിത്ത്, വളം എന്നിശേഖരിച്ച് വിതരണം ചെയ്യുക, അസംഘടിതരായ തൊഴിലില്ലാത്ത യുവാക്കളെ ഏകോപിപ്പിച്ച് തൊഴിലാവശ്യമായ മേഖലകളിൽ അവരുടെ സേവനം ലഭ്യമാക്കുവാൻ പറ്റിയവിധത്തിൽ "ലേബർ ബാങ്ക്" സംഘടിപ്പിക്കുക, എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

2. നമ്മുടെ പഞ്ചായത്തിലുള്ള വിസ്തൃതമായ മത്സ്യ കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായ മത്സ്യ കൃഷി നടത്തുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.

3. പച്ചക്കറിയ്ക്കും, കോഴിമുട്ടയ്ക്കും, കോഴിയിറച്ചിയ്ക്കും മാത്രമല്ല പുഷ്പങ്ങൾക്കുവരെ നമ്മൾ ഇന്ന് അന്യസംസ്ഥാനങ്ങളേ ആശ്രയിക്കുകയാണ്. ഇതിനു പരിഹാരമായി താത്പര്യമുള്ള കൃഷിക്കാർക്ക് പച്ചക്കറികൾ, പൂച്ചെടികൾ എന്നിവ വിപണി അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനും, മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളെയും വളർത്തുന്നതിനും, തേനീച്ച വളർത്തുന്ന വിപണി കണ്ടെത്തുന്നതിനും ആവശ്യമായ എല്ലാ സാങ്കേതിക സാമ്പത്തിക സഹായങ്ങളും നൽകുക.

സഹകരണമേഖലയെ പറ്റി വിലയിരുത്തുമ്പോൾ നാണ്യ സഹകരണ സംഘങ്ങളോളം തന്നെ പ്രാധാന്യമേറിയൊന്നാണ് കൺസ്യൂമർ സഹകരണ പ്രസ്ഥാനം. നമ്മുടെ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സ്ഥാപനം ഒന്നും തന്നെയില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ദൈനംദിന ജീവിതം വളരെ ദുസ്സഹമാക്കുന്ന ഈ കാലഘട്ടത്തിൽ കൺസ്യൂമർ മേഖലയുടെ സേവനം വളരെ അനിവാര്യമാകുന്ന ഒന്നാകുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു കൺസ്യൂമർ സഹകരണസംഘം പ്രത്യേകമായി രജിസ്റ്റർ ചെയ്യാതെ തന്നെ സർവ്വീസ് സഹകരണ സ്ഥാപനത്തിന്റെ ഒരു സഹോദര സ്ഥാപനമായി പ്രവർത്തിക്കുന്നത് കൂടുതൽ നന്നായിരിക്കും. അതായത് സഹകരണ ബാങ്കിലെ എല്ലാ അംഗങ്ങളും നിർബന്ധമായും ഒരു ഓഹരി കൺസ്യൂമർ സ്റ്റോറിൽ എടുത്തിരിക്കേണ്ടതാണ്. അപ്രകാരം പിരിഞ്ഞുകിട്ടുന്ന ഓഹരി തുകയുടെ തുല്യ തുക സഹകരണ ബാങ്ക് ഓഹരിവിഹിതമായി നൽകേണ്ടതാണ്. തുല്യ ഓഹരി പങ്കാളിത്തം സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ്. ഇപ്രകാരം സ്വരൂപിച്ച ഓഹരി തുകയും അംഗങ്ങളിൽ നിന്നും പലിശ രഹിതമായ **Trade Deposit** ഉം വാങ്ങി പ്രവർത്തന ധനം സ്വരൂപിക്കേണ്ടതാണ്. അതായത് കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനത്തിന് സ്വരൂപിക്കുന്നു. ധനത്തിന് പലിശ നൽകുവാൻ ഇടയാകാതെ നോക്കണം. അപ്രകാരമായാൽ നല്ല ഗുണമേന്മയുള്ള വസ്തുക്കൾ ന്യായമായ വില്യക്ക് കൃത്യമായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുവാൻ കഴിയും. കൂടാതെ സഹകരണ ബാങ്കിന്റെ അറ്റാദായത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തന ഫണ്ടിലേക്ക് മാറ്റിവെക്കാൻ കൂടി കഴിഞ്ഞാൽ സ്റ്റോറിന്റെ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കും. സ്റ്റോറിന്റെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം, ഗോഡൗൺ ഫർണിച്ചർ മുതലായ മൂലധന നിക്ഷേപത്തിനാവശ്യമായ ധനസഹായം **NCDC** യിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇപ്രകാരം സ്റ്റോർ ആരംഭിച്ചാൽ ഏതാനും പേർക്ക് തൊഴിൽ സാധ്യത ഉണ്ടാകുന്നതിനു പുറമേ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റിത്തിൽ നിന്നും സാധാരണക്കാർക്കും വലിയൊരു ആശ്വാസം നൽകുവാൻ സാധിക്കും.

ഭവന നിർമ്മാണ രംഗമാണ് മറ്റൊരു പ്രധാന പ്രവർത്തന മേഖല. രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ഭവനം എന്നതണല്ലോ നമ്മുടെ ദേശീയ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുവാൻ സഹകരണ പ്രസ്ഥാനം നല്ലൊരു ഏജൻസി തന്നെയാണ്. പക്ഷെ ഇന്നത്തെ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതി ആശാവഹമല്ല. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും ലഭിക്കുന്ന വായ്പ അംഗങ്ങൾക്കു നൽകുന്ന ഒരു ഏജൻസിമാത്രമാണ് ഇന്ന് പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ. നമ്മുടെ പഞ്ചായത്തിലുള്ള ഏക ഭവന നിർമ്മാണ സഹകരണ സംഘം കഴിഞ്ഞ പതിനാറ് വർഷത്തിനുള്ളിൽ 124 അംഗങ്ങളെ ചേർത്ത് 2 ലക്ഷത്തിലധികം നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ഇന്നത്തെ പ്രവർത്തന രീതിക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. വായ്പാ വിതരണത്തിനു പുറമേ നിർമ്മാണ സാമഗ്രികൾ വിതരണം നടത്തുക, ഭവന നിർമ്മാണ അവശ്യത്തിനുള്ള സാങ്കേതിക ഉപദേശം നല്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാടകയ്ക്ക് നല്കുക മുതലായ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടത്തേണ്ടതാണ്. ഇന്ന് ഭവന നിർമ്മാണ് വായ്പ ലഭിക്കുന്നതിന് വലിയ കാലതാമസ്സം നേരിടുന്നുണ്ട്. ആയത് ഒഴിവാക്കേണ്ടതാണ്. ദീർഘകാല വായ്പയായ ഈ വായ്പയ്ക്കിന്ന് ഈടാക്കി വരുന്ന പലിശ വളരെ ഉയർന്നതും സാധാരണ ജനവിഭാഗത്തിന് താങ്ങുവാൻ വയ്യാത്തതുമാണ്. ഒരു വരുമാനവും ലഭിക്കാത്ത ഈ മുതൽ മുടക്കിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭിയ്ക്കുന്നതിനും കൂടുതൽ ആളുകൾക്ക് വായ്പാ സൗകര്യം ഉണ്ടാകുന്നതിനും വായ്പാ കുടിശിക ഇല്ലാതാക്കുവാനും ഭവന നിർമ്മാണ വായ്പാ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇനത്തിൽ ഗണ്യമായ സബ്സിഡി അനുവദിക്കുന്നതും ഉചിതമായ നടപടിയായിരിക്കും നമ്മുടെ പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രധാന പ്രവർത്തനം നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ സംഭരിച്ച് മിൽമയ്ക്ക് നൽകുന്ന ഒരു ഏജൻസി പ്രവർത്തിക്കുന്നു എന്നതാണ്. ഇതു മൂലം ക്ഷീരോൽപാദകർക്ക് അവരുടെ ഉത്പ്പന്നത്തിന് ന്യായമായ വില ലഭിക്കുന്നില്ല എന്നു മാത്രമല്ല ഉപഭോക്താവ് അമിതമായ വില നല്കേണ്ടിയും വരുന്നു. പശുവളർത്തലും ക്ഷീരോല്പാദനവും കാർഷിക മേഖലയിൽ ഒഴിച്ചു നിർത്താവുന്ന ഒന്നല്ല, കർഷകന് ആവശ്യമായ ജൈവവളവും, കർഷകന്റെ വരുമാനത്തിന് ഒരു വർദ്ധനവും നല്കുന്ന ഈ പ്രവർത്തി വളരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആയതിനാൽ ഈ മേഖലയിൽ സമഗ്രമായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം സഹകരണ ബാങ്ക് നല്കേണ്ടതാണ്. ആയതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. കന്നുകാലി തൊഴുത്ത് നല്ല നിലയിൽ പണിയുന്നതിനാവശ്യമായ തുക കുറഞ്ഞ പലിശയ്ക്ക് കർഷകന് നല്കുക.

2. തൊഴുത്ത് നിർമ്മാണ ചിലവിന്റെയും തീറ്റപുൽ കൃഷി ചിലവിന്റെയും നിശ്ചിത ശതമാനം തുക സർക്കാർ ഗ്രാന്റായി നല്കുക.

പ്രധാനകാരണം തൊഴിലാളിയുടെ ലഭ്യതക്കുറവാണ്. ഇതിനു പരിഹാരമായി ആവശ്യം വേണ്ട സ്ഥലങ്ങളിൽ കൃഷിയിൽ യന്ത്രവത്ക്കരണം ഏർപ്പെടുത്തുക, സംയോജിത കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിന് പറ്റിയ വിധത്തിൽ നല്ലയിനം വിത്ത്, വളം എന്നിശേഖരിച്ച് വിതരണം ചെയ്യുക, അസംഘടിതരായ തൊഴിലില്ലാത്ത യുവാക്കളെ ഏകോപിപ്പിച്ച് തൊഴിലാവശ്യമായ മേഖലകളിൽ അവരുടെ സേവനം ലഭ്യമാക്കുവാൻ പറ്റിയവിധത്തിൽ "ലേബർ ബാങ്ക്" സംഘടിപ്പിക്കുക, എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

2. നമ്മുടെ പഞ്ചായത്തിലുള്ള വിസ്തൃതമായ മത്സ്യ കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായ മത്സ്യ കൃഷി നടത്തുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.

3. പച്ചക്കറിയ്ക്കും, കോഴിമുട്ടയ്ക്കും, കോഴിയിറച്ചിയ്ക്കും മാത്രമല്ല പുഷ്പങ്ങൾക്കുവരെ നമ്മൾ ഇന്ന് അന്യസംസ്ഥാനങ്ങളേ ആശ്രയിക്കുകയാണ്. ഇതിനു പരിഹാരമായി താത്പര്യമുള്ള കൃഷിക്കാർക്ക് പച്ചക്കറികൾ, പൂച്ചെടികൾ എന്നിവ വിപണി അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനും, മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളെയും വളർത്തുന്നതിനും, തേനീച്ച വളർത്തുന്ന വിപണി കണ്ടെത്തുന്നതിനും ആവശ്യമായ എല്ലാ സാങ്കേതിക സാമ്പത്തിക സഹായങ്ങളും നൽകുക.

സഹകരണമേഖലയെ പറ്റി വിലയിരുത്തുമ്പോൾ നാണ്യ സഹകരണ സംഘങ്ങളോളം തന്നെ പ്രാധാന്യമേറിയൊന്നാണ് കൺസ്യൂമർ സഹകരണ പ്രസ്ഥാനം. നമ്മുടെ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സ്ഥാപനം ഒന്നും തന്നെയില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ദൈനംദിന ജീവിതം വളരെ ദുസ്സഹമാക്കുന്ന ഈ കാലഘട്ടത്തിൽ കൺസ്യൂമർ മേഖലയുടെ സേവനം വളരെ അനിവാര്യമാകുന്ന ഒന്നാകുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു കൺസ്യൂമർ സഹകരണസംഘം പ്രത്യേകമായി രജിസ്റ്റർ ചെയ്യാതെ തന്നെ സർവ്വീസ് സഹകരണ സ്ഥാപനത്തിന്റെ ഒരു സഹോദര സ്ഥാപനമായി പ്രവർത്തിക്കുന്നത് കൂടുതൽ നന്നായിരിക്കും. അതായത് സഹകരണ ബാങ്കിലെ എല്ലാ അംഗങ്ങളും നിർബന്ധമായും ഒരു ഓഹരി കൺസ്യൂമർ സ്റ്റോറിൽ എടുത്തിരിക്കേണ്ടതാണ്. അപ്രകാരം പിരിഞ്ഞുകിട്ടുന്ന ഓഹരി തുകയുടെ തുല്യ തുക സഹകരണ ബാങ്ക് ഓഹരിവിഹിതമായി നൽകേണ്ടതാണ്. തുല്യ ഓഹരി പങ്കാളിത്തം സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ്. ഇപ്രകാരം സ്വരൂപിച്ച ഓഹരി തുകയും അംഗങ്ങളിൽ നിന്നും പലിശ രഹിതമായ **Trade Deposit** ഉം വാങ്ങി പ്രവർത്തന ധനം സ്വരൂപിക്കേണ്ടതാണ്. അതായത് കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനത്തിന് സ്വരൂപിക്കുന്നു. ധനത്തിന് പലിശ നൽകുവാൻ ഇടയാകാതെ നോക്കണം. അപ്രകാരമായാൽ നല്ല ഗുണമേന്മയുള്ള വസ്തുക്കൾ ന്യായമായ വില്യക്ക് കൃത്യമായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുവാൻ കഴിയും. കൂടാതെ സഹകരണ ബാങ്കിന്റെ അറ്റാദായത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തന ഫണ്ടിലേക്ക് മാറ്റിവെക്കാൻ കൂടി കഴിഞ്ഞാൽ സ്റ്റോറിന്റെ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കും. സ്റ്റോറിന്റെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം, ഗോഡൗൺ ഫർണിച്ചർ മുതലായ മൂലധന നിക്ഷേപത്തിനാവശ്യമായ ധനസഹായം **NCDC** യിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇപ്രകാരം സ്റ്റോർ ആരംഭിച്ചാൽ ഏതാനും പേർക്ക് തൊഴിൽ സാധ്യത ഉണ്ടാകുന്നതിനു പുറമേ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റിത്തിൽ നിന്നും സാധാരണക്കാർക്കും വലിയൊരു ആശ്വാസം നൽകുവാൻ സാധിക്കും.

ഭവന നിർമ്മാണ രംഗമാണ് മറ്റൊരു പ്രധാന പ്രവർത്തന മേഖല. രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ഭവനം എന്നതണല്ലോ നമ്മുടെ ദേശീയ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുവാൻ സഹകരണ പ്രസ്ഥാനം നല്ലൊരു ഏജൻസി തന്നെയാണ്. പക്ഷെ ഇന്നത്തെ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതി ആശാവഹമല്ല. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും ലഭിക്കുന്ന വായ്പ അംഗങ്ങൾക്കു നൽകുന്ന ഒരു ഏജൻസിമാത്രമാണ് ഇന്ന് പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ. നമ്മുടെ പഞ്ചായത്തിലുള്ള ഏക ഭവന നിർമ്മാണ സഹകരണ സംഘം കഴിഞ്ഞ പതിനാറ് വർഷത്തിനുള്ളിൽ 124 അംഗങ്ങളെ ചേർത്ത് 2 ലക്ഷത്തിലധികം നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ഇന്നത്തെ പ്രവർത്തന രീതിക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. വായ്പാ വിതരണത്തിനു പുറമേ നിർമ്മാണ സാമഗ്രികൾ വിതരണം നടത്തുക, ഭവന നിർമ്മാണ അവശ്യത്തിനുള്ള സാങ്കേതിക ഉപദേശം നല്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാടകയ്ക്ക് നല്കുക മുതലായ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടത്തേണ്ടതാണ്. ഇന്ന് ഭവന നിർമ്മാണ് വായ്പ ലഭിക്കുന്നതിന് വലിയ കാലതാമസ്സം നേരിടുന്നുണ്ട്. ആയത് ഒഴിവാക്കേണ്ടതാണ്. ദീർഘകാല വായ്പയായ ഈ വായ്പയ്ക്കിന്ന് ഈടാക്കി വരുന്ന പലിശ വളരെ ഉയർന്നതും സാധാരണ ജനവിഭാഗത്തിന് താങ്ങുവാൻ വയ്യാത്തതുമാണ്. ഒരു വരുമാനവും ലഭിക്കാത്ത ഈ മുതൽ മുടക്കിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭിയ്ക്കുന്നതിനും കൂടുതൽ ആളുകൾക്ക് വായ്പാ സൗകര്യം ഉണ്ടാകുന്നതിനും വായ്പാ കുടിശിക ഇല്ലാതാക്കുവാനും ഭവന നിർമ്മാണ വായ്പാ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇനത്തിൽ ഗണ്യമായ സബ്സിഡി അനുവദിക്കുന്നതും ഉചിതമായ നടപടിയായിരിക്കും നമ്മുടെ പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രധാന പ്രവർത്തനം നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ സംഭരിച്ച് മിൽമയ്ക്ക് നൽകുന്ന ഒരു ഏജൻസി പ്രവർത്തിക്കുന്നു എന്നതാണ്. ഇതു മൂലം ക്ഷീരോൽപാദകർക്ക് അവരുടെ ഉത്പന്നത്തിന് ന്യായമായ വില ലഭിക്കുന്നില്ല എന്നു മാത്രമല്ല ഉപഭോക്താവ് അമിതമായ വില നല്കേണ്ടിയും വരുന്നു. പശുവളർത്തലും ക്ഷീരോല്പാദനവും കാർഷിക മേഖലയിൽ ഒഴിച്ചു നിർത്താവുന്ന ഒന്നല്ല, കർഷകന് ആവശ്യമായ ജൈവവളവും, കർഷകന്റെ വരുമാനത്തിന് ഒരു വർദ്ധനവും നല്കുന്ന ഈ പ്രവർത്തി വളരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആയതിനാൽ ഈ മേഖലയിൽ സമഗ്രമായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം സഹകരണ ബാങ്ക് നല്കേണ്ടതാണ്. ആയതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. കന്നുകാലി തൊഴുത്ത് നല്ല നിലയിൽ പണിയുന്നതിനാവശ്യമായ തുക കുറഞ്ഞ പലിശയ്ക്ക് കർഷകന് നല്കുക.

2. തൊഴുത്ത് നിർമ്മാണ ചിലവിന്റെയും തീറ്റപുൽ കൃഷി ചിലവിന്റെയും നിശ്ചിത ശതമാനം തുക സർക്കാർ ഗ്രാന്റായി നല്കുക.

3. ഉയർന്ന നിലവാരം പുലർത്തുന്നതും അംഗീകാരമുള്ളതുമായ ഫാമുകളുമായി ഇടപാടുകൾ നടത്തി നല്ലയിനം പശുക്കളെ വാങ്ങി വായ്പാടിസ്ഥാനത്തിൽ കർഷകർക്ക് വിതരണം ചെയ്യുക.
4. ഗുണനിലവാരമുള്ള കാലീത്തീറ്റകൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുക.
5. നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള പാൽ മുൻകൂട്ടി നിശ്ചയിച്ച് (Depoist Scheme നടപ്പിലാക്കി) വിതരണം ചെയ്യുക. ഇതു വഴി ഉത്പാദകനും ഉപഭോക്താവിനും ന്യായമായ വില ഉറപ്പാക്കുവാൻ കഴിയും.
6. മിച്ചമുള്ള പാൽമാത്രം മിൽമയ്ക്കു നൽകുക.
7. വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറുകൾ സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി സ്ഥാപിക്കുക. നാടിനെ നേരിടുന്ന ഊർജ്ജപ്രതിസന്ധിയ്ക്ക് ഇത് ഒരു ചെറിയ പരിഹാരമാകും.

കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും കേരളത്തിനു പ്രശസ്തിയും പ്രതാപവും നല്കിയിട്ടുള്ളതുമായ ഒന്നാണ് കയർ വ്യവസായ മേഖല. എന്നാലിന്ന് ഈ വ്യവസായം വളരെ വിചിത്രമായ ഒരു അവസ്ഥയിലാണ്. എന്തെന്നാൽ ഇതിൽ പണിയെടുക്കുന്ന തൊഴിലാളികൾ യാതൊരുവിധത്തിലും മേൽഗതിയില്ലാത്തവരാകുകയും ആ കാരണത്താൽ തന്നെ അവർ ആ മേഖലയോട് വിടപറയുവാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. എന്നാൽ കയറിന്റെയും കയറുല്പന്നങ്ങളുടേയും കയറ്റുമതി വ്യവസായികൾ കോടികൾ കൊയ്തുകൂട്ടുന്നു. വൈദേശികാധിപത്യമുള്ള എല്ലാ ചൂഷണത്തിനുമെതിരെ പടപൊരുതിയ സംഘടിത ശക്തിയായി തൊഴിലാളി വർഗ്ഗത്തെ വളർത്തിയെടുത്ത ഈ പ്രസ്ഥാനത്തിന്റെ പിന്മുറക്കാർ ഇന്ന് സാർവ്വത്രികമായ ചൂഷണത്തിനും അവഗണനയ്ക്കും ഇരയായി ഗതികിട്ടാതെ നട്ടം തിരിയുമ്പോൾ അവരുടെ ഉത്പന്നങ്ങൾ കടൽ കയറ്റിവിട്ട് ഏതാനും വ്യക്തികൾ ഇവിടെ പഞ്ചനക്ഷത്ര സംസ്ക്കാരം പടുത്തുയർത്തുന്നു. ഇതാണ് ഇന്നത്തെ കയർ മേഖല. ഇതിൽ നിന്നും മോചനത്തിന് സഹകരണ പ്രസ്ഥാനത്തിന് ഒന്നും തന്നെ ചെയ്യുവാൻ സാധിച്ചിട്ടില്ല എന്നതാണ് കഴിഞ്ഞ കാല അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ആ മേഖലയുടെ പുനർജീവനത്തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

1. കയറും, കയറുല്പന്നങ്ങളും, കയറ്റുമതിചെയ്യുന്ന ചരക്കിന്റെ ഒരു നിശ്ചിത ശതമാനം സ്വന്തം നിലയിൽ ഉത്പാദനം നടത്തിയവയായിരിക്കണമെന്ന് ഉറപ്പുവരുത്തുക.
2. കാലാനുസൃതമായ യന്ത്രവത്ക്കരണം നടപ്പിലാക്കുക. ഇതു വഴി തൊഴിലാളികളുടെ കൊഴിഞ്ഞുപോകലിൽ നിന്നുള്ള പ്രശ്നം പരിഹരിക്കുവാനും തൊഴിലാളിക്ക് കുറച്ചു കൂടി മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുവാനും സാധിക്കും.
3. ഇപ്രകാരമുള്ള യന്ത്രവത്ക്കരണത്തിന് സഹകരണമേഖലയിൽ വരുന്ന ചിലവ് കുറഞ്ഞ പലിശയ്ക്ക് വായ്പയായും, ഗ്രാൻറായും നല്കേണ്ടതാണ്.
4. തൊഴിലാളികൾക്ക് ഒരു വർഷം നിശ്ചിത തൊഴിൽ ദിവസങ്ങൾ ഉറപ്പു വരുത്തേണ്ടതും ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

കേരളത്തിന്റെ പാരമ്പര്യ വ്യവസായത്തിൽ ഏറ്റവും കൂടുതൽ പീഡിതമായ ഒന്നാണ് കൈത്തറി വ്യവസായം. ഈ മേഖലയിൽ പരമ്പരാഗതമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന മലബാർ, വടക്കൻ പറവൂർ, തെക്കൻ തിരുവിതാംകൂർ എന്നീ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് തെല്ലൊരാശ്വാസം നല്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പാരമ്പര്യമായി കൈത്തറി മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത തുറവൂരിൽ ഈ സംരംഭം 1989-ൽ ആരംഭിച്ചു. 5,73,138/രൂപ വിവിധ ഇനത്തിൽ സർക്കാർ സഹായം ഉണ്ടായിട്ടും വെറും 12 പേർക്ക് ന്യായമായ വേതനം ലഭിക്കാതെ തൊഴിൽ നല്കുവാനും, നാൾക്കു നാൾ നഷ്ടം വർദ്ധിപ്പിക്കുവാനും മാത്രമേ ഈ പ്രസ്ഥാനത്തിനു സാധിച്ചിട്ടുള്ളു എന്നതുള്ളൂ.

കൈത്തറി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നൂൽ വിലയിലുള്ള വർദ്ധനവും ഉത്പന്നങ്ങളുടെ വിപണന സാധ്യതയില്ലായ്മയുമാണ്. ഇതു രണ്ടും പഞ്ചായത്തു തലത്തിൽ പരിഹരിക്കാവുന്നതല്ല. നമുക്ക് ഈ കാര്യത്തിൽ നടത്താവുന്ന ഒരു പരീക്ഷണം നമ്മുടെ സംഘത്തിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റുകൂടി ഇതിനോടനുബന്ധിച്ച് ആരംഭിക്കുകയും ഹാൻറക്സുമായി ബന്ധപ്പെട്ട് വിപണന സാധ്യത ഉപയോഗപ്പെടുത്തുകയുമാണ്. ഇതുകൂടാതെ ഈ പ്രദേശത്ത് ഇതിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബോധവൽക്കരണ പരിപാടി നടത്തുക.

ഹരിജൻ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയതിൽ സർവ്വീസ് സഹകരണ സംഘം നഷ്ടത്തിലും, വ്യവസായ സഹകരണ സംഘം ലാഭത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാം. വായ്പാ സഹകരണ സ്ഥാപനങ്ങൾ ധാരാളമായി പ്രവർത്തിക്കുന്ന നമ്മുടെ നാട്ടിൽ വായ്പാ വിതരണത്തിനുവേണ്ടി പ്രത്യേകം ഹരിജൻ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് യുക്തിക്കു നിരക്കുന്നതല്ല. ഹരിജൻ സഹകരണ സംഘങ്ങൾ സംഘാംഗങ്ങൾക്ക് കൂടുതൽ നല്ല തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് നന്നായിരിക്കും. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഹരിജൻ സംഘങ്ങൾ നടപ്പിൽ വരുത്തുവാൻ ആലോചിക്കുന്ന ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, ഹോളോ ബ്രിക്സ് യൂണിറ്റ്, സ്വന്തമായ പീലിംഗ് ഷെഡ്, അടയ്ക്കാ സംസ്ക്കരണ യൂണിറ്റ് എന്നിവ നല്ലതുതന്നെയാണ്. ഇവയ്ക്കാശ്യമായ ധനസഹായം ഹരിജൻ ഡെവല്പ്മെൻറ് കോർപ്പറേഷനിൽ നിന്നും NCDC ൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏതാനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വിധത്തിൽ നമ്മുടെ സഹകരണ സ്ഥാപനങ്ങളെ രൂപപ്പെടുത്തുവാൻ കഴിഞ്ഞാൽ കാർഷിക മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും മറ്റു സേവന മേഖലകളിലും തൊഴിൽ സാധ്യതകളുടെ ഒരു കുതിച്ചുചാട്ടം തന്നെ ഉറപ്പാക്കുവാൻ സാധിക്കും. കൂടുതൽ ആളുകൾക്ക് തൊഴിലിൽ ഉയർന്ന വരുമാനവും നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ സാമ്പത്തിക വികസനത്തിന് ശരിയായ അടിത്തറ പാകുകയും ചെയ്യും. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പിൽ വരുമ്പോൾ സാർവ്വത്രികമായ വികസനത്തിന് ആവശ്യമായ വിഭവ സമാഹാരണത്തിന്റെയും വിനിയോഗ്യത്തിന്റെയും മുഖ്യ സിരാകേന്ദ്രം സഹകരണ സ്ഥാപനമായിരിക്കട്ടെ.

സഹകരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള പട്ടിക

ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ പേരും നമ്പരും	രജിസ്റ്റർ ചെയ്ത തീയതി	ആരംഭിച്ച തീയതി	അംഗ നമ്പർ	പിരിഞ്ഞു കിട്ടിയ ഓഹരി	നിക്ഷേപം	കടങ്ങൾ	വായ്പകൾ	കുടിശ്ശിക	ലാഭം	നഷ്ടം
1. തുറവൂർ കിഴക്കേകര സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1058	27/1/1101ME	1/4/1101	2915	3,77,000 G.S. 22,000	41,00,000	1,19,800	23,00,000	13,19,850	-	5,50,000
2. വളമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1444	2/5/1102ME	12/7/1102	5270	4,95,775 G.S. 15,000	15,47,600	5,54500	18,06,568	-	-	14,00,000
3. തുറവൂർ സൗത്ത് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2727	4/5/1123ME	2/9/1123	4292	4,90423 KFED 75,000	48,62556	45,55,195	80,63,899	-	-	-
			12477	13,63,198 1,12,000 14,75,198	1,05,10,186	52,29,495	1,21,70,467			19,50,000

സംഘത്തിന്റെ പേരും നമ്പരും	രജിസ്റ്റർ തീയതി	പ്രവർത്തനം നടത്തിയ തീയതി	അംഗങ്ങൾ	പിരിഞ്ഞു കിട്ടിയ ഓഹരി	കടം	വായ്പ	ലാഭം നഷ്ടം
1. തുറവൂർ റൂറൽ ഹൗസിംഗ് സഹകരണസംഘം (ക്ലിപ്തം) നമ്പർ 12698	18-4-80	26-4-80	124	2,69,9955	23,514,25	2401273	-211538
1. തുറവൂർ ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം A.87(D) APCOS		23-7-81					
2. വളമംഗലം ക്ഷീരോൽപാദക സഹകരണസംഘം (ക്ലിപ്തം) A-173 (D) APCOS.		23-4-90					
1. തുറവൂർ കയർ വ്യവസായ സഹകരണസംഘം (ക്ലിപ്തം) 435	9-12-63	30-12-63	275				
1. തുറവൂർ വനിതാ കൈത്തറി സഹകരണസംഘം (ക്ലിപ്തം) നമ്പർ A (H) 8		27-4-89	50 വനിത വികസന തറി ഗ്രാന്റ്	G.S 5,30,000 24500 18,638			
1. വളമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) (A) 722	23-9-80	29-9-80	608				
2. തുറവൂർ ഹരിജൻ ഇൻഡസ്ട്രീയൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ IND (A)142	4-3-88	18-3-88					

ജനസംഖ്യയിൽ ഒരു നിർണ്ണായക ശക്തിയല്ലെങ്കിലും, തുറവൂർ പഞ്ചായത്തിലെ സാമൂഹ്യ. രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും, മറ്റ് പ്രവർത്തനങ്ങളിലും ഇവരുടെ ആവശ്യകതയും സേവനങ്ങളും വിസ്മരിക്കാവുന്നതല്ല. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടുകിടന്ന ഇവർ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലും കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെന്നപോലെ അടിമകളായിത്തന്നെ കഴിഞ്ഞുവന്നു. ഫ്യൂഡൽ വ്യവസ്ഥിതി കൊടികുത്തി വാണ ആ കാലഘട്ടത്തിൽ സാമൂഹ്യ നീതി ആകെ നിഷേധിക്കപ്പെട്ടവരായിരുന്നു. സ്വന്തമായി കൃഷിഭൂമിയോ കിടക്കാൻ കിടപ്പാടമോ ഇല്ലാതിരുന്ന ഇവർക്ക് മേലാളൻമാരുടെ കൂലി വേല ചെയ്തും, അവരുടെ മർദ്ദനത്തിന് വിധേയമായും മൃഗതുല്യമായ ജീവിതം നയിച്ചുപോന്നു. ജാതി വ്യത്യാസം അതിന്റെ എല്ലാ ക്രൂരതയോടും കൂടി നിലനിന്നിരുന്നതുകൊണ്ട് ഇവർക്ക് ക്ഷേത്രത്തിൽ പ്രവേശനം ലഭ്യമായിരുന്നില്ല. മേലാളൻമാർ നടക്കുന്ന പൊതുവഴിയിൽ കൂടി



സുരക്ഷിതമായി നടക്കാനോ, ഉയർന്ന ജാതിക്കാരുടെ കൂടെ ഭക്ഷണം കഴിക്കാനോ, പൊതുവേദികളിൽ പ്രത്യക്ഷപ്പെടുവാനോ അവസരം ലഭ്യമായിരുന്നില്ല. വിദ്യാലയങ്ങളിൽ അന്ന് ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടതുകൊണ്ട്, ഇവർ പൊതുവേ നിരക്ഷരരായിരുന്നു. ഇതിന് മാറ്റമുണ്ടാക്കുവാൻ അധികമാരും ശ്രമിച്ചതുമില്ല. സംഘടനാ ബോധം ഇവരിൽ ഇല്ലാതിരുന്നത് ഇവരുടെ വിഷമതകൾക്ക് ആക്കം കൂട്ടി.

ഇതിനൊരു മാറ്റം കണ്ടുതുടങ്ങിയത് മഹാത്മജി, ശ്രീനാരായണ ഗുരു, അയ്യൻ കാളി എന്നിവരുടെ സാമൂഹികാനീതിക്കെതിരെയുള്ള പോരാട്ടത്തോടുകൂടിയാണ്.

പഞ്ചായത്തിന്റെ കിഴക്കും വടക്കും ഭാഗങ്ങളിൽ പണ്ട് ഇവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ നടന്ന ശ്രമം അയ്യൻ കാളി നേരിട്ട് വന്ന് ഇല്ലാതാക്കിയതായി പറയപ്പെടുന്നു. കുമാരനാശാന്റെ കവിതകൾ ഈ അനീതിക്കും അനാചാരങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരുടെ പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനും കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് S.N.D.P. യുടെ വളർച്ചയും ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ സ്വാധീനവും ഈ വിഭാഗം ജനങ്ങളിൽ പുതിയൊരു അവകാശ ബോധത്തെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾക്ക് ആക്കം കൂട്ടി. ക്ഷേത്രപ്രവേശന വിളംബരം, അയിത്തോച്ചാടനം തുടങ്ങിയ നിയമനിർമ്മാണം സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിന് സഹായകമായി. ഇത് കൂടാതെ സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനാ ശിൽപ്പികളിലൊരാളായ ഡോക്ടർ അംബേദ്കർ വിഭാവന ചെയ്ത സംവരണ വ്യവസ്ഥകളും ഈ വിഭാഗത്തിന്റെ പുനരുദ്ധാരണത്തിന് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വിദ്യാഭ്യാസത്തിലും, ജോലിക്കുള്ള നിയമനങ്ങളിലും ഈ വിഭാഗത്തിന് കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചതോടെ വിദ്യാഭ്യാസ സാമൂഹ്യ പദവികൾ മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിൽപ്പോലും സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പിന്നോക്കാവസ്ഥയുടെ ഫലമായി ഈ സംവരണാനുകൂല്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്.


മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ തുറവൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇന്നത്തെ അവസ്ഥ അവലോകനം ചെയ്യുകയും അതിനുള്ള പരിഹാര നിർദ്ദേശങ്ങൾ തയ്യാറാക്കുകയുമാണ് ഈ രൂപരേഖയിലൂടെ ഉദ്ദേശിക്കുന്നത്.

പട്ടികജാതി കുടുംബങ്ങളും - സ്ത്രീ പുരുഷ വിഭജനവും

പട്ടിക -1

വാർഡ്	കുടുംബം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
1	62	213	178	391
2	112	336	304	640
3	88	234	223	457
4	84	224	208	432
5	6	14	18	32
6	21	72	52	124
7	28	71	74	145
8	59	208	176	384
9	83	221	210	431
10	36	101	87	188
11	51	179	160	339
ആകെ	630	1873	1690	3563

പട്ടിക -2



തുറവൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയുടെ 14.1% പട്ടികജാതിക്കാരാണ്. ഇവരുടെ 630 കുടുംബങ്ങളാണ് നിലവിലുള്ളത്. പട്ടികവർഗ്ഗക്കാർ ഇല്ല എന്ന കാര്യം എടുത്തു പറയേണ്ടതാണ്. 630 കുടുംബങ്ങളിലായി ഇവരുടെ ആകെ ജനസംഖ്യ 3563 ആണ്. ഇതിൽ 1873 സ്ത്രീകളും 1690 പുരുഷന്മാരുമാണ്. വിദ്യാഭ്യാസ സാമൂഹ്യ, രാഷ്ട്രീയ മേഖലകളിൽ കുറച്ച് നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നു. സാമ്പത്തിക സാമൂഹ്യ രംഗത്ത് വളരെക്കാലം ചൂഷണത്തിന് വിധേയമായിരുന്ന ഇവർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ സഹായിച്ചുവെന്നു പറയാം.

വിദ്യാഭ്യാസം

നിരക്ഷരർ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് സമൂഹത്തിന്റെ മുഖ്യധാരയ്ക്കൊപ്പം എത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.. സാമ്പത്തിക പരാധീനതകൾ ഇവരെ പൊതുവെ പത്താം ക്ലാസ്സുകളിൽ പഠനം നിർത്തുവാൻ പ്രേരിപ്പിക്കുകയും ഏതെങ്കിലും കൂലിപ്പണി സ്വീകരിക്കുവാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. സാമ്പത്തിക പിന്നോക്കാവസ്തയും ചില പ്രദേശങ്ങളിലെ ഗതാഗത സൗകര്യക്കുറവും രക്ഷിതാക്കളുടെ പ്രോൽസാഹനമില്ലായ്മയും ഒരു പരിധി വരെ ഇതിന് കാരണമാണ്.. എന്നാൽ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച വ്യക്തികളും ഇവരിലുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും ഇവരുടെ എണ്ണം ഇല്ലെന്നു തന്നെ പറയാം. 1996-97 വർഷത്തിൽ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠനം നടത്തുന്ന പട്ടിക ജാതി വിദ്യാർത്ഥികളുടെ എണ്ണം 355 ആണ്. ഇതിൽ 179 ആൺകുട്ടികളും 176 പെൺകുട്ടികളും ഉൾപ്പെടുന്നു. ഇത് ആകെ വിദ്യാർത്ഥികളുടെ 16.96 ശതമാനമാണ്. (ആൺ-പെൺ വേർതിരിച്ചുള്ള പട്ടിക നോക്കുക)

ആൺ-പെൺ വേർതിരിച്ചുള്ള പട്ടിക

ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
179	176	355

വിദ്യാഭ്യാസ രംഗത്തെ ഇവരുടെ ശോചനീയാവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടുപിടിക്കുകയും അവയ്ക്കുള്ള സത്വര പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതുമുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവർ പലതരം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. പഞ്ചായത്തിന്റെ കിഴക്കും, പടിഞ്ഞാറും ഭാഗങ്ങളിൽ കൃഷിയും മത്സ്യബന്ധനവുമാണ് പ്രധാന തൊഴിൽ. മറ്റ് പ്രദേശങ്ങളിൽ തെങ്ങുകയറ്റം മറ്റ് കൂലിപ്പണി എന്നിവയുമായും ഇവർ ബന്ധപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം കുറച്ചുപേർ ഗവണ്മെന്റ് ഉദ്യോഗം ലഭിച്ചവരുമാണ്. എന്നാൽ കാർഷിക മേഖലയിൽ വന്ന തകർച്ച ഇവരെ മത്സ്യ സംസ്ക്കരണ മേഖല പോലുള്ള രംഗത്തേക്ക് ചേക്കേറാൻ പ്രേരിപ്പിച്ചു. കൂലിയിനത്തിൽ കാർഷിക മേഖലയിൽ അന്തരം ഉണ്ടെങ്കിലും മറ്റ് മേഖലകളിൽ ഈ വ്യത്യാസം ഇല്ല. പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 60 രൂപയും എന്ന നിരക്കിൽ കൂലിലഭിക്കുന്ന സാങ്കേതിക തൊഴിൽ മേഖലയിലും, വിദഗ്ദ്ധ തൊഴിൽ മേഖലയിലും ഇവരുടെ പങ്കാളിത്തമില്ല.

ഈ വിഭാഗത്തിൽപ്പെടുന്നവർ നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി പാർപ്പിട പ്രശ്നമാണ്. ഒരു നല്ല ശതമാനത്തിനും സ്വന്തമായി നല്ല വീടുകളില്ല. ഉള്ളവർ കൂടുതലും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോടെ വീടുകൾ നിർമ്മിച്ചവരാണ്. എന്നാൽ പലകാരണങ്ങളാലും - പ്രധാനമായും സാമ്പത്തികപരമായ - ഇവ പൂർണ്ണമാക്കുവാൻ കഴിയാത്തവരാണ്. ഇവരുടെ വാസത്തിനായി ഏകദേശം 22 കോളനികൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ് മുതലായവ വളരെ പരിമിതമാണ്. മറ്റുള്ളവരുടെ സാമൂഹ്യ പുരോഗതിക്കൊപ്പം എന്നാൽ ആവശ്യമായ ഘടകങ്ങളായ ദിനപ്പത്രങ്ങൾ, ടി.വി., റേഡിയോ, വായനശാല, പബ്ലിക്ക് ടെലിഫോൺ ബൂത്തുകൾ, കമ്മ്യൂണിറ്റി ഹാൾ, വൈദ്യസഹായം എന്നിവ കൂട്ടായ ഉപയോഗത്തിനു പോലും കോളനികളിലോ, പരിസര പ്രദേശത്തോ ലഭ്യമല്ല. ഇതിനൊരു ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. (കോളനി പട്ടിക നോക്കുക)

സഹകരണ മേഖലയിലെ ഇവരുടെ

പങ്കാളിത്തം നാമമാത്രമാണ്. ക്രെഡിറ്റ് സൊസൈറ്റികളിൽ അംഗത്വമുള്ള കുറേപ്പേരെങ്കിലുമുണ്ട്. 1,2,3 വാർഡുകളിലായി ഇവരുടേതായ 2 സഹകരണ സംഘങ്ങളുണ്ട്. ജാതിപരമായ വേർതിരിവ് കുറച്ചൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും അത് ഇവരുടെ സാമൂഹ്യ പ്രവർത്തനത്തെ ബാധിച്ചു കാണുന്നില്ല. രാഷ്ട്രീയ, സാമൂഹ്യ, സാമുദായിക പ്രവർത്തനത്തിൽ ഇന്നുള്ള പങ്കാളിത്തം ഇതിന്റെ തെളിവാണ്. ഹരിജനങ്ങളായ ആളുകൾക്ക് മറ്റുള്ള ആളുകളുമായി ഇടപഴകുന്നതിനും, അവരുടെ വിവാഹാദി കാര്യങ്ങളിൽ പങ്കെടുക്കുന്നതിനും കഴിയുന്നു എന്നു മാത്രമല്ല ഇവരുടെ വീടുകളിൽ ഉയർന്ന ജാതിക്കാരുടെ പങ്കാളിത്തവും എല്ലാ കാര്യത്തിലുമുണ്ട്. പഞ്ചായത്തിന്റെ 9-ാം വാർഡിൽ ഇവർക്ക് സ്വന്തമായി ഒരമ്പലമുണ്ട്. ഹേലാപുരം എന്ന പേരിലറിയപ്പെടുന്ന ഈ ക്ഷേത്രം ഇവരെക്കൂട്ടിയിണക്കുന്ന ഒരു കണ്ണിയാണ്. 1-ാം വാർഡിൽ ഒരു സുബ്രഹ്മണ്യ ക്ഷേത്രവുമുണ്ട്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. ഒരു ചെറിയ ശതമാനമെങ്കിലും നിരക്ഷരരാണ്. പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിൽ കൊഴിഞ്ഞു പോക്കുണ്ട്. ഉപരിപഠനം പലർക്കും അപ്രാപ്യമാണ്.
2. കാർഷിക മേഖലയിലെ തൊഴിലില്ലായ്മ ഇവരെ സാരമായി ബാധിക്കുന്നു.
3. സഹകരണ മേഖലയിലും സ്വയം തൊഴിൽ മേഖലയിലും ഇവരുടെ പങ്കാളിത്തം നാമമാത്രമാണ്.
4. പാരമ്പര്യ തൊഴിൽ മേഖലയുടെ തകർച്ച ഇവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നു.
5. സ്വന്തമായി വീടും, വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവരും വളരെയുണ്ട്.
6. ലോണെടുത്ത് വീടുവച്ചവർക്ക് അത് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.
7. കോളനികളിലെ വീടുകളുടെ സുരക്ഷിരതത്വക്കുറവ് കുടിവെള്ളം, കക്കൂസ്, മറ്റ് പ്രാഥമിക സൗകര്യങ്ങളുടെ പരിമിതി, കൂട്ടായ ജീവിതത്തിനാവശ്യമായ ഗ്രന്ഥശാല, പബ്ലിക്ക് ടെലഫോൺ ബൂത്ത്, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു ശ്മശാനം, ടി.വി, റേഡിയോ, ന്യൂസ് പേപ്പർ എന്നിവയുടെ അഭാവം.
8. ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ.
9. കോളനികളിലേക്കുള്ള ഗതാഗത സൗകര്യത്തിന്റെ പോരായ്മ.

പരിഹാരമാർഗ്ഗങ്ങൾ

1. വിദ്യാഭ്യാസത്തിന്റെ ആവശ്യകത യെപ്പറ്റിയുള്ള ശരിയായ ബോധവൽക്കരണവും, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രത്യേക പരിശീലനവും നൽകുക വഴി കൊഴിഞ്ഞു പോക്ക് കുറയ്ക്കാനും, നിലവാരം മെച്ചപ്പെടുത്തുവാനും കഴിയും.
2. കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകുകയും, പാരമ്പര്യ തൊഴിൽ മേഖല സമ്പുഷ്ടമാക്കുകയും ചെയ്യുക.
3. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പാർപ്പിട നിർമ്മിതിക്കാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
4. ക്ഷേമ പദ്ധതികളെപ്പറ്റി ബോധവൽക്കരണം നടത്തുക
5. കോളനികളിൽ കൂട്ടായ ആവശ്യത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക. - പൊതുശ്മശാനം, ടി.വി, റേഡിയോ, ന്യൂസ് പേപ്പർ മുതലായവ.
6. ഗതാഗത സൗകര്യങ്ങൾ കോളനികളിൽ നടപ്പാക്കുക.

പട്ടികജാതി - പട്ടിക വർഗ്ഗക്കാർക്കുവേണ്ടി നടത്തുന്ന ക്ഷേമ പദ്ധതികൾ

1. എസ്.റ്റി.ഡി. ബൂത്ത്

S.S.L.C യെങ്കിലും പാസ്സായിട്ടുള്ള 32 യുവതീ യുവാക്കൾക്ക S.T.D ബൂത്ത് തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 30,000 രൂപ വീതം വായ്പ്പ നൽകുന്നു.

2. വീഡിയോ റെക്കാർഡിംഗ് യൂണിറ്റ്.

S.S.L.C പാസ്സായിട്ടുള്ളതും വീഡിയോ ഗ്രാഫിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളതുമായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ എന്ന നിലയിൽ വീഡിയോ റെക്കാർഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനായി ധനസഹായം നൽകുന്നു. ടി. പദ്ധതിയനുസരിച്ച് 14 യൂണിറ്റുകൾ തുടങ്ങുന്നതിനായി 70,000 രൂപ നിരക്കിൽ വായ്പ്പ നൽകുന്നു.

3. ടൂ/ത്രീ വീലർ വർക്ക് ഷോപ്പ്

ഐ.ടി.ഐ ട്രയിനിംഗ് കഴിഞ്ഞവർ/ ബന്ധപ്പെട്ട മേഖലയിൽ പരിജ്ഞാനമുള്ളവർ എന്നിവർക്ക് ടൂ/ത്രീ വീലർ വർക്ക് ഷോപ്പ് നടത്തുന്നതിന് 50.000 രൂപാ നിരക്കിൽ വായ്പ്പ നൽകുന്നു.

4. വാഹന വായ്പ്പാ പദ്ധതി 13 (ഓട്ടോറിക്ഷ)

ലൈസൻസും, ബാഡ്ജും ഉള്ള 100 യുവതീയുവാക്കൾക്ക് 53,000 രൂപ നിരക്കിൽ വായ്പ നൽകുന്നു.

5. കറവമാട് വളർത്തൽ

കറവമാടുകളെ വാങ്ങുന്നതിനും, തൊഴുത്തു കെട്ടുന്നതിനും 63 പേർക്ക് 26,000 രൂപാ വീതം വായ്പ നൽകുന്നു.

6. ബ്യൂട്ടി പാർലർ

ബ്യൂട്ടീഷ്യൻ കോഴ്സ് (അംഗീകൃതം) പാസ്സായിട്ടുള്ള യുവതികൾക്ക് 75,000 രൂപാ നിരക്കിൽ (8 ഗുണഭോക്താക്കൾക്ക്) വായ്പ നൽകുന്നു.

7. ഫ്ളോർ പോളീഷിംഗ് യൂണിറ്റ്

ഈ യൂണിറ്റ് തുടങ്ങുന്നതിനായി 25,000 രൂപ വീതം 14 പേർക്ക് വായ്പ നൽകുന്നു.

8. മൊബൈൽ അയണിംഗ് യൂണിറ്റ്

ഈ പദ്ധതിയനുസരിച്ച് 28 ഗുണഭോക്താക്കൾക്ക് 10.000 രൂപാ നിരക്കിൽ വായ്പ്പ അനുവദിക്കുന്നു.

9. മിനിഹോട്ടൽ

ഈ സംരംഭം തുടങ്ങുന്നതിനായി 28 കുടുംബങ്ങൾക്ക് 1,00,000 രൂപാ നിരക്കിൽ വായ്പ നൽകുന്നു.

10. കൂൾബാർ

ഇതിനായി 30,000 രൂപാ നിരക്കിൽ 28 ആളുകളെ സഹായിക്കുന്നു.

11. സൈക്കിൾ വർക്ക് ഷോപ്പും വാടകയ്ക്ക് കൊടുക്കുന്ന സ്ഥലവും

സ്വയം തൊഴിൽ യൂണിറ്റ് തുടങ്ങുന്നതിനായി 14 പേർക്ക് 20,000 രൂപാ വീതം വായ്പ നൽകുന്നു.

12 തുന്നൽക്കട

തയ്യൽ പരിശീലനം ലഭിച്ച യുവതീ യുവാക്കൾക്ക് തുന്നൽക്കട തുടങ്ങുന്നതിനായി 28 ഗുണഭോക്താക്കൾക്ക് 50,000 രൂപാ നിരക്കിൽ വായ്പ നൽകുന്നു.

13. പന്തൽ നിർമ്മാണവും, അലങ്കാരവും

75,000 രൂപ നിരക്കിൽ 8 പേരെ സഹായിക്കുന്നു.

14. ഹെയർ ഡ്രെസ്സിംഗ് യൂണിറ്റ്

ഹെയർ ഡ്രെസ്സിംഗിൽ പരിചയമുള്ള 14 പേർക്ക് 60,000 രൂപാ നിരക്കിൽ വായ്പ നൽകുന്നു.

15 പന്നി വളർത്തൽ

സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ പന്നി വളർത്തുന്നതിന് 6,000 രൂപാ നിരക്കിൽ 14 പേർക്ക് ധനസഹായം നൽകുന്നു.

16. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്

14 ഗുണഭോക്താക്കൾക്ക് 1,25,000 രൂപാ വീതം ഈ യൂണിറ്റ് തുടങ്ങുവാൻ വായ്പ നൽകുന്നു.

പട്ടികജാതി ലക്ഷം വീട് കോളനികളുടെ വിവരം

No.		പേര്	കുടിൽ	ഓട്	ആകെ
I	1	ആഞ്ഞിലിക്കാപ്പള്ളി	24	3	27
	2	നടുവിലത്തറ	7	2	9
	3	പരിപാടിത്തറ	4	13	17
	4	വളമംഗലം നോർത്ത്	–	–	–
II	1.	ഹരിജൻ സെറ്റിൽമെന്റ് കോളനി	7	84	91
	2.	പുളിത്തറ	12	33	45
III	1.	പുതുവീട്ടിക്കരി	–	–	–
	2.	പൊൻവേലി	22	–	22
	3.	കുട്ടൻചാൽ	–	–	5
	4.	മുളയ്ക്കൽ	–	–	–
IV	1.	കരീത്തറ	6	–	6
	2.	പൂനിലം	–	–	–
	3.	മൂലേപറമ്പ്	–	–	32
VI	1.	കളരിക്കൽ	–	–	10
	2.	വട്ടത്തറ	–	–	–
VII	1.	ചാലുങ്കൽ	–	–	–
VIII	1.	വെട്ടിയകാട്			
	2.	ആശാരിപറമ്പ്			
IX	1.	പൊഴിച്ചിറ	10	25	35
X	2.	അംബദ്കർ	5	32	37
XI	1.	വടക്കേകാട്	21	6	27
	2.	തെക്കേക്കാട്	23	4	27



ഈ പഞ്ചായത്ത് നിവാസികളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് നാഴികക്കല്ലാകുന്ന ഒരു പദ്ധതിയാണ് ടൂറിസം. പ്രകൃതി രമണീയത കൊണ്ട് അനുഗ്രഹീതമായ പ്രദേശമാണ് തുറവൂർ ഗ്രാമപഞ്ചായത്ത് ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ധാരാളം സാദ്ധ്യതകൾ ടൂറിസത്തിനുണ്ട്. നാളിതുവരെ നമ്മൾ ഇതിന്റെ സാദ്ധ്യതകളെപ്പറ്റി ചിന്തിച്ചിരുന്നില്ല എന്നാണ് വാസ്തവം. എന്നാൽ ധാരാളം ടൂറിസ്റ്റുകൾ നമ്മുടെ പ്രദേശങ്ങൾ സന്ദർശിച്ച് മടങ്ങിപ്പോകുന്നതായി നമുക്കറിയാം. ടൂറിസത്തിന് വേണ്ടത്ര പ്രാധാന്യം നല്കിയാൽ നമുക്കു ലാഭകരമായ ഒരു വ്യവസായമായി ഇത് വികസിപ്പിച്ച് എടുക്കാനാകും പ്രാരംഭത്തിലെ മുതൽമുടക്ക് ഒഴിച്ച് താരതമ്യേന കുറഞ്ഞചിലവുകൾ മാത്രമേ ടൂറിസ വികസനത്തിന് വേണ്ടി വരികയുള്ളു. മാത്രമല്ല ആധായകരമായ ഈ സംരംഭത്തിലൂടെ തുറവൂരിലും, സമീപപ്രദേശങ്ങളിലും വ്യാപാര വ്യവസായ പുരോഗതിക്ക് സാഹചര്യം ഒരുക്കും. കൂടാതെ തൊഴിലില്ലായ്മയ്ക്കും ഒരു പരിധിവരെ പരിഹാരമാകും.

ടൂറിസ വികസനത്തിന് വേണ്ടത് മുൻകൂട്ടിയുള്ള വമ്പിച്ച പ്രചരണമാണ്. കേരളത്തിന്റെ ടൂറിസം മാപ്പിൽ ഈ പ്രദേശത്തെ ഉൾപ്പെടുത്തുന്നത് അതിന് സഹായകരമായ ഒരു പ്രാഥമിക പ്രവർത്തനമായിരിക്കും. സർക്കാർ ഏജൻസികളേയും സ്വകാര്യ ഏജൻസികളേയും ഇതിന്റെ സാമ്പത്തിക സമാഹരണത്തിനും നമുക്കു സമീപിക്കാം.

സാദ്ധ്യതകളും സാഹചര്യങ്ങളും

തുറവൂർ പഞ്ചായത്തിന്റെ കിഴക്കേ അതിര് തൈക്കാട്ടുശ്ശേരി കായലാണ്. സ്വച്ഛന്ദസുന്ദരമായ ഈ കായലിൽ മനോഹരമായി മോടിപിടിപ്പിക്കാവുന്ന ഏഴ് തുരുത്തുകൾ ഉണ്ട്. ചേന്ങ്കരി, അനന്തങ്കരി, പള്ളിക്കരി, കൊങ്കേരി, പുതുവീട്ടിൽ കരി, മാപ്പിളാട്ടുകരി, പ്രാറ്റുകരി എന്നിവയാണ് ആ തുരുത്തുകൾ. ഈ ദ്വീപുകളുടെ തെക്കുവശത്തായി മനുഷ്യവാസമില്ലാതെ കിടക്കുന്ന തെങ്ങിൻതോപ്പുകളും മത്സ്യസമ്പത്ത് നിറഞ്ഞ നൂറേക്കറോളം വരുന്ന പ്രാറ്റുകരിയും ടൂറിസത്തിന് അനുയോജ്യമാണ്. ചെറിയ നടപ്പാതകൾ (Foot Bridges) നിർമ്മിച്ചാൽ ഈ തുരുത്തുകളെ പരസ്പരം ബന്ധിപ്പിക്കാം. ചുറ്റുമുള്ള കായലിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്താം.

പട്ടണക്കാട് പഞ്ചായത്തിലെ അന്ധകാരനഴി ടൂറിസം വികസനത്തിന് വളരെ സാദ്ധ്യതയുള്ള മനോഹരമായ സ്ഥലമാണ്. വർഷകാലത്ത് അഴിമുഖം വഴി ഒഴുകുന്ന കടലിന്റെ രൗദ്രഭാവവും, വേനൽകാലത്ത് അഴിമുഖം നികന്നുണ്ടാകുന്ന വിശാലമായ കടലോരവും അനാദ്യശ്യമാണ്. ഇതിന്റെ വികസനം തൊട്ടടുത്തുള്ള പട്ടണക്കാട്, തുറവൂർ പഞ്ചായത്തുകളുടെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്കുവഹിക്കും. ഈ പദ്ധതി ഒരു

പ്രാറ്റുകരി

പഞ്ചായത്തിലെ നാലാം വാർഡിലുള്ള പ്രാറ്റുകരി ഏകദേശം അറുപത് ഏക്കറോളം വരും. വേമ്പനാട്ടുകായലാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ മനോഹരമായ തെങ്ങിൻ തോപ്പാണ് പഞ്ചായത്തിലെ ടൂറിസം വികസനത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലം. ഇവിടെ താമസക്കാരാരുമില്ല. പഞ്ചായത്തിന് നിഷ്പ്രയാസം ഏറ്റെടുക്കാവുന്ന സ്ഥലമാണത്. ജലോൽസവങ്ങൾക്കും വിനോദത്തിനും സൗന്ദര്യാസ്വാദനത്തിനും ഇവിടെ വിശാലമായ കായലും ഹൃദ്യമായ കാഴ്ചകളും ഉണ്ട്. ഹോട്ടലുകളോ ബിയർ പാർലറുകളോ ടോഡി(കള്ള്) പാർലറുകളോ സ്ഥാപിക്കാൻ ഇവിടെ വേണ്ടത്ര സ്ഥലമുണ്ട്. നാഷണൽ ഹൈവേയിൽ നിന്ന് 2 കിലോമീറ്റർ മാത്രമേ ഈ സ്ഥലത്തേയ്ക്ക് അകലമുള്ളു. ബോൾഗാട്ടി പാലസിൽ നിന്ന് 35 കിലോമീറ്ററും കൊച്ചിൻ എയർപോർട്ടിൽ നിന്ന് 30 കിലോമീറ്ററും പോർട്ടിൽ നിന്ന് 33 കി.മീറ്ററും പാതിരാമണലിൽ നിന്ന് 20 കി.മീറ്ററും കുമരകം പക്ഷികേന്ദ്രത്തിൽ നിന്ന് 25 കി. മീറ്ററും അകലമുള്ള ഈ സ്ഥലം ഏറ്റവും അടുത്തുള്ള ഇടത്താവളമാണ്. വിശാലമായ ഈ ഒറ്റത്തുരുത്തിന്റെ ഭംഗി അനന്യദൃശമാണ്. കേരളാടൂറിസത്തിനു കൈവന്നേക്കാവുന്ന അതിസുന്ദരമായ ഒരു നേട്ടമായിരിക്കും ഈ തുരുത്ത്. തുറവൂർ ഗ്രാമ പഞ്ചായത്ത് ഈ തുരുത്ത് ടൂറിസത്തിനുവേണ്ടി തികച്ചും പൗരസ്ത്യവും ഭാവനാപൂർണ്ണവുമായി സംവിധാനം ചെയ്തെടുക്കുന്നതാണ്. പഞ്ചായത്തിലെ നാടൻ കലകളുടെ ഒരു തീയറ്ററും അവിടെ നിന്നു തന്നെ പിടിച്ചെടുത്ത മത്സ്യങ്ങളടങ്ങിയ നാടൻ വിഭവങ്ങളും കേരളത്തിന്റെ സംസ്കാരത്തെക്കുറിച്ച്, ജനജീവിതത്തെക്കുറിച്ച് ചിത്രീകരിച്ച വീഡിയോ കാസറ്റുകളുടെ പ്രദർശനവും കള്ളും കപ്പയും ശില്പങ്ങളും പെയിന്റിംഗുകളും ഗൈഡൻസും എല്ലാം അവിടെ സജ്ജീകരിക്കാവുന്നതാണ്.

സംയുക്ത സംരംഭമായി ഏറ്റെടുക്കാവുന്നതാണ്.

ഇക്കോടൂറിസം

ഇക്കോ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങളാണ് തുറവൂർ ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇവിടെ പുകക്കുഴലുകളില്ല. കാർബൺ ഡൈ ഓക്സൈഡ് നിറഞ്ഞ അന്തരീക്ഷമില്ല. തികച്ചും ആരോഗ്യകരവുമായ അന്തരീക്ഷം. സ്വച്ഛന്ദസുന്ദരവും നിശബ്ദമധുരവുമായ അന്തരീക്ഷത്തിൽ കിളികളുടെ കളമൊഴികൾ ഈ നിശബ്ദതയുടെ അന്തരീക്ഷത്തിൽ നിന്ന് ഒഴുകിവരുന്നത് മൗനം പൂണ്ട അന്തരീക്ഷത്തിനൊരു കസവുകരപോലെയാണ്. ഹരിതമനോഹരമായ പ്രകൃതി നല്കുന്ന കാഴ്ചയുടെ സംഗീതവും ഹൃദ്യം. കേരവൃക്ഷത്തോപ്പുകളും വൃക്ഷങ്ങളും കാവുകളും തരുന്ന തണലിൽ മന്ദമാരുതന്റെ ഹൃദ്യമായ തലോടലും ആരെയാണ് ആകർഷിക്കാത്തത്. പുൽമേടുകളും കായലിലെ ഇളകിയാടുന്ന കുഞ്ഞോളങ്ങളിലും സൂര്യപ്രകാശം പതിക്കുമ്പോഴുള്ള സൗന്ദര്യം ആരേയും ആകർഷിക്കും. ഇവിടെ നമുക്ക് ഊഞ്ഞാലുകളും വള്ളിക്കുടിലുകളും നിർമ്മിക്കാം. കേരളത്തിലെ പാരമ്പര്യ കലകളായ കോൽക്കളി, തിരുവാതിരകളി, തുമ്പിതുള്ളൽ, അമ്മാനമാടൽ, ചവിട്ടു നാടകം, ചെണ്ടമേളം, പടയണി തുടങ്ങിയവ ടൂറിസ്റ്റുകളെ ആകർഷിക്കാനായി നമുക്ക് ഉപയോഗിക്കാം.

നിർദ്ദേശങ്ങൾ

1. തുരുത്തുകൾ സൗന്ദര്യവൽക്കരിക്കുകയും അവിടെ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

2. ബോൾഗാട്ടിയിൽ നിന്നും കുമരകത്തു നിന്നും ഇവിടേയ്ക്ക് പാക്കേജ് ടൂറുകൾ സംഘടിപ്പിക്കാവുന്നതും പ്രാരംഭത്തിൽ ഇതൊരു ഇടത്താവളമാക്കാവുന്നതുമാണ്.

3. തുറവൂർ മഹാക്ഷേത്രത്തിലെ വാസ്തുവിദ്യയും ധാരു ശില്പങ്ങളും പ്രശസ്തമായ ഉത്സവവും പുരോതനമായ മനക്കോടം പള്ളിയും നാടൻകലകളും ടൂറിസ്റ്റുകളെ ആകർഷിക്കുന്നവയാണ്. അൽപം അകലെ മാറി ചേർത്തല കാർത്ത്യായനി ക്ഷേത്രം, അർത്തുങ്കൽ പള്ളി, വൈക്കം മഹാദേവക്ഷേത്രം തുടങ്ങിയ ചരിത്രപ്രധാനങ്ങളായ ദേവാലയങ്ങൾ ഉണ്ട്.

4. കായലും കായലിന്റെ ഉൾവഴികളും ജലോൽസവങ്ങൾക്കും ജലകേളികൾക്കും അനുയോജ്യമാണ്.

5. അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാവുന്നതാണ്.

6. ഹൗസ് ബോട്ടുകളും, നാടൻ വള്ളങ്ങളും ഉപയോഗിച്ച് പാക്കേജ് ടൂറുകൾ നടത്താവുന്നതാണ്.

7. ഇതുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന നിരവധി തൊഴിലവസരങ്ങൾ ശ്രദ്ധേയമാണ്.





പരിസ്ഥിതിക്ക് വലിയ ഭൂഷണമൊന്നും പറ്റാത്ത ഒരു പഞ്ചായത്താണിത്. എങ്കിലും ചിലകാര്യങ്ങളെടുത്തുപറയാതെ വയ്യ. ഇവിടെ 15 ചെമ്മീൻ പീലിംങ്ങ്ഷെഡുകളുണ്ട്. അവയിൽ നിന്ന് ഒഴുക്കി വിടുന്ന മാലിന്യം നമ്മുടെ തോടുകളിലെയും കുളങ്ങളിലെയും ജലം ഉപയോഗശൂന്യമാക്കിയിട്ടുണ്ട്. കുറെപ്പേർക്ക് തൊഴിൽ ലഭിക്കുന്ന സ്ഥാപനങ്ങളാണ് ഇവയെന്ന സത്യം വിസ്മരിക്കുന്നില്ല. പക്ഷേ അടിയന്തിരമായി ഇവയിലെ മാലിന്യം നശിപ്പിക്കാനോ നിർവ്വീര്യമാക്കിക്കളയാനോ ഉള്ള പുതിയ സാങ്കേതിവിദ്യ സ്വീകരിക്കേണ്ടതുണ്ട്. അത് നർബന്ധപൂർവ്വം തന്നെ പഞ്ചായത്ത് നിർദ്ദേശം നല്കി അവരെക്കൊണ്ട് ചെയ്യിക്കുന്നതാണ്.

പിന്നെ ഉള്ള പ്രധാനപ്പെട്ട ഒരു പരിസ്ഥിതി പ്രശ്നം തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനമാണ്. എല്ലാവർക്കും സേഫ്റ്റിലാട്രിനുകളുണ്ടാക്കിക്കൊടുത്ത് ആ പ്രശ്നവും പരിഹരിക്കാവുന്നതാണ്. ഒരു ടോയ്ലറ്റ് ലാട്രിൻ വിപ്ലവം അടിയന്തിര പ്രാധാന്യം നല്കി ഏറ്റെടുത്തു നടത്താനാവും.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ജീവി വംശങ്ങളെ നശിപ്പിക്കാതിരിക്കണം. കൊതുകുകളെ തിന്നുന്ന തവള തവളപിടുത്തം കൊണ്ടും പല്ലി മുതലായ ജീവികൾ വിവേകശൂന്യമായ വിഷമരുന്നു തളികൊണ്ടും നശിച്ചു പോയിട്ടുണ്ട്. മാലിന്യങ്ങളുടെ അളവും അവയുടെ പുറം തള്ളലും വർദ്ധിച്ചതോടെ രോഗങ്ങളുണ്ടാക്കുന്ന കൊതുകുകൾ വർദ്ധിച്ചിട്ടുണ്ട്. ഇവയെ നശിപ്പിക്കാൻ വീട്ടുവളപ്പിൽ മലിനജലം നിറച്ച പാത്രങ്ങൾ വച്ച് കൊതുകുകൾ മുട്ടയിട്ട് ലാർവയാകുമ്പോൾ തന്നെ മണ്ണെണ്ണയൊഴിച്ചോ മറ്റോ നശിപ്പിച്ചു കളയുക എന്ന നിരുപദ്രവകരമായ മാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

യൂണിസെഫും മറ്റ് ഏജൻസികളും പരിസ്ഥിതി ബോധം ജനിപ്പിക്കാനായി ചിലവാക്കുന്നവ ഫലപ്രദമായിത്തീരുന്നില്ല എന്ന് പറയേണ്ടിയിരിക്കുന്നു. നമ്മുടെ പാഠ്യപുസ്തകങ്ങളിലുള്ള പരിസ്ഥിതി പാഠങ്ങളും വിദ്യാർത്ഥികൾ വെറുതെ പഠിച്ചു പോകുന്നു എന്നതല്ലാതെ അവ പ്രാവർത്തികമാക്കാനുള്ള അവബോധം അവർക്ക് ലഭിക്കുന്നില്ല. കാവുകളുള്ളവ നിലനിർത്തുകയും പുതിയ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതോടെ ഇവിടെ ഇക്കോ ടൂറിസത്തിന്റെ കവാടം തുറന്നു കിട്ടുകയും ചെയ്യും.

ജൈവവൈവിധ്യത്തിന്റെ വർണ്ണരാജി

തുറവൂർ പഞ്ചായത്ത് പച്ചപിടിച്ച മനോഹരമായ ഒരു ഗ്രാമമാണ്. ഈ ഗ്രാമം ജൈവവൈവിധ്യത്തിന്റെ (Biodiversity) വർണ്ണരാജികൊണ്ടനുഗ്രഹീതമാണ്. പണ്ടുണ്ടായിരുന്ന ചില ജീവികൾ അന്യം നിന്ന് പോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഇന്നും അനേകം തരത്തിലുള്ള ജൈവസാന്നിദ്ധ്യത്തിന്റെ വർണ്ണവും ശബ്ദവും കൊണ്ട് ഇവിടം സജീവമാണ്. നമ്മുടെ പൂർവ്വീകർ പ്രകൃതിയെ ദേവിയായി കല്പിച്ച് സംരക്ഷിക്കുകയും അതിന്റെ സമൃദ്ധികളെ ഉപയോഗിക്കുകയും ചെയ്തുപോന്നു. ഋഗ്വേദത്തിന്റെ ഭാഗമായ പുരുഷസൂക്തത്തിന്റെ ശാന്തിപാഠത്തിൽ ഒരു പക്ഷേ പതിനായിരമോ ഇരുപതിനായിരമോ വർഷം മുമ്പേ തന്നെ ആരോഗ്യം നിലനിർത്തുന്നതിനു വേണ്ടിയുള്ള ഔഷധച്ചെടികൾ വളരട്ടെ - ഊർദ്ധ്വം ജിഗാതുഭേഷജം - എന്ന പ്രാർത്ഥന കാണാം. ഇന്ന് ബഹുരാഷ്ട്ര കുത്തകകളുടെ മരുന്ന് കച്ചവട തന്ത്രത്തിൽ പെട്ട് നാം പഴയ ഈ പച്ചമരുന്ന് സംസ്കാരം അവഗണിക്കുകയാണെന്ന് തോന്നുന്നു.

ഗാട്ട് കരാർ നിലവിൽ വന്നതോടെ നമ്മുടെ അപൂർവ്വമായ ഈ ജൈവസമ്പത്തിൽ ലോകമുതലാത്ത ദുരയുടെ കഴുകൻ കണ്ണ് പതിഞ്ഞിരിക്കുകയാണ്. ശാസ്ത്ര സാങ്കേതിക വിദ്യയിൽ പെട്ടെന്ന് നാം വേണ്ടത്ര പുരോഗതി പ്രാപിച്ചില്ലെങ്കിൽ ഇന്ത്യയുൾപെടെയുള്ള മൂന്നാം ലോകരാജ്യങ്ങളിലെ ഉഷ്ണമേഖല മഴക്കാടുകളിലുള്ള ഈ ജൈവ വൈവിധ്യത്തിന്റെ ഉപയോഗം കണ്ടെത്തി സാമ്രാജ്യത്വം ലാഭംകൊയ്യുകയും അവരുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യും ഇപ്പോൾ തന്നെ പല ഔഷധച്ചെടികളുടേയും പേറ്റന്റ് ബഹുരാഷ്ട്ര കുത്തകകൾ നേടിക്കഴിഞ്ഞു. ലോകത്തിലെ 75% ജൈവവൈവിധ്യവും ഇന്ത്യയിലും മറ്റു മൂന്നാം ലോകരാജ്യങ്ങളിലുമുള്ള ഉഷ്ണമേഖലാ മഴക്കാടുകളിലാണ് ഉള്ളത്. ഇന്ത്യയിലെ മഴക്കാടുകളിലുള്ള സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മാണുജീവികളും ഷഡ്പദങ്ങളും പറവകളും അത്യപൂർവ്വമായ ഇനങ്ങളാണ്. ജനിതകവൈവിധ്യം (Genetic Diversity) ഏറ്റവും കൂടുതൽ കാണുന്നത് ഇന്ത്യയിൽ അധിവസിക്കുന്ന ജീവജാലങ്ങളിലാണ്. ഗുജറാത്തിലെ താപ്തി മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന പശ്ചിമഘട്ട പർവ്വത നിരകളിലെ മഴക്കാടുകളിലാണ് ജൈവവൈവിധ്യത്തിന്റെ കലവറയുള്ളത്.

ബാക്ടീരിയ (സൂക്ഷ്മാണു ജീവികൾ) കളെയും കല്പായലുകളേയും പന്നച്ചെടികളേയും ഞണ്ട് കൊഞ്ച് തുടങ്ങിയ ജീവികളേയും ഷഡ്പദങ്ങളേയും പക്ഷികളേയും ഇഴജന്തുക്കളേയും ഉഭയജീവികളേയും സസ്തനികളേയും സസ്യജാലങ്ങളേയും എല്ലാം നാം സംരക്ഷിക്കേണ്ടതാണ്. അവയെല്ലാം നമ്മുടെ അപൂർവ്വമായ സമ്പത്താണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന വരദാനങ്ങളാണ്.

സർപ്പദൈവങ്ങളുടെ അധിവാസ സ്ഥാനമെന്ന് വിശ്വസിക്കുന്ന നമ്മുടെ കാവുകളും കുളങ്ങളും തോടുകളും പാടങ്ങളും ചതുപ്പു നിലങ്ങളും ഒെജവവൈവിധ്യത്തിന്റെ ആവാസ സ്ഥാനങ്ങളാണ്.

അവിടങ്ങളിലുള്ള ഔഷധച്ചെടികളിൽ നിന്ന് ഔഷധങ്ങളും ജീവജാലങ്ങളിൽ നിന്ന് ജനറ്റിക് എഞ്ചിനീയറിംഗിന്റെ സാങ്കേതിക വിദ്യയുപയോഗിച്ച് അപൂർവ്വമായ കണ്ടുപിടിത്തങ്ങളും സാദ്ധ്യമാണ്.

തുറവൂർ ഗ്രാമപഞ്ചായത്തിൽ ബഹുവർണ്ണങ്ങളിലുള്ള ചിത്രശലഭങ്ങളും, തുമ്പികളും, പൊൻമാൻ, കരിം കൊക്ക്, വെള്ളക്കൊക്ക്, ഉപ്പൻ, ഓലഞ്ഞാലി, കുരുവി, അമ്പലക്കിളി, പരുന്ത്, കാക്കത്തമ്പുരാട്ടി, കുയിൽ, മരംകൊത്തി, പ്രാവ് തുടങ്ങിയ പക്ഷികളും, മൂങ്ങകളും, നരിച്ചീറുകളും, വവ്വാലുകളും, അണ്ണാനും, അരണയും, പല്ലികളും, തേരട്ടകളും, ചിതലും, വിവിധ തരത്തിലുള്ള എറുമ്പുകളും, പാറ്റകളും, വണ്ടുകളും, പച്ചക്കുതിരയും, തവളകളും എല്ലാമുണ്ട്. കൂടാതെ പാണൽ, തുമ്പ, തുളസി, ഗരുഡക്കൊടി, വള്ളിയുഴിഞ്ഞ, തഴുതാമ, പൂവങ്കുറുന്നൽ, ഒരുച്ചെവിയൻ, കയ്യോന്നി, വിഷ്ണുക്രാന്തി, നറുനീണ്ടി, ബ്രഹ്മി, പനിക്കൂർക്ക, പന്നക്കരകൻ, ശംഖുപുഷ്പം, കുറുന്തോട്ടി, ശവമുല്ല, പൊന്നാരിവീരൻ, ഓരില, മൂവില, കുടകൻ (മണ്ഡൂക പർണി) കാക്കക്കൊടി, സർവഗന്ധി, നിലപ്പന, മുത്തങ്ങ, കറുക, മുരിങ്ങ, കറ്റാർ വാഴ, ആടലോടകം, ശതാവരി, കൂവളം, മരോട്ടി, കരിങ്ങാട്ട, കടലാവണക്ക്, കീഴാർ നെല്ലി, കല്ലുരുക്കിപ്പച്ച, ഒതളം തുടങ്ങിയ അനേകം ഇനം സസ്യങ്ങളും വൃക്ഷങ്ങളുമുണ്ട്. ഇതെല്ലാം നമ്മുടെ ജൈവ സമ്പത്തുകളാണ്.

ചില ഔഷധച്ചെടികൾ രോഗപ്രതിരോധ ശക്തിയും ആരോഗ്യവും നല്കുന്നു. ചിലത് ചില കടുത്ത രോഗങ്ങൾക്കുവരെ കൈക്കൊണ്ട ഔഷധമാണ്. മറ്റുചിലത് പ്രാഥമിക ചികത്സകൾക്ക് ഉതകുന്നു. വൈദ്യന്മാരുടെയും കാരണവന്മാരുടെയും ഗവേഷകരുടെയും സസ്യശാസ്ത്രജ്ഞന്മാരുടെയും സഹായത്തോടെ നാം നമ്മുടെ പഞ്ചായത്തിലുള്ള ഔഷധച്ചെടികളെ തിരിച്ചറിയുകയും അവയുടെ ഒരു പട്ടിക തയ്യാറാക്കുകയും സംരക്ഷണം നല്കുകയും അപൂർവ്വമായവ കൃഷി ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

ഇന്ന് പല രോഗങ്ങൾക്കും സമാന്തര ഔഷധങ്ങൾ അന്വേഷിച്ച് വൈദ്യശാസ്ത്രം പ്രയാണമാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ലോകാരോഗ്യ സംഘടന ഇരുപതിനായിരം ഔഷധ സസ്യങ്ങളുടെ വിവരം ക്രോഡീകരിച്ചിട്ടുണ്ട്. ആരോഗ്യപ്പച്ച എന്ന ഔഷധച്ചെടികൊണ്ട് ഈയിടെ നമ്മുടെ ബോട്ടാണിക്കൽ ഗാർഡന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത ആരോഗ്യദായകമായ ഔഷധം ഒരു പക്ഷേ ലോകശ്രദ്ധ പിടിച്ചു പറ്റിയേക്കാം. ആരോഗ്യപ്പച്ച ആദിവാസികൾ ഉപയോഗിച്ചുപോന്ന ഒരു അപൂർവ്വ സസ്യമാണ്.

ഔഷധച്ചെടികളിലൂടെ എല്ലാവർക്കും ആരോഗ്യമെന്ന മുദ്രാവാക്യം ഉന്നയിച്ചുകൊണ്ട് സെമിനാറുകളും പഠനശിബിരങ്ങളും എക്സിബിഷനുകളും സംഘടിപ്പിച്ച് ഗ്രാമീണർക്ക് ഔഷധ സസ്യപരിപാലന പദ്ധതിയുടെ ഉദ്ദേശത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും അവബോധം നല്കണം. എഴുതാനും വായിക്കാനും കഴിവുള്ള യുവതീയുവാക്കളുടെ കോർഗ്രൂപ്പിനെ തെരഞ്ഞെടുത്ത് ടി.ബി.ജി.ആർ ൽ പരിശീലനം നല്കണം. അവർ ഗ്രാമീണർക്ക് സായാഹ്ന ഗ്രാമസഭകളിൽ വച്ച് ആരോഗ്യ പരിപാലനം എങ്ങനെ ഔഷധസസ്യങ്ങളിലൂടെയാകാമെന്ന് പറഞ്ഞുകൊടുക്കും.

ഗ്രാമത്തിലെ ഒരു കുടുംബം 5 ഔഷധസസ്യം വീതം സംരക്ഷിക്കാനുള്ള ഏർപ്പാടുണ്ടാക്കണം. വലിയ ഔഷധസസ്യ സമ്പത്താണ് തുറവൂർ പഞ്ചായത്തിലുള്ളത്. അങ്ങനെ ചെയ്താൽ നമുക്കിവിടെ ഔഷധ സസ്യങ്ങളുടെ ഒരു ചെറിയ ജനിതകബാങ്ക് (ഫീൽഡ് ജീൻ ബാങ്ക്) സംരക്ഷിക്കാനാകും.

മറ്റു ജീവജാലങ്ങളേയും സംരക്ഷിക്കാനും അവയുടെ അപാര സാദ്ധ്യതകളെക്കുറിച്ച് പഠിക്കാനും അവ ഉപയോഗപ്പെടുത്താനുമുള്ള പദ്ധതികൾ നാം ആവിഷ്കരിക്കണം.

നാം വലിച്ചെറിയുന്നത് നമ്മുടെ പരിസ്ഥിതിയുടെ സ്വാഭാവിക ഘടന തകർക്കുന്നു.

നാം ഇന്ന് ജീവിക്കുന്നത് ത്രോ എവെ യുഗത്തിലാണ്. ഉപയോഗിച്ച് കഴിഞ്ഞ് നാം പേനകൾ വലിച്ചെറിയുന്നു. ദ്രാവകരൂപത്തിലുള്ള നീലം ഉപയോഗിച്ച് കഴിഞ്ഞ് അതിന്റെ കുപ്പി വലിച്ചെറിയുന്നു. മീനോ പച്ചക്കറിയോ മേടിച്ചു കൊണ്ടു വരുന്ന കിറ്റ് വലിച്ചെറിയുന്നു. വലിച്ചെറിയുന്ന ഈ സംസ്കാരം സൃഷ്ടിച്ച് മുതലാളിത്തം തങ്ങളുടെ ഉല്പന്നങ്ങളുടെ കമ്പോളം സജീവമാക്കുക മാത്രമല്ല ചെയ്യുന്നത് നമ്മുടെ പരിസ്ഥിതിയുടെ നൈസർഗ്ഗികമായ സ്വഭാവത്തെ താറുമാറാക്കുക കൂടി ചെയ്യുന്നു. ഇതുണ്ടാക്കുന്ന ദുരന്തത്തെക്കുറിച്ചാണ് കവി ഇങ്ങനെ വിലപിക്കുന്നത്.

'സർഗ്ഗലയതാളങ്ങൾ തെറ്റുന്നു, ജീവരഥ
ചക്രങ്ങൾ ചാലിലുറയുന്നു.'

നമ്മുടെ മാതാവായ ഭൂമിയുടെ ജൈവധമനികളുടെ കടയ്ക്കലാണ് മുതലാളിത്ത സാമ്രാജ്യം കത്തിവയ്ക്കുന്നത്. ഭൂമിയുടെ ജൈവതാളമാണ് നൈസർഗ്ഗിക മധുരമായ നമ്മുടെ ഈ പ്രകൃതി. പൂവും പുല്ലും പുഴുവും തൊട്ട് അഖിലാണ്ഡമണ്ഡലം വരെ തുടിച്ചു നില്കുന്ന ഈ ജൈവതാളത്തിന്റെ ക്രമം തെറ്റാതെ നിലനിർത്തേണ്ടത് വിവേകിയായ മനുഷ്യന്റെ കർത്തവ്യമാണ്.

നാം വലിച്ചെറിയുന്ന ഉപയോഗശൂന്യമായ സാധനങ്ങൾ നമ്മുടെ മണ്ണിന്റെ ഘടനയേയും ജലാശയങ്ങളുടെ നിർമ്മല സ്വഭാവത്തെയുമാണ് തകർത്തുകളയുന്നത്. അത് നമ്മുടെ ആരോഗ്യത്തെയും കൃഷിയേയും പ്രതികൂലമായി ബാധിക്കുന്നു. ജീവിവംശത്തിന്റെ സർവ്വനാശത്തിനു വഴിയൊരുക്കുന്നു.

പ്ലാസ്റ്റിക് കിറ്റുകളോ, ടിന്നുകളോ, പാട്ടകളോ വലിച്ചെറിയുന്നതിനുമുമ്പ് നാം നമ്മുടെ പ്രകൃതിയുടെ നൈസർഗ്ഗികമായ രൂപഘടനയെക്കുറിച്ചോർക്കുക. ഉപയോഗശൂന്യമായ വസ്തുക്കളെല്ലാം ഒരു പ്രത്യേക സ്ഥലത്ത് കൂട്ടിയിടുക. ആക്രി സാധനങ്ങൾക്കും പ്ലാസ്റ്റിക് ടിന്നുകൾക്കും കടലാസുകൾക്കും വിലയുള്ളതാണ്. അവ വിലക്കെടുക്കാൻ ആളുകൾ വീട്ടിൽ വരും. അവ വലെച്ചെറിഞ്ഞ് ഇനിയെങ്കിലും നമ്മുടെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തെറ്റിച്ച് രോഗങ്ങളും വിനാശങ്ങളും ഏറ്റുവാങ്ങാതിരിക്കുക.



ജനസാന്ദ്രതകൂടിയ ഒരു പ്രദേശമാണ് തുറവൂർ. ഭൂരിപക്ഷം പേരും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് ജീവിച്ചുവരുന്നത്. വർദ്ധിച്ച ജനസാന്ദ്രതയും കാർഷിക മേഖലയിലെ തകർച്ചയും വൻകിട വ്യവസായ സ്ഥാപനങ്ങളുടെ അഭാവവും ഈ പഞ്ചായത്തിലെ ബഹുജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നു. 1970 കാലഘട്ടം വരെ ജനങ്ങൾക്ക് കുറച്ചെങ്കിലും സാമ്പത്തികമായി പിടിച്ചുനിൽക്കാൻ കഴിഞ്ഞിരുന്നത് കൃഷിയിൽ നിന്നും കയർമേഖലയിൽ നിന്നുമുള്ള വരുമാനം കൊണ്ടായിരുന്നു. തെങ്ങാണ് പ്രധാന കൃഷി. കൂടാതെ പഞ്ചായത്തിന്റെ പടിഞ്ഞാറായുള്ള കരിനിലങ്ങളിൽ നടത്തിയിരുന്ന നെൽകൃഷിയും. നാമമാത്ര കർഷകർക്ക് മാത്രമേ കൃഷി ചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ ഭൂമിയുള്ളൂ. അധികം പേർക്കും പത്ത് പതിനഞ്ച് സെന്റിന് താഴെ മാത്രമാണ് ആകെ ഭൂമിയുള്ളത്. കൃഷിക്കാരും എണ്ണത്തിന് കൂടുതൽ വരുന്ന കർഷകത്തൊഴിലാളികളും നാളികേരത്തിൽ നിന്നുള്ള വരുമാനവും നെല്ലും കൊണ്ടാണ് ജീവിച്ചു വന്നിരുന്നത്. ഈ കാലഘട്ടം വരെ കയർ നിർമ്മാണം ഒരു കുടിൽ വ്യവസായം പോലെ ഈ പ്രദേശത്ത് വളർന്നിരുന്നു. ചെറുകിട കയർ ഫാക്ടറികളും പ്രവർത്തിച്ചിരുന്നു. ഈ മേഖലയിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിത ചെലവുകൾ നിറവേറ്റാൻ തൊഴിലാളികൾക്ക് കഴിഞ്ഞിരുന്നില്ല.

ഇന്നിപ്പോൾ കയർ മേഖലയും കഅകെ മന്ദീഭവിച്ചിരിക്കുകയാണ്. കൃത്രിമ ഫൈബർ മുതലായവയുടെ പ്രചാരം കൊണ്ട് കയറുൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിലും പ്രാദേശിക തലത്തിലും സാധ്യത കുറഞ്ഞുവരുന്നതും, തങ്ങുകൾക്ക് രോഗം മൂലവും മറ്റും ഉൽപ്പാദനം കുറഞ്ഞതു കൊണ്ട് ഉണ്ടായ വിഭവ ദാരിദ്ര്യവും കയർ മേഖലയുടെ തകർച്ചക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. അസംസ്കൃത സാധനങ്ങൾ സംസ്ക്കരിച്ചെടുക്കുന്നതിനുള്ള സൗകര്യങ്ങളുടെ കുറവും അദ്ധ്വാനവും ഉൽപ്പാദന ചെലവും കഴിയുന്നതും കുറക്കേണ്ടിവരുന്നതും ഈ രംഗത്ത് യന്ത്രവൽക്കരണം അനിവാര്യമാക്കിത്തീർത്തിരിക്കയാണ്. ഇത് തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന് കാരണമായിത്തീരുന്നു. കർഷകത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടാതെ വരുന്നതും അവരുടെ കൂലി ചെലവിലുള്ള വർദ്ധനയും തെങ്ങിനും നെൽകൃഷിക്കും ഉള്ള രോഗങ്ങളും കൃഷിമേഖലയുടെ തകർച്ചക്ക് കാരണമാണ്. എങ്കിലും ജനങ്ങൾക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകുന്നത് സമുദ്രോൽപ്പന്ന വ്യവസായമാണ്. സമീപ പഞ്ചായത്തുകളിലാണ് ചെമ്മീൻ ഫാക്ടറികൾ ധാരാളമായിട്ടുള്ളത്. അവിടങ്ങളിൽ നമ്മുടെ പഞ്ചായത്തിലുള്ളവർ ധാരാളമായി ജോലി ചെയ്ത് വരുന്നുണ്ട്. കെട്ടിട നിർമ്മാണം പോലുള്ള മേഖലകളിലും ധാരാളം പേർ അന്യ സ്ഥലങ്ങളിൽ പോയി ജോലി ചെയ്ത് ജീവിച്ചു വരുന്നു. നാമമാത്രമായിട്ടുള്ളവർക്ക് മാത്രമേ സർക്കാർ ജോലി ഉൾപ്പെടെയുള്ള തൊഴിലുകൾ ലഭ്യമായിട്ടുള്ളൂ.

ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള പുരോഗതി മൂലം കൈവന്ന ആധുനിക സൗകര്യങ്ങൾ ഇന്നത്തെ ജീവിത ശൈലിയെ ആകെ മാറ്റി മറിച്ചിരിക്കുകയാണ്. ജനജീവിതം തന്നെ മുൻ കാലങ്ങളെ അപേക്ഷിച്ച് ഒരു മാത്സര്യമായി മാറിയിരിക്കുകയാണ്. അതിനാൽ അവയിൽ കുറച്ചെങ്കിലും കരസ്ഥമാക്കി ജീവിച്ചില്ലെങ്കിൽ തൊഴിൽ വിദ്യാഭ്യാസം തുടങ്ങിയ നിരവധി മേഖലകളിൽ പിന്നോക്കം പോകുന്ന സ്ഥിതിയാണ് ജനങ്ങൾക്ക് ഇന്നുള്ളത്. എന്നാൽ ഈ പഞ്ചായത്തിലുള്ള ഭൂരിപക്ഷം ജനങ്ങൾക്കും അവർ അനുഭവിച്ചുവരുന്ന സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഇത്തരം സൗകര്യങ്ങൾ സ്വപ്നം കാണാൻ പോലും കഴിയുന്നില്ല. എന്നതാണ് അവസ്ഥ. എന്നാൽ ടെലിവിഷൻ നാട്ടിൽ വ്യാപകമായി പ്രചാരം നേടിവരുന്നുണ്ട്. വിദ്യാഭ്യാസം, വിനോദം മുതലായവക്ക് പറ്റിയ ഒരു ഉപാധിയായി ജനങ്ങൾ ഇതിനെ കണ്ടുവരുന്നു. എന്നാൽ ഇത്തരം ആധുനിക സൗകര്യങ്ങൾക്ക് ചില ദോഷ വശങ്ങളും ഇല്ലാതില്ല. പഴയകാലത്ത് ജനങ്ങൾക്കിടയിൽ കണ്ടിരുന്ന സഹകരണം, കൂട്ടായ്മ, നാടൻ വിനോദങ്ങളിൽ ഏർപ്പെടൽ തുടങ്ങിയ സൽഗുണങ്ങൾ ഇന്ന് കാൺമാനേയില്ലാതായിരിക്കുന്നു. ഈ അനുഭവം ജനജീവിതത്തിന് ഒറ്റപ്പെടലിന്റെ മാനം നൽകുന്നു. ഇത് ജീവിതത്തെ യാന്ത്രികമായ ഒന്നാക്കി മാറ്റിക്കൊണ്ടിരിക്കുകയണ്. ഇവ പരിഹരിക്കാൻ എന്താണ് മാർഗ്ഗം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ അർപ്പണ ബോധവും സേവന തൽപ്പരതയും ആത്മാർത്ഥതയും സഹകരണത്തോടെയുമുള്ള പ്രവർത്തനങ്ങൾക്ക് അവസരം സൃഷ്ടിക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. ഈ ഗുണങ്ങൾ സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്താൽ അവർ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ സ്വയം പരിഹരിക്കാൻ അരളവോളം കഴിയും എന്നത് വാസ്തവമാണ്. റോഡുകൾ, ശുദ്ധജലം, പാർപ്പിടം മുതലായ പല സൗകര്യങ്ങളും കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ കഴിയും. എന്നാൽ ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്തിനോ മറ്റ് സന്നദ്ധ സംഘടനകൾക്കോ ഇതേവരെ കഴിഞ്ഞതായിക്കാണുന്നില്ല. ഇത്തരം ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിന് ഇനിയെങ്കിലും അവർ മുന്നോട്ട് വരേണ്ടത് അത്യാവശ്യമാണ്. രാഷ്ട്രീയ സാമൂഹ്യ വ്യത്യാസവും മറ്റ് കിടമൽസരങ്ങൾ ഒഴിവാക്കിയുള്ള സമീപനവും സഹകരണവും ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നതിനും, സന്നദ്ധപ്രവർത്തനങ്ങൾക്ക് ബഹുജനങ്ങളേയും സർക്കാർ സ്വകാര്യ ഏജൻസികളേയും പ്രേരിപ്പിക്കുന്നതിനും, പ്രോൽസാഹിപ്പിക്കുന്നതിനും ഇതുകൊണ്ട് കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനങ്ങളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടുന്നതിന് തുലോം തുച്ഛമായി ലഭ്യമായ സർക്കാരിന്റേയും പഞ്ചായത്തിന്റെയും വിഹിതങ്ങൾ കൊണ്ട് കൂടുതൽ പ്രയോജനം ഇതുമൂലം സിദ്ധിക്കുന്നതാണ്. മേൽ വിവരിച്ച കാര്യങ്ങൾ ബഹുജനങ്ങളെ ആകെ ബാധിക്കുന്നതാണ്.

ഇനി നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങൾ പരിശോധിക്കാം. ഇതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികകൾ പരിശോധിക്കുക.

പഞ്ചായത്തിന്റെ തനതായ പ്രധാന വരുമാനം കെട്ടിട നികുതിയിൽ നിന്നും തൊഴിൽ നികുതിയിൽ നിന്നുമാണ്. ഇവയും സർക്കാർ ഗ്രാന്റുകൾ മറ്റ് വരുമാനങ്ങൾ ഉൾപ്പെടെ 95-96 ലെ ആകെ വരുമാനം 11,411,87,35 രൂപയാണ്. ഈ തുകയിൽ പോയ വർഷം പിരിച്ചെടുക്കുവാൻ കഴിഞ്ഞത് 10,90053 .90 രൂപയാണ്. വർഷം തോറും പഞ്ചായത്തിന്റെ വരുമാനം നേരിയ തോതിൽ വർദ്ധിക്കുന്നുണ്ട്. എങ്കിലും ചെലവുകൾ വർദ്ധിക്കുന്നതിന് ആനുപാതികമായി വർദ്ധനവുണ്ടാകുന്നില്ല. അൺടൈഡ് ഫണ്ട് മുതലായ ഇനങ്ങളിൽ ഇനിയും ചിലവാക്കേണ്ട തുകകൂടി കണക്കിലെടുത്താൽ പഞ്ചായത്തിന് വൻ ബാധ്യതകളാണുള്ളതെന്ന് കാണാവുന്നതാണ്. ഇത് ജനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങൾ യഥാസമയം നടത്തുന്നതിനെ സാരമായി ബാധിക്കുന്നുണ്ട്. ഈ നിലക്ക് ഒരു മാറ്റം വരണമെങ്കിൽ നികുതിയിൽ നിന്നുള്ള വരുമാനവും സർക്കാർ സഹായവും വർദ്ധിച്ച തോതിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്ത് രാജ് നിയമം മൂലം പഞ്ചായത്തുകൾക്ക് പ്രാധാന്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും കൂടുതൽ ധനാഗമ മാർഗ്ഗങ്ങൾ ഉണ്ടായിട്ടില്ല. അതിനുള്ള പരിഹാരം സർക്കാരിൽ നിന്ന് ഉണ്ടാകേണ്ടത് അത്യാവശ്യമായ സംഗതിയാണ്. പഞ്ചായത്തിന് ആവശ്യമായ പ്രവർത്തിനുള്ള ഫണ്ടും കൂടുതൽ ജീവനക്കാരും ലഭ്യമായാൽ മാത്രമേ ബഹുജനങ്ങളുടെ നാനാവിധ പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും ജനങ്ങളുടെയും സർക്കാരിന്റെയും പ്രതിക്ഷക്കൊത്ത് പഞ്ചായത്ത് രാജിന്റെ പ്രസക്തി തെളിയിക്കുവാനും സാധിക്കുകയുള്ളു.

അപ്രകാരം ലഭിക്കുന്ന ഫണ്ടുകൾ കൊണ്ട് കൂടുതൽ കാര്യങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുവാൻ ബഹുജന സഹകരണം, സേവനം, സന്നദ്ധ പ്രവർത്തനം എന്നിവ കൊണ്ട് കഴിയുന്നതാണ്. അതോടൊപ്പം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമായിരിക്കേണ്ടതും വരവുചെലവുകൾ സംബന്ധിച്ച് ജനങ്ങൾക്കറിയുവാൻ അവസരങ്ങൽ ഉണ്ടാക്കേണ്ടതുമാണ്. ഇത് അഴിമതി ഇല്ലാതാക്കുവാനും, ജനപങ്കാളിത്തം ഉറപ്പാക്കുവാനും സഹായിക്കുന്നതാണ്. പഞ്ചായത്തിരാജ് നിയമത്തിൽ അനുശാസിക്കുന്ന ഗ്രാമസഭകൾ ഇതിന് വേദിയാക്കാവുന്നതാണ്. അതോടൊപ്പം കാര്യ നിർവ്വഹണത്തിനുള്ള നിയമങ്ങൾ, ചട്ടങ്ങൾ മുതലായവ ലഘൂകരിക്കേണ്ടതും പഞ്ചായത്തിലെ തനതായ അധികാരം വിനിയോഗിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്ത് സമിതിയെ നിയമം മൂലം അധികാരപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ

1. കെട്ടിട നികുതി നിയമപ്രകാരം ലഭിക്കേണ്ടതിൽ നിന്ന് വളരെക്കുറച്ചു മാത്രമേ നിർണ്ണയിച്ച് ഈടാക്കുന്നുള്ളൂ. ഏതെങ്കിലും രീതിയിലുള്ള പരിഗണനകൾക്കതീതമായി പഞ്ചായത്തിന് നിയമപ്രകാരം അർഹമായ രീതിയിൽ അത് വർദ്ധിപ്പിക്കണം. ഇങ്ങനെ വർദ്ധിപ്പിക്കുമ്പോൾ ബഹുജനങ്ങളിൽ നിന്ന് പരാതികൾ ഉണ്ടാകാതിരിക്കുന്നതിന് അതിന്റെ ആവശ്യകത അവരെ പറഞ്ഞ് മനസ്സിലാക്കുന്നതിനുള്ള വേദികൾ സൃഷ്ടിക്കണം. അതേസമയം സാധാരണ ജനങ്ങൾക്ക് ഇളവുകൾ അനുവദിച്ച് നൽകുകയും വേണം.

2. കള്ള് ചെത്ത് തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, വ്യാപാര രംഗത്ത് പ്രവർത്തിക്കുന്നവർ തുടങ്ങി തൊഴിൽ നികുതിയിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നവരെ അതിന്റെ പരിധിയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. എല്ലാ ജീവനക്കാരിൽ നിന്നും തൊഴിലാളികളിൽനിന്നും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കുക. സർക്കാർ/ അർദ്ധസർക്കാർ തുടങ്ങിയ മേഖലകളിലെ ജീവനക്കാരേക്കാൾ മേൽപ്പറഞ്ഞ തൊഴിലാളികൾക്ക്, തുല്യമോ/കൂടുതലോ വേതനം അവർക്ക് ലഭിക്കുന്നതായി കാണാവുന്നതാണ്.

3. തെരുവ് വിളക്ക് കത്തിക്കുന്നതിനുള്ള ചാർജ്ജ് അടക്കുന്നതിൽ നിന്ന് പഞ്ചായത്തിനെ പൂർണ്ണമായി ഒഴിവാക്കുക. എന്നാൽ തെരുവ് വിളക്കുകൾ കത്തിക്കുന്ന സമ്പ്രദായം ഒരു പൊതുജന സേവനമായിക്കണ്ട് തുടർന്നുകൊണ്ട് പോകുകയും ചെയ്യുക.

4. സർക്കാരിൽ നിന്നും കിട്ടേണ്ടുന്ന ഡ്യൂട്ടി ഗ്രാന്റ് മുതലായ ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുകയും അവ മുടക്കം കൂടാതെ കിട്ടുന്നതിനും വേണ്ട നടപടി സ്വീകരിക്കുക. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വരുമാനത്തിന്റെ എല്ലാ മേഖലകളിൽ നിന്നും പഞ്ചായത്തുകൾക്ക് ഒരു

നിശ്ചിത ശതമാനം നീക്കിവച്ച് ലഭ്യമാക്കുക.

5. പഞ്ചായത്തിന് സ്വന്തമായി ഒരു ബാങ്കിങ് സൗകര്യം സ്ഥാപിക്കുക. ഇത് മറ്റ് വാണിജ്യ സഹകരണ ബാങ്കുകൾക്കൊപ്പം പ്രാധാന്യം നൽകി നിയമം മൂലം അംഗീകരിക്കുക. ഇവയിൽ നിക്ഷേപിക്കുന്നതിനും ഇതര ബാങ്കിംഗ് സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും പൊതുജനങ്ങളെ പ്രേരിപ്പിക്കുകയും പ്രോൽസാഹനം നൽകുകയും ചെയ്യുക.

6. പഞ്ചായത്തിന്റേതുൾപ്പെടെയുള്ള പുറം പോക്കു സ്ഥലങ്ങൾ തരിശായിക്കിടക്കാതെ കൃഷിയും വ്യാപാരവും മറ്റും നടത്തുന്നതിന് ബഹുജനങ്ങളിൽ ആവശ്യമുള്ളവർക്ക് മാസ/വാർഷിക വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകുക. ഇപ്രകാരം ചെയ്യുമ്പോൾ യുക്തമെന്ന് തോന്നുന്ന സമയത്ത് ഒഴിഞ്ഞ് കിട്ടുന്നതിനും അന്യാധീനപ്പെടാതിരിക്കുന്നതിനും നടപടികൾ നിയമപ്രകാരം ഉറപ്പുവരുത്തണം.

7. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ/സഹകരണ ബാങ്കുകളുടെ ലാഭത്തിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭ്യമാക്കുക. പഞ്ചായത്ത് നിവാസികളുടെ വരുമാനം വർദ്ധിക്കുന്നതിന് പഞ്ചായത്തിന്റെ പ്രവർത്തനം ഒരു കാരണമാകുമ്പോൾ പഞ്ചായത്തിന് അർഹതയുണ്ടെന്ന് മനസ്സിലാക്കാം.

8. സർക്കാർ/ സ്വകാര്യ ഏജൻസികളെക്കൊണ്ട് പഞ്ചായത്ത് പ്രദേശത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക. ഈ പറയുന്ന വ്യവസായ സംരംഭകർക്ക് പഞ്ചായത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എത്രയും വേഗം അവ സ്ഥാപിക്കുന്നതിനും പോഷിപ്പിക്കുന്നതിനും നിലനിൽക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിന്റെയും സർക്കാർ ഏജൻസികളുടേയും ഭാഗത്തുനിന്ന് സത്വര നടപടി ഉണ്ടാകണം. ആയതിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുക. ഇതിന് ജനസഹകരണവും, പ്രോൽസാഹനവും ഉറപ്പാക്കുക.

9. പഞ്ചായത്തുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് സഹായവും നടപടിയും സ്വീകരിക്കുക.

10. പഞ്ചായത്ത് പ്രദേശത്തുള്ള മദ്യ ഷാപ്പുകളിൽ നിന്നും സർക്കാരിന് കിട്ടുന്ന വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന് നൽകുക.

11. ശുദ്ധ ജലവിതരണം ഇപ്പോൾ ഫലപ്രദമല്ല. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നതിന് പൊതുടാപ്പുകൾ ഉൾപ്പെടെയുള്ളവ ആവശ്യത്തിന് സ്ഥാപിക്കുക വാട്ടർ ചാർജ്ജ് അടക്കുന്നതിൽനിന്നും പഞ്ചായത്തിനെ ഒഴിവാക്കുക.

12. നികുതികൾ യഥാസമയം അടയ്ക്കാത്തവരിൽ നിന്നും യുക്തമായ പിഴയും, പലിശയും ഈടാക്കുന്നതിന് പഞ്ചായത്തിനെ അധികാരപ്പെടുത്തുക.

13. പഞ്ചായത്ത് അതിർത്തിയിൽ പരസ്യപ്പെടുത്തുന്ന എല്ലാ പരസ്യങ്ങൾക്കും പരസ്യ നികുതി ഈടാക്കുക.

14. വിദ്യാഭ്യാസം, ആരോഗ്യം,വ്യവസായം, വ്യാപാരം തുടങ്ങിയ മേഖലകളിലെ സ്വകാര്യ സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക. പഞ്ചായത്തിൽ നിന്നും ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സേവനവും പൊതുജനസേവനവും ഉറപ്പാക്കുന്നതിന് യുക്തമായ രീതിയിൽ സമിതികൾ രൂപീകരിക്കുകയും അവർ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. നിർമ്മാണ പ്രവർത്തനം മുടങ്ങാതിരിക്കാൻ അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് അപ്പപ്പോഴുള്ള പ്രാദേശിക നിരക്കുകൾ നൽകുന്നതിന് പഞ്ചായത്തിന് അധികാരം നൽകുക.

16. പഞ്ചായത്തുകൾ മുഖേന നൽകുന്ന ലൈസൻസുകൾക്കുള്ള ഫീസ് വർദ്ധിപ്പിക്കുക.

17. തുറവൂർ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സിനിമാ തീയേറ്റർ പൂട്ടിക്കിടക്കുകയാണ്. ഇത് മൂലം ജനങ്ങൾക്ക് കുറഞ്ഞ ചെലവിലുള്ള ഒരു വിനോദോപാധിയും പഞ്ചായത്തിന് ഭീമമായ സാമ്പത്തിക നഷ്ടവും ഉണ്ടായിരിക്കുകയാണ്.അതിനാൽ സിനിമാ തീയറ്റർ മുടങ്ങാതെ പ്രവർത്തിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ഉറപ്പു വരുത്തുക.

18. പഞ്ചായത്തിന് യോജിച്ച സ്ഥലത്ത് പൊതു മാർക്കറ്റും, കശാപ്പ് ശാലയും, ഷോപ്പിംഗ്

കോംപ്ലക്സും നിർമ്മിക്കുന്നതിന് ആവശ്യമായ സഹായം സർക്കാർ പഞ്ചായത്തിന് നൽകുക. പൊതു മാർക്കറ്റുകളും, ഷോപ്പിംഗ് കോംപ്ലക്സുകളും ലേലം ചെയ്തു കൊടുത്താൽ പഞ്ചായത്തിന് നല്ല വരുമാനം കിട്ടുമെന്ന് ഉറപ്പാക്കുക.

19. പഞ്ചായത്തുകളുടെ ധനാഗമ മാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനും, പരിഷ്ക്കരിക്കുന്നതിനും കാലാകാലങ്ങളിൽ ധനകാര്യ കമ്മീഷനെ നിയമിച്ച് റിപ്പോർട്ട് വാങ്ങി നടപ്പിലാക്കുന്നതിന് സർക്കാർ ഉടനടി നടപടി സ്വീകരിക്കുക.

20. പഞ്ചായത്തു പ്രദേശത്തുള്ള ആട്സ്-സ്പോട്സ് ക്ലബ്ബുകളേയും സന്നദ്ധ സംഘടന യിൽപ്പെട്ടവരേയും ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്തുക. ഇങ്ങനെ ചെയ്താൽ പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് ചിലവിടുന്ന തുകയിൽ നല്ലൊരളവ് ലാഭിക്കുവാനും അത്തരം പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുവാനും കഴിയും. സന്നദ്ധസേനാംഗങ്ങളുടെ അഭിപ്രായനിർദ്ദേശങ്ങൾ അപ്പപ്പോൾ തേടുകയും വേണം. പ്രസ്തുത സംഘടനാ പ്രതിനിധികളേയും പഞ്ചായത്ത് സമിതി അംഗങ്ങളേയും ഉൾപ്പെടുത്തി ഒരു പ്രവർത്തന സമിതി രൂപീകരിക്കുന്നത് പ്രയോജനമായിരിക്കും.

21. ദേശീയ സമ്പാദ്യ പദ്ധതികൾ ബഹുജനങ്ങളുടെ സാമ്പത്തിക വളർച്ചക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ്. അതിനാൽ അവയുടെ പ്രാധാന്യം ജനങ്ങളെ ധരിപ്പിക്കുന്നതിന് താഴെപറയുന്ന സവിശേഷതകൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

ദേശീയ സമ്പാദ്യ പദ്ധതി.

എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ അത്യാകർഷകങ്ങളായ സമ്പാദ്യ പദ്ധതികൾ ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉണ്ട്. പരിപൂർണ്ണ സുരക്ഷിതത്വവും ആദായകരവുമാണ്. പ്രോൽസാഹന സമ്മാനങ്ങൾ ഇൻഷുറൻസ് സംരക്ഷണം, ആദായനികുതിയിലും, സ്വത്ത് നികുതിയിലും മറ്റും ലഭിക്കുന്ന ഇളവുകൾ, അംഗീകൃത ഏജന്റുമാരുടെ സൗജന്യ സേവനം എന്നിവയെല്ലാം ഈ സമ്പാദ്യ പദ്ധതിയുടെ സവിശേഷതകളാണ്. സേവിംഗ് ബാങ്ക്, അക്കൗണ്ട്, റിക്കറിംഗ് ഡിപ്പോസിറ്റ്, പോസ്റ്റാഫീസ് ടൈം ഡിപ്പോസിറ്റ് , മാസവരുമാന പദ്ധതി, നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ്, VIII ഇഷ്യൂ, ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര, പബ്ലിക്ക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി, നാഷണൽ സേവിംഗ് സ്കീം 1992 എന്നിവ ദേസീയ സമ്പാദ്യ പദ്ധതിയിലെ വിവിധ നിക്ഷേപങ്ങളാണ്.

ഇന്ദിരാ വികാസ് പത്ര

ഏറ്റവും ഉയർന്ന ആദായം ലഭിക്കുന്നതും അതേസമയം കറൻസി നോട്ടുപോലെ വിനിമയം ചെയ്യാവുന്നതുമായ ഒരു സർട്ടിഫിക്കറ്റാണിത്. സർട്ടിഫിക്കറ്റുകൽക്ക് മുഖവിലയുടെ പകുതി വില നൽകിയാൽ മതി. നിക്ഷേപം അഞ്ചര വർഷം കൊണ്ട് ഇരട്ടിക്കുന്നു. നിക്ഷേപത്തിന് സാധാരണ നിരക്കിൽ 18.2% ആദായം ലഭിക്കുന്നു.

റെക്കറിംഗ് ഡെപ്പോസിറ്റ്

ചെറുകിയ വരുമാനക്കാർക്ക് ഏറ്റവും അനുയോജ്യമായ നിക്ഷേപ പദ്ധതിയാണ് പേസ്റ്റാഫീസ് റെക്കറിംഗ് ഡെപ്പോസിറ്റ്. ഒരു വ്യക്തിക്ക് തനിച്ചോ കൂട്ടായോ, മൈനർക്ക് സ്വന്തം പേരിലോ അക്കൗണ്ട് തുടങ്ങാം. പത്തുരൂപയും അതിൻമേൽ അഞ്ചുരൂപയുടെ ഗുണിതങ്ങളായ തുകയും പ്രതിമാസ നിക്ഷേപമായി കുറഞ്ഞത് അഞ്ചു വർഷത്തേക്ക് നിക്ഷേപിക്കാം.പ്രതിമാസ നിക്ഷേപം വീഴ്ച വരുത്തിയാൽ, 10 രൂപ അക്കൗണ്ടിന് ഒരുമാസം 20 പൈസ നിരക്കിൽ പലിശ നൽകി അക്കൗണ്ട് തുടരാം. ആറ് മാസത്തേയും പന്ത്രണ്ട് മാസത്തേയും മുൻകൂർ നിക്ഷേപത്തിന് റിബേറ്റ് ലഭിക്കുന്നതാണ്. 50 രൂപ വരെയുള്ള പ്രതിമാസ നിക്ഷേപത്തിന് സൗജന്യ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാണ്.

തുറവൂർ ഗ്രാമ പഞ്ചായത്ത് ഏരിയായിൽ ദേശീയ സമ്പാദ്യ പദ്ധതിയിൻ കീഴിൽ അഞ്ച് മഹിളാ പ്രധാൻ ഏജന്റുമാർ (എം.പി.കെ.ബി.വൈ. ഏജന്റ്) പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

1) ദേശീയ സമ്പാദ്യ പദ്ധതിയുടെ സന്ദേശം എല്ലാ വീടുകലിലും എത്തിക്കുക.

2) ദേശീയ സമ്പാദ്യ പദ്ധതിയിലുള്ള നിക്ഷേപ സമാഹരണം പ്രോൽസാഹിപ്പിക്കുക

3) തുറവൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ

കുടുംബാംഗങ്ങളേയും ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപകരായി ചേർക്കുവാൻ കൂട്ടായി പരിശ്രമിക്കുക.

4) തുറവൂർ ഗ്രാമ പഞ്ചായത്ത് ഒരു 'ബചത്' പഞ്ചായത്തായി പ്രഖ്യാപിക്കുക.

ഇവ കൂടാതെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം, പൊതുജനങ്ങളിൽ നിന്നും സൗജന്യ സേവനം എന്നിവ ഉറപ്പാക്കുന്നതിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളും അപ്പപ്പോൾ സ്വരൂപിക്കുന്നതിന് നിശ്ചിത സമയ പരിധികളിൽ സമൂഹത്തിലെ എല്ലാത്തട്ടിലുള്ളവരേയും പങ്കെടുപ്പിച്ച് പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കണം. പഞ്ചായത്തും ജനങ്ങളും സഹകരിച്ച് മുന്നോട്ടു പോയാൽ എത്ര വലിയ പദ്ധതികളും കുറഞ്ഞ ചെലവിൽ നിർവ്വഹിക്കുന്നതിനും ബഹുജനപുരോഗതിക്ക് അത് മൂലം വഴിയൊരുക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

പട്ടിക

വാർഡുതല ജനസംഖ്യയും വിദേശത്ത് ജോലി ചെയ്യുന്നവരും

വാർഡ്	ജനസംഖ്യ	വിദേശത്ത് ജോലി ചെയ്യുന്നവർ
1	2045	9
2	2813	19
3	2544	13
4	2656	9
5	1562	16
6	1438	6
7	2560	23
8	2684	11
9	2087	9
10	2121	10
11	3456	7
ആകെ	25966	132

INCOME

Accounts For The Year 1991 - '92

A - General Accounts	I	Rs..	299550 - 05
(BT, PT & DUTY)	II	Rs.	40865 - 28
Head ——	III	Rs.	2666 - 75
	IV PT FEES	Rs.	8368 - 05
Basic Tax Grant		Rs.	29604 - 00
Establishment Grant		Rs.	44677 - 00
M.I. Grant		Rs.	27050 - 00
V.R.M. Grant		Rs.	4833 - 00
Special Grant Keralot sav		Rs.	20498 - 00
Library Grant		Rs.	657- 00
Miscellaneous		Rs.	16397 - 35
Capital Account (United fund)		Rs.	187000 - 00
Debit head		Rs.	28295 - 87
Total			**710462 - 35**

INCOME

Account for the Year 1992 - 93

A - General Accounts (BT, PT & DUTY)	I.	Rs.	344804 - 35
	II	Rs.	60729 - 00
	III	Rs.	2275 - 80
	IVPT Fees	Rs.	10842 - 25
	Other Grants	Rs.	32300 - 00
	Untied fund	Rs.	19700 - 00
	Miscellaneous	Rs.	9873 - 50
	Debit Head Account	Rs.	2402 - 10
	Total		**660227 - 00**

INCOME

Account for the year 1993 - 94

A - General Accounts (BT, PT & DUTY)	I	Rs.	414350 - 50
	II	Rs.	66658 - 50
	III	Rs.	5366.80
	PT fees Licence fees	Rs.	12070 - 20
	Establishment Grant	Rs.	49839 - 00
	Basic Tax Grant	Rs.	27451 - 00
	Library Grant	Rs.	657 - 00
	M.J. Grant	Rs.	27050 - 00
	V.R.M. GKRANT	Rs.	5174 - 00
	United	Rs.	209000 - 00
	Miscellanious	Rs.	495 - 00
	Capital Account	Rs.	848 - 35
	Debit Head Account	Rs.	5153 - 60
	Total		**824113 - 95**

INCOME

Accounts For The Year (1994 - 95)

A - General Accounts (BT, PT & DUTY)	I	Rs.	394198 - 25
	II	Rs.	69861 - 00
	III	Rs.	6109 - 40
	IV PT Fees	Rs.	10020 - 70
	V.T..C	Rs.	23000 - 00
	Basic Tax Grant	Rs.	40032 - 00
	Library Grant	Rs.	1320 - 00
	Establishment Grant	Rs.	76977 - 00
	M.J. Grant	Rs.	27050 - 00
	V.R.M Grant	Rs.	5136 -00
	United	Rs.	283000 - 00
	Miscellaneous	Rs.	3606 - 80
	Debit Head Account	Rs.	10232 - 00
	Total		**950543 - 15.**

തുറവൂർ പഞ്ചായത്ത്

1995–96 ലെ വരവ് വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	197182 - 60	161956 - 95	35225 - 65
സർവ്വീസ് ചാർജ്ജ്/ ലൈബ്രറിസെസ്സ്	9860 - 00	8712 - 20	1147 - 80
തൊഴിൽ നികുതി	98241 - 00	84401 - 00	13840 - 00
വാഹന നികുതി	NIL	NIL	NIL
വിനോദ നികുതി	41857 - 42	41857 - 42	NIL
അഡി. വിനോദ നികുതി	25371 - 88	25371 - 88	NIL
പ്രദർശന നികുതി	2206 - 00	2206 - 00	NIL
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	551 - 50	551 - 50	NIL
ചന്ത വരവ് , കശാപ്പുശാല	5630 - 00	5630 - 00	NIL
ലാന്റ് സെസ്സ്	NIL	NIL	NIL
ലൈസൻസ് ഫീസ്	7917 - 50	6997 - 50	920 - 00
കെട്ടിട നികുതി സർചാർജ്ജ്	NIL	NIL	NIL
വസ്തു കൈമാറ്റ നികുതി 75%	126924 - 00	126924 - 00	NIL
വസ്തു കൈമാറ്റ നികുതി 25%	150000 - 00	150000 - 00	NIL
സർക്കാർ ഗ്രാന്റുകളും മറ്റും വരവുകൾ ഒഴികെയുള്ള മറ്റു വരവുകൾ	168837 - 95	168837 - 95	NIL
സംഭാവന/ അൺടൈഡ് ഫണ്ട്	299000 - 00	299000 - 00	NIL
ഡെപ്പോസിറ്റ്	2282 - 00	2282 - 00	NIL
മറ്റുള്ളവ/ ലേലവരവ്	5325 - 50	5325 - 50	NIL
ആകെ	**1141187 - 35**	**1090053 - 90**	**51133 - 45**

Expenditure 91 - 92

Sitting fee to President & Members	23292 - 00
Salary to Secretary & Staff	253064 - 00
Current Charge	64946 - 00
Postage and phone	4119 - 00
Printing & Stationary	2420 - 80
Law charges	500 - 00
Wages to contg Establishment	8876 - 95
Construction of Roads, Bridges and culverts	105519 - 00
Minor Irrigation works	15642 - 00
salary to Librarian	4737 - 00
Cost of Library periodicals	2496 - 00
Family welfare scheme (Family Planning)	860 - 00
Wages to sweepers	5857 - 00
Wages to ferrymen	14814 - 00
Deposit Refund	1211 - 00
Other Items	25944 - 70
Total	**534299 - 45**

Expenditure 92 - 93

Sitting fee to president & members	33965 - 70
Salary to Secretary & Staff	238833 - 00
Librarian Salary	775 - 00
Wages to ferrymen	22830 -00
Wages to contgency establishment	3460 - 40
Current charges	61615 - 00
Postage & Phone Charges	3879 - 00
Printing & stationary	12963 - 00
Election Expense	33957 - 00
Law Charges	2850 - 00
Maintanance of bridges & Culverts	4720 - 00
Minor Irrigation works	21100 - 00
United fund grant works	199354 - 00
Cost of Library periodicals	3590 - 35
Contribution to Libraries & Schools	500 - 00
Family Welfare, Scheme (Family Planning)	760 - 00
Asan grant distribution	1800 - 00
Saksharatha Mission	720 - 00
Construction of Office building (part)	28855 - 00
Deposit Refund	4042 - 00
Others Items	30070 - 00
Total	**710639 - 45**

Expenditure 93 - 94


പ്രസിഡന്റിന്റേയും മെമ്പർമാരുടേയും സിറ്റിംഗ് ഫീയും യാത്രാപ്പടിയും സെക്രട്ടറിയുടേയും ജീവനക്കാരുടേയും ശമ്പളം,	37395
പെൻഷൻ, അംശാദായം, യാത്രപ്പടി	298170
ഭൂമിയുടെ നികുതിയും കെട്ടിട വാടകയും	1387
കറന്റ് ചാർജ്ജ്	64062
അച്ചടിയും ലേഖന സാമഗ്രികളും	12063
നിയമ സംബന്ധമായ ചെലവുകൾ	4642
പാലങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും	28550
ചെറുകിട ജലസേചനപണികൾ	27391
അൺടൈഡ് ഫണ്ട് ചെലവുകൾ	49718
ലൈബ്രറിയൻ ശമ്പളം	8527.75
ലൈബ്രറി സംബന്ധമായ ചെലവുകൾ	2020
തൂപ്പുകാരുടെ ശമ്പളം	16979
ശവം മറവുചെയ്യൽ	100
കടത്തുകാർക്കുള്ള പ്രതിഫലം	23325
ഡിപ്പോസിറ്റ് മടക്കിക്കൊടുക്കൽ	5370.50
മറ്റിനം	19870.75
സാമൂഹ്യക്ഷേമം	1054
ആകെ	**600625.00**

Expenditure 94 - 95

പ്രസിഡന്റിന്റേയും മെമ്പർമാരുടേയും സിറ്റിംഗ് ഫീയും മറ്റ് അലവൻസുകളും	21932
സെക്രട്ടറിയുടേയും സ്റ്റാഫിന്റേയും ശമ്പളവും, അലവൻസുകളും	302268
കറന്റ് ചാർജ്ജ്	55967
പോസ്റ്റേജ് & ഫോൺ ചാർജ്ജ്	7601
അച്ചടിയും ലേഖന സാമഗ്രികളും	16295.50
ഇലക്ഷൻ ചെലവുകൾ	21083
നിയമ സംബന്ധമായ ചെലവുകൾ	2272
ലൈബ്രറിയൻ ശമ്പളം	5653
പത്രമാസികകളുടെ ചെലവ്	4922.20
റോഡുകളുടെയും,പാലങ്ങളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും	101415
അൺടൈഡ് ഫണ്ട് വർക്കുകൾ	247546
തൂപ്പുകാരുടെ ശമ്പളം	12219
കടത്തുകാർക്കുള്ള പ്രതിഫലം	22933
ഡിപ്പോസിറ്റ് മടക്കിക്കൊടുക്കൽ	1468
മറ്റിനം	16901
ആകെ	**840475.70**

തുറവൂർ ഗ്രാമപഞ്ചായത്ത് 95-96 ലെ ചെലവ് വിവരങ്ങൾ

പ്രസിഡന്റിന്റേയും അംഗങ്ങളുടെയും അലവൻസും യാത്രപ്പടിയും	64,285
സെക്രട്ടറിയുടേയും സ്റ്റാഫിന്റേയും ശമ്പളവും, മറ്റ് അലവൻസുകളും പെൻഷൻ അംശാദായവും യാത്രപ്പടിയും	5,11,439.50
തൂപ്പുകാരുടെ ശമ്പളം	20933
കറന്റ് ചാർജ്ജ്	68,467
ഫോൺ ചാർജ്ജും തപാൽ ചെലവും	8, 768
അച്ചടിയും ലേഖന സാമഗ്രികളും	14280.25
ഇലക്ഷൻ ചെലവുകൾ	4263
ഓഫീസ് കണ്ടിജൻസി ചെലവുകൾ	14419
സ്കൂളുകൾക്കുള്ള അംശാദായം	
കേരളോൽസവം ചെലവുകൾ	4169
റോഡിയോയും, ടി.വി പ്രവർത്തനങ്ങളും	400
ലൈബ്രറിയൻ ശമ്പളം	15,902
പത്രമാസിക പുസ്തകം ചെലവ്	15000.50
അൺടൈഡ് ഫണ്ട്	85661
നിലത്തെഴുത്താശാൻ ഗ്രാന്റ്	2400
ചെറുകിട ജലസേചനം	11234
പട്ടി നശീകരണം	4669
റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും	29674
ഫാമിലി പ്ലാനിംഗ് പ്രോൽസാഹനം	500
കടത്തുകാർക്കുള്ള പ്രതിഫലം	21497
ഡ്രെയിനേജ് പണികൾ	9720
കെട്ടിട വാടക	3000
ഡിപ്പോസിറ്റ് മടക്കിക്കൊടുക്കൽ	6175
മറ്റിനം	21610
ആകെ	**938,466.25**


തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ വരവും ചിലവും – ഒരു താരതമ്യം
(തനതു വരവു ചിലവുകളുടെ അടിസ്ഥാനത്തിൽ)
Rs. in lakhs
9
8
7
6
5
4
3
2
1
91 - 92
92 - 93
93 - 94
94 -95
95 - 96
വരവ്
ചിലവ്

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഒരു നാടിന്റെ വികസന ത്തിന് ആ പ്രദേശത്തെ ഗതാഗത സൗകര്യം വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. വ്യാവസായിക മേഖലയിലായാലും കാർഷിക മേഖലയിലായാലും അവയുടെ വളർച്ചയിൽ ഒരു സുപ്രധാന പങ്ക് ഗതാഗതസൗകര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. വ്യവസായ മേഖലയെ എടുക്കുകയാണ് എങ്കിൽ ആവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനും അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കമ്പോളങ്ങളിൽ എത്തിക്കുന്നതിന് ഗതാഗതസൗകര്യത്തിന്റെ അനിവാര്യത നമുക്ക് ബോധ്യമാണ്. അതുപോലെ തന്നെ വളരെയധികം ആളുകൾക്ക് തൊഴിൽ നൽകുന്നതും സമുദ്രോല്പന്നങ്ങളുടെ സംസ്ക്കരണം നടത്തുന്നതുമായ പീലിംഗ് ഷെഡുകളിലേക്ക് സംസ്ക്കരണത്തിന് സമുദ്രോല്പന്നങ്ങൾ എത്തിക്കുന്നതിനും സംസ്ക്കരിച്ചവ തിരേ കൊണ്ടുപോകുന്നതിനും ഗതാഗതത്തിന്റെ അപര്യാപ്തത എത്ര കണ്ട് ബാധിക്കുമെന്നത് നമ്മൾക്ക് അറിയാൻ സാധിക്കുന്നതാണ്. ഇനി കാർഷികമേഖലയെ എടുക്കുമ്പോൾ കൃഷി ക്കാവശ്യമായ വളം എത്തിക്കുന്നതിന് പച്ചക്കറി യോ മറ്റു കാർഷിക ഉത്പന്നങ്ങളോ കമ്പോള ത്തിൽ എത്തിക്കുന്നതിന് ഗതാഗത സൗകര്യം ഒരു അനിവാര്യ ഘടകമാണെന്നുള്ളത് ബോധ്യ മാണല്ലോ. ഇങ്ങനെ മനുഷ്യ പുരോഗതിയെ വലിയ ഒരളവിൽ സ്വാധീനിക്കുന്ന ഒരു പ്രധാന പ്പെട്ട ഒരു ഘടകം അടിസ്ഥാന ഗതാഗത സൗകര്യമാണ് എന്ന് കാണാൻ കഴിയും. ഈ പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗങ്ങൾ റോഡും, അതു കഴിഞ്ഞാൽ റെയിൽ ഗതാഗതവും പിന്നെ ജല ഗതാഗതവും ആണ്. ഈ രണ്ട് രംഗത്തും ഇന്നുള്ള സൗകര്യങ്ങൾ വളരെ അപര്യാപതമാണെന്ന കാര്യം തീർച്ച. ആയത് ഈ പഞ്ചായത്തിന്റെ സാമ്പത്തിക വ്യാവസായിക കാർഷിക്മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് ആക്കം ക്കൂട്ടുന്നു.

1.റോഡുഗതാഗതം: ആദ്യമായി പഞ്ചായത്തിൽ ഇന്നുള്ള റോഡു സൗകര്യങ്ങൾ പരിശോധിക്കാം . പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടി തെക്കു വടക്കായി എൻ.എച് 47 കടന്നു പോകുന്നു. എൻ.എച് നു സാമാന്തര മായി റോഡിന് പടിഞ്ഞാറ് ചാവടികാരാളം തോട് റോഡും തീരദേശത്ത് പള്ളിതോട് അന്ധകാരനഴി തീരദേശ റോഡും കടന്നു പോകുന്നു. എൻ.എച് ന് കിഴക്ക് ന് സമാന്തരമായി വളമംഗലം കാവിൽ റോഡും കടന്നു പോകുന്നു. ഈ നാല് റോഡുകളാണ് പഞ്ചായത്തിലെ പ്രധാന ടാർ റോഡുകൾ. പിന്നെ ഈ റോഡുകളെ തമ്മിൽ ബന്ധിപ്പി ക്കുന്ന റോഡുകളാണ്. പഞ്ചായത്തിന്റെ വടക്കൻ അതിർത്തികളെ തമ്മിൽ ബന്ധിപ്പി ച്ചുകൊണ്ട് തൈക്കാട്ടുശ്ശേരി ഫെറിയിൽ നിന്നും ആരംഭിച്ച് പടിഞ്ഞാട്ട് തുറവൂർ തൈക്കാട്ട്ശ്ശേരി ഫെറി റോഡും, തുറവൂർ ചാവടി പള്ളിത്തോടു റോഡും, പുത്തൻ ചന്ത മനക്കോടം റോഡും ഉണ്ട്. കാവിൽ ഒളതല മീനപ്പള്ളി റോഡ് ടാറിംഗ് പൂർത്തീകരിച്ചിട്ടില്ല. ഇതിൽ നിന്നു തന്നെ ഒരു കാര്യം വ്യക്തമാണ്. എൻ.എച്ച് ന് സമാന്തരമായി പടിഞ്ഞാറെ ഭാഗ ത്ത് രണ്ടും കിഴക്ക് ഭാഗത്ത് ഒന്നും റോഡു കളുണ്ടെങ്കിൽ തന്നെയും ഇവയെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തി ന്റെ ഉൾപ്രദേശങ്ങളുടെ വികസനത്തിന് ഉദകുന്ന പ്രധാന രോഡുകൾ ഒന്നും നിലവിലില്ല.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ 17.950 കി:മീ ടാർ റോഡും 0.500 കി:മീറ്റർ മെറ്റൽ റോഡും 12.255 കി:മീ ഗ്രാവൽ റോഡുമുൾപ്പെടെ ആകെ 30.705 കി:മീറ്റർ റോഡുകളാണ് ഉള്ളത്. ശരാശരി 1.60 കി:മീറ്റർ റോഡുണ്ട്. ഇത് സംസ്ഥാന ശരാശരിയായ 3.20 കി:മീറ്ററിന്റെ പകുതി മാത്രമേ വരുന്നുള്ളു എന്ന് കാണാം. പഞ്ചായത്തിലെ ആകെ ടാർ ചെയ്ത റോഡ് 17.950 കി:മീറ്ററാണെന്ന് പറഞ്ഞുവല്ലോ. ? ഇതിൽ നിന്നും ഒരു ചതുരശ്ര കിലോമീറ്ററിന് 0.93 കി:മീറ്റർ റോഡ് മാത്രമേ ഉള്ളു എന്ന് കാണാം. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളം കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് കേവലം 70 സെൻറീ മീറ്റർ താഴെ ഉള്ളൂ എന്ന് കാണാം. ഇതു വരെ അപര്യാപതമാണുതാനും.

പഞ്ചായത്തിൽ ടാറിടാത്തവയിൽ പ്രധാനപ്പെട്ടത് വളമംഗലം കുത്തിയതോട് റോഡ് ടാർ ചെയ്തതിന്റെ ബാക്കി പുത്തൻ ചന്ത മനക്കോടം റോഡ് ടാർ ചെയ്തത് കഴിച്ച് ബാക്കി ഭാഗം. തോന്നിക്കൽ സൈറ്റ് മൂലേപ്പറമ്പ് ഐ.എച്ച്.ഡി.പി കോളനി റോഡ് പഴംമ്പള്ളിക്കാവ് കരീത്ര റോഡ്, കൂനശ്ശേരി തേവലപൊഴിക്കടവ് നെടുങ്ങാത്തറ റോഡ്, മുളക്കൽ ച്ചിറ പോൻവേലി കൊളനി റോഡ്, പുത്തൻ ചന്ത കടവിൽ തോട് റോഡ്, തൈക്കാട്ടുശ്ശേരി കടവിൽ നിന്നും വളമഗലം എച് എസ് റോഡ്, മഠത്തിൽ ഭഗവതിക്കൽ റോഡ്, പുത്തൻ ചന്ത പഴംപള്ളിക്കാവ് റോഡ്, ആല യ്ക്കാപറമ്പ് തോടയിൽ റോഡ്, കളരിക്കൽ ആലുങ്കൽ റോഡ്, തൈയ്യിൽ ഭൂതനിലം കൈപ്പോലിൽ, മന്നത്ത് പുളിത്തറ റോഡ് എന്നിവ യാണ്. ഇവയാകെ 6.20 കി:മീറ്റർ റോഡവരും റോഡുകളുടെ അപര്യാപതത വളരെയുള്ള വാർഡുകൾ 2,4,5,6,8,10,11 എന്നിവയാണ്.

പഞ്ചായത്തിൽ ബസ്സ് സർവ്വീസുകൾ പള്ളിത്തോട്, തൈക്കാട്ടുശ്ശേരി ഫെറി പുത്തൻ കാവ് പള്ളിത്തോട് അന്ധകാരഴി എന്നിവി ടെയ്ക്ക് മാത്രമാണുള്ളത്. പഞ്ചായത്തിന്റെ ഉൾ ഭാഗങ്ങളിലേയ്ക്ക് ബസ്സ് സർവ്വീസുകൾ ഒട്ടും തന്നേയില്ല. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറു നിന്നും തുറവൂർ കവല പുത്തൻ ചന്ത, പൊന്നാം വെളി ഇവിടങ്ങളിൽ ചെന്ന് ബസ്സ് കയറേണ്ട അവസ്ഥയാണ്. ബസ്സ് സർ വ്വീസ് നടത്തുന്നതിന് പാകമായിട്ടുള്ള വളമംഗ ലം കുത്തിയതോട് റോഡ് ഉണ്ടെങ്കിൽ തന്നെ നമ്മുടെ പഞ്ചായത്തിലല്ലാത്തകാവിൽ പള്ളിക്ക് തെക്കു വശത്തുള്ള പാലം പണിയാത്തതിനാൽ ബസ്സ് സർവ്വീസ് തടസ്സപ്പെട്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലല്ല എങ്കിൽ തന്നേയും ഈ പാലം പണിതാൽ പഞ്ചായത്തിലെ കിഴ ക്കെ പ്രദേശത്തുള്ളവർക്ക്കൂടുതൽ പ്രോയോ ജനമാകും. ആകയാൽ ഈ പാലം പണിക്ക് മുഗണന കൊടുക്കേണ്ടതാണ്. യാത്രാസൗകര്യം പരിഗണിക്കുമ്പോൾ ഉയർന്നുവരുന്ന പ്രധാന കാര്യം ദീർഘ ദൂര സർവ്വീസുകൾക്ക് തുറവൂരിൽ സ്റ്റോപ്പനുവദിക്കുകയെന്നതാണ്. ഇക്കാര്യം സജീവപരിഗണനയ്ക്ക് വിധേയമാകേണ്ടതാണ്.

തുറവൂരിൽ ഒരു ബസ്സ്റ്റാൻറ് ഇന്ന് നിലവിലില്ല. ആയതിനാൽ പഞ്ചായത്ത് വക ബസ്സ്റ്റാൻറ് ഏർപെടുത്തുകയും അതിനോട നുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിക്കുകയും ചെയ്താൽ അത് പഞ്ചായത്തിന് ഒരുസ്ഥിര വരുമാന മായിരിക്കുകയും ചെയ്യും. ആയതിനാൽ ഈ പദ്ധതിക്കും മുൻഗണന നൽകേണ്ടതാണ്.

പുത്തൻ ചന്ത പുത്തൻ കാവ് വഴി പള്ളിത്തോട് ബസ് സർവ്വീസ്, ചേർത്തല പാറ യിൽ പുത്തൻ കാവ് വഴി കുമ്പളങ്ങിക്ക് സർവ്വീ സ് എർപ്പെടുത്തേണ്ടതാണ്. പുത്തൻ കാവലി ലേക്കുള്ള ഇപ്പോളുള്ള സർവ്വീസ് തീരെ അപ

ര്യാപ്തമായതിനാൽ ചേർത്തലനിന്നും ഒരു മണിക്കൂർ ഇടവിട്ട് കെ.എസ്.ആർ.ടി.സി ബസ്സുകൾ ഈ പ്രദേശത്തേക്ക് സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. തീരദേശ റോഡിൽ കൂടിയുള്ള ബസ്സ് സർവ്വീസും വളരെ പരിമിതമാണ്. ആയതിനാൽ അന്ധകാരനഴി, ചെല്ലാനം, തോപ്പുംപടി പ്രദേശത്തേക്ക് കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തണം. ഇന്ന് നിലവിലുള്ള അന്ധകാരനഴി സർവ്വീസ് ചെല്ലാനം വരെ നീട്ടുന്നതും ഗുണകരമായിരിക്കും. ചേർത്തലയിൽ നിന്നും കാവിൽ വളമംഗലം വഴി കുത്തിയതോട്, ചേർത്തല നിന്നും കാവിൽ വളമംഗലം കുത്തിയതോട് വഴി എറണാകുളം എന്നീ സർവ്വീസുകളും പരിഗണിക്കേണ്ടതാണ്.

തെക്കാട്ടുശേരി ഫെറിയിൽ നിന്നും എറണാകുളത്തേക്കും ആലപ്പുഴയ്ക്കും, ചേർത്തലയിൽ നിന്നും കാവിൽ വളമംഗലം വഴി ചെല്ലാനത്തേക്കും ബസ്സ് സർവ്വീസ് നടത്തേണ്ടതാണ്. തുറവൂരിൽ നിന്നും പറശ്ശിനിക്കടവ്, ഗുരുവായൂർ, ചോറ്റാനിക്കര, എന്നിവിടങ്ങളിലേക്കും ബസ്സ് സർവ്വീസ് ആരംഭിക്കണം.

പട്ടിക 1

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരം

ക്രമ നമ്പർ	പേര്	ഉടമസ്ഥത	ദൂരം കി:മീ ടാർറോഡ്	ദൂരം കി:മീ മെറ്റൽ റോഡ്	ദൂരം കി:മീ ഗ്രാവൽ റോഡ്	വീതി മീറ്റർ	ബസ്സ് യാത്രാ സൗകര്യം
1.	തുറവൂർ -പൊന്നാംവെളി	NH	3.5			30	ഉണ്ട്
2.	തുറവൂർ - കുമ്പളങ്ങി	PWD	.75			8	ഉണ്ട്
3.	ചാവടി - പള്ളിത്തോട്	PWD	1			8	ഉണ്ട്
4.	പള്ളിത്തോട് - അന്ധകാരനഴി	PWD	3			8	ഉണ്ട്
5.	ടി.ഡി അമ്പലം-കാരാളം തോട്	PWD	3			8	ഉണ്ട്.
6.	തുറവൂർ - തൈക്കാട്ടുശ്ശേരി	PWD	1.5			7	ഉണ്ട്
7.	വളമംഗലം -കാവിൽ	PWD	3.5			7	ഇല്ല
8.	പുത്തൻ ചന്ത-മനക്കോടം	പഞ്ചായത്ത്	.4			7	ഇല്ല
9.	വളമംഗലം-കുത്തിയതോട്	"	1.4		.85	7	ഇല്ല
10.	വളമംഗലം-പുളിക്കത്തറ	"	.15			7	ഇല്ല
11.	പുത്തൻ ചന്ത-മനക്കോടം	"		.5	.4	7	ഇല്ല
12.	കാരാളംതോട് - അപ്രോച്ച്റോഡ്	"			.05	7	ഇല്ല
13.	പുത്തൻ ചന്ത- വളമംഗലം	"			.8	7	ഇല്ല
14.	അന്ധകാരനഴി - ഇല്ലിക്കൽ	"			1.45	7	ഇല്ല
15.	ആലക്കാപറമ്പ്-തോടയിൽതോട്	"			.6	7	ഇല്ല
16	മന്നത്ത് പുളിത്തറ	"			1	7	ഇല്ല
17.	വളമംഗലം പൊൻവേലി കോളനി കടവിൽ റോഡ്	"			.45	7	ഇല്ല
18.	വളമംഗലം-തേവലപ്പെഴി കടവ്	"			.6	7	ഇല്ല
19.	മന്നത്ത് -എസ്.സി.എസ് ഹൈസ്ക്കൂൾ	"			.5	7	ഇല്ല

20 തയ്യിൽ - ഭൂതനിലം- കൈപ്പോലി കോളനി	"		1.4	7	ഇല്ല
21. പഴമ്പള്ളിക്കാവ്-പട്ടത്താളി	"		.4	7	ഇല്ല
22 വളമംഗലം- ആഞ്ഞിലിക്കാപ്പള്ളി കോളനി	"		.15	7	ഇല്ല
23. വളമംഗലം പുളിത്തറ ക്കടവ്	"		.8	7	ഇല്ല
24.മനക്കോടംവെളിപ്പറമ്പ്	"		.45	7	ഇല്ല
25. ഗണപതിഅംമ്പലം കരേച്ചിറ	"		.25	7	ഇല്ല
26. ആലുങ്കൽ-വലിയകുളം	"		.3	7	ഇല്ല
27. ആഞ്ഞിലിക്കാപ്പള്ളി കോളനി	"		.25	7	ഇല്ല
28. വളമംഗലം-തോണിത്തോട്	"		.3	7	ഇല്ല
29. പുളിത്തറ ഹരിജൻ കോളനി	"		.15	7	ഇല്ല
30. തേവലപ്പൊഴി -കോങ്കേരി റോഡ്	"		.15	7	ഇല്ല
31. നെടുംമ്പറത്ത്- കടവിൽ തോട്	"		.15	7	ഇല്ല
32. പഴമ്പള്ളിക്കാവ്'കരീത്തറ	"		.2	7	ഇല്ല
33. എൻ.എച്ച് 47- വളമംഗലം	"		.3	7	ഇല്ല
34. മടത്തിൽ ഭഗവതിക്കൽ- ആയുർവേദ ആശുപത്രി	"		.2	7	ഇല്ല
35. പഞ്ചായത്ത് എൽ.പി.എസ് റോഡ്	"		.05	7	ഇല്ല
36. പഞ്ചായത്താഫീസ് റോഡ്	"		.055	7	ഇല്ല
37. ആലുങ്കൽ -കളരിക്കൽ	"		.5	7	ഇല്ല
38. തോണിക്കൽ സൈറ്റ് ഐ.എച്ച്.ഡി.പി	"		.5	7	ഇല്ല
ആകെ	17.95	.5	1255	7	ഇല്ല

മേൽ വിവരിച്ചിരിക്കുന്ന ഗ്രാവൽ റോഡുകൾ പലതും എൻ.എച്ചിൽ നിന്നും ആരംഭിച്ച് മറ്റു റോഡുകളിൽ ഒന്നും ചെന്നു ചേരാതെ ഇടയ്ക്കു വെച്ച് അവസാനിച്ചിരിക്കുകയാണ്. ഇതു മൂലം പഞ്ചായത്തിലെ ഉൾപ്രദേശങ്ങളെ എൻ.എച്ചുമായി യോജിപ്പിക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നു. അതിനാൽ പ്രധാനമായും ഊന്നൽ കൊടുക്കേണ്ടത് ഇത്തരം റോഡുകൾ കൂട്ടി യോജിപ്പിച്ച് ഒരു റോഡു ശൃംഘല തീർക്കുക എന്നതാണ്.എങ്കിൽ മാത്രമേ റോഡു കൊണ്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണതയിലെത്തുകയുള്ളു. പല ഗ്രാമസഭകളിൽ നിന്നും പ്രധാനമായും ഉയർന്നു വന്നതും ഇത്തരം ആവശ്യങ്ങൾ തന്നെയാണ്.

ഈ പഞ്ചായത്തിന്റെഒരു പ്രത്യേകത ഇതിൽ പ്പെട്ട പല തുരുത്തു കളുംനിലനിൽക്കുന്നു എന്നതാണ്. ഈ തുരുത്തുകളെ ബന്ധിപ്പിക്കുന്നതിന് നടപ്പാലങ്ങൾ അത്യന്താപേക്ഷി തമാണ്. തുരുത്തു നിവാസികൾക്ക് വികസനം എത്തിക്കുന്നതിനും റോഡ് ഗതാഗതം സുകര്യം ഒരു ക്കുന്നതിനും നടപാലങ്ങൾ പണിയുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ നടപ്പാലങ്ങൾ അത്യന്താപേക്ഷിതമായിട്ടുള്ളത് അനന്തൻകരി, പള്ളിക്കരി, പുതുവീട്ടിക്കരി,മാപ്പാട്ടക്കരി, കുട്ടൻചാൽ, പുതുവൽ നിവർത്ത് തുടങ്ങിയ പ്രദേശങ്ങളിലാണ്.

പുതിയ റോഡുകളുടെ നിർമ്മാണത്തെ പ്പറ്റി ആലോചിക്കുമ്പോൾ താഴെ പ്പറയുന്ന കാര്യങ്ങൾക്ക് പ്രധമ പരഗണന നൽകേണ്ടതാണ്.

1.പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന വളമംഗലം റോഡിന് കിഴക്ക് ഭാഗത്ത് പ്രത്യേകിച്ച് 2,3,4 എന്നീ വാർഡുകളിലും, ഒന്നാം വാർഡിലെ പണിക്കൻതുരുത്തു പ്രദേശത്തും ഓരു വെള്ളം കയറുന്നതുകൊണ്ട് ശുദ്ധജലക്ഷാമവും, ഗതാഗത സൗകര്യമി ല്ലാത്തതു കൊണ്ടുള്ള കടുത്ത യാത്രക്ലേശവും പരിഗണിച്ച് മേൽപ്പറഞ്ഞ വാർഡുകളെ തമ്മിൽ യോജിപ്പിച്ചു കൊണ്ട് വടക്ക് ചൂളയ്ക്കൽ നിന്നും ആരംഭിച്ച് കാടാതുരുത്ത് അമ്പലത്തിന് കിഴക്കുവശം കൂടി തുറവൂർ തൈക്കാട്ട് ശ്ശേരി ഫെറി പി.ഡ.ബ്ലി .യു.ഡി റോഡിനു കുറുകെ

വളമംഗലം പള്ളി യുടെ സമീപത്ത് കൂടി തെക്കോട്ട് വന്ന് കെ.പി.എം.എസ് ഭജന മഠത്തിന്റെപടിഞ്ഞാറു ഭാഗത്തുകൂടി കോങ്കേരി റോഡുമായി യോജിപ്പിച്ച്, തെരുവിൽ കിഴക്കുവശം വഴി തെക്കോട്ട് വന്ന് കടവിൽ തോടു മുതൽ കൊറ്റേത്ത് കോളനി വഴി വളമംഗലം ഹരിജൻ കോളനി വഴി പുത്ത ൻ തോട് മുട്ടുന്ന റോഡ്.

2. പള്ളിത്തോട് കടത്തുകടവിൽ നിന്നും തെക്കോട്ട് പൊഴിച്ചാലിനു സമാന്തര മായി മൂലേക്കളം വരെയുള്ള റോഡ്. ഈ പ്രദേശം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥല മാണ്.

3. തുറവൂർ കലാരംഗത്തിന് പടിഞ്ഞാറു വശത്തു നിന്നും തെക്കോട്ട് പട്ടത്താളി അമ്പലത്തിന് സമീപം വരെയുള്ള റോഡ്.

4. ചൊങ്ങംതറയിൽ നിന്നും കളിരിക്കൽ വഴി ടി.ഡി റോഡ്.

5. പടിഞ്ഞാറെ മനക്കോടത്ത് നിന്നും ഇണ്ടം തുരുത്ത് വഴി പള്ളിത്തോട് റോഡ്.

ഈ പഞ്ചായത്തിൽ പുതിയതായി ഏറ്റെടുത്തു നടത്തേണ്ട റോഡ് ഗതാഗതം സംബ ന്ധിച്ച മരാമത്തു പണികൾ പട്ടിക രണ്ടിൽ കൊടുക്കുന്നു.

പുതുതായി ഏറ്റെടുത്തു നടത്തേണ്ട റോഡുകൾ

വാർഡ് 1

1. വളമംഗലം കുത്തിയതോട് റോഡ് ടാറിംഗ്

2. ആലുംവരമ്പിൽ നിന്നും ആരംഭിച്ച് വളമംഗലം കുത്തിയതോട് റോഡിൽ ചേരുന്ന റോഡ്

3. വളമംഗലം കുത്തിയതോട് റോഡിൽ മാനവസഹായ സമിതി പരസരത്തു നിന്നും ആരംഭിച്ച് എൻ എച്ച. 47ൽ കുത്തി യതോട് സബ് രജിസ്ട്രാർ ആഫീസ് പരിസരത്ത് എത്തുന്ന റോഡ്.

4. പുരന്ദരേശ്വരം ക്ഷേത്രപരിസരത്തു നിന്നും ആരംഭിച്ച് വലിയ പാടം പ്രദേശത്ത് ചെന്നു ചേരുന്ന ക്രോസ് റോഡ്.

5. തെക്കേത്തറ ,കുത്തുത്തറ പടുവത്തിൽ, അമ്പാട്ടുതറ, കൊക്കരേഴത്ത് എന്നി വിടങ്ങളിൽ പാലം പണിയുക.

6. അമ്മഞ്ചേരിയിൽ നിന്നും ആരംഭിച്ച് പെട്രോൾ പമ്പിൽ നിന്ന് കിഴക്കോട്ട് വരുന്ന റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

വാർഡ് 2

1. തേവലപ്പൊഴി -ചൂളയ്ക്കൽ റോഡ്

2. നടുവിലേഴത്ത് -വല്യോടിറോഡ്

3. പള്ളത്ത്-കാരതുരുത്തിൽ റോഡ്

4. ചൂർണ്ണിമംഗലം-കൈതത്തറ റോഡ്

5. കണ്ണാട്ട് മുട്ടുംമ്പുറം റോഡ്

6. പുത്തേഴത്ത് - കരീത്തറ റോഡ്

7. മന്നത്ത് പുളിത്തറ റോഡ് ടാറിംഗ്

8. പാട്ടച്ചിറ - കൈതത്തറ, ചപ്പാടിത്തറ, ചൊങ്ങംത്തറ, പാണ്ടംങ്കേരിത്തറ എന്നിവിടങ്ങളിൽ പാലം പാണിയുക.

9. ആലുങ്കൽ മൂന്നു കണ്ടം റോഡ്.

വാർഡ് 3.

1. കോങ്കേരിൽ കടവിൽതോട് റോഡ്

2. വളമംഗലം ഹൈസ്ക്കൂൾ റോഡ്. വളമംഗലം കാവിൽ റോഡുമായി ബന്ധി പ്പിക്കുന്ന റോഡ്.

3. പൊൻവേലികോളനി-കല്ലു പീടിക റോഡ്.

4. കല്ലത്ത് ച്ചിറ കിഴക്കോട്ടാരംഭിച്ച് ഹൈസ്ക്കൂളിന് പടിഞ്ഞാറു ഭാഗം കൂടി തെക്കോട്ട് കൈപ്പോലി കോളനി റോഡ്.

5. ആയുർവേദ ആശുപത്രി കൈ പ്പോലി കോളനി വഴി എൻ.എച്ച് റോഡ്

6. മാടംഭാഗം-എൻ.എച്ച് റോഡ്

7. മുളയ്ക്കൽ- കണിയാമ്പറമ്പ് റോഡ്.

8. കലാരംഗം - തേങ്ങാത്തറ റോഡ്.

9. രണ്ടും മൂന്നും വാർഡുകളെ യോജിപ്പിച്ചു കൊണ്ട് ചേന്നന്റെ പ്രദേശത്ത് നടപ്പാലം.

10. പുളിത്തറയും അനന്തൻകരിയും തമ്മിൽ യോജിപ്പിക്കുന്ന നടപ്പാലം.

11. പള്ളിക്കരിയും ആലുങ്കൽ പ്രദേ ശവും തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാലം

12. പീടികത്തറ കടവിൽ കിഴക്കു പടിഞ്ഞാറും തെക്ക് വടക്കും ഓരോ നടപ്പാലം.

13. കല്ലു പീടിക - പൊതുവീട്ടിക്കരി നടപ്പാലം.

14. കടവിൽ തോട് മാപ്പിളാട്ട് കരി നടപ്പാലം

15. കടവിൽ തോടിൽ 3ഉം4 ഉം വാർഡുകൾ തമ്മിൽ യോജിപ്പിക്കുന്ന,പാലം.

16. കടവിൽ തോടിൽ കിഴക്കും പടിഞ്ഞാറും തമ്മിൽ യോജിപ്പിക്കുന്ന നടപ്പാലം.

17. പൊൻവേലി കൊളനി, പള്ളിക്കരി, അനന്തൻരി, തേങ്ങാത്തറ എന്നി വിടങ്ങളിലെ പാലം.

18. കൊച്ചു തറ കിഴക്കും പടി ഞ്ഞാറും യോജിപ്പിച്ചു കൊണ്ടുള്ള പാലം

19. അരിമ്പൂരടിത്തറ - തേങ്ങാ ത്തറപ്പാലം.

20. വടക്കേ മാടാത്തറയിൽനടപ്പാലം

21. തെരുവിൽ നിന്നും കിഴക്കോട്ട് നടപ്പാത

22. കോങ്കേരിൽ നിന്നുംകിഴക്കോട്ട് നടപ്പാത.

വാർഡ് 4.

1. പഴമ്പള്ളിക്കാവിൽ നിന്ന് തെ ക്കോട്ട് എസ്. എൻ.ഡി.പി ഓഫീസ് വഴി ഹരി ജൻ കോളനി റോഡുമായി ബന്ധിപ്പിക്കുന്ന റോ ഡ്.

2. കടവിൽ തോട്- കൊറ്റേത്ത് കോ ളനി -മൂലേപ്പറമ്പ് റോഡ്

3. പഴമ്പള്ളിക്കാവ് - കരീത്തറ ഹരിജൻ റോഡ്

4. ശ്രു ഭൂതനില ക്ഷേത്രം - പത്മാ ശാലിയ സഭ ഓഫീസ് റോഡ്

5. വളമംഗലം കാവിൽ റോഡിൽ നിന്നും കോച്ചു പറമ്പിൽ തെക്കു വശം കൂടി കിഴക്കോട്ട് ആരംഭിച്ച് കടവിൽ തോട് -കൊറ്റേത്ത് കോളനി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

6. കടവിൽ തോടുമുതൽ പുത്തൻ തോട് വരെ കായൽ തീരം വഴിയുള്ള റോഡ്.

7. ശ്രീ ഭൂതനിലം ക്ഷേത്രം -ഭൂതനിലം ഹരിജൻ കോളനി റോഡ്.

8. വടേക്കുറ്റമ്പലം -കൊറ്റേത്ത് കോളനി റോഡ്.

9. പുത്തൻ തോട്- വയാലാർ നടപ്പാലം.

10. പ്രാക്റ്റ് കരി-മൂലേപ്പറമ്പ് കടവ് , ബന്ധിപ്പിക്കുന്ന തൂക്കുപാലം.

വാർഡ് 5

1. കലാരംഗം- തേങ്ങാത്തറ വഴി കോണുത്തറ റോഡ്.

2. തുറവൂർ ദേവസ്വം-കളരിക്കൽ റോഡ്

3. വില്ലേജ് ഓഫീസ്-പള്ളികീഴുമന റോഡ്

4. നരയൻറമ്പ് അംഗൻ വാടി റോഡ്

5. മഠത്തിൽ ഭഗവതി ക്ഷേത്രം-കൈപ്പോലി കോളനി റോഡ്

6. എൻ.എസ്സ്.എസ് കരയോഗം - തേങ്ങാത്തറ റോഡ്

7. കോൺവൻറ് - അരിമ്പൂരടി ത്തറ റോഡ്

8. ശ്രീ വിദ്യ- കളരിക്കൽ വായനശാല റോഡ്

9. പൊൻവീട് - എൻ.എച്ച് 47 റോഡ്

10. പൊക്കിരിൽ -പൊയ്കയിൽ മഠം റോഡ്

11. വാളേകാട്ട് ചിറ , വളയംകണ്ടം, നരയൻറമ്പിൽ, മഠത്തിൽ കിഴക്ക്, ഏണിശ്ശേരി, ചെഞ്ചേരി മഠം വടക്ക് എന്നിവിടങ്ങളിൽ പാലം.

വാർഡ് ആറ്

1. കളിരിക്കൽ -ടി.ഡി റോഡ്

2. കളരിക്കൽ തോട്ടുംങ്കര റോഡ്

3. റെയിൽവേയ്ക്ക് ഇരുവശങ്ങളിലും സ്മാന്തര റോഡ്

4. ചൊങ്ങംന്തറ കളരിക്കൽ റോഡ്

5. കളരിക്കൽ ദേശതോട് പാലം

6. ദേശതോട്ടിൽ അറയ്ക്കൽ പാലം

7 ദാശതോടു പാലം

വാർഡ് 7

1.തോടയിൽ- മിൽമാഫക്ടറിക്ക് വടക്കുഭാഗത്തുകൂടി പോകുന്ന റോഡ്

2. പുത്തൻ ചന്ത -പട്ടത്താളിപാലം റോഡ്.

3. എൻ.എച്ചിൽ മിൽമാ സ്റ്റോപ്പിൽ നിന്ന് പടിഞ്ഞോട്ട് റെയിൽവേയിലെത്തുന്ന രോഡ്.

4. കാലിത്തീറ്റ ഫാക്ടറിക്ക് വടക്ക് എൻ.എച്ചിൽ നിന്ന് കിഴക്കോട്ട് പട്ടത്താളിയിലെത്തുന്ന റോഡ്.

5.പുത്തൻ ചന്ത കടവിൽ തോട് റോഡ് ടാർ ചെയ്യുക

6. എൻ.എച്ച് 47ൽ നിന്നും തുറവൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിന് വടക്കു ഭാഗത്തുകൂടി കിഴക്കോട്ട് അമ്പനാട്ട് വരെയുള്ള റോഡ്

7. എൻ.എച്ച് 47ൽ നിന്നും പെട്രോൾ പമ്പ് മുതൽ കായൽ തീരം വരെയുള്ള റോഡ്.

8. ഐ.റ്റി.സിയുടെ വടക്കു ഭാഗത്തുകൂടി പടിഞ്ഞാറ് ചാൽപ്പുറം വരെയുള്ള റോഡ്

9. പട്ടണക്കാട് നാലാം വാർഡിന്റെ വടക്ക് അറ്റത്ത് നിൽക്കുന്ന റോഡ് തോടയിൽ മിൽമാഫക്ടറിക്കു വടക്കുഭാഗം റോഡുമായി ബന്ധിപ്പിക്കണം.

10. ഈരേപ്പറമ്പ് പാലം7ഉം 8ഉം വാർഡുകൾ ചേരുന്ന ചിങ്ങംന്തറപ്പാലം ചോഴികപ്പള്ളിപ്പാലം ചള്ളിയിൽ പാലം, കളത്തിൽ പാലം.

11. വിവിധ സ്ഥലങ്ങളിലായി 10 സ്ലാബ് പാലങ്ങൾ.

12. വനിതാ കൈത്തറി സൊസൈറ്റി മുതൽ വടക്കോട്ട് ആലക്കാപറമ്പ് റോഡുമായി ബന്ധിക്കുന്ന റോഡ്.

വാർഡ് 8

1.ചുടുകാട് - ചെർണാട്ടു ലക്ഷം വീടു കോളനി റോഡ്.

2. ചാലുങ്കൽ - പുത്തൻ വീടു കോളനി

3. പുത്തൻ കാവ് - വെട്ടിയകാട് റോഡ്

4. വെളീത്തറ, വള്ളാന്തറ വഴി ചാൽപ്പുറം റോഡ്.

5. മാനകോടം പള്ളിക്കു കിഴക്ക് ഭാഗത്ത് നിന്ന് ചുടുകാടു വഴി കാരാളം തോട് റോഡ്.

6. പുത്തൻ കാവ് ലക്ഷം വീട് കൊളനിവഴി ചാൽപ്പുറം റോഡ്.

7. കാരാളം തറ, അരിപ്പച്ചാൽ വെളീച്ചിറസ ബീച്ച് കടവ്, കരേച്ചിറ എന്നിവിട ങ്ങളിൽ പാലങ്ങൾ.

വാർഡ് 9

1.വടക്കോടം പള്ളിമുതൽ അഞ്ചു തെങ്ങു തറവഴി അന്ധകാരനഴി റോഡ്.

2. ചാവടി പാടിഞ്ഞാറെപ്പാലം മുതൽ തെക്കോട്ട് കരിനിലത്തിനു കിഴക്കായി വെട്ടിയകാടു റോഡ്.

3. .ആലുങ്കൽ ഗണപതിക്ഷേത്രം മുതൽ കുറ്റിടവരെ റോഡ് മെറ്റൽ ചെയ്യുക.

4. മനക്കോടം - ചിറവഴിറോഡ്

5. മനകക്കോടം - സി.പി.എസ് നു പടിഞ്ഞാറു ഭാഗം മുതൽ ആലുങ്കൽ വരെയുള്ള റോഡ്.

6. ചനക്കോടം പള്ളിക്കു വടക്കു - കിഴക്കോട്ടുള്ള റോഡ് പുനഃരുദ്ധരിക്കുക

7. അരേക്കടവു പാലം, തെട്ടങ്കര പ്പാലം, വലിയകുളംപാലം എന്നിവ പുതുക്കി പണിയുക.

8. ഉള്ളാ ചിറ, കുറ്റിട,കരേച്ചിറ, പടന്നേൽ, കോണിയിൽ, പൊഴിച്ചിറ ചേനപ്പറമ്പിൽ എന്നീ പ്രദേശങ്ങളിൽ സ്ലാബു പാലങ്ങൾ പണിയുക.

9. കുരുശുങ്കൽ തോട്ടിൽ നിന്നും വടക്കോട് കുന്നേൽ ഭാഗത്തു കൂടി മുതുകേൽ തോടുവരെ റോഡ്.

വാർഡ്. 10

1.മുതുകേൽ തോടുപാലം - അംബേദ്കർ കോളനി തൊപ്പുവിന്റെ തോടു റോഡ്.

2. നീലാണിത്തറ തോട് - വാലയിൽ തോട്, ഇണ്ടം തുരുത്തിൽ, പുന്നയ്ക്കൽ തോട് എന്നിവിടങ്ങളിൽ പാലം പണിയുക.

3. പനയ്ക്കൽ - ഇണ്ടം തുരുത്തി റോഡ്.

4. വിവധ സ്ഥലങ്ങളിലായി 15 സ്ലാബ് പാലങ്ങൾ.

5. വാലയിൽ തോട് പാലത്തിൽ നിന്നും പൊഴിച്ചിറ വരെ സമാന്തര റോഡും.

വാർഡ് 11

1.ഇല്ലിക്കൽ കവല - തൊപ്പുവിന്റെ തോട് റോഡ്.

2. പാട്ടംപള്ളി - പുതുവൽ നിവർത്ത് കോളനി വഴി ഇല്ലിക്കൽ കവല റോഡിലെത്തുക.

3. കളത്തിൽ പഞ്ചായത്ത് പാലം ഉതൽ കിഴക്കോട്ട് മാളിക ച്ചിറ വഴി വാക്കയിൽ കടത്ത് വരെ റോഡ്.

4. പ്രതിഭ പഞ്ചായത്ത് പാലം - പഞ്ചായത്ത് കോളനി റോഡ്.

5. കൈരളി സ്റ്റോപ്പ് മുതൽ കിഴക്കോട്ട് വടക്കോട്ട മാതപ്പന്റെ കടത്തുക കടവ് വരെ റോഡ്.

6. കമ്മീഷൻ തറപുതുവൽ നിവർത്ത് തോട്.

7. കിഴക്കേ തരിശിൽ വടക്കുവശത്തുള്ള തോടിന് നടപ്പാലം

8.കടവിൽ കടപ്പുറത്ത് അരിപ്പച്ചാലിന് നടപ്പാലം.

9. തൊപ്പുവിന്റെ തോടിന് കിഴക്കു ഭാഗത്ത് പാലം

10. ഷാപ്പുതറ നടപ്പാലം.

11. പാട്ടംചിറയിൽ നടപ്പാലം.

പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് നില വിലുള്ള നീർച്ചാലുകൾ നികർത്തുമ്പോൾ വർഷകാലത്ത് വെള്ളം വാർന്നു പോകാതെ വെള പൊക്കക്കെടുതികൾ ഉണ്ടാകുന്നതായി കാണാം. ഇത്തരം സ്ഥിതി വിശേഷം മേലിൽ ഉണ്ടാവാ തിരിക്കാൻ റോഡു നിർമ്മാണ സമയത്ത് തന്നെ നീർ വാർച്ച തയടപ്പെടാതിരിക്കാനുള്ള നട പടികൾ സ്വീകരിക്കണം.

നിലവിലുള്ള റോഡുകളുടെ പാർശ്വങ്ങളിൽ സ്ഥലം സമീപവാസികൾ കൈയ്യേറുകയും തൻമൂലം ഗതാഗത തടസ്സത്തിന് പലപ്പോഴും ഇടയാകുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം കാണുവാൻ സാധിക്കു ന്നുണ്ട്. അതിനാൽ റോഡു കൈയ്യേറ്റം ഒഴിവാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളും മറ്റും വള്ളങ്ങളിൽ കൊണ്ടുവന്നിറക്കുന്ന ഒരു പ്രധാനപ്പെട്ട സ്ഥലമാണ് തൈക്കാട്ടുശ്ശേരി ഫെറിയിലുള്ള ലാൻറിംഗ് പ്ലെയിസ് . സ്ഥല പരിമിതിമൂലം പലപ്പോഴും സാമഗ്രികൾ കുന്നുകൂടി യാത്രക്കാർക്കും അസൗകര്യം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ ലാൻറിംഗ് പ്ലെയിസിന് കൂടുതൽ സ്ഥല സൗകര്യ മേർപ്പെടുത്തണം.

റെയിൽ ഗതാഗതം.

ആലപ്പുഴ - എറണാകുളം തീരപ്രദേശ റെയിൽപ്പാത പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. തുറവൂർ റെയിൽവേ സ്റ്റേഷൻ ഉണ്ടങ്കിൽ തന്നേയും സ്റ്റേഷൻ കുത്തിയതോട് പഞ്ചായത്തതിർത്തിയിലാണ്. സ്ഥിതി ചെയ്യുന്നത്.

ബസ്സ് യാത്ര ഒരു ദുരിതമായിരുന്ന കലാഘട്ടത്തിലാണ് ആലപ്പുഴ - എറണകുളം റെയിൽപാത ഉൽഘാടനം ചെയ്തുകൊണ്ട് ജനങ്ങളുടെ യാത്രാ സൗകര്യങ്ങൾക്ക് മുതൽ കൂട്ടായത്. എന്നാൽ ഇപ്പോൾ ട്രെയിൻ യാത്ര ദുരിതപൂർണ്ണമായിരിക്കായാണ്. രാവിലെ എറണാകുളത്തിനും വൈകിട്ട് തിരിച്ച് എറണാകുളത്ത് നിന്നുമുള്ള ട്രെയ്നുകളിൽ

കയറിപ്പറ്റാൻതന്നെ ദുഷ്ക്കരമായി തീർന്നിരിക്കുന്നു. ട്രെയ്നിലെ ടോയ്ലറ്റിൽ പോലും യാത്രക്കാർ തിങ്ങി നിറഞ്ഞ് പലപ്പോഴും ട്രെയനിനിൽ കയറാൻ സാധിക്കാതെ തിരികെ പോരേണ്ട അവസ്ഥ പോലും വന്നു ചേരുന്നു.

ഈ സ്ഥിതിക്ക് ഒരു മാറ്റം വരുന്നതിന് രാവിലേയും വൈകിട്ടുമുള്ള ട്രെയിനുകളിൽ കൂടുതൽ ബോഗികൾ ഏർപ്പെടുത്തണം. അതുപോലെ ട്രെയിനുകളുടെ സമയ ക്രമം നിശ്ചയിച്ചിട്ടുള്ളതും പൊതു ജനസൗകര്യം പരിഗണിച്ചല്ല. എറണാകുളത്തേക്കുള്ള ട്രെയ്ന് രാവിലെ 9മണിയോടു കൂടി എറണാകുളത്ത് എത്തിച്ചേരുന്നത് കേന്ദ്ര ഗവൺമേൻറ് ജീവനക്കാർക്കും, മറ്റ് കമ്പനി ജീവനക്കാർക്കും ഉതകുമെങ്കിലും രാവിലെ 10 മണിയോടുകൂടി എറണാകുളത്ത് എത്തുന്ന ട്രെയിൻ ഏർപ്പെടുത്താത് സംസ്ഥാന ജീവനക്കാർക്കും, മറ്റ് അനേകം യാത്രകാർക്കും ഒരു പോലെ അസൗകര്യമായിരിക്കുന്നു. ഇതിനു പരിഹാരമായി രാവിലെ 11 മണിയോടു കൂടി എറണാകുളത്ത് എത്തുന്ന ട്രെയിൻ 10മണിക്ക് എത്തിച്ചേരുന്ന വിധത്തിൽ പുനഃ ക്രമീകരിക്കേണ്ടതാണ്. ഇത് തന്നേയാണ് വൈകിട്ട് എറണാകുളത്ത് നിന്നും ആലപ്പുഴയ്ക്ക് പുറപ്പെടുന്ന ട്രെയ്നുകളുടെ അവസ്ഥയും. ഇപ്പോൾ 4.15 ന് പുറപ്പെടുന്ന ട്രെയ്ൻ 5 മണിക്ക് ശേഷം പുറപ്പെടത്തക്ക നിലയിൽ പുനഃക്രമീ കരിക്കേണ്ടതാണ്.

അതിപ്രശസ്ഥമായ തുറവൂർ മഹാക്ഷേത്രം തുറവൂർ തിരുമല ക്ഷേത്രം പുരാതനമായി മനക്കോടം പള്ളി സംസംകൃത സർവ്വകലാശാലയുടെ നീജിയണൽ സെൻറർ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പ്രവർത്തിക്കുന്ന തുറവൂരിലേക്ക് പല സ്ഥലത്തു നിന്നും വളരെ അധികം യാത്രക്കാർ നിത്യേന വരുകയും പോവുകയും ചെയ്യുന്നതിനാൽ തുറവൂർ സ്റ്റേഷനിൽ നിന്നും വളരെ ആളുകൾ ട്രെയിനിൽ യാത്ര ചെയ്യുന്നു. മദ്രാസ്-ആലപ്പുഴ, നാഗർകോവിൽ - ഗുരുവായൂർ എന്നീ ട്രെയി നുകൾക്ക് ഇപ്പോൾ തുറവൂരിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രാധാന്യം കണക്കി ലെടുത്ത് തുറവൂർ സ്റ്റേഷനിൽ എല്ലാ എക്സ പ്രസ് ട്രെയിനുകളും നിർത്തുന്നതിന് സ്റ്റോപ്പ നുവദിക്കേണ്ടതും എല്ലാ ട്രെയിനുകൾക്കും റിസ ർവ്വേഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

റെയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

1. സ്റ്റേഷനിൽ കിഴക്കു വശത്ത് പ്ലാറ്റ് ഫോം പണിയുക

2. സ്റ്റേഷനിൽ സൈക്കിൾ, സ്ക്കൂട്ടർ സ്റ്റാൻറ് ഏർപ്പെടുത്തുക.

3.അനൗൺസ്മെൻറ് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

4. തുറവൂർ - പള്ളിത്തോട് റോഡിൽ റെയിൽ വേ ഓവർ ബ്രിഡ്ജ് പണിയുക

5. പുത്തൻചന്ത - മനക്കോടം റോഡി ൽ ലവൽ ക്രോസിൽ വാച്ചുമാനെ നിയമിക്കുക

6. ഗുഡ്സ് സ്റ്റേഷൻ നിർമ്മിക്കുക

7. റെയിൽവേ പാഴ്സൽ ബുക്കിംഗ് ഓഫീസ് ആരംഭിക്കുക.

8. പടിഞ്ഞാറും കിഴക്കുമുള്ള പ്ലാറ്റ് ഫോമുകൾ ബന്ധിപ്പിക്കുന്നതിന് ഫ്ലൈ ഓവർ നിർമ്മിക്കുക.

9.റെയിൽവേ ലെയിനി സമാന്തര റോഡ് നിർമ്മിക്കുക.

ജലഗതാഗതം

പഞ്ചായത്തിൻെറ കിഴക്കൻ അതിർത്തിയായ വേമ്പനാട്ടു കായലുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശങ്ങൾ ജലഗതാഗതത്തിന് സൗകര്യപ്രദമാണ്. പാണാവള്ളി, പൂച്ചാക്കൽ, പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി മുതലായ സ്ഥലങ്ങളിൽ പോകുന്നതിന് ജനങ്ങൾക്ക് തൈക്കാട്ടുശ്ശേരി ഫെറികടക്കേണ്ടി വരുന്നു പ്രസ്തുത സ്ഥാനത്ത് വാഹനങ്ങൾ കയറ്റി പോകാവുന്ന ജംങ്കാർ സർവ്വീസ് ഏർപ്പെടു ത്തേണ്ടതുണ്ട്. ഇവിടെ ആവശ്യമായ സ്ഥലം ലഭ്യമാക്കി കടമുറികളും മറ്റും പണിയുന്നത് പഞ്ചായത്തിന് ഒരു മുതൽ കൂട്ടും സ്ഥിരം വരുമാനം തരുന്നതുമായിരിക്കും

നിലവിലുള്ള ജലഗതാഗത മാർഗ്ഗങ്ങൾ

1. തൈക്കാട്ടശ്ശേരി ഫെറി.

2. പുളിത്തറ തൈക്കാട്ട്ശ്ശേരി കടത്ത്.

3. കടവിൽ തോട് കുട്ടൻ ചാൽ കടത്ത്.

4. വാക്കയിൽ കടത്ത്

നിർദ്ദേശങ്ങൾ

1.പണിക്കം തുരുത്ത് മുതൽ 1,3,4,5,7 വാർഡുകൾ ഉൾപ്പെടുന്ന തോണിത്തോട് കാവിൽ ഭാഗത്ത് ചേരുന്നു, ഈ തോട് ആഴം കൂട്ടി വീതി വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

2. തൈക്കാട്ട്ശ്ശേരി കടവിൽ വാഹനവും കയറ്റി അയക്കുന്ന ജംങ്കാർ സർവ്വീസ് ആരംഭിക്കണം.

3. തോണിക്കൽ സൈറ്റ് മൂലേപറമ്പ് ഐ.എച്ച്.ഡി.പി കോളനി റോഡിൻെറ കിഴക്കേ അറ്റത്ത് നിന്നുള്ള കടവിൽ നിന്നും പള്ളിപ്പുറത്തേക്ക് പോകുന്നതിനുള്ള കടത്തും ഉണ്ടാകേണ്ടതാണ്. ദേശിയ ജലപാതയിൽ നിന്നും എൻ.എച്ച് 47ലേക്ക് ബന്ധപ്പെടാവുന്ന ഒരു കടവായി ഇതിനെ ഉപയോഗിക്കാവുന്നതാണ്.

4. തൈക്കാട്ട് ശ്ശേരി കായലിന് കുറുകെ തുറവൂർ ഗ്രാമപഞ്ചായത്തും തൈക്കാട്ടു ശ്ശേരി ഗ്രാമപഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പരിഗണിക്കേണ്ടതാണ്.

ഊർജ്ജം

തുറവൂർ പഞ്ചായത്തിലെ ഗാർഹിക മേഖലയിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറകും വൈദ്യുതിയും മണ്ണെണ്ണയുമാണ്.

പാചകത്തിനും മറ്റു ഗാർഹിക ആവശ്യത്തിനും വെളിച്ചത്തിനും മറ്റുമാണ് ഈ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നത്.

ഊർജ്ജ ഉപയോഗം പാചകത്തിന്

	സ്രോതസ്സ്	കുടംബങ്ങളുടെ എണ്ണം
1.	എൽ..പി.ഗ്യാസ്	2 75
2.	മണ്ണെണ്ണ	463
3.	വിറക്	4579

5317 വീടുകൾ ഉള്ളതിൽ സാമ്പത്തിക സാമൂഹീക സർവ്വേ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള വിവരങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പാചകാവശ്യത്തിന് 86.12 % വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. ബ യോഗ്യാസ് ഉപയോഗിക്കുന്ന വീടുകളും പഞ്ചായത്തിൽ ഉണ്ട്. എന്നത് എടുത്ത് പറയേണ്ടതാണ്. തെങ്ങിൽ നിന്നുള്ള വസ്തുക്കൾ ആണ് പാചകത്തിനായി ഏറ്റവും കൂടുൽ ഉപയോഗിക്കപ്പെടുന്നത്. വിലകൊടുത്ത് വാങ്ങുന്ന വിറകുംപാചകാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. ശരാശരി ഒരു വീട്ടാവശ്യത്തിന് ദിനം പ്രതി നാലു കിലോ വിറക് കണകാക്കിയാൽ തന്നെ ഒരു ദിവസത്തെ ആകം ഉപയോഗം 18316 കിലോ വിറകും പ്രതിമാസം 549480 കിലോ വിറകും എന്നു കാണാം ഒരു കിലോ വിറകിന് 1.40 പൈസ വിലകൂട്ടിയാൽ തന്നെ ഈ ഇനത്തിൽ പ്രതി മാസം 769672 രൂപ പഞ്ചായത്തിലാകെ ചെല വഴിക്കപ്പെടുന്നതായി കാണാം.

5.17% വീടുകളിൽ മാത്രമാണ് എൽ.പി. ഗ്യാസ് ഉപയോഗിക്കുന്നത്. നല്ല സാമ്പത്തിക ശേഷിയുള്ള ഒരു ചെറിയ ശതമാനം വീടുകൾക്ക് മാത്രമേ എൽ.പി.ഗ്യാസ് ലഭ്യമായിട്ടുള്ളു. 8.70% വീടുകളിൽ പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗിച്ചു വരുന്നു. മണ്ണെണ്ണയുടെ ലഭ്യത കുറവായതിനാൽ വളരെകുറച്ച് വീടുകളിൽ മാത്ര മേ പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കപ്പെടുന്നുള്ളു. മേൽപ്പറഞ്ഞതിൽ നിന്ന് ദിനം പ്രതി 549480 കിലോ വിറക് പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നതായി കാണാം തൻ മൂലം വൻ തോതിൽ വനനശീകരണത്തിനും

പരിസ്ഥി തി പ്രശ്നത്തിനും ഇത് ഇടയാക്കുന്നു. അന്തരീക്ഷ മലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും വന നശീകരണം കാരണ മാകുന്നുണ്ട് താനും ആയതിനാൽ വിറകിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം ആവശ്യമാണ്.

സാധാരണയായി മൂന്നു കല്ലുകളുപോയി ഗിച്ചുള്ളഅടുപ്പും ഊർജ്ജവ്യയം കുറയ്ക്കു ന്നതിനുള്ള (ദക്ഷത കൂടിയ) അടുപ്പുമാണ് ഉപ യോഗിച്ചു വരുന്നത്. 4579 കുടുമ്പങ്ങൾ വിറക് ഉപയോഗിച്ച് പാചകം ചെയ്യുന്നിടത്ത് കേവലം 275 കുടുബങ്ങളിൽ മാത്രമാണ് ദക്ഷത കൂടിയ അടുപ്പ് ഉപയോഗത്തിലുള്ളത് ഇത് വെറും 6% മാത്രമാണ്. ആയതിനാൽ ബാക്കിയുള്ള വീടു കളിലും ദക്ഷത കൂടിയ അടുപ്പ് പ്രാവർത്തിക മാക്കിയാൽ വിറകിന്റെ ഉപയോഗം ഗണ്യ മായി കുറക്കാൻ സാധിക്കും ഇതിന് ഒരു കർമ്മ പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ പഞ്ചാ യത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

96ൽ നടത്തിയ സാമൂഹിക സാമ്പത്തിക ർവ്വേപ്രകാരം ഈ പഞ്ചായത്തിൽ 579 കുടും ബങ്ങളിൽ പശുക്കളെ വളർത്തുന്നതായി കാണാം. ഏകദേശം 1400 പശുക്കൾ പഞ്ചാ യത്തിൽ ആകെ വളർത്തപ്പെടുന്നുണ്ട്. ഇതിൽ നിന്നുള്ള ചാണകം ഇന്ന് വളമായി മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളു. ഈ ചാണകം ഗോബർ ഗ്യാസിനായി ഉപയോഗപ്പെടുത്തുക യാണെങ്കിൽ വിറകിന്റെ ഉപഭോഗം വളരെ കുറക്കാവുന്നതാണ്. ഇതിനായി പഞ്ചായത്ത് മുൻ കൈയ്യെടുത്ത് ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു കർമ്മ പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1.ഭൂരിപക്ഷംവീടുകളിലും പാചകാ വശ്യത്തിന് വിറക് ഉപ്യോഗിക്കുന്ന തിനാൽ അന്തരീക്ഷ മലിനീകരണത്തിനും വന നശി കരണത്തിനും പരിസ്ഥിതി പ്രശ്ന ങ്ങൾക്കും ഇത് ഇടയാക്കുന്നു.

2. തെങ്ങിൽ നിന്ന് കിട്ടുന്നതും മറ്റു വൃക്ഷ ങ്ങളിൽ നിന്ന് ലഭ്യമാകുന്നതുമായ ജൈവ വസ്തുക്കൾ ഇന്ന് വേണ്ടത്ര ലഭ്യമല്ല. ആയതിനാൽ പുറമേ നിന്ന് വിറകിനെ ആശ്രയിക്കേണ്ട അവസ്ഥയാണ്.

3. ബഹു ഭൂരിപക്ഷം വീടുകളിലും കല ടുപ്പുകൾ ഉപയോഗിക്കുന്നത് ഊർജ്ജ വ്യയ ത്തിനും സാമ്പത്തിക നഷ്ടത്തിനും ഇടയാ ക്കുന്നു.

പരിഹാരങ്ങൾ

1. വിറകാവശ്യത്തിനായി വനവൽക്കര ണത്തിനുള്ള പ്രചാരണം നൽകുകയും പൊതു സ്ഥലങ്ങളിലും പുറമ്പോക്ക് ഭൂമികളിലും മരങ്ങൾ നട്ട് വളർത്തുകയും ചെയ്യണം.

2. നിലവിലുള്ള പ്രാചീന കല്ലടുപ്പുകൾ ദക്ഷത കൂടിയ അടുപ്പുകളായി അടുത്ത രണ്ട് വർഷത്തിനകം മാറ്റി സ്ഥാപിക്കണം.

3. ഊർജ്ജം ലഭിക്കുവാനുതകുന്ന പാചകരീതികളുടെ പ്രചരണം സോളാർ അടുപ്പു കളുടേയും മറ്റും ഉപയോഗത്തെ പറ്റിയുള്ള ബോധവൽക്കരണം.

വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് ഒറ്റപ്പുന്ന, തൈക്കാട്ടുശ്ശേരി എന്നീ സബ് സ്റ്റേഷനുകളിൽനിന്നുമാണ്. പഞ്ചായ ത്തിലാകെ 5317 വീടുകളുള്ളതിൽ 3263 വീടുകളിൽ വിദ്യുച്ഛക്തി ലഭിച്ചിട്ടുണ്ട്. ബാക്ക 2054 വീടുകളിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ ഉപഭോക്താക്കളുടെ എണ്ണവും പ്രതിമാസ വൈദ്യുത ഉപഭോഗവും താഴെ ചേർക്കുന്നു.

	എണ്ണം	ഉപഭോഗം
ഗാർഹികം	3263	1,83615 യൂണിറ്റ്
വ്യാപാരം	588	49119 "
വ്യാവസായികം	94	153324 "
കാർഷികം	25	11,905 "
ആകെ	3970	397963 "

മേൽ കണക്കുകളിൽ നിന്നും പഞ്ചായത്തിലെ വൈദ്യുതി ഉപയോഗത്തിൽ 46.13% ഗാർഹികവും 12.34 % വ്യാപാ രാവശ്യങ്ങൾക്കും 38.53% വ്യാവസായികവും 3% കാർഷികവുമാണെന്ന് കാണുന്നു. (കെ.എസ്.ഇ.ബി രേഖകളുടെ അടിസ്ഥാന ത്തിൽ)

പഞ്ചായത്തിലെ ഇലക്ട്രിക്ക് ലൈനുക ളുടെ സ്ഥിതി താഴെ പറയും പ്രകാരമാണ്.

1. 11.കെ.വി ലൈൻ	-	15 കി.മീ
2. എൽ ടി 3ഫേസ് ലൈൻ	-	40 കി.മീ
3. എൽ.ടി 2 ഫേസ് ലൈൻ	-	2 കി.മീ
4. എൽ.ടി സിംഗ്ൾ ഫേസ് ലൈൻ	-	95 കി.മീ

പഞ്ചായത്തിലെ നിലവിലുള്ള ട്രാൻസ് ഫോർമറുകളുടെ വിവരം

കമ ബർ	Capacity	സ്ഥാപിച്ചിരിക്കുന്ന സ്ഥലം
1.	500 കെ.വി.എ	തുറവൂർ
2.	160 "	ടി.ഡി, മനക്കോടം
3.	160 "	പുത്തൻ ചന്ത
4.	100 "	ജെ.ജെ ഐസ
5.	100	നാഷ്സ് ഐസ്
6.	63	തൈക്കാട്ട് - ശ്ശേരി ഫെറി
7.	160 "	വളമംഗലം
8.	100 "	വളമംഗലം സൗത്ത്
9.	100 "	ആലുങ്കൽ ഐസ്
10.	100 "	കളരിക്കൽ
11.	100 "	പുത്തൻ ചന്ത വെസ്റ്റ്
12.	100 "	വെട്ടിയകാട്
13.	100 "	പുത്തൻ കാട്
14.	50 "	മൂലേക്കളം 1
15.	100 "	മൂലേക്കളം 2
16.	100 "	വെസ്റ്റ് മനക്കോടം 1
17.	100 "	വെസ്റ്റ് മനക്കോടം 2
18.	100 "	കിളിമിനി
19.	100 "	ചാവടി
20.	100 "	പള്ളിത്തോട്

വെളിച്ചത്തിനും ഗ്രഹോപകരണങ്ങളുടെ പ്രവർത്തനങ്ങൾക്കുമാണ്. ഗാർഹിക മേഖ ലയിൽ വൈദ്യുതിയുടെ ഉപഭോഗം. 40ഡബ്ലിയു, 60ഡബ്ലിയു, 100ഡബ്ലിയു, എന്നിങ്ങനെ പ്രചാരത്തിലുള്ള ബൾബുകളിൽ അധികവും ഗർഹിക മേഖലയിൽ ഉപയോ ഗിക്കുന്നത് 60ഡബ്ലിയു, 100ഡബ്ലിയു എന്നീ ബൾബുകളാണ്. 3970 ഉപഭോക്താക്കൾ ശരാശരി 3 ബൾബുകൾ പ്രതിദിനം 3 മണിക്കൂർ ഉപയോഗിക്കുമ്പോൾ 2144 യൂണിറ്റ് വൈദ്യുതി വേണ്ടി വരുന്നു. ഇതേ സ്ഥാനത്ത് 40ഡബ്ലിയു റ്റൂബ് ഉപയോഗിച്ചാൽ 1429 യൂണിറ്റ് വൈദ്യുതി മാത്രമേ വേണ്ടി വരുന്നുള്ളു എന്ന് കാണാം. ലാഭം 715 യൂണിറ്റ് വൈദ്യുതി പ്രതിദിനം. ഇതിൽ നിന്ന് തന്നെ വൈദ്യുതി ലാഭിക്കുന്നതിന് ഒരു പ്രധാന മാർഗ്ഗം നിലവിലുള്ള ബൾബുകളുടെ സ്ഥാനത്ത് പരമാവധി "റ്റൂബുകൾ ഉപയോഗിക്കുക എന്ന താണ്. അതും ഇലക്ട്രോണിക്ക് ചോക്കുകൾ ഘടിപ്പിച്ച റ്റ്യൂബുകളായാൽ അത്യുത്തമ മാകുന്നു.

പഞ്ചായത്തിൽ 20 ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിൽ തന്നേയും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേ ണ്ടതാണ്.

അപേക്ഷ നൽകി വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഇനിയുടെ 227 പേർ കാത്തിരിപ്പുണ്ട്. പഞ്ചായത്തിന്റെ എല്ലാഹരിജൻ കോളനികളും ഇനിയും 4 ഹരിജൻ കൊളനികളിൽ വൈദ്യുതി

എത്തിച്ചേർന്നട്ടില്ല.

പഞ്ചായത്തിൽ 367 വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതിൽ 333 ലും ബൾബുകളാണ് ഉള്ളത്.33 ട്യൂബും ഒരു മെർക്കുറി ലാംമ്പും ഉണ്ട്. വൈദ്യുതി ലാഭിക്കുന്നതിന് തെരുവ് വിളക്കുകൾ എല്ലാം തന്നെ ട്യൂബുകളാക്കണം. തെരുവ് വിളക്കുകളെക്കുറിച്ച് പറയുമ്പോൾ എല്ലാ ഗ്രാമ സഭകളിലും ഉയർന്നു വന്ന പ്രധാന പരാതി തെരുവ് വിളക്കുകൾ ഒന്നും സ്ഥിര മായി കത്തുന്നില്ല. എന്നതാണ്. അയിടന്തിര മായി എല്ലാ തെരുവ് വിളക്കുകളും കത്തുന്ന തിന് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കുത്തിയതോട് മേജർ സെക്ഷനിലാണ് വൈദ്യുതി ചാർജ്ജ് അടക്കേണ്ടതാണ്. ഇതിനായി 5 മുതൽ 10 കി ലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു. 4000ത്തോളം ഉപഭോക്താക്കൾ ഉള്ള ഈ പഞ്ചായത്തിൽ വൈദ്യുത ബോർഡിന്റെ ആഫീസുകൾ ഒന്നും നിലവിലില്ല. ആകയാൽ തുറവൂർ കേന്ദ്രമാക്കി വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ മേജർസെക്ഷൻ ഓഫീസ് തുറ ക്കേണ്ടതാണ്.

വൈദ്യുതി രംഗത്ത് പവർകട്ട് ഒരു നിത്യ പ്രതിഭാസമായിരിക്കയാണ്. ആയതിന് ആധാരമായി പറയുന്നത് ഉല്പാദനത്തേക്കാൾ അധീകരിച്ച ഉപഭോഗമാണ്. എന്നാൽ വൈദ്യുതി രംഗത്തെ പ്രസരണം കണക്കിലെടുത്താൽ യഥാർത്ഥ ഉപഭോഗത്തിനടുത്ത് തന്നെ പ്രസരണ നഷ്ടവും വരുന്നു എന്ന് കാണുന്നു. ആകയാൽ അടിന്തിരമായി പ്രസരണ നഷ്ടം ഒഴിവാകുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ലൈനുകളിൽ മുട്ടികിട ക്കുന്ന മരകമ്പുകൾ യഥാസമയം വെട്ടി നീക്കുന്ന തിനും നടപടി സ്വീകരിക്കണം. ഒരു നിശ്ചിത ഇടവേളയിൽ ഇത് സ്ഥിരമായി ചെയ്യുകയും വേണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ പൊതു ജന പങ്കാളിത്തത്തോടു കൂടി ഈ പ്രക്രിയ ഏറ്റെ ടുത്ത് നടപ്പിലാക്കാവുന്നതാണ്.

കാർഷികമേഖലയിൽ വൈദ്യുതി അനി വാര്യമായ ഒരു ഘടകമാണ്. കൃഷിഭൂമി നനക്കു ന്നതിന് മുൻ കാലങ്ങളിൽ കൂടുതലും എണ്ണ ഉപയോഗിച്ചിരുന്നു. എങ്കിൽ ഇപ്പോൾ പ്രധാന മായും വൈദ്യുതിയേയാണ് ആശ്രിയിക്കുന്നത്. വൈദ്യുതി മേഖലയിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമവും പവർക്കട്ട് പൂർണ്ണമായും കൃഷി ആവശ്യത്തിന് വൈദ്യുതിയെ ആശ്രയിക്കുക അപര്യാപ്തമായിരിക്കും പവർക്കട്ട് മൂലം വൈദ്യുതി മേഖലയിൽ ഉണ്ടായിരിക്കുന്ന ക്ഷാ മം ഒരളവ് വരെ പരിഹരിക്കുന്നതിന് സോളാർ വിളക്കുകളും സൂര്യറാന്തലുകളും മറ്റും കൂടുതൽ പ്രചരിപ്പിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. തുറവൂരിൽ കെ.എസ്.ഇ.ബി ഓഫീസിന്റെ അപര്യാപ്തത
2. രൂക്ഷമായ വോൾട്ടേജ് ക്ഷാമം
3. പവർക്കട്ട്
4. പ്രസരണ വിതരണ നഷ്ടം

സാദ്ധ്യതകൾ പരിഹാരങ്ങൾ

1. തുറവൂർ ആസ്ഥാനമായി ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് തുറക്കുക
2. വോൾട്ടേജ് ക്ഷമാ പരിഹരിക്കുന്നതിന് ആവശ്യമായ 11 കെ.വി ലൈൻ വലിച്ച് പഴമ്പള്ളിക്കാവ് മുലേപറമ്പ് കോളനി, പുരന്നരേശ്വരം, തുറവൂർ, മനക്കോടം, പള്ളിത്തോട് തെക്ക് വശം, പൂത്തൻ ചന്ത, ആല ക്കാപറമ്പ്, വാലയിൽ കടപ്പുറം എന്നി വിട ങ്ങളിൽ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.
3. പ്രസരണവിതരണ രംഗത്തെ വൈദ്യുതി നഷ്ടം പരിഹരിക്കുന്നതിന് ആവശ്യമായ ഉപകരണ ങ്ങൾ സ്ഥാപിക്കുകയും ലൈനിൽ മുട്ടിവരുന്ന വൃക്ഷ ശിഖിരങ്ങൾ ക്രമമായി നിശ്ചിത സമയ പരിധിയിൽ വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക
4. സോളാർ വിളക്കുകളും സോളാർ ഉപകരണ ങ്ങളും കൂടുതൽ പ്രചരിപ്പിക്കുക.
5. പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും വരുന്ന അഞ്ചു വർഷം കൊണ്ട് മാറ്റി 40 ഡബ്ലിയു ട്യൂബുകൾ സ്ഥാപിക്കണം.
6. ഇലക്ട്രാണിക്ക് ചോക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക
7. പരിഷത്ത് അടപ്പുകൾ വ്യാപകമാക്കുക.
8. വൈദ്യുതി രംഗത്ത് സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പാകുക.

മാർക്കറ്റ്

തുറവൂർ ഗ്രാമ പഞ്ചായത്ത് അധീനതയിൽ മാർക്കറ്റുകൾ ഒന്നും തന്നേയില്ല. ആലുംവരമ്പ് പഴമ്പള്ളിക്കാവ്, പൂത്തൻ ചന്ത, മനക്കോടം എന്നിവിടങ്ങളിൽ സ്വകാര്യമാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ നാല് മേഖലകളിലായി ചുരുങ്ങിയത് നാലു മാർക്ക റ്റുകളെങ്കിലും പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടാകേണ്ടതാണ്. ഈമാർക്കറ്റുകളിൽ പച്ചക്ക റി, പലവ്യഞ്ജനം, മത്സ്യം, മാംത്സ്യം എന്നിവയ്ക്കായി പ്രത്യേക സംവിധാനത്തോടു കൂടിയ ഷോപ്പിംഗ് കോപ്ലക്സ് കെട്ടിടങ്ങളും പണിയേണ്ടതാണ്. ആയത് പഞ്ചായത്തിന് സ്ഥിരവരുമാനവും ജനങ്ങൾക്ക് പ്രയോജന പ്രദവും ആയിരിക്കും. പഞ്ചായത്ത് പറദേശത്ത് വില്പന സാധ്യതയുള്ള ധാരാളം വിഭവങ്ങൾഉണ്ട്. സഹകരണടിസ്ഥാനത്തിൽ ഉല്പാദന വസ്തുക്കൾ ശേഖരിക്കുവാനും വില്പന നടത്തുവാനും സംവി ധാനങ്ങൾ ഏർപ്പെടുത്തുന്നത്ജനങ്ങൾക്ക് പ്രയോജന പ്രദമായിരിക്കും.

ജംങ്കാർ ബോട്ട് സർവ്വീസ്

തൈക്കാട്ട് ശ്ലോി ജംങ്കാർ ബോട്ട് സർവ്വീസ് തുറവൂർ പഞ്ചായത്തും തൈക്കാട്ടുശ്ലോരി പഞ്ചാ യത്തും കൂടി ഏറ്റെടുത്തിരിക്കുന്നു. ഇത് കൊണ്ട് പഞ്ചായത്തിന്റെ കിഴക്കൻ മേഖല യിലുംകുത്തിയതോട് പഞ്ചായ ത്തിന്റെ ഏതാനും ഭാഗത്തുള്ള യാത്രാക്ലേശം പരിഹരിക്കപ്പെടും.

ദേശീയ ജല പാതയും അന്ധകാരനഴി ഫിഷിംഗ് ഹാർബറും

ദേശീയ ജലപാത പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത രംഗത്ത് വലിയ ഒരു വിപ്ലവ മാണ് നടക്കുവാൻ പോകുന്നത്. തുറവൂർ പഞ്ചായത്തിലെ മൂലേപ്പറമ്പ് ഐ.എച്ച്.ഡിപി റോഡ് കടവ് അതിന് വേണ്ടി ഉപയോഗി ക്കാ വുന്നതാണ്.

പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്ന ദേശതോട് ഗതാഗതത്തിന് യോഗ്യമാല്ല. മുൻകാലങ്ങളിൽ ചരക്ക് ഗതാഗതം സുഗമമായി നടന്നു കൊണ്ടിരുന്ന ഈ തോട് ഇപ്പോൾ പൂർണ്ണമായും മലിനീ കരണപ്പെട്ട് കിടക്കുകയാണ്. ഇത് വൃത്തി യാക്കുക ഗതാഗതം പുനരാരം ഭിക്കായാണെ ങ്കിൽ തുറവൂർ, പട്ടണക്കാട്, കുത്തിയതോട് എന്നീ പഞ്ചായത്തുകൾക്ക് പ്രയോ ജനം ലഭിക്കും.

അന്ധകാരനഴിയിൽ ഫിഷിംഗ് ഹാർബർ പഞ്ചായത്തിന്റെ പടിഞ്ഞാറെ മേഖലയിലെ കടൽ വിഭവങ്ങളെ കയറ്റിറക്കുമതി സുഗമമാ ക്കും. വ്യവാസായ പുരോഗതിയും പ്രദേശി കമായ തൊഴിൽ സാധ്യതയുണ്ടാകും.

തുറവൂർ റെയിൽവേസ്റ്റേഷനിൽ ഗുഡ്സ് സ്റ്റേഷൻ ഉണ്ടാകണം. അതും നമ്മുടെ പഞ്ചാ യത്തിലെ കയറ്റിറക്കുമതി രംഗത്ത് വംമ്പിച്ച വികസനം വാഗ്ദാനം ചെയ്യുന്നു.

പഞ്ചായത്തിൽ ഒരു മുഴം പോലും പഞ്ചായത്ത് റോഡില്ലാത്ത വാർഡ് ഏത് ?

നമ്മുടെ പഞ്ചായത്തിലെ 10ാം വാർഡ്.

ഉപസംഹാരം

കൃഷി, വ്യവസായം, മത്സ്യബന്ധനം ഗതാഗതം, ടൂറിസം, ആരോഗ്യം, സംസ്ക്കാരം എന്നിവയിലൂന്നിയുള്ള പുരോഗതിയും വികസവുമാണ് നാം വിഭാവനചെയ്യുന്നത്. സമഗ്രമായ പഠനത്തിനും അന്വേഷണത്തിനും ശേഷമാണ് നാം ഈ വികസനരേഖയ്ക്ക് രൂപം നല്കിയത്. അതിര്വിട്ട പ്രതീക്ഷകളൊന്നും നമുക്കില്ല. ഈ വികസനരേഖയിലൂടെ നാം അവതരിപ്പിച്ചിട്ടുള്ള സാദ്ധ്യതകളുടെ സാക്ഷാത്ക്കാരത്തിനുവേണ്ടി ഒറ്റക്കെട്ടായി യത്നിച്ചാൽ നമുക്കു നമ്മുടെ സ്വപ്നത്തിലേക്ക് നടന്നു കയറാനാവും. അണ്ണാൻ കുഞ്ഞും തന്നാലായത് എന്ന പഴമൊഴി അർത്ഥവത്താണ്. ഓരോരുത്തരും അവരവരുടെ ശേഷി നമ്മുടേ നാടിന്റെ വളർച്ചയ്ക്കും ക്ഷേമത്തിനും വേണ്ടി വിനിയോഗിക്കണം. ധനം, അദ്ധ്വാനം, ഭാവന-ഈ മൂന്നു കാര്യങ്ങളാണ് വികസനപ്രക്രിയയുടെ ആണിക്കല്ലുകൾ. കുട്ടികളടക്കം ഓരോ പുരുഷനും ഓരോ സ്ത്രീക്കും നമ്മുടെ വികസനപ്രക്രിയയണക്കുവേണ്ടി എന്തെങ്കിലും ചെയ്യാനുണ്ടാകും. എല്ലാവരും ഈ മഹാസംരഭത്തിൽ പങ്കാളികൊളാക്കണം. ജാതിയോ മതമോ കക്ഷിരാഷ്ട്രീയമോ ഒന്നും ഇക്കായത്തിൽ വിലങ്ങുതടിയാകരുത്. ആരുടെ സേവനവും വിലപ്പെട്ടതാണ്. എത്രചെഎറുതാണെങ്കിലും ആരുടെ സഹായവും സ്വീകാര്യമാണ്.

ആദ്യത്തെ ചുമതല കൃഷിയിലും വ്യവസായത്തിലും മത്സ്യബന്ധന മേഖലയിലും ആരോഗ്യപരിവാലനത്തിലും ഓരോരുത്തരുംപര്യാപ്തരാകുകഎന്നുള്ളതാണ്. സർക്കാരിന്റെ അനവധി സഹായ പദ്ധതികളുണ്ട്. വ്യക്തിപരമായും കൂട്ടയസംരഭത്തിന്റെ അടിസ്ഥാനത്തിലും നമുക്കു പലതും ചെയ്യാനാകും. സഹകരണാടിസ്ഥാനത്തിലുള്ള സംരഭങ്ങളും തുടങ്ങാവുന്നതാണ്. അവയിലെല്ലാം ഈ പികസനരേഖ ഒരടിസ്ഥാന മാർഗ്ഗനാർദ്ദേശക ഗ്രന്ഥമായി സ്വീകരിക്കുന്നതിനുപുറ മേജനകീയാസൂത്രണത്തിന്റെ തുടർന്നുള്ള ഘട്ടങ്ങളിൽ പദ്ധതികളാവിശ്ക്കരിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യാവുന്നതാണ്. ഇത് പരിപൂർണ്ണമായ ഒരു രേഖയാണെന്ന് അവകാശപ്പെടുന്നില്ല. പുതിയനിർദ്ദേശങ്ങളും വയ്ക്കാം. എന്തുചെയ്യാനാവുമെന്ന് ആലോചിക്കുക. നമുക്കത് ചർച്ച ചെയ്യാം. എന്നിട്ട് പ്രായോഗികമായ നടപനികളിലേക്ക് വരാം.

നമുക്ക് റോഡ് വേണം പാലം വേണം, വ്യവസായങ്ങൾ വേണം, ആശുപത്രി വേണം, ആരെങ്കിലും അവരുടെ താല്പര്യത്തിനനുസരിച്ച് ഇതെല്ലാം നമുക്ക് ചെയ്ത് തരികയല്ല ഇനി ചെയ്യുന്നത്. നമ്മുടെ ആവശ്യം കണക്കിലെടുത്ത് നാം തന്നെ മുൻകൈയെടുത്ത് അതെല്ലാനു ണ്ടാക്കണം. ഇതൊരു പുതിയ സംസ്ക്കാരത്തിന്റെ തുടക്കമാണ്. പുതിയൊരു കൂട്ടായ്മയുടെ തുടക്കമാണ്. ജനകീയമായ ഉണർവ്വിന്റെ പുതിയൊരു ഗോപുരകവാടമാണ് നാമിയുവഴി തുറക്കുന്നത്.

എല്ലാവരുടേയും സ്നേഹവും സഹകരണവും എഭ്യർത്ഥിച്ചുകൊണ്ട് ഈ വികസനരേഖ ഈ പഞ്ചായത്തിലെ ജനചേതനയ്ക്കുമുൻപിൽ സമർപ്പിച്ചുകൊള്ളുന്നു.

കെ.കെ.പത്മിനി
പ്രസിഡൻറ്
തുറവൂർഗ്രാമപഞ്ചായത്ത്

മാപ്പുതരിക,

രേഖ വേഗം പൂർത്തിയാക്കേണ്ടി വന്നതു

കൊണ്ട് ഡി.ടി.പി യിൽ ധാരാളം

അക്ഷര തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്.

കെട്ടും മട്ടും സങ്കൽപ്പത്തിലുണ്ടായിരുന്നതു

പോലെ സാക്ഷാൽക്കരിക്കാനും ആയില്ല.

എല്ലാം സദയം ക്ഷമിച്ചാലും

നമുക്കിനി പ്രവൃത്തി പദത്തിലേക്ക് വരാം.

കൺവീനർ

സ്വർണ്ണാഭരണങ്ങൾക്ക്

ഏ. വി. ജെ. ജ്വല്ലറി

(ദേവീക്ഷേത്രത്തിനു തെക്കുവശം)

ചേർത്തല

ഫോൺ: 813644

813969

ചേർത്തല ഗവ: സർവ്വന്റ്സ്
കോ - ഓപ്പറേറ്റീവ് ബാങ്ക്

ലിമിറഡ് നമ്പർ : 235

ഞങ്ങളുടെ തുറവൂർ ശാഖ ഉടൻ പ്രവർത്തനം ആരംഭിക്കുന്നു.

- *സ്വർണ്ണപ്പണയത്തിന്മേൽ ഒരാൾക്ക് 50,000 രൂപ വരെ വായ്പ നൽകുന്നു.*
- *പലിശനിരക്കിൽ മറ്റ് വായ്പാസ്ഥാപനങ്ങളിൽവച്ച് ഏറ്റവും കുറവ്*
- *25,000, 50,000, 1,00,000 രൂപ വീതം സലയുള്ള നിക്ഷേപ കൂറികൾ*
- *നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ*

സഹകരിക്കുക

പി. എം. പ്രവീൺ
സെക്രട്ടറി

കെ. പ്രകാശൻ
പ്രസിഡന്റ്

പ്രോവിഡൻസ്

ചിട്ടി ഫണ്ട്, എരമല്ലൂർ പി. ഒ.

ഫോൺ : ഓ : അരൂർ 872994/872554
റെ : കുത്തിയതോട്: 562248
റെ : കുത്തിയതോട്: 562242

കേരളാ ഗവണ്മെന്റിന്റെ അനുവാദപ്രകാരം 6 പ്രതിമാസ ലേലച്ചിട്ടികൾ കൂടി ക്യാഷ് സെക്യൂരിറ്റിയിന്മേൽ ഉടൻ ആരംഭിക്കുന്നു.
ഇതിൽ താഴെ പറയുന്ന നമ്പരുകൾ ഉണ്ടായിരിക്കുന്നതാണ്.

ചിട്ടിനമ്പർ 138 ഓർഡർ നമ്പർ 6046 /96 500 രൂപാവീതം 50 തവണ 25000	ചിട്ടിനമ്പർ 139 ഓർഡർ നമ്പർ 6047 /96 500 രൂപാവീതം 50 തവണ 25000	ചിട്ടിനമ്പർ 140 ഓർഡർ നമ്പർ 60468/96 500 രൂപാവീതം 50 തവണ 25000	സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ പണം കടം കൊടുക്കപ്പെടും
ചിട്ടിനമ്പർ 141 ഓർഡർ നമ്പർ 60469/96 500 രൂപാവീതം 50 തവണ 25000	ചിട്ടിനമ്പർ 142 ഓർഡർ നമ്പർ 6050/96 500 രൂപാവീതം 50 തവണ 12500 x 2	ചിട്ടിനമ്പർ 143 ഓർഡർ നമ്പർ 6051 /96 500 രൂപാവീതം 50 തവണ 12500 x 2	

എരമല്ലൂർ

തലയാളർ :
എൻ. ടി. ആന്റണി
എൻ. വി. അഗസ്റ്റിൻ


Best Compliments from:

KUNNATH FINANCIAL CORPORATION
THURAVOOR.

KUNNATH BANKERS
CHERTHALA.

KUNNATH FINANCE
CHERTHALA.

KUNNATH CHITTIES & FINANCIERS
AROOR



K. R. AGENCIES

PATTANAKAD

Distributors : -
IN PLANT PROTECTION CHEMICALS ,
FERTELIZERS,
AGRO - HORTICULTURE
AND
FLORICULTURE EQUIPEMENTS

ആശംസകളോടെ

ദി തുറവൂർ സൗത്ത് സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 2727, തുറവൂർ പി. ഒ.
ഫോൺ : 562327

കുറഞ്ഞ പലിശ നിരക്കിൽ
എല്ലാത്തരം
വായ്പകളും നൽകിവരുന്നു.

ഉയർന്ന പലിശനിരക്കിൽ
നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

ആഴ്ചയിലെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും
സ്വർണ്ണപ്പണയവായ്പ നൽകിവരുന്നു.

പുതിയതരം നിക്ഷേപ പദ്ധതികൾ, ചിട്ടികൾ എന്നിവ
ഉടൻ ആരംഭിക്കുന്നു.

പ്രസിഡന്റ്
ജെ. ഗോപാലകൃഷ്ണപ്പൈ

സെക്രട്ടറി
എ. കെ. ശാരദാമ്മ

ആശംസകൾ

സ്വർണ്ണാഭരണങ്ങൾക്ക്

പഞ്ഞിക്കാരൻ

ജൂവലേഴ്സ്

ദേവീക്ഷേത്രത്തിനു

വടക്കുവശം

ചേർത്തല

ഫോൺ: 813809

ആശംസകൾ !

ഈശ്വരേടത്തു ഫിനാൻഷ്യൽ കോർപ്പറേഷൻ

പള്ളിത്തോട്

ഭദ്രം	☆	സുരക്ഷിതം	☆	വിശ്വസ്തത

☆ *നിങ്ങളുടെ സമ്പാദ്യം ഈശ്വരേടത്തു ഫിനാൻഷ്യൽ കോർപ്പറേഷനിൽ സുരക്ഷിതമായിരിക്കും.*

☆ *നിക്ഷേപങ്ങൾക്ക് പലിശ മാസംതോറും കൊടുക്കുന്നു.*

☆ *ആകർഷമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.*

☆ *നിക്ഷേപങ്ങൾ ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നു.*

സമീപിക്കുക ! സമ്പാദിക്കുക ! !

5 വർഷ സ്ഥിരനിക്ഷേപങ്ങൾക്ക് 18% വരെ പലിശ കൊടുക്കുന്നു.

☆ *സ്വർണ്ണം പണയത്തിന്മേൽ പണം കടം കൊടുക്കുന്നു.*

☆ *ആകർഷകമായ പലിശനിരക്കിൽ റെക്കറിംഗ് ഡിപ്പോസിറ്റുകൾ സ്വീകരിക്കുന്നു.*

സ്റ്റാഫോർഡ് ബെർക്കലിൻ ഇ. ജെ.

മാനേജിംഗ് പാർട്ട്നർ.

ആശംസകൾ !

പ്രമുഖ കമ്പനികളുടെ വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ കമ്പനി വിലയ്ക്ക്

പ്രോക്സിമ ടൈം ഹൗസ്

S. N. D. P. ബിൽഡിംഗ്, ആലയ്ക്കാപറമ്പ്, തൂറവൂർ സൗത്ത്.

എല്ലാവിധ വാച്ചുകളും ക്ലോക്കുകളും റിപ്പയർ ചെയ്യുന്നതാണ്.

22 കാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക്

ശിവവിജയ ജ്വല്ലറി

ചെൽദേവി കോംപ്ലെക്സ്
കവലയ്ക്കു കിഴക്കുവശം
തുറവൂർ.

ഫോൺ : KTD 562269


ആശംസകൾ

എല്ലാവിധ സ്റ്റീൽ ഫർണീച്ചറുകളും നിർമ്മിച്ച്
കമ്പനി വിലക്ക് നൽകുന്ന
ചേർത്തലയിലെ ഏക സ്ഥാപനം

സൗഹൃദ

THE FURNITURE SHOP
ചിത്രാഞ്ജലി തിയേറ്ററിനു തെക്കുവശം
ചേർത്തല
ഫോൺ : ഷോപ്പ് : 813814
റെസി : 812814

(KURL - ON ബെഡുകളുടെ ചേർത്തലയിലെ
അംഗീകൃത വ്യാപാരി)



അധികാരം ജനങ്ങളിലേയ്ക്ക്